**ധനകാര്യം**

## 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, എക്സൈസ് എന്ന VIII -ാം നമ്പർ ധനാഭ്യർത്ഥനയുടേയും, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു

നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| | | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2018-2019 സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| VIII | എക്സൈസ് | 300,82,75,000 | .... | 300,82,75,000 |
| XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 1091,61,46,000 | 202,15,00,000 | 1293,76,46,000 |
| XXV | പട്ടികജാതി /പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2933,83,69,000 | 300,38,02,000 | 3234,21,71,000 |

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയെയും തൊഴിലും

തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മദ്യനയം തിരുത്തണമെന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ മദ്യനയം സഹായകരമല്ലെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മദ്യവർജ്ജനം നടപ്പിലാക്കുമെന്ന പ്രഖ്യാപനത്തിനു വിരുദ്ധമായി മദ്യലഭ്യത സുഗമമാക്കുന്നതിലൂടെ സർക്കാരിന്റെ നയവും പ്രവൃത്തിയും തമ്മിൽ വൈരുദ്ധ്യം ഉണ്ടെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ബാറുകളും വിദേശമദ്യശാലകളും തുറന്ന് മദ്യലഭ്യത വർദ്ധിപ്പിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മദ്യഷാപ്പുകൾ അനുവദിക്കുന്നതിനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം എടുത്തുകളഞ്ഞതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മദ്യഷാപ്പുകൾ അനുവദിക്കുന്നതിനുള്ള ദൂരപരിധി എടുത്തു കളഞ്ഞതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കലാലയങ്ങൾ, സ്കൂളുകൾ എന്നിവയിൽ നിന്നുള്ള നിശ്ചിത ദൂരപരിധി ബാധകമാക്കാതെ പുതിയ ബാറുകൾ ആരംഭിക്കുന്നതായും തത്വദീക്ഷയില്ലാതെ ബാറുകൾ വീണ്ടും തുടങ്ങുന്നതിന് അനുമതി നൽകുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനിൽ അക്കര</u> : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്കൂളുകൾക്കും ആരാധനാലയങ്ങൾക്കും സമീപം 4 സ്റ്റാറിന് മുകളിലുള്ള ഹോട്ടലുകളുടെ ബാറുകൾ തുറക്കുന്നതിന് ടൂറിസത്തിന്റെ പേരിൽ ചട്ടങ്ങളിൽ ഇളവ് നൽകിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അനധികൃത മദ്യവിൽപന ശാലകൾ അടച്ചുപൂട്ടാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജനവാസ കേന്ദ്രങ്ങളിൽനിന്നും

ബിവറേജസ് ഔട്ട്ലെറ്റുകൾ മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം അവഗണിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വ്യാജമദ്യ വിതരണം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ലഹരിമരുന്നുപയോഗം വ്യാപകമാകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മയക്കുമരുന്നുകളുടെയും കഞ്ചാവിന്റെയും

ഉപയോഗം വർദ്ധിച്ചുവരുന്നത് തടയാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു

ശ്രീ. പി. ഉബൈദുള്ള: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപഭോഗ സംസ്കാരത്തിനെതിരെ ശക്തമായ ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് സോഷ്യൽ മീഡിയകളിലൂടെ പ്രചരിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു

ശ്രീ. വി. ടി. ബൽറാം: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ശക്തമായ ബോധവത്ക്കരണം നടത്താത്തത് മൂലം യുവതലമുറ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് നാശത്തിലേയ്ക്ക് നീങ്ങുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, എക്സൈസ് എന്ന VIII-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലഹരി - മദ്യവിരുദ്ധ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എക്സൈസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ ലൈംഗികമായി പീഡിപ്പിക്കുന്നുവെന്ന് ഒരു വനിത രേഖാമൂലം പരാതി നൽകിയിട്ടും അതേക്കുറിച്ച് ഒരു വനിതാ ഓഫീസറെക്കൊണ്ട് അന്വേഷിപ്പിക്കാതെ, കുറ്റാരോപിതരിൽ നിന്നുതന്നെ റിപ്പോർട്ട് വാങ്ങി അവരെ വെള്ളപൂശാനുള്ള ശ്രമം നടക്കുന്നുവെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു

## സൂചക വെട്ടിക്കുറയ്ക്കൽ

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപയിൽ നിന്ന് നൂറു രൂപ കുറവ്

ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ശ്രീ. റോഷി അഗസ്റ്റിൻ അവതരിപ്പിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ് : സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പരമ്പരാഗത വ്യവസായ തൊഴിലാളികൾ നേരിടുന്നതായി പറയപ്പെടുന്ന തൊഴിൽ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിവിധ ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്യാത്തതായി

പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (അന്യായമായി നോക്കുകൂലി വാങ്ങുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്.

(അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തിയാക്കുന്നതായി പറയപ്പെടുന്ന നയം തിരുത്തണമെന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കരാർ ദിവസവേതന നിയമനങ്ങൾ വ്യാപകമായതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് അവസരം ലഭിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തിയാക്കിക്കൊണ്ട് സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (ഐ.റ്റി.ഐ.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി.: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്.

(വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനായി കൂടുൽ വനിതാ ഐ.റ്റി.ഐ.കൾ സ്ഥാപിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം.: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ചില സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സമരം ഒത്തു തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, തൊഴിലും തൊഴിലാളി ക്ഷേമവും

പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (ഐ.ടി. മേഖലകളിലെ പല കമ്പനികളിലും ജീവനക്കാരെ വ്യാപകമായി പിരിച്ചുവിടുന്ന സാഹചര്യത്തിൽ തൊഴിൽ വകുപ്പ് ക്രിയാത്മകമായ ഇടപെടൽ നടത്താത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (ജോലി നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നിയമങ്ങൾ കർശനമാക്കിയതുമൂലം തൊഴിൽ

നഷ്ടപ്പെട്ട് തിരികെ വരുന്ന പ്രവാസികളുടെ ക്ഷേമത്തിനായി കാര്യമായി ഒന്നും ചെയ്യാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപയിൽ നിന്ന് നൂറു രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ശ്രീ. റോഷി അഗസ്റ്റിൻ അവതരിപ്പിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ടി. വി. ഇബ്രാഹിം: പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഭൂരഹിതരായ എല്ലാ പട്ടികജാതിക്കാർക്കും സ്ഥലവും വീടും നൽകുന്നതിന് നടപടി സ്വികരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ എൻ. എ. നെല്ലിക്കുന്ന്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികവർഗ്ഗ കോളനികളിൽ നിലനിൽക്കുന്ന ദാരിദ്ര്യവും പട്ടിണിയും ഇല്ലാതാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ ഇബ്രാഹിം കുഞ്ഞ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ക്ഷേമപദ്ധതികളുടെ ഗുണം ലഭിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച

ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെ അതിക്രമങ്ങൾ നടക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അനാഥരായ കുട്ടികളുടെ സംരക്ഷണത്തിനായി നടപ്പിലാക്കിയ പദ്ധതി കാര്യക്ഷമമല്ലെന്നു പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താനുള്ള കേന്ദ്ര സഹായ പദ്ധതി ഫലപ്രദമായി നടപ്പിലാക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആദിവാസി മേഖലയിൽ കണ്ടുവരുന്ന പോഷകാഹാരക്കുറവും ഉയർന്ന ശിശുമരണനിരക്കും പരിഹരിക്കുന്നതിൽ

പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അട്ടപ്പാടിയിലെ ആദിവാസി കോളനികളിൽ പച്ചക്കറി സ്വയംപര്യാപ്ത പദ്ധതികൾ നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആദിവാസി കോളനികളിൽ പോഷകാഹാരക്കുറവു മൂലം ശിശുക്കൾ മരിക്കുന്ന സംഭവങ്ങൾ ഉണ്ടാകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആദിവാസി മേഖലകളിൽ പോഷകാഹാരക്കുറവ് ഉള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u> : സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കേന്ദ്ര സർക്കാർ മേൽത്തട്ട് പരിധി 8 ലക്ഷമാക്കി ഉയർത്തിയെങ്കിലും സംസ്ഥന സർക്കാർ പ്രസ്തുത പരിധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മുൻ സർക്കാർ വിജയകരമായി നടപ്പിലാക്കിയ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി അട്ടിമറിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മത്സരപരീക്ഷകളിൽ പങ്കെടുക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് പ്രത്യേക കോച്ചിംഗ് നൽകാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട

വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകൾ യഥാസമയം വിതരണം ചെയ്യാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് നടത്തിപ്പിൽ വ്യാപക ക്രമക്കേട് ഉണ്ടായതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപയിൽ നിന്ന് നൂറു രൂപ കുറവു ചെയ്യേണ്ടതാണ് (ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ യഥാസമയം വിതരണം ചെയ്യാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : സർ,പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപയിൽ നിന്ന് നൂറു രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ശ്രീ. റോഷി അഗസ്റ്റിൻ അവതരിപ്പിച്ചു.

<u>മി. സ്പീക്കർ</u> : ചർച്ച ആരംഭിക്കുകയാണ്. ഇന്ന് മൂന്ന് മണിക്കൂർ ചർച്ചയ്ക്കുശേഷം അപരാഹ്ന സമ്മേളനമുണ്ട്. ഞാൻ രാവിലെ എല്ലാവരെയും ഓർമ്മിപ്പിച്ചതാണ്. അപരാഹ്ന സമ്മേളനത്തിൽ ധനകാര്യ ബില്ലുകൾ ഉൾപ്പെടെ നാല് ബില്ലുകൾ പരിഗണനയ്ക്ക് എടുക്കുന്നുണ്ട്. ധനകാര്യ

ബില്ലിന്മേലും മൂന്നുമണിക്കൂർ ചർച്ചയുണ്ട്. മന്ത്രിമാരുടെ മറുപടിക്ക് അരമണിക്കൂർ ആണ് നീക്കിവച്ചിട്ടുള്ളത്. ഓരോ മന്ത്രിക്കും അരമണിക്കൂർ വീതം കൊടുക്കണമെന്ന് പാർലമെന്ററികാര്യ വകുപ്പുമന്ത്രിക്ക് അഭിപ്രായമുണ്ട്. അത് എത്രത്തോളം പ്രായോഗികമാകുമമെന്ന് തോന്നുന്നില്ല. അങ്ങനെ കൊടുത്താൽ രാത്രി ഒമ്പത് മണിവരെ സഭ നീണ്ടുപോകും. അത്രയും കാര്യങ്ങൾ പറയാനുള്ളതുകൊണ്ടാണ്, എന്നാലും ഒന്ന് നിയന്ത്രിച്ചു പറയണം എന്നാണ് ചെയർ പറയുന്നത്. ഇത്രയും ദീർഘമായ ചർച്ചയുള്ളതുകൊണ്ട് സഹകരിക്കണമെന്നാണ് പറയുന്നത്.

**ചർച്ച**

ശ്രീ. ആർ. രാജേഷ്: സർ, 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഈ മൂന്ന് ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. എക്സൈസ്, തൊഴിൽ, പട്ടികജാതി/പട്ടികവർഗ്ഗം, ന്യൂനപക്ഷം എന്നീ മേഖലകളെ കഴിഞ്ഞ രണ്ടു വർഷക്കാലത്തിനുള്ളിൽ വളരെ ഫലപ്രദമായി സംരക്ഷിക്കാനും ശക്തിപ്പെടുത്താനും ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ഈ സർക്കാരിനായിട്ടുണ്ട്. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണ് ഇന്ന് നിയമസഭയിൽ കേരളത്തിന്റെ മുഖ്യമന്ത്രി അവതരിപ്പിച്ച

ചട്ടം 300 അനുസരിച്ചുള്ള പ്രമേയം. പട്ടികവർഗ്ഗ വിഭാഗത്തോട് എത്രമാത്രം അനുഭാവപൂർവ്വമായ നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത് എന്നുള്ളതിന്റെ തെളിവാണത്.

മി. സ്പീക്കർ: ശ്രീ. ആർ. രാജേഷ്, ഒരുകാര്യം കൂടി പറയാനുണ്ട്. അപരാഹ്ന സമ്മേളനമുള്ളതിനാൽ എല്ലാവർക്കും ഉച്ചഭക്ഷണം ഏർപ്പാടാക്കിയിട്ടുണ്ട്.

ശ്രീ. ആർ. രാജേഷ് : സർ, കേരളത്തിന്റെ ജനസംഖ്യയിൽ 4,84,839 പട്ടികവർഗ്ഗ വിഭാഗക്കാരും, കേരളത്തിലെ സർക്കാർ ജീവനക്കാർ ഏതാണ്ട് അഞ്ച് ലക്ഷത്തിനടുത്ത്, അതായത് 4,98,603, അതിന്റെ രണ്ട് ശതമാനമെന്ന നിരക്കിൽ 9972 പട്ടികവർഗ്ഗക്കാർ സർക്കാർ സർവ്വീസിൽ വേണം, ഇതിൽ വലിയ അന്തരമുണ്ടെന്ന് മനസ്സിലാക്കി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഗവൺമെന്റ് ഏറ്റെടുത്ത ഏറ്റവും ശ്രദ്ധേയമായ നിലപാടാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി അവരെ സർക്കാർ സർവ്വീസിലേയ്ക്ക് നിയമിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചത്. പോലീസ് വകുപ്പിൽ 75 പേർ, ഇന്ന് ധനാഭ്യർത്ഥനയുടെ ചർച്ചയുള്ള എക്സൈസ് വകുപ്പിൽ, വയനാട്ടും നിലമ്പൂരിലും അട്ടപ്പാടി ബ്ലോക്കിലും എക്സൈസ് ഓഫീസർ

തസ്തികയിലാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ അവരെ നിയമിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചത്. വളരെ ശ്രദ്ധേയമായ മാറ്റങ്ങൾ ഈ വകുപ്പിൽ കൊണ്ടുവരാൻ ഗവൺമെന്റിനായിട്ടുണ്ട്. ഒരാൾ ജോലി ചെയ്താൽ അയാൾക്ക് മിനിമം വേതനം ഉറപ്പാക്കുക എന്നതാണ് തൊഴിൽ വകുപ്പിന് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 22 മാസക്കാലം പിന്നിടുമ്പോൾ 22 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് മുന്നോട്ടുവരാൻ കേരളത്തിലെ ഗവൺമെന്റിനായിട്ടുണ്ട് എന്ന് ഞങ്ങൾക്ക് അഭിമാനത്തോടെ പറയാൻ കഴിയും. ഞങ്ങൾ കംപാരിസൺ നടത്തുന്നത് യു.ഡി.എഫ്. സർക്കാരുമായിട്ടാണ്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽനിന്നും പോകുമ്പോൾ കേരളത്തിലെ 37 മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കാനുണ്ടായിരുന്നു. അതിൽ ആശുപത്രി ജീവനക്കാർ ഉൾപ്പെടെ 22 മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കാൻ ഈ സർക്കാരിനായിട്ടുണ്ട്. നഴ്സുമാരുടേത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്, എന്നാൽ കേരളം അക്കാര്യത്തിലും മാതൃകയാണ്. നഴ്സുമാരെ സംരക്ഷിക്കാനാവശ്യമായ, അവർക്ക് മിനിമം വേതനം ലഭിക്കുന്നതിനാവശ്യമായ ഫലപ്രദമായ നടപടി സ്വീകരിച്ച ഒരു ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ

മുന്നണി ഗവൺമെന്റ്. നമ്മുടെ തൊട്ടടുത്തുള്ള തമിഴ്നാടുപോലും 15824 രൂപയിലേയ്ക്ക് മിനിമം വേതനം നിശ്ചയിക്കുമ്പോൾ 20000 രൂപയിലേയ്ക്ക് അവരുടെ മിനിമം വേതനം നിശ്ചയിക്കാനുള്ള ചരിത്രപരമായ തീരുമാനം ഇന്ത്യയിൽതന്നെ മാതൃകാപരമായി എടുത്ത സ്റ്റേറ്റായി കേരളം മാറുകയാണ്. വീഴ്ച വരുത്തുന്ന മാനേജ്മെന്റിനെതിരെ നടപടി സ്വീകരിക്കാൻ, ആ മാനേജ്മെന്റുകൾക്കെതിരെ കൃത്യമായി നടപടി സ്വീകരിക്കാൻ ഗവൺമെന്റിനാവണം. പിഴയെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ആ പിഴ ചുമത്തുകയും മിനിമം വേതനം ഉറപ്പുവരുത്താൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കേണ്ടതുണ്ട്. കുടിശ്ശിക ഈടാക്കാനാവശ്യമായ ക്ലെയിം പെറ്റീഷൻ ഫയൽസ് വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കേരളത്തിൽ തൊഴിൽവകുപ്പ് 34.84 ലക്ഷം കുടുംബങ്ങൾക്കാണ് തൊഴിൽ മേഖലയിൽ ആരോഗ്യ പരിരക്ഷ സർക്കാർ ഏർപ്പെടുത്തിയത്. 12 ലക്ഷത്തിലധികം ആളുകൾക്കാണ് സൗജന്യ ചികിത്സ ഈ സർക്കാർ നടപ്പിലാക്കിയത്. ഉയർന്ന വാർഷിക ചികിത്സാ ആനുകൂല്യം ഇപ്പോൾ ഗവൺമെന്റ് കൊടുക്കുകയാണ്. പുതിയ വിഭാഗങ്ങളെ CHIS പദ്ധതിയിൽ ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് മേഖലയിലേയ്ക്ക് ഈ വിഭാഗത്തെ

കൊണ്ടുവരികയാണ്. മുതിർന്ന പൗരന്മാർക്ക് SCHIS പദ്ധതി പ്രകാരം 30000 രൂപയുടെ അധിക ചികിത്സ കൊടുക്കാൻ ഈ സർക്കാർ തയ്യാറാവുകയാണ്. അതിഥി തൊഴിലാളികളെ ആദരിക്കേണ്ട ഒരു സമൂഹമാണ് നമ്മുടെ സമൂഹമെന്ന് ഈ ഗവൺമെന്റ് ലോകത്തിന് മാതൃകയായി കാട്ടിക്കൊടുത്തു. കേരളത്തിലെ ആളുകൾ എത്രയോ സ്ഥലത്തുപോയി ജോലി ചെയ്യുന്നു. കേരളത്തിനുപ്പുറത്ത് നോൺ കേരളൈറ്റ്സായിട്ടുള്ള ഇന്ത്യക്ക് പുറത്തേയ്ക്ക് പോകുന്ന മലയാളികൾ, പോകുന്ന സ്ഥലത്ത് തൊഴിൽ ചെയ്ത് ലഭിക്കുന്ന വരുമാനംകൊണ്ട് ജീവിക്കുന്നവരാണ്. പ്രവാസി വരുമാനം വലിയ നിലയിൽ നിക്ഷേപിക്കപ്പെടുന്ന ഒരു സ്റ്റേറ്റാണ് കേരളം. കേരളത്തിലേയ്ക്ക് വരുന്ന തൊഴിലാളികളെ സംരക്ഷിക്കാനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം. അവർക്ക് സുരക്ഷ കൊടുക്കാൻ കഴിയുന്ന 'അപ്നാ ഘർ' പോലുള്ള മാതൃകാപരമായ പദ്ധതികൾ ഈ രാജ്യത്ത് മാതൃകയാക്കുന്ന ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറുകയാണ്. കേരളത്തിൽ തൊഴിൽ ദിനമായ മെയ്മാസം ഒന്നാം തീയതി മുതൽ നോക്കുകൂലി ഉണ്ടാകുകയില്ലെന്ന എന്ന ചരിത്രപരമായ തീരുമാനം ഈ ഗവൺമെന്റാണ് എടുത്തത്. തൊഴിൽ മേഖലയിൽ പ്രത്യേകിച്ചും

<u>ശ്രീ. കെ. വി. അബ്ദുൾഖാദർ</u> : സർ, അങ്ങ് പ്രവാസിക്ഷേമത്തെ കുറിച്ചാണ് സംസാരിക്കുന്നത്. ഇന്ത്യയിൽ ഒരു സംസ്ഥാന ഗവൺമെന്റ് 'ലോക കേരളസഭ' പോലുള്ള ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കുകയും അതിലൂടെ പ്രവാസിക്ഷേമത്തിനുവേണ്ടി നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. പിന്നോക്കക്ഷേമ കോർപ്പറേഷൻ ഇന്നലെ പ്രവാസികൾക്കുവേണ്ടി പ്രത്യേക സഹായ പദ്ധതി ആരംഭിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ആർ. രാജേഷ്</u>: സർ, അങ്ങനെ ഒരുപാട് മാതൃകാപരമായ കാര്യങ്ങളുണ്ട്. ലോക കേരള സഭ കേരളത്തിനുമാത്രമല്ല, ലോകത്തിനുതന്നെ മാതൃകയായിരുന്നു. ലോകത്താകെയുള്ള മലയാളികളെ ഒരു കുടക്കീഴിൽ കൊണ്ടുവരാനും അവരുടെ പ്രശ്നങ്ങൾ പഠിക്കാനാവശ്യമായ ഒരു പദ്ധതിയായി ഇത് മാറുകയാണ്. ഇതിന്റെ തുടർപ്രവർത്തനങ്ങൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. നിങ്ങൾ എന്തിനാണ് ഇങ്ങനെ വേവലാതിപ്പെടുന്നത്? നിങ്ങളുടെ ഭരണസമയത്ത് ആരംഭിക്കാൻ കഴിഞ്ഞില്ല. ഞങ്ങളുടെ കാലത്ത് ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും അത് ചെയ്യാനാവശ്യമായ നടപടികളെടുക്കുകയും ചെയ്തു. പട്ടികജാതി മേഖലയിൽ 66 ലക്ഷം രൂപയാണ് വിദേശത്തുള്ള ഉന്നത ബിരുദം കൊടുക്കുന്ന സർവ്വകലാശാലയിൽ പഠിക്കാൻ

പട്ടികജാതി വികസന വകുപ്പ് ധനസഹായം കൊടുക്കുന്നത്. കേരളത്തിൽ രണ്ടു ലക്ഷം രൂപ വിലയുള്ള 5000 പഠനമുറികൾ തീർക്കാനാണ് പട്ടികജാതി മേഖലയിൽ ഈ സർക്കാർ പരിശ്രമിക്കുന്നത്. ചികിത്സാ സഹായമായി 35.74 കോടി രൂപ കൊടുത്തിട്ടുണ്ട്. 'അംബേദ്കർ ഗ്രാമ പദ്ധതി' നിങ്ങളുടെ കാലത്ത് സ്വയം പര്യാപ്തതഗ്രാമം പദ്ധതിയായിരുന്നു. അന്ന് 216 എണ്ണം പ്രഖ്യാപിച്ചു. എന്നാൽ മഹാഭൂരിപക്ഷം വരുന്നത് ആരംഭിക്കാനേ കഴിഞ്ഞിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 211 അംബേദ്കർ ഗ്രാമങ്ങൾ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. വിദേശത്തേയ്ക്ക് ജോലിക്ക് പോകുന്നവർക്ക് 50000 രൂപയായിരുന്നത് ഒരു ലക്ഷം രൂപയിലേയ്ക്ക് വർദ്ധിപ്പിച്ച് 650 പട്ടികജാതിക്കാരെ തൊഴിലിനുവേണ്ടി ഗൾഫിലേയ്ക്ക് പറഞ്ഞുവിടാൻ സാധിച്ചത് ഈ സർക്കാരിന്റെ കാലത്തുണ്ടായ ശ്രദ്ധേയമായ നേട്ടങ്ങളാണ്. അട്ടപ്പാടിപോലുള്ള മേഖലയിൽ എന്തുകൊണ്ടാണ് ഇത്തരം പ്രശ്നങ്ങളുണ്ടാകുന്നതെന്ന് ശ്രദ്ധിക്കേണ്ടതാണ്. ഇവിടെ ആധുനിക കാലത്തെ ചില ഗീഭത്സ്യന്മാർ ജീവിക്കുന്നുണ്ട്, വാട്സാപ്പ്യൻ കാലത്തെ ഗീഭത്സ്യന്മാർ, ഫെയ്സ്ബുക്ക് കാലത്തെ ഗീഭത്സ്യന്മാർ. ബി.ജെ.പി.-യുടെ ചില യുവനേതാക്കന്മാർ ഇടതുപക്ഷത്തെയും കോൺഗ്രസിനെയും ആക്ഷേപിക്കുന്നു.

നിങ്ങൾ കഴിഞ്ഞ 14 വർഷക്കാലം ഭരിച്ചിട്ട് എന്തുചെയ്തു? ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വരുമ്പോൾ അദ്ദേഹം പറഞ്ഞത് untouchability-യുടെ ഇരയാണ് ഞാൻ. അടുത്ത പത്തുവർഷം ഈ രാജ്യം നിങ്ങളുടെതാണ് എന്നാണ് അദ്ദേഹം പ്രഖ്യാപിച്ചത്. നരേന്ദ്രമോദി അധികാരത്തിലേയ്ക്ക് വന്ന് എസ്.സി /എസ്.ടി. ഫണ്ട് പട്ടിജാതിക്കാർക്കുവേണ്ടി പ്രത്യേക പണം 25 ശതമാനം വർദ്ധിപ്പിച്ചു. ബി.ജെ.പി.-യുടെ നേതാക്കന്മാർ ഇടതുപക്ഷത്തിനെതിരെ ഇവിടെ ഫണ്ട് വിനിയോഗിക്കുന്നില്ല എന്നുള്ള ആക്ഷേപം ഉന്നയിക്കുമ്പോൾ നിങ്ങൾ പരിശോധിക്കേണ്ടത് 25 ശതമാനം വർദ്ധിപ്പിച്ച 2014-15 ൽ ഇന്ത്യയിൽ 82935 കോടി രൂപ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും മാറ്റിവച്ചു. ഇവിടുത്തെ ബി.ജെ.പി. മറുപടി പറയണം. എത്ര രൂപ ചെലവഴിച്ചു? 32979 കോടി രൂപ ചെലവഴിക്കപ്പെടാത്ത ഈ രാജ്യത്താണ്, നരേന്ദ്ര മോദി ഭരിക്കുന്ന ഈ രാജ്യത്താണ്, അങ്ങനെയുള്ള ബി.ജെ.പി.യുടെ നേതാക്കന്മാരാണ് ഇവിടെയുള്ള ഇടതുപക്ഷത്തെ നോക്കി ഞങ്ങൾ പണം ചെലവഴിക്കുന്നില്ല എന്ന ആക്ഷേപം ഉന്നയിക്കാൻ തയ്യാറാകുന്നത്. ഒട്ടേറെ പണം ചെലവഴിക്കുന്നുണ്ട്. 1.45 ലക്ഷം ആദിവാസികൾക്കാണ് ഓണകിറ്റ് കൊടുത്തത്. എസ്.സി. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് 25 ശതമാനം വർദ്ധിപ്പിച്ചു. സ്പെഷ്യൽ ജോബ്

ഫെയറിലൂടെ അവർക്ക് ഇഷ്ടമുള്ള തൊഴിൽ പരിശീലനത്തിന് 'ഇഷ്ടം പദ്ധതി'. മിശ്രവിവാഹത്തിന് 50000 രൂപയായിരുന്നത് 70000 രൂപയായി വർദ്ധിപ്പിച്ചു. ആദിവാസികൾക്ക് ട്യൂഷൻ ഫീസ് സൗജന്യമായി കൊടുക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞത് അദ്ദേഹം അമേരിക്കയിലേയ്ക്ക് പോകുമ്പോൾ വൈറ്റ്ഹൗസിന്റെ മുന്നിൽ ഒരു കുടിൽ കണ്ടുവെന്നാണ്. എത്ര സ്വതന്ത്രമായി കുടിൽ കെട്ടി സമരം നടത്താൻ അവിടെയുള്ളവർക്ക് സാധിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. ശ്രീ. എ. കെ. ആന്റണി സർക്കാർ കേരളം ഭരിക്കുമ്പോഴാണ് വയനാടിന്റെ മണ്ണിൽ കുടിൽ കെട്ടിസമരം ചെയ്ത് നിരപരാധികളായ, നിരാശ്രയരായ ആദിവാസകളുടെ ഇടനെഞ്ചിലേയ്ക്ക് വെടിയുണ്ടകൾ തറപ്പിച്ച ഭരണകൂടമായിരുന്നു കോൺഗ്രസിന്റേത്. നിങ്ങൾ ആ കാര്യം മറന്നുപോകാൻ പാടില്ല.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, പ്രതിപക്ഷ നേതാവ് സംസാരിക്കുന്ന സമയത്ത് അമേരിക്കയിലെ വൈറ്റ്ഹൗസിനുമുന്നിൽ ഒരു കുടിൽ കെട്ടി സമരം ചെയ്യുന്നതിനെക്കുറിച്ച് സംസാരിച്ചു. 2012-ൽ ശ്രീ. എ.കെ. ആന്റണി

കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കാലത്ത് സെക്രട്ടേറിയറ്റിന്റെ മുന്നിൽ സമരം നിരോധിക്കുകയും സമരം ചെയ്യുന്നവരെ അവിടെ നിന്ന് പന്തൽ പൊളിച്ച് അടിച്ച് ഓടിക്കുകയും ആ കേസിലെ പ്രതികളാണ് ഇവിടെ ഇരിക്കുന്ന പല എം.എൽ.എ.-മാർ ആണെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയാമോ?

ശ്രീ. ആർ. രാജേഷ്: സർ, ഇരട്ടത്താപ്പാണ് കോൺഗ്രസിനുള്ളത്. ഞങ്ങൾ..

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബംഗാളിൽ മുപ്പതിലേറെ വർഷം നിങ്ങൾ ഭരിച്ചതാണ്. അവിടുത്തെ Writers' building -ൽ 144 പ്രഖ്യാപിക്കുകയും ഒരു സമരം നടത്താൻ അനുവാദം കൊടുക്കാത്തതുമായ പാർട്ടിയാണ് സി.പി.ഐ.(എം.) എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. ആർ. രാജേഷ്: സർ, ഞങ്ങൾക്കുനേരെ ഉയർന്നുവരുന്ന ഒരു സമരങ്ങളെയും അടിച്ചമർത്തുന്ന സമീപനം ഞങ്ങൾക്കില്ല. ഇന്ത്യാ മഹാ രാജ്യത്ത് ഈ രാജ്യത്തെ പത്രമാധ്യമങ്ങൾ, ഈ രാജ്യത്തെ പ്രതിപക്ഷം വായ് തുറക്കാൻ പാടില്ലെന്ന് പറഞ്ഞുകൊണ്ട് ഈ രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ച പാർട്ടി ഏതാണ്; അത് കോൺഗ്രസ് പാർട്ടിയല്ലേ?

അടിയന്തരാവസ്ഥ പ്രഖ്യാപിച്ച കോൺഗ്രസ് പാർട്ടിക്ക് ഒരു Writers' Building-ന്റെ പേരു പറയാൻ എന്തവകാശമാണുള്ളത്? ഇന്ത്യയിൽ മത ന്യൂനപക്ഷങ്ങൾ, ദളിതർ, പട്ടികജാതി വർഗ്ഗക്കാർ എന്നിവർ ഏറ്റവും അധികം സംരക്ഷണത്തോടുകൂടി ജീവിക്കുന്ന ഒരു സംസ്ഥാനം കേരളമാണ്. 1947-ൽ സ്വതന്ത്രമായ നമ്മുടെ രാജ്യം, ഗാന്ധി പിറന്ന ഗുജറാത്തിൽ ഹർദ്ദിക് പട്ടേലുമാരുടെ സമരം ആരംഭിക്കുന്നത് സ്വന്തം മുഖത്ത് മീശ വയ്ക്കാനാണ്. എവിടെ കോൺഗ്രസ് പാർട്ടി? ഗാന്ധിയുണ്ടായിരുന്ന, കോൺഗ്രസുണ്ടായിരുന്ന ഗുജറാത്തിൽ സ്വന്തം മുഖത്ത് മീശ വയ്ക്കാൻ 2018-ൽ സമരം ചെയ്യേണ്ടിവന്ന പട്ടികജാതിക്കാർ ഇവിടെയുണ്ട്. നിങ്ങളുടെ കളിത്തൊട്ടിലായിരുന്ന യു.പി.-യിൽ 90 വയസ്സായ ഒരു പട്ടികജാതിക്കാരനെ (തിമ്മയ്യ) ക്ഷേത്രത്തിനകത്തേയ്ക്ക് പ്രവേശിച്ചതിന്റെ പേരിലാണ് ക്ഷേത്രമതിൽക്കെട്ടിന് പുറത്തേയ്ക്ക് കൊണ്ടുപോയി തല്ലികൊന്ന്ചുട്ടെരിക്കുന്നു. ആ ഇന്ത്യയാണോ കേരളം? ഇവിടെ മധുവിന്റെ കൊലപാതകമുണ്ടായി. അതിൽ നമ്മൾ ശിരസ്സ് കുനിക്കുന്നു. ആ കൊലപാതകത്തെ ന്യായീകരിക്കാൻ നമുക്ക് കഴിയില്ല. മധുവിന്റെ തല്ലുന്ന രംഗം സെൽഫി എടുത്ത് പ്രചരിപ്പിച്ചവരെല്ലാവരും വെറുക്കപ്പെടേണ്ടവരാണ്. ഇത് ശരിയല്ല. പക്ഷേ, ആൾക്കൂട്ട കൊലപാതകത്തെ

ന്യായീകരിക്കാൻ കേരളത്തിന്റെ പൊതുസമൂഹത്തിന് ആകില്ല എന്നതുകൊണ്ടുതന്നെയാണ് കേരളം ഒന്നാമത്തെ സ്റ്റേറ്റായി നിൽക്കുന്നത്. മതന്യൂനപക്ഷങ്ങൾ, ദളിതർ അവരെല്ലാം സുരക്ഷിതരായി ഇവിടെ നിൽക്കുകയാണ്. പട്ടിജാതികാർക്ക് നേരെയുള്ള അതിക്രമങ്ങൾ..., ഞാൻ താമസിക്കുന്ന പ്രദേശമാണ്, ഞാൻ താമസിക്കുന്നത് ചെങ്ങന്നൂരിലാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മണ്ഡലവും എന്റെ മണ്ഡലവും ചെങ്ങന്നൂരാണ്. അവിടെ അഞ്ച് രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായി. അതിൽ നാല് രാഷ്ട്രീയ കൊലപാതകങ്ങളിലും മരിച്ചുവീണത് സി.പി.ഐ.(എം) കാരാണ്. അതിൽ നാല് രാഷ്ട്രീയ കൊലപാതകത്തിലും മരണമടഞ്ഞത് പട്ടികജാതിക്കാരാണ്. ഇവരെ ആരാണ് കൊന്നത്; ആരാണ് കൊലപ്പെടുത്തിയത്; സഖാവ് വെൺമണി ചാത്തനെ 1987-ൽ ആ മണ്ണിൽ കൊലപ്പെടുത്തിയതാരാണ്? കോൺഗ്രസുകാരാണ്. കൂലി കൂടുതൽ ചോദിച്ചതിന് ചെങ്ങന്നൂരിലെ മണ്ണിൽ വെടിവച്ച് കൊന്ന് കോൺഗ്രസുകാർ വീട്ടിലേയ്ക്ക് അതിക്രമിച്ചുകയറി. ആരാണ് കൊലപ്പെടുത്തിയത്? കോൺഗ്രസുകാർ. പാണ്ടനാട് പഞ്ചായത്തിലെ രവിയെയും കുഞ്ഞുകുഞ്ഞിനെയും കൊലപ്പെടുത്തിയത് കോൺഗ്രസ് പാർട്ടിയുടെ ഭരണകൂടമാണ്. നിങ്ങൾ

ആർക്കൊപ്പമാണ്? നിങ്ങൾ ഈ രാജ്യത്തെ പട്ടികജാതി സമൂഹത്തോടൊപ്പമാണോ? അല്ല. ഈ രാജ്യത്തെ പട്ടികജാതിക്കാരെ, ദളിതരെ, മതന്യൂനപക്ഷങ്ങളെ സംരക്ഷിച്ചുകൊണ്ടുപോകുന്നത് ഞങ്ങളാണ്. പട്ടികജാതിക്കാരെമാത്രമല്ല, മതന്യൂനപക്ഷങ്ങളെ സർക്കാർ വകുപ്പിലേയ്ക്ക്, സർക്കാർ സർവ്വീസിലേയ്ക്ക് പ്രവേശിപ്പിക്കാൻ 1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ്.-ന്റെ ഗവൺമെന്റ് 12 ശതമാനം സംവരണം ഏർപ്പെടുത്തി. 2014-ൽ കോൺഗ്രസ് പാർട്ടി ഇന്ത്യാ മഹാരാജ്യത്ത് പുറത്തിറക്കിയ പ്രകടന പത്രികയിൽ കേരളത്തെ മാതൃകയാക്കി മാറ്റണമെന്നാണ് സോണിയ ഗാന്ധി ആവശ്യപ്പെട്ടത്. സർക്കാർ സർവ്വീസിലേയ്ക്ക് ഇന്ത്യയിലെ പട്ടികജാതിക്കാരെ കൊണ്ടുവരാൻ കേരള മോഡൽ മാതൃകയാക്കണമെന്ന് ആവശ്യപ്പെട്ടത് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശരിയായ നിലപാട് സ്വീകരിച്ചതുകൊണ്ടാണ്. എക്സൈസ്, തൊഴിൽ, പട്ടികജാതി/ പട്ടികവർഗ്ഗക്ഷേമം എന്നീ ധനാഭ്യർത്ഥനകളെ പരിപൂർണ്ണമായി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. അടുത്ത കാലത്ത് കേരളത്തിലുണ്ടായ രണ്ട് സംഭവങ്ങൾ

ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി അത് ഇനി ആവർത്തിക്കാതിരിക്കാനുള്ള നടപടികളുണ്ടാകണമെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് മധുവിന്റെ മരണമാണ്. അട്ടപ്പാടിയിലെ ആദിവാസിയായ മധു അതിദാരുണമായി മരണപ്പെട്ടു. മരണപ്പെട്ട ഉടൻതന്നെ അങ്ങ് മെഡിക്കൽ കോളേജിൽ ഓടിയെത്തുകയും പോസ്റ്റ്മോർട്ടമുൾപ്പെടെയുള്ള കാര്യങ്ങൾക്കാവശ്യമായ സാഹചര്യമൊരുക്കുകയും ചെയ്തു. അക്കാര്യത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. പക്ഷേ കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഇങ്ങനെയുണ്ടായ മരണം കേരളത്തിൽ മാത്രമല്ല ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. അത് ഇന്ത്യയിലാകമാനം ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. എങ്ങനെയാണ് മധു മരണപ്പെട്ടത്? ഇവിടെ എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ആർ. രാജേഷ് ഈ ഗവൺമെന്റിന്റെ കാലത്ത് ചെയ്ത കാര്യങ്ങൾ പറഞ്ഞു. ഇവിടെ ശ്രീ. എ. പി. അനിൽകുമാർ ഇരിക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഒട്ടനവധി കാര്യങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിൽ ചെയ്തിരുന്നു. പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗത്തിനായി ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങൾ അവർക്ക് ലഭിക്കുന്നുണ്ടോയെന്ന് നമ്മൾ ആത്മപരിശോധന നടത്തണ്ടേ; ഉദ്യോഗസ്ഥൻമാർ കൃത്യമായി കാര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടോയെന്നുള്ളത്

പരിശോധിക്കണ്ടേ? മധുവിനെ നിരവധി ആളുകൾ ചേർന്നാണ് മർദ്ദിച്ച് കൊലപ്പെടുത്തിയത്. മധു എങ്ങനെ കാട്ടിലെത്തി എന്നതുസംബന്ധിച്ച് പരിശോധിക്കുകയും അതിനുത്തരവാദികളായ ആളുകളെ കണ്ടെത്തുകയും ചെയ്യണ്ടേ? മധു നിരവധി വർഷങ്ങളായി വനത്തിലാണ് താമസിച്ചിരുന്നത്. വനത്തിലെ ഗുഹയിൽ താമസിച്ചിരുന്ന മധുവിനെ വന്യമൃഗങ്ങൾപോലും ദ്രോഹിച്ചില്ല, പക്ഷേ മനുഷ്യത്വമില്ലാത്ത കുറെ മനുഷ്യർ മർദ്ദിച്ച് കൊലപ്പെടുത്തി. അത് സെൽഫി എടുത്ത് നവമാധ്യമങ്ങളിൽ ആഘോഷിച്ചു. മധുവിനെ കൊലപ്പെടുത്തിയ ആളുകളെ അറസ്റ്റ് ചെയ്തു. പക്ഷേ മധുവിനെ കൊലപ്പെടുത്തിയ ആളുകളെ അവിടെ എത്തിച്ച ആളുകൾ ആരാണെന്ന് കണ്ടെത്തിയോ; അവരെ കണ്ടെത്തണ്ടേ? ഉൾവനത്തിൽ മധുവിനെ കൊണ്ടെത്തിച്ച ആളുകൾ ആരാണ്; ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരല്ലേ? ............ ഞാനിവിടെ രാഷ്ട്രീയമല്ല പറയുന്നത്. മധുവിനെ വനത്തിലെ വന്യമൃഗങ്ങൾപോലും വെറുതെവിട്ടിട്ടും ആരാണ് അവിടേയ്ക്ക് സാമൂഹ്യവിരുദ്ധൻമാരെ എത്തിച്ചത് എന്നതുസംബന്ധിച്ച് പരിശോധിക്കണം. അവരെ അവിടെ എത്തിച്ചത് വനം വകുപ്പിലെ ഉദ്യോഗസ്ഥരാണ്. വനം വകുപ്പിലെ ഉദ്യോഗസ്ഥൻമാരെ ഇതുവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. മധുവിനെ പോലീസ് അറസ്റ്റ് ചെയ്ത് ജീപ്പിലേയ്ക്ക് കൊണ്ടുപോയപ്പോൾ മധുവിന്

പ്രശ്നമൊന്നുമില്ലായിരുന്നു. ഒരുപക്ഷേ അദ്ദേഹത്തെ തല്ലിയതാണെന്ന് മനസ്സിലാക്കാൻപോലും കഴിയാത്ത മാനസികാവസ്ഥയിലായിരിക്കാം മധു പോലീസ് ജീപ്പിലേയ്ക്ക് കയറിയത്. ഇപ്പോഴത്തെ പോലീസിന്റെ കൈയിൽ കിട്ടിയാൽ എന്താണ് ചെയ്യുന്നതെന്ന് സ്വാഭാവികമായും ഊഹിക്കാം. പോലീസ് അദ്ദേഹത്തെ വീണ്ടും ക്രൂരമായി മർദ്ദിച്ചിരിക്കാം. പക്ഷേ ഞാൻ പറയുന്നത്, മധുവിനെ തല്ലിയ ആൾക്കൂട്ടത്തെ മാത്രമല്ല, ഇനി നമ്മുടെ സമൂഹത്തിൽ ഇതുപോലെ മധുമാരുണ്ടാകാൻ പാടില്ലെന്നാണ്. നമ്മുടെ സമൂഹത്തിൽ ഇനിയും ഇതുപോലുള്ള ചർച്ച ഉണ്ടാകാൻ പാടില്ല. കേരളം പോലുള്ള സംസ്ഥാനത്ത് ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിച്ചാൽ നമ്മെപ്പോലുള്ള ആളുകൾ ഈ പണിയുമായി നടന്നിട്ട് കാര്യമില്ല. ഈ സംഭവത്തിനുശേഷം വീണ്ടും ഒരു ആദിവാസി യുവാവ് ചികിത്സ കിട്ടാതെ മരിച്ചു. നിലമ്പൂരിലുള്ള കണ്ടൻ എന്ന ആൾ തെങ്ങിൽനിന്ന് വീണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ കൊണ്ടുവന്നു. ആദിവാസികളോടൊപ്പം നല്ല ഷർട്ടും മുണ്ടുമിട്ട് അവിടെ വന്നുനിൽക്കാൻ ആളുകളുണ്ടാവില്ല. ആദിവാസികൾക്ക് ഒരു മെഡിക്കൽ കോളേജിലും വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല. നമ്മൾ ഇതൊക്കെയല്ലേ പരിശോധിക്കേണ്ടത്? ആദിവാസികൾക്കുവേണ്ടി, പ്രത്യേകിച്ച് അട്ടപ്പാടിയിലെ ആളുകൾക്കുവേണ്ടി ഒട്ടനവധി കാര്യങ്ങൾ ചെയ്തു. കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്ത് കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചു. പട്ടികവർഗ്ഗക്കാർക്ക് ഒന്നിച്ചു ഭക്ഷണം കഴിക്കാൻവേണ്ടി കോടിക്കണക്കിനുരൂപ ചെലവഴിച്ചാണ് കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചത്. എന്റെ അന്വേഷണത്തിൽ എനിക്ക് മനസ്സിലായത് 20 കോടി രൂപയോളം അവിടെ ചെലവഴിച്ചു എന്നാണ്. 20 കോടി രൂപയിൽ എത്ര കോടി രൂപ പാവപ്പെട്ട ആദിവാസികൾക്ക് ലഭിച്ചു എന്നതു സംബന്ധിച്ച് ശ്രീ. എ. കെ. ബാലൻ അന്വേഷിക്കണം, കമ്മ്യൂണിറ്റി കിച്ചൺ ആരാണ് നടത്തുന്നത് എന്നതു സംബന്ധിച്ചല്ല. ഞാൻ മധു മരിച്ചപ്പോൾ അവിടെ ഓടിയെത്തിയ ആളാണ്. അവിടെനിന്ന് ലഭിച്ച വിവരമനുസരിച്ച്, ഇടതുപക്ഷത്തിന്റെയും വലതുപക്ഷത്തിന്റെയും... യു.ഡി.എഫ്-ന്റെയും എൽ.ഡി.എഫ്-ന്റെയും ആളുകൾ ഒരുപോലെ പറഞ്ഞത്, കമ്മ്യൂണിറ്റി കിച്ചൺ നടത്തുന്ന ആളുകൾ ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടിയല്ല അത് നടത്തുന്നത് എന്നാണ്. യു.ഡി.എഫ്-ന്റെ കാലത്താണ് കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചത്. യു.ഡി.എഫ്-ന്റെ കാലത്ത് ആരംഭിച്ച പല പദ്ധതികളും അങ്ങ് വന്നതിനുശേഷവും തുടരുന്നുണ്ട്. അങ്ങ് തുടരുന്നതിനെ ഞങ്ങൾ പരിപൂർണ്ണമായി പിന്തുണയ്ക്കുന്നു. പക്ഷേ കോടിക്കണക്കിന് രൂപ ഈ ജനവിഭാഗങ്ങൾക്ക് മാറ്റിവയ്ക്കുമ്പോഴും ആ തുക പാവപ്പെട്ട ആദിവാസി കുടിലുകളിലേയ്ക്ക് എത്താതെ പോകുമ്പോൾ നമ്മളിവിടെ ശ്രീ.

ആർ. രാജേഷ് പറയുന്നതുപോലെ രാഷ്ട്രീയം പറയുകയോ കുറെ പദ്ധതികൾ പറയുകയോ ചെയ്തിട്ട് കാര്യമില്ല. അത് എത്തേണ്ടിടത്ത് എത്തുന്നുണ്ടോ എന്നത് പരിശോധിക്കാനുള്ള ധാർമ്മികമായ ഉത്തരവാദിത്വം അങ്ങ് ഏറ്റെടുത്താൽ അതിനെ പിന്തുണയ്ക്കാൻ ഞങ്ങളെല്ലാവരും ഉണ്ടാകുമെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഈ വിഷയം സംബന്ധിച്ച് അങ്ങ് അന്വേഷണിക്കണം. എനിക്ക് ഒട്ടനവധി കാര്യങ്ങൾ പറയാനുണ്ടെങ്കിലും സമയക്കുറവുമൂലം ഞാൻ ദീർഘിപ്പിക്കുന്നില്ല.

ഇവിടെ എക്സൈസുമായി ബന്ധപ്പെട്ട് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്തത്. ടാക്സസ് സെക്രട്ടറിയുടെ 16.03.2018-ലെ ഉത്തരവുപ്രകാരം "മേൽപ്പറഞ്ഞ ഉത്തരവനുസരിച്ചുള്ള ആനുകൂല്യം തങ്ങളുടെ സംസ്ഥാനങ്ങളിലെ സവിശേഷ സാഹചര്യം പരിഗണിച്ച് ഗ്രാമപ്രദേശങ്ങൾക്കുകൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ആസാം, മേഘാലയ, പശ്ചിമബംഗാൾ തുടങ്ങി കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ എം. എ. നം. 690-692/17 നമ്പർ കേസിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. വികസിത ഭൂപ്രദേശത്തിന്റെ സ്വഭാവ വിശേഷങ്ങളും വൈപുല്യവും പരിഗണിച്ചും 11.07.2017-ലെ ഉത്തരവിലെ മുനിസിപ്പൽ ഏരിയയെന്ന പദപ്രയോഗം ഉപയോഗിച്ച സാഹചര്യങ്ങൾ

മുൻനിർത്തിയും ഇക്കാര്യത്തിൽ യുക്തമായ തീരുമാനം സ്റ്റേറ്റ് ഗവൺമെന്റുകൾക്ക് എടുക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ബഹു. സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്. .........." സമയക്കുറവുമൂലം ഇത് വായിക്കുന്നില്ല, മേശപ്പുറത്ത് വയ്ക്കുകയാണ്.+ ഗ്രാമപ്രദേശങ്ങളിൽക്കൂടി മദ്യശാലകൾ അനുവദിക്കുവാൻ കേരളം കോടതിയിൽ ആവശ്യപ്പെടുകയായിരുന്നു. കേരളം ചോദിച്ചുവാങ്ങിയ വിധിയാണ്. മദ്യമുതലാളിമാർക്കുവേണ്ടി എന്തിനാണ് ഇത്രയും മുന്നോട്ടുപോകുന്നത്? മദ്യനയം എന്നുപറയുന്നത് ഇടതുപക്ഷ ഗവൺമെന്റിന്റെ നയമായിരിക്കാം. പക്ഷേ ദൂരപരിധി ആർക്കുവേണ്ടിയാണ് കുറച്ചത്? ദേശീയ പാതയിൽനിന്ന് 500 മീറ്റർ, അമ്പലങ്ങൾ, പള്ളികൾ, സ്കൂളുകൾ എന്നിവിടങ്ങളിൽനിന്നും മദ്യശാലകളിലേയ്ക്കുള്ള അകലം 50 മീറ്ററാക്കി ചുരുക്കി. ഇങ്ങനെ ചെയ്യുന്നത് ആർക്കുവേണ്ടിയാണ്? അങ്ങ് ഒരു മാന്യനായ മന്ത്രിയാണെന്നാണ് ഞങ്ങൾ വിശ്വസിച്ചിരിക്കുന്നത്. അങ്ങ് ഇതിന് കൂട്ടുനിൽക്കരുത്. ഈ ഡിമാന്റിൽ പഴയതുപോലെ ദൂരപരിധി പാലിക്കുമെന്നെങ്കിലും പറഞ്ഞില്ലെങ്കിൽ അങ്ങുകൂടി ഈ പാപഭാരത്തിന്റെ ഉത്തരവാദിയാകുമെന്നത് ചരിത്രമായി മാറും എന്നുമാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളൂ.

ഈ നിയമസഭയിൽ ചോദ്യങ്ങൾക്കുള്ള ഉത്തരം പറയാൻ മന്ത്രിമാർ തയ്യാറാകുന്നില്ല. ഞാൻ മുഖ്യമന്ത്രിയോട് ചോദിച്ച ചോദ്യത്തിന് വിവരം

---

\+ അനുബന്ധമായി ചേർക്കുന്നു.

ശേഖരിച്ചുവരുന്നുവെന്നും ശ്രീമതി കെ. കെ. ശൈലജ ടീച്ചറിനോട് ചോദിച്ച ചോദ്യത്തിന് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയോട് ചോദിച്ച ചോദ്യത്തിന് പരിശോധിച്ചുവരുന്നു എന്നുമുള്ള മറുപടികളാണ് ലഭിച്ചത്. പരിശോധനയല്ലാതെ ഈ ഗവൺമെന്റിലെ മന്ത്രിമാർക്ക് എന്തെങ്കിലും ഉത്തരവാദിത്വമുണ്ടോ? സി.പി.ഐ. -യുടെയും സി.പി.ഐ(എം)-ന്റെയും സമ്മേളനം നടന്നപ്പോൾ പരസ്പരം പഴിചാരിയ മന്ത്രിമാരല്ലേ ഈ സീറ്റുകളിലിരിക്കുന്നത്? ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ചോദ്യമുന്നയിക്കുമ്പോൾ ആ ചോദ്യത്തിന് മറുപടിപോലും പറയാൻ തയ്യാറാകാത്ത മന്ത്രിമാർ എന്തിനാണ് ഈ ഗവൺമെന്റിന്റെ ഭാഗമായിരിക്കുന്നത്. സമയക്കുറവുമൂലം ഞാൻ കൂടുതൽ പറയുന്നില്ല. എനിക്ക് കുറച്ചുകൂടി കാര്യങ്ങൾ പറയാനുണ്ട്. അതെല്ലാം ഞാൻ പിന്നീട് പറയാം. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. എന്റെ സുഹൃത്ത് ശ്രീ. വി. പി. സജീന്ദ്രൻ ഇവിടെ മധുവിന്റെ കാര്യം പറഞ്ഞു. മധുവിനെ കൊലപ്പെടുത്തിയതിനെ ആർക്കും ന്യായീകരിക്കാൻ കഴിയില്ല. ശ്രീ. ആർ. രാജേഷ് പറഞ്ഞതുപോലെ അക്കാര്യത്തിൽ നമ്മളെല്ലാം ലജ്ജിക്കുകയാണ്. പക്ഷേ മധുവിനെ കൊലപ്പെടുത്തിയ എല്ലാ ആളുകളെയും

പോലീസ് അറസ്റ്റ് ചെയ്തു. മധുവിനെ ആരാണ് വനത്തിലേയ്ക്ക് അയച്ചതെന്നാണ് ശ്രീ. വി. പി. സജീന്ദ്രൻ ചോദിക്കുന്നത്. 4 വർഷം മുമ്പാണ് മധു വനത്തിലേയ്ക്ക് പോയത്. അന്ന് ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നു കേരളത്തിലെ മുഖ്യമന്ത്രി. മധുവിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ്. ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന മേഖലയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വളരെ ശക്തമായ നടപടികളാണ് സ്വീകരിക്കുന്നത്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ ........ ബഹുമാനപ്പെട്ട അംഗം ശ്രീ. ചിറ്റയം ഗോപകുമാർ ഇവിടെയൊരു പരാമർശം നടത്തി. അദ്ദേഹം പറഞ്ഞത് മധു നാല് വർഷം മുമ്പാണ് വനത്തിലേയ്ക്ക് പോയത് എന്നാണ്. ഞാൻ സമരപ്പന്തലിൽവച്ച് മധുവിന്റെ അമ്മയോടും സഹോദരിയോടും സംസാരിച്ചിരുന്നു. പത്ത് വർഷം മുമ്പാണ് മധു വനത്തിലേയ്ക്ക് പോയത്. ഇവിടെ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതോടൊപ്പം മധുവിനെപ്പോലൊരാൾ മരിച്ചതിന്റെ ദുഃഖം പോലും രേഖപ്പെടുത്താതെ രാഷ്ട്രീയം പറയുന്നത് സഭാരേഖകളിലുണ്ടാകാൻ പാടില്ല.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, അങ്ങ് പരിശോധിച്ച് നടപടി സ്വീകരിച്ചാൽ മതി. ആദിവാസി മേഖലയിലും പട്ടികജാതി വികസന

മേഖലയിലും ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഉണർവ്വുണ്ടായിട്ടുള്ളത്. പട്ടികജാതി വികസന മേഖലയിൽ ഈ ഗവൺമെന്റ് നടപ്പിലാക്കിയ കാര്യങ്ങളെക്കുറിച്ച് എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. ആർ. രാജേഷ് സൂചിപ്പിച്ചു. വിദേശ തൊഴിലിന് സർക്കാർ മുൻകൈ എടുത്ത്, പട്ടികജാതി വിഭാഗത്തിൽപ്പെട്ട 650 പേരാണ് ഗൾഫിൽ പോയത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിദേശ തൊഴിൽ സ്വപ്നം യാഥാർത്ഥ്യമാക്കിയത് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. അതുപോലെ ആയുർവേദം, നഴ്സിംഗ്, സ്പോർട്സ്, ഫിസിയോതെറാപ്പി, പഞ്ചകർമ്മ, ഫാർമസി തുടങ്ങിയ മേഖലകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പരിശീലനം കൊടുക്കാനും പ്രത്യേക തൊഴിൽ കൊടുക്കാനുമുള്ള സംവിധാനം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ശ്രമഫലമായി ആരംഭിച്ചു. വീടില്ലാത്ത നിരവധി ആളുകൾ പട്ടികജാതി വിഭാഗത്തിലുണ്ടായിരുന്നു. അവർക്ക് ഏതാണ്ട് 59099 വീടുകൾ പൂർത്തീകരിച്ച് നൽകി. നിരവധി വീടുകൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് വീട് വച്ച് കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 'ഊരുകളെ

ഉണർത്താൻ ഗോത്ര രശ്മി' എന്ന പദ്ധതി പ്രഖ്യാപിച്ചു. ആരോഗ്യപ്രശ്നങ്ങൾ, വിദ്യാഭ്യാസ സാമൂഹിക പിന്നോക്കാവസ്ഥ, സംരംഭകത്വം ഇല്ലായ്മ എന്നിവ പരിഹരിക്കുന്നതിനുള്ള പരിശീലനം, സ്ത്രീ ശാക്തീകരണം, പരിസ്ഥിതി സൗഹൃദ-ലഹരി രഹിത ഗോത്രം സൃഷ്ടിക്കൽ തുടങ്ങിയ കാര്യങ്ങൾ ചെയ്യാൻ വേണ്ടിയാണ് 'ഊരുകളെ ഉണർത്തൽ ഗോത്ര രശ്മി' എന്ന പദ്ധതി ആരംഭിച്ചത്. ആദിവാസികളെ പുനരധിവസിപ്പിക്കാൻ ആറളം ഫാം വികസനത്തിനുവേണ്ടി 60 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എസ്.സി./എസ്.ടി. മേഖലകളിൽ വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിന് എസ്.ടി. മേഖലയിൽ 6 കോടി രൂപയും എസ്.സി. മേഖലയിൽ 82 കോടി രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. അത്തരത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന മേഖലയിൽ ഈ ഗവൺമെന്റ് വളരെ നല്ല നിലയിലാണ് മുന്നോട്ട് പോകുന്നത്. എക്സൈസുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. എ. കെ. ആന്റണി ഗവൺമെന്റാണ് ചാരായം നിരോധിച്ചത്. ഉമ്മൻ ചാണ്ടി ഗവൺമെന്റ് ബാറുകളും കള്ളുഷാപ്പുകളും നിരോധിച്ചു. ഈ രണ്ട് ഗവൺമെന്റുകളും കേരളത്തിൽ ദുരന്തങ്ങളുടെ സ്മാരകങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. അതിന്റെ ഫലമായി കേരളത്തിലെ ചെറുപ്പക്കാർ വഴിതെറ്റിപ്പോയി.

അത്തരത്തിലുള്ള നിരവധി കേസ്സുകൾ വന്നിട്ടുണ്ട്. കരുത്തരും ഊർജ്ജസ്വലരുമായി മന്ത്രിയുടെ കീഴിൽ എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥന്മാർ പ്രവർത്തിച്ചു. 167304 കേസ്സുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ നിരവധി റെയ്ഡുകൾ നടന്നു. സ്പിരിറ്റ്, ചാരായം, വ്യാജമദ്യം, ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന മദ്യം, കള്ള്, ബിയർ, അരിഷ്ടം, മദ്യമുണ്ടാക്കാനുള്ള കോട എന്നിവയെല്ലാം എക്സൈസ് വകുപ്പ് പിടിച്ചെടുത്തു. അതുപോലെ മദ്യ നിരോധനത്തിന്റെ ഫലമായി കഞ്ചാവ്, കഞ്ചാവ് ചെടികൾ, ഹാഷിഷ് ഓയിൽ, ഹെറോയിൻ, ബ്രൗൺ ഷുഗർ, എം.ഡി.എം.എ., എൽ.എസ്.ഡി. (നാക്കിൽ ഒട്ടിക്കുന്ന സ്റ്റാമ്പ്), കൊക്കയിൻ, ചരസ്, ഓപിയം, മാജിക് മഷ്റൂം, ആമ്പ്യൂൾ ടാബ്ലെറ്റ് എന്നിവ എക്സൈസ് വകുപ്പ് റെയ്ഡ് നടത്തി പിടിച്ചെടുത്തു. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വളരെ ജാഗ്രതയോടെ പ്രവർത്തിച്ചതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ റെയ്ഡിലൂടെ പിടിച്ചെടുക്കാൻ സാധിച്ചത്. മയക്കുമരുന്ന് മാഫിയയെ ഇല്ലാതാക്കാൻ വേണ്ടിയുള്ള പരിശ്രമമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇന്ത്യയിലെ തമിഴ്നാട് ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കോടികളുടെ വിലയുള്ള

മയക്കുമരുന്നാണ് ഇവിടെ എത്തിക്കൊണ്ടിരുന്നത്. കഞ്ചാവിന് പുറമെ നിരവധിയായ മറ്റ് മയക്ക് ഗുളികകളും കൊക്കയിൻ അടക്കമുള്ള മയക്കുമരുന്നുകളും Ephedrine ഉൾപ്പെടെയുള്ള നിരവധി മരുന്നുകളും ഏറ്റവും കൂടുതൽ വ്യാപകമായത് ശ്രീ. ഉമ്മൻ ചാണ്ടി നടപ്പിലാക്കിയ മദ്യ നിരോധനത്തിന്റെയും ചാരായ ഷാപ്പ് നിരോധനത്തിന്റെയും ബാറുകൾ നിരോധിച്ചതിന്റെയും ഫലമായാണ്. കേരളത്തിൽ ലഹരി പ്രതിമാസ വ്യാപാരം 300 കോടി രൂപയാണ്. കഴിഞ്ഞ വർഷം കേരളത്തിൽ പിടിച്ച കൊക്കയിൻ 220 കോടി രൂപയുടേതാണ്. അതുപോലെ 3 വിമാനത്താവളങ്ങളിലായി 1105 കോടി രൂപയുടെ ലഹരി വസ്തുക്കൾ പിടിച്ചെടുത്തു. ഇങ്ങനെ മയക്കുമരുന്ന് വ്യാപകമാകാൻ കാരണമായത് യു.ഡി.എഫ്. കൊണ്ടുവന്ന മദ്യ നിരോധനമാണ്. മദ്യ നിരോധനമല്ല എൽ.ഡി.എഫ്. സർക്കാരിന്റെ നയം. എൽ.ഡി.എഫ്. സർക്കാരിന്റെ നയം മദ്യ വർജ്ജനമാണ്. മദ്യ വർജ്ജനത്തിനുതകുന്ന രീതിയിലുള്ള വ്യാപകമായ ബോധവൽക്കരണം നടത്തുക എന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. അത്തരം സമീപനവും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ 'വിമുക്തി' ലഹരി വർജ്ജന മിഷൻ-ന്റെ പ്രവർത്തനം ശ്രദ്ധേയമായി മുന്നോട്ട് കൊണ്ടുപോകുന്നു. അങ്ങനെ

എക്സൈസ് വകുപ്പ് വളരെ കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നത്. ഞാൻ കഴിഞ്ഞ തവണ ബഡ്ജറ്റ് ചർച്ചയുടെ പ്രസംഗത്തിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചു. അന്ന് ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ.-യും ഉണ്ടായിരുന്നു. ഇന്ന് അദ്ദേഹത്തെ കാണുന്നില്ല. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ മോശമായി ചിത്രീകരിക്കുന്ന നിലയിലേയ്ക്കാണ് പോകുന്നത്. ആളുകൾ ക്യൂ നിൽക്കുകയാണ്. നല്ല മദ്യം കൊടുത്താൽ മദ്യദുരന്തം ഉണ്ടാകില്ല. ഏറ്റവും കൂടുതൽ മദ്യദുരന്തം ഉണ്ടായത് മദ്യ നിരോധനത്തിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് നല്ല മദ്യം കൊടുക്കാനും സുപ്രീംകോടതി വിധി അനുസരിച്ച് ഗവൺമെന്റ് നടപടി സ്വീകരിച്ചതിനെയും ഞങ്ങൾ അംഗീകരിക്കുന്നു. മദ്യം കൂടുതലായി കൊടുത്ത് പ്രളയം ഉണ്ടാക്കണമെന്നല്ല ഞാൻ പറഞ്ഞത്. മാന്യമായി മദ്യം കൊടുക്കാനും മദ്യവർജ്ജന ബോധവൽക്കരണത്തിലൂടെ ഇല്ലാതാക്കാനുമുള്ള പരിശ്രമമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിക്കുന്നത്. കള്ള് മദ്യമല്ല. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് കള്ള് പാനീയമാണെന്നാണ്. അതുകൊണ്ട് കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി കൂടി ഉണ്ടാകണം. അതോടൊപ്പം  തൊഴിലിനെക്കുറിച്ച് കൂടി പറയാം. മാർക്സിസം പ്രകൃതിയുടെയും സമുദായത്തിന്റെയും വികാസ നിയമങ്ങളുടെ ശാസ്ത്രമാണ്. മർദ്ദിതരും

ചൂഷിതരുമായവരുടെ വിപ്ലവം എല്ലാ രാജ്യങ്ങളിലും സോഷ്യലിസം വിജയിക്കുന്നതിന്റെ, കമ്മ്യൂണിസ്റ്റ് സമുദായം പടുത്തുയർത്തുന്നതിന്റെ ശാസ്ത്രമാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന് ജീവിക്കാൻ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വെളിച്ചം എന്നിവ ആവശ്യമാണ്. പത്രം, പുസ്തകം, കല എന്നിവയും ആവശ്യമാണ്. ഈ ജീവിതാവശ്യങ്ങൾ നേടണമെങ്കിൽ തൊഴിൽ ആവശ്യമാണ്. തൊഴിൽ നിഷേധിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ് തൊഴിലിനെയും തൊഴിലാളികളെയും സംരക്ഷിക്കുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഹിംസയെ പൂജിക്കുകയും മനുഷ്യത്വത്തെ ചവിട്ടി അരയ്ക്കുകയും ചെയ്യുന്നവരാണ് കേന്ദ്രം ഭരിക്കുന്നത്. മനുഷ്യസ്നേഹത്തിന്റെ അർത്ഥംപോലും അവർ മാറ്റിയെഴുതി. തൊഴിലാളി വർഗ്ഗത്തിന്റെ മനുഷ്യസ്നേഹം വ്യത്യസ്തമാണ്. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന സമ്പ്രദായം അവസാനിപ്പിക്കാൻ വേണ്ടിയാണ് തൊഴിലാളി വർഗ്ഗം പോരാടുന്നത്. യഥാർത്ഥ മനുഷ്യസ്നേഹമാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റേത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ മേഖലയിൽ വലിയ പ്രശ്നങ്ങൾ ഉണ്ടായിട്ടില്ല. അക്കാര്യം ശ്രീ. ആർ. രാജേഷും സൂചിപ്പിച്ചിരുന്നു. തൊഴിൽ മേഖല വളരെ നല്ല നിലയിലാണ് മുന്നോട്ട് പോകുന്നത്. എന്നാൽ ചില കാര്യങ്ങൾ

സൂചിപ്പിക്കാനുണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. കഴിഞ്ഞ 5 വർഷം യു.ഡി.എഫ്. ഗവൺമെന്റ് ഒരു പൈസയും കൊടുക്കാത്ത മേഖലയാണ് കർഷകത്തൊഴിലാളി മേഖല. ആ കർഷകത്തൊഴിലാളി മേഖലയെ സംരക്ഷിക്കാനുള്ള നല്ല പരിശ്രമം ഉണ്ടാകണം. തൊഴിലാളിയുടെ അംശദായം വർദ്ധിപ്പിച്ച് അതിനനുസരിച്ച് ഗവൺമെന്റ് വിഹിതവും വർദ്ധിപ്പിച്ച് കുടിശ്ശിക കൊടുക്കാനുള്ള തീരുമാനമുണ്ടാകണം. അസംഘടിത മേഖലയിൽ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാനും വിതരണം ചെയ്യാനുമുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ബാക്കി വരുന്നതിലും അതുപോലെ തീരുമാനമെടുക്കണം. റബ്ബർ അധിഷ്ഠിത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കിയിട്ടില്ല. അത് പുതുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ചുമട്ടുതൊഴിലാളി കൂലിയും തൊഴിലും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമുണ്ടാകണം. സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൊടുക്കാനുള്ള തീരുമാനമുണ്ടാകണം. കേരളത്തിലെ ചുമട്ടുതൊഴിലാളികളെ ബാധിക്കുന്ന, നിക്ഷേപം സുഗമമാക്കാനുള്ള പുതിയ ഓർഡിനൻസിലെ 9 (a) ഭേദഗതി ട്രേഡ് യൂണിയൻ നേതാക്കളുമായി കൂടിയാലോചിച്ച് ആവശ്യമായ തീരുമാനം

ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാഷ്യൂ മേഖലയിൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള നയം തൊഴിലാളികൾക്കെതിരാണ്. ഇ.എസ്.ഐ., പ്രോവിഡന്റ് ഫണ്ട് സ്കീമിൽ വരുത്തിയ ഭേദഗതികൾ കശുവണ്ടി തൊഴിലാളികളെ കൂടുതൽ ദുരിതത്തിലാക്കിയിരിക്കുയാണ്. ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് പുതിയ നിബന്ധന ഏർപ്പെടുത്തുന്നതിലൂടെ നിലവിലുള്ള തൊഴിലാളിക്ക് ചികിത്സ നിഷേധിക്കപ്പെടുകയാണ്. പ്രോവിഡന്റ് ഫണ്ട് പെൻഷൻ ലഭിക്കുന്നതിന് നിലവിൽ 50 വയസ്സും 10 വർഷം സർവ്വീസും എന്നതിനുപകരം ഭേദഗതി അനുസരിച്ച് 3650 ഹാജർ എന്ന വ്യവസ്ഥ വന്നതോടുകൂടി ഭൂരിഭാഗം തൊഴിലാളികൾക്കും ആനുകൂല്യം ലഭിക്കാതെ വരുന്നു. കാരണം കൂടുതൽ ദിവസവും ഫാക്ടറി അടഞ്ഞുകിടക്കുകയാണ്. അതുകൊണ്ട് ഈ വ്യവസായത്തിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന്, ആനുകല്യങ്ങൾ നിഷേധിക്കുന്ന ഈ അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് തീരുമാനമെടുക്കണമെന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ബ്രഹ്മ വിദ്യ നേടാനായി വ്യാസ മഹർഷിയുടെ മകൻ ശുക മഹർഷി ജനക മഹാരാജാവിനെ സമീപിച്ചു. രാജാവ് ശുകന്റെ കയ്യിൽ നിറഞ്ഞ പാൽ ഗ്ലാസ് കൊടുത്തു. 3 തവണ കൊട്ടാരം ചുറ്റിവരാൻ ആവശ്യപ്പെട്ടു. ശുകൻ

അപ്രകാരം ചെയ്തു. ഒരു തുള്ളി പാൽപോലും പുറത്ത് പോയില്ല. ജനക മഹാരാജാവ് ശുകനോട് പറഞ്ഞു, ഇനി നീ ബ്രഹ്മവിദ്യ അഭ്യസിക്കണമെന്നില്ല. നീ പൂർണ്ണ പ്രജ്ഞനാണ്. അനുനിമിഷം ഉണർവ്വിൽ നിൽക്കുന്നവനാണ്; ബ്രഹ്മവിദ്യ നേടിയവൻ. അതുപോലെ എൽ.ഡി.എഫ്. ഗവൺമെന്റ് അനുനിമിഷം പൂർണ്ണ പ്രജ്ഞനായി നിൽക്കുന്ന ഗവൺമെന്റാണ്. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാരിന്റെ രണ്ടാം വാർഷികാഘോഷം വിപുലമായ പരിപാടികളോടെ ആഘോഷിക്കുകയാണ്. ഉത്ഘാടന മഹാമഹങ്ങൾ നടത്തുന്നതിനോടൊപ്പം കഴിഞ്ഞ രണ്ടുവർഷത്തെ ഭരണത്തിന്റെ പ്രോഗ്രസ് റിപ്പോർട്ടുകൂടി അവതരിപ്പിക്കുമെന്നാണ് അറിയുന്നത്. ഇതുകേൾക്കുമ്പോൾ എന്റെ സ്നേഹിതൻ ഹംസാക്കയുടെ കഥയാണ് ഓർമ്മ വരുന്നത്. അദ്ദേഹത്തെ സ്കൂളിന്റെ ഹെഡ്മാസ്റ്റർ മകന്റെ പ്രോഗ്രസ് കാർഡ് ഒപ്പിടുവിക്കാൻ വിളിക്കുന്ന ഒരു സംഭവമാണ് എനിക്ക് ഓർമ്മ വരുന്നത്. പ്രോഗ്രസ് കാർഡ് ഒപ്പിടാൻ ചെന്നുനോക്കിയപ്പോൾ മകന് എല്ലാ വിഷയത്തിനും വട്ടപൂജ്യം. മാത്രമല്ല, അടിയിൽ വളരെ കനത്തിൽ ചുവന്ന മഷികൊണ്ട് വരച്ചിട്ടുമുണ്ട്. ഇതുകണ്ട് ഹംസാക്ക വളരെ

സങ്കടത്തോടുകൂടി മാഷോട് ചോദിച്ചു, 'അല്ല മാഷേ, നിങ്ങൾ ഈ പ്രോഗ്രസ് കാർഡ് ഒപ്പിടാനെന്ന് പറഞ്ഞ് വിളിപ്പിച്ചിട്ട് ഇതിലെവിടെയാണ് കുട്ടിയുടെ ഒരു പ്രോഗ്രസ്? പൂജ്യം മാർക്ക് കിട്ടിയാലും പ്രോഗ്രസ് കാർഡ് എന്നാണ് പറയുന്നത്. അവസാനം ഹംസാക്ക പ്രോഗ്രസ് കാർഡ് ചുരുട്ടി മാഷിന് കൊടുത്തിട്ട് പറഞ്ഞു, "തൽക്കാലം ഇത് നിങ്ങൾ തന്നെ വച്ചോളിൻ, പ്രോഗ്രസ് ഉണ്ടാകുമ്പോൾ എന്നെ വിളിക്കുക. അപ്പോൾ ഞാൻ വന്ന് ഒപ്പിട്ടോളാം" . അതുപോലെയാണ് ഈ സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് കാണിക്കാൻ പോകുന്നത്. എല്ലാറ്റിനും പൂജ്യം, ന്യൂനപക്ഷ വകുപ്പിന് ഇമ്മിണി വല്ല്യ പൂജ്യം. ജനങ്ങൾ ഈ സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് തള്ളും എന്നതിൽ സംശയമില്ല. ന്യൂനപക്ഷങ്ങൾ ഏറ്റവും കൂടുതൽ അരക്ഷിതാവസ്ഥ നേരിടുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. അതുകൊണ്ടുതന്നെ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കപ്പെടുന്നില്ലെങ്കിൽ അത് അവരോട് ചെയ്യുന്ന ഏറ്റവും വലിയ ചതിയായിരിക്കും. ഈ വകുപ്പിനെ ന്യൂനപക്ഷത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ ക്ഷേമവികസന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുംവേണ്ടി പ്രവർത്തിക്കാൻതക്ക പ്രാപ്തിയുള്ള മികച്ച ഒരു വകുപ്പാക്കി മാറ്റിയത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തന്നെയാണ്. കേന്ദ്രസർക്കാരിന്റെ

വിവിധ പദ്ധതികളുടെ മേൽനോട്ടത്തിനും ഏകോപനത്തിനും കഴിയുന്ന രീതിയിൽ ഈ വകുപ്പ് ശക്തി പ്രാപിച്ചതും കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷ പദ്ധതികൾക്ക് ഒരു രൂപപോലും നീക്കിവയ്ക്കാതിരുന്ന സ്ഥിതിയിൽനിന്നും ആദ്യമായി സംസ്ഥാന ബഡ്ജറ്റിൽ ഒരു പ്ലാൻ ഹെഡ് അനുവദിച്ചും ക്ഷേമ പദ്ധതികൾക്ക് വിഹിതം നീക്കിവച്ചും സംസ്ഥാനത്തെ ന്യൂനപക്ഷ ക്ഷേമമെന്ന ചിന്തയ്ക്ക് ശരിയായ ദിശ നൽകാൻ കഴിഞ്ഞത് ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമായിരുന്നു. ഇത് കേന്ദ്ര സർക്കാർപോലും അംഗീകരിച്ചതാണ്. 2012-13 മുതൽ 2015-16 വരെ 410 കോടി രൂപയും യു.ഡി.എഫ്. സർക്കാരിന്റെ അവസാനത്തെ ബഡ്ജറ്റായ 2016-17-ൽ മാത്രം 107 കോടി രൂപയും ബഡ്ജറ്റിൽ നീക്കിവച്ചത് ന്യൂനപക്ഷങ്ങളോട് കഴിഞ്ഞ സർക്കാരിന് എത്രമാത്രം കരുതലുണ്ടായിരുന്നുവെന്നുള്ളതിന് തെളിവാണ്. ഈ സർക്കാർ ആകട്ടെ 2017-18-ൽ വെറും 99 കോടി രൂപയും 2018-19-ൽ 91 കോടി രൂപയുമാണ് ഇതിനായി പ്ലാൻ ഫണ്ടിൽ നീക്കിവച്ചിട്ടുള്ളത്. ഇത് കഴിഞ്ഞ സർക്കാരിന്റെ ബഡ്ജറ്റ് വിഹിതങ്ങളേക്കാൾ വളരെ കുറവാണ്. നമ്മുടെ അയൽ സംസ്ഥാനമായ കർണ്ണാടകയിൽ 2750 കോടി രൂപ ബഡ്ജറ്റിന്റെ 14 ശതമാനം വരുന്ന

ന്യൂനപക്ഷത്തിനുവേണ്ടി നീക്കിവയ്ക്കുമ്പോൾ ഇവിടെ 45 ശതമാനം ന്യൂനപക്ഷങ്ങളുള്ള സംസ്ഥാനത്ത് ഉള്ളതുപോലും വെട്ടികുറയ്ക്കുകയാണ് ചെയ്യുന്നത്.

ശ്രീ. പി. കെ. ബഷീർ: വകുപ്പുമന്ത്രി ഇവിടെയില്ലല്ലോ. വകുപ്പുമന്ത്രി ചർച്ച കേൾക്കാൻ സഭയിൽ ഉണ്ടാവേണ്ടതല്ലേ?

മി. ചെയർമാൻ: ബന്ധപ്പെട്ട ആളുകളെ ചർച്ച രേഖപ്പെടുത്താൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് പരിശോധിച്ചതിനുശേഷം മാത്രമേ മന്ത്രി മറുപടി പറയുകയുള്ളൂ.

ശ്രീ. മഞ്ഞളാംകുഴി അലി: യു.ഡി.എഫ്. സർക്കാരിന്റെ കാലത്തു നടന്ന പദ്ധതികളുടെ പേരുകൾ മാറ്റി പുതിയ പേരിൽ അവതരിപ്പിക്കുന്നുവെന്നല്ലാതെ എന്തെങ്കിലും എടുത്തുപറയത്തക്ക ഒരു പദ്ധതി ഇവിടെ ആരംഭിച്ചിട്ടുണ്ടോ; ഞങ്ങൾ കഴിഞ്ഞ പ്രാവശ്യം രണ്ട് ഡസനോളം പുതിയ പദ്ധതികൾ നടപ്പിലാക്കി. രണ്ടുവർഷമായിട്ടും സർക്കാരിന് എന്തെങ്കിലുമൊരു പുതിയ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിധവകൾക്കും വിവാഹബന്ധം വേർപെടുത്തിയവർക്കും ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുമുള്ള ഭവനനിർമ്മാണ പദ്ധതിക്ക് ഇമ്പിച്ചിബാവ ഭവനനിർമ്മാണ പദ്ധതിയെന്ന് പേര് മാറ്റിക്കൊടുത്തു. അതാണ് വ്യത്യാസം. ഈ ഭവന പദ്ധതി ആരംഭിച്ചപ്പോൾ വിധവകൾക്കിടയിലും

ന്യൂനപക്ഷങ്ങളെ വേർതിരിക്കുന്നുവെന്ന് പറഞ്ഞ്, അങ്ങയുടെ നേതാവ് ശ്രീ. കാനം രാജേന്ദ്രനെ ഭയന്നിട്ടാവണം ഭവന നിർമ്മാണ പദ്ധതിപ്രകാരമുള്ള വീടുകൾ യഥാസമയം പൂർത്തീകരിച്ചുനൽകുകയോ സാമ്പത്തിക വർഷം അവസാനിക്കാറായിട്ടും 90 ശതമാനം ഗുണഭോക്താക്കൾക്കും ആദ്യഗഡു നൽകുകയോ ചെയ്യാത്തത്. കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് ആരംഭിച്ചിട്ടുപോലും 2700 വീടുകൾ ആകെ 54 കോടി രൂപ ചെലവിട്ട് നിർമ്മിച്ചു. ഈ രണ്ടുവർഷം എത്ര വീടുകൾ പുതുതായി പൂർത്തീകരിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമെന്ന് വിശ്വസിക്കുന്നു. മാത്രമല്ല, കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവും അർഹരായ സ്ത്രീകൾക്കുമാത്രം ലഭിച്ചിരുന്ന ഈ പദ്ധതി നിർവ്വഹണം ആകെ അവതാളത്തിലാക്കി. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ ഇന്റർവ്യൂവിനുമാത്രം 20 മാർക്ക് ഏർപ്പെടുത്തിയത് മുൻകാലങ്ങളിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ഇപ്പോൾ ഇന്റർവ്യൂ ചെയ്യുന്നവർക്ക് അവരുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാം. മുൻകാലങ്ങളിൽ ഓരോ ഗുണഭോക്താക്കളെപ്പറ്റിയും അന്വേഷിച്ചും ഉദ്യോഗസ്ഥർ നേരിൽ സന്ദർശിച്ചുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നത്. എസ്.എസ്.എൽ.സി./പ്ലസ്ടു വി.എച്ച്.എസ്.സി./ ബിരുദ-

ബിരുദാനന്തരതലങ്ങളിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി യു.ഡി.എഫ്.-ന്റെ 2016-17 ബഡ്ജറ്റിൽ വകയിരുത്തിയതാണ്. അതിന് മുണ്ടശ്ശേരി സ്കോളർഷിപ്പ് എന്ന് പേരിട്ടു. അല്ലാതെ നൂതന പദ്ധതികളൊന്നുംതന്നെ ഈ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയിട്ടില്ല. അഭ്യസ്തവിദ്യരായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവജനതയ്ക്ക് യു.പി.എസ്.സി./പി.എസ്.സി. മുതലായ പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 16 ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളും 20 ഉപകേന്ദ്രങ്ങളും സ്ഥാപിച്ചുവെങ്കിൽ ഈ രണ്ടുവർഷത്തിനിടയിൽ ആകെ ആരംഭിച്ചത് ഓരോ കേന്ദ്രങ്ങൾ മാത്രമാണ്. മുൻ സർക്കാരിന്റെ കാലത്ത് വളരെ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്ന ഈ സെന്ററുകളുടെ പ്രവർത്തന മികവ് ഇപ്പോൾ വളരെ ശോചനീയമായിത്തീർന്നിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹയർ സെക്കണ്ടറി/കോളേജ്തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ദ്വിദിന വ്യക്തിത്വ വികസന ക്യാമ്പും കരിയർ ഗൈഡൻസിനുള്ള ഏകദിന ക്യാമ്പുകളും പതിനായിരത്തിലധികംവരുന്ന വിദ്യാർത്ഥികൾക്കാണ് പ്രയോജനപ്പെട്ടത്. നിർധനരായ 7599 വിദ്യാർത്ഥികൾക്കാണ് സൗജന്യ പഠന മേശയും കസേരയും വിതരണം നടത്തിയത്. ഇതിനായി 2.81 കോടി രൂപയും ന്യൂനപക്ഷ ക്ഷേമവുമായി

ബന്ധപ്പെട്ട വിഷയങ്ങളുടെ ഗവേഷണത്തിന് 44 ലക്ഷം രൂപയുമാണ് ചെലവഴിക്കപ്പെട്ടത്. ഇത്തവണ ഈയിനത്തിൽ ഒരു പൈസപോലും വിനിയോഗിച്ചിട്ടില്ല എന്നുള്ളതാണ് സത്യം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിപ്പിൽ ഇൻഡ്യയിൽത്തന്നെ നമ്മുടെ സംസ്ഥാനത്തെ ഒന്നാം സ്ഥാനത്തെത്തിച്ച ഒരു പദ്ധതിയാണ് എം.എസ്.ഡി.പി. മുമ്പ് കേന്ദ്രത്തിൽനിന്ന് കിട്ടിയ ഏകദേശം 100 കോടി രൂപ മുഴുവൻ വിനിയോഗിക്കാൻ കഴിഞ്ഞതിൽ 2017-18-ൽ ഒരു നയാപൈസപോലും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ എസ്.പി.ക്യൂ.ഇ.എം. പദ്ധതി 73 കോടി രൂപ നേടിയെടുത്തിരുന്ന അതുപോലും ഈ പ്രാവശ്യം സർക്കാരിന് ലഭിച്ചില്ല. ഐ.ഡി.എം.ഐ. പദ്ധതിയിൽ 123 സ്ഥാപനങ്ങൾക്ക് 25 ലക്ഷം രൂപ വീതം നൽകിയിരുന്നു, അതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തു. തുടർന്ന് ഈ പദ്ധതി ശരിയായി മോണിറ്റർ ചെയ്യാൻ കഴിയാത്തതിനാൽ ഈ ഇനത്തിലും ഒരു നയാപൈസപോലും ലഭിച്ചിട്ടില്ലെന്നുള്ളതാണ് സത്യം. ഏറ്റവും പ്രധാനപ്പെട്ട മറ്റൊരുകാര്യം സംവരണ വിഷയത്തിൽ ഈ സർക്കാർ കാണിക്കുന്ന ബോധപൂർവ്വമായ അലംഭാവമാണ്. 2017 ഡിസംബർ 1 മുതൽ പ്രാബല്യത്തോടെ മേൽത്തട്ട് പരിധി 6 ലക്ഷം രൂപയിൽനിന്ന് 8 ലക്ഷം രൂപയാക്കാൻ

ആവശ്യപ്പെട്ടപ്പോൾ മറ്റുള്ള സംസ്ഥാനങ്ങൾ നടപ്പാക്കി. പക്ഷെ ആറുമാസമായിട്ടും ഇത് നടപ്പിലാക്കാതെ നിഷേധാത്മക സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ന്യൂനപക്ഷങ്ങൾക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കുമുള്ള സംവരണം ഈ സർക്കാർ അട്ടിമറിക്കുന്നതിന് ഇനിയും ഉദാഹരണങ്ങളുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ സ്പെഷ്യൽ റൂളിൽ സ്കീം 2-ലും 3-ലും സംവരണം ഏർപ്പെടുത്താതെ ഭരണഘടന ഉറപ്പുവരുത്തിയ സംവരണാവകാശം അട്ടിമറിക്കുകയാണെന്ന ആശങ്ക തുടക്കംമുതൽ പ്രകടിപ്പിച്ചിട്ടും യഥാസമയം അത് പരിഹരിക്കുന്നതിനോ കരട് ചട്ടങ്ങളിൽ അതുമായി ബന്ധപ്പെട്ട ഭേദഗതി ഉൾക്കൊള്ളിക്കുന്നതിനോ കഴിഞ്ഞിട്ടില്ല. അവസാനം എതിർപ്പുകൾ കാരണം ഗത്യന്തരമില്ലാതെ എ.ജി.-യുടെ അഭിപ്രായം തേടാൻ തീരുമാനിച്ചത് ന്യൂനപക്ഷങ്ങളോടുള്ള താൽപ്പര്യംകൊണ്ടല്ല മറിച്ച് ഭരണഘടനാ ലംഘനത്തിന് കോടതിയിൽനിന്നുള്ള വിമർശനം കേൾക്കേണ്ടിവരുമെന്നുള്ളതുകൊണ്ടാണ്. ഞാൻ കൂടുതൽ കാര്യങ്ങളെപ്പറ്റി പറയുന്നില്ല. എക്സൈസിനെപ്പറ്റി ഒറ്റകാര്യം മാത്രം പറയാം. ഈ സർക്കാരിന്റെ മദ്യനയത്തെപ്പറ്റി ഒരു വാക്കെങ്കിലും പറയാതിരിക്കാൻ നിവൃത്തിയില്ല. മലയാള സിനിമയിലെ മികച്ച കലാകാരന്മാരായ ഇന്നസെന്റ്, കെ.പി.എ.സി. ലളിത

എന്നിവരോട് സി.പി.എം. കാണിച്ചത് കൊലച്ചതിയാണ്. മദ്യവിരുദ്ധ പരസ്യത്തിൽ അഭിനയിച്ചതുകൊണ്ട് അവർക്കിപ്പോൾ തലയിൽ മുണ്ടിട്ടുവേണം പുറത്തിറങ്ങാൻ. തിയേറ്ററിലെ സ്ക്രീനിൽ അവരുടെ മുഖം തെളിയുമ്പോൾ കാണികൾ കൂകുന്നു. ട്രോളർമാർ അവരെ വെറുതെ വിടുന്നില്ല. ധാരാളം കഥകളിങ്ങനെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. അവർ പറഞ്ഞതുപോലെ നുണ പറയുന്നവരെ നുണ പറഞ്ഞുകൊണ്ടിരിക്കുന്നവരെ തിരിച്ചറിയണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. ഒ. ആർ. കേളു:</u> സർ, എക്സൈസ്, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്നിവയുമായി ബന്ധപ്പെട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ ഈ ഗവൺമെന്റ് വളരെ ക്രിയാത്മകമായി ഇടപെടുകയാണ്. ആദിവാസി വിഭാഗത്തെയും ന്യൂനപക്ഷ വിഭാഗത്തെയും ജീവിക്കാൻ അനുവദിക്കാത്ത സ്ഥിതിവിശേഷമാണ് കേരളമൊഴികെയുള്ള മറ്റ് സംസ്ഥാനങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നത്. അതിൽനിന്നൊക്കെ വളരെ വ്യത്യസ്തമായി വലിയ പരിരക്ഷയാണ് കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഇടതുപക്ഷ

ജനാധിപത്യമുന്നണി ഗവൺമെന്റ് കൊടുക്കുന്നത്. ഇത് സ്വാഗതാർഹമായ കാര്യമാണ്. പട്ടികവർഗ്ഗ മേഖലയിൽ നേരത്തെ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ച പ്രത്യേക അഭ്യർത്ഥനപ്രകാരമുള്ള ഒട്ടനവധി പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നുണ്ട്. സർക്കാർ സർവ്വീസിൽ പരമാവധി പട്ടികവർഗ്ഗക്കാരെ ഉദ്യോഗസ്ഥതലത്തിൽ കൊണ്ടുവരുന്നതിനും അവരുടെ ഭവന നിർമ്മാണ പദ്ധതികൾ ഉൾപ്പെടെയുള്ളവ നടപ്പിലാക്കുന്നതിനും അംബേദ്കർ ഗ്രാമംപോലെയുള്ള പദ്ധതികൾ നടപ്പാക്കുന്നതിനും നടപടിയെടുത്തുവരുന്നു. കൂടാതെ, അമ്പലങ്ങളിൽ ശാന്തിക്കാരായി നിയമനം നടത്തിയും 241-ഓളം ടീച്ചർമാരെ നിയമിച്ചും പ്രൊമോട്ടർമാരെ നിയമിച്ചും ഹോസ്റ്റലുകളും എം.ആർ.എസ്. ഹോസ്റ്റലുകളും പരമാവധി ശക്തിപ്പെടുത്തിയും എസ്.ടി. കുടുംബശ്രീകൾ വിപുലപ്പെടുത്തിയും സ്ത്രീശാക്തീകരണത്തിന് ലക്ഷ്യംവച്ചും അട്ടപ്പാടിപോലെയുള്ള പ്രദേശങ്ങളിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പരമാവധി ലഭ്യമാക്കി അവരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുവേണ്ടി ഗോത്ര സാരഥി പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തുകൊണ്ട് ഒട്ടനവധി പദ്ധതികൾ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി ഗവൺമെന്റ് നടപ്പാക്കിവരുന്നു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നല്ലൊരു കാഴ്ചപ്പാടാണ്

ആദിവാസി സമൂഹത്തോട് കേരളത്തിലെ ഗവൺമെന്റെടുത്തുവരുന്നത്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ട് വർഷം പിന്നിടുന്ന സാഹചര്യത്തിൽ എക്സൈസ് വകുപ്പിന്റെ ക്രിയാത്മക ഇടപെടൽ നമുക്ക് കാണാൻ കഴിയും. മയക്കുമരുന്ന്, കഞ്ചാവ് തുടങ്ങിയവ തടഞ്ഞും എക്സൈസ് ഓഫീസ് പരമാവധി ശക്തിപ്പെടുത്തിയും കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ചും വളരെ കാര്യക്ഷമമായി ഈ വകുപ്പ് പ്രവർത്തിക്കുന്നുവെന്നതാണ് നമുക്ക് കാണാൻ കഴിയുന്ന വസ്തുത. ചെക്ക്പോസ്റ്റുകൾ പരമാവധി ശക്തിപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനവും എക്സൈസ് വകുപ്പ് നടപ്പാക്കുന്നുണ്ട്. കണക്ക് പ്രകാരം കേരളത്തിലേയ്ക്കുള്ള മയക്കുമരുന്നിന്റെ കടന്നുവരവ് പരമാവധി കുറയ്ക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റിനും ഡിപ്പാർട്ടുമെന്റിനും സാധിക്കുന്നുവെന്നത് ആശ്വാസകരമായിട്ടുള്ള കാര്യമാണ്.

കേരളത്തിലെ തൊഴിൽമേഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖാന്തിരവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും ഒട്ടനവധി ഉദ്യോഗാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിനുള്ള ശ്രമം നടത്തുകയും എംപ്ലോയ്മെന്റ് ഓഫീസുകൾ ശക്തിപ്പെടുത്തുകയുമാണ്. ഇപ്പോൾ

എംപ്ലോയ്മെന്റിൽ പേർ രജിസ്റ്റർ ചെയ്യണമെങ്കിൽ ഓഫീസിൽ പോയി പേര് രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. അതിനുവേണ്ടി പ്രത്യേക സംവിധാനംതന്നെ ക്രമീകരിച്ചിട്ടുണ്ട്. ശരണ്യ, കെസ്റു, ജോബ് ക്ലബ്ബുകൾ, കൈവല്യ തുടങ്ങിയ പദ്ധതികളിലൂടെ കേരളത്തിലെ തൊഴിൽ അന്വേഷകരായ ഉദ്യോഗാർത്ഥികൾക്ക് ആശ്വാസകരമായ നടപടിയാണ് തൊഴിൽ വകുപ്പ് ചെയ്തുകൊണ്ടിരിക്കുന്നത്.

തോട്ടം മേഖലയിലെ പാവപ്പെട്ട അദ്ധ്വാനവർഗ്ഗത്തിന്റെ കാര്യങ്ങൾ പരിരക്ഷിക്കുന്നതിനുള്ള നടപടിയും ഗവൺമെന്റ് ചെയ്തുവരികയാണ്. തേയില/കാപ്പി തോട്ടങ്ങളിൽ ജോലിചെയ്യുന്ന പതിനായിരക്കണക്കിന് തൊഴിലാളികളുണ്ട്. അവർ വളരെ പ്രയാസപ്പെട്ടാണ് ജീവിക്കുന്നത്. അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കി അവരെ പരിരക്ഷിക്കുന്നതിനുള്ള സമീപനം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. അവർക്കുവേണ്ടിയാണ് ഇ.എസ്.ഐ. പദ്ധതി ഡിപ്പാർട്ടുമെന്റ് നടപ്പാക്കുന്നത്. പാവപ്പെട്ട തൊഴിലാളികൾക്ക് പലതരത്തിലുള്ള രോഗങ്ങൾ വരാനുള്ള സാദ്ധ്യതയുണ്ട്. അവരുടെ രോഗങ്ങൾ നിർണ്ണയിക്കുന്നതിനാണ് ഇ.എസ്.ഐ. പദ്ധതി നടപ്പാക്കുന്നതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. സ്കാനിംഗ്, എം.ആർ.ഐ., അൾട്രാസൗണ്ട് തുടങ്ങിയ ഒട്ടനവധി പരിശോധനകൾ പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടി ചെയ്തുവരുന്നു.

പാവപ്പെട്ട തൊഴിലാളികളുടെ നേരത്തെ കുടിശ്ശികയായിട്ടുള്ള 320 കോടിയോളം രൂപവരുന്ന ക്ഷേമ പെൻഷനുകൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൊടുത്തുതീർത്തിട്ടുണ്ട്. അവരുടെ ക്ഷേമനിധി പരിഷ്കരണ പദ്ധതികൾ, അംശദായം നൽകുന്ന പദ്ധതികൾ തുടങ്ങിയവ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പരമാവധി തൊഴിലാളികളെ ക്ഷേമനിധി ബോർഡിന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടിയും തൊഴിൽ വകുപ്പ് നടത്തിവരുന്നു. തൊഴിലാളികൾക്കെല്ലാം ന്യായമായ കൂലി ലഭിക്കണമെന്നാണ് നമ്മളെല്ലാം ആഗ്രഹിക്കുന്നത്. അതുകൊണ്ടുതന്നെ തോട്ടംമേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം എന്ന രീതിയിലുള്ള പദ്ധതി ഈ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇങ്ങനെ തൊഴിലാളി മേഖലയിലും തോട്ടം മേഖലയിലും മറ്റിതര തൊഴിൽ മേഖലയിലുമൊക്കെ കാര്യക്ഷമമായി ഇടപെട്ടുകൊണ്ടുള്ള സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇതൊക്കെ ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തിയും കാഴ്ചപ്പാടും ദീർഘവീക്ഷണവുമാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ തൊഴിലും എക്സൈസുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനയെയും ഞാൻ ആത്മാർത്ഥമായി പിന്തുണയ്ക്കുന്നു.

മൂന്നാമത്തെ കാര്യം ന്യൂനപക്ഷ വിഭാഗത്തിന്റേതാണ്. ന്യൂനപക്ഷത്തെക്കുറിച്ച് പരിശോധിക്കുമ്പോൾ നേരത്തെ സൂചിപ്പിച്ചതുപോലെ കേരളമൊഴികെയുള്ള സംസ്ഥാനങ്ങളിലൊക്കെ ന്യൂനപക്ഷ വിഭാഗത്തിന് ജീവിക്കാൻ കഴിയാത്തൊരു സ്ഥിതിവിശേഷമാണ് ഇന്ത്യയിലുടനീളം കാണാൻ കഴിയുന്നത്. അവിടെയൊക്കെ പട്ടികവർഗ്ഗ വിഭാഗക്കാർ നേരിടുന്ന അതേ സ്ഥിതിവിശേഷം തന്നെയാണ് ന്യൂനപക്ഷ വിഭാഗവും അനുഭവിക്കുന്നത്. ഭക്ഷണത്തിന്റെയും വസ്ത്രത്തിന്റെയും സ്നേഹത്തിന്റെയും പേരിൽ ന്യൂനപക്ഷ വിഭാഗങ്ങൾ മറ്റുള്ള സംസ്ഥാനങ്ങളിൽ വലിയ പീഡനമാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ വളരെ വ്യത്യസ്തമായി മതന്യൂനപക്ഷങ്ങൾക്ക് എല്ലാതരത്തിലുമുള്ള പരിരക്ഷയും സംരക്ഷണവും നൽകുന്നൊരു ഗവൺമെന്റാണ് കേരളത്തിൽ ഭരണം നടത്തുന്നത്. അതുകൊണ്ട് സുരക്ഷിതമായി അത്തരം ആളുകൾക്ക് കേരളത്തിൽ ജീവിക്കാൻ ആവശ്യമായ സാഹചര്യം ഈ ഗവൺമെന്റ് ഇവിടെ സൃഷ്ടിക്കുകയാണ്.

പ്രവാസിക്ഷേമം സംബന്ധിച്ച് പറയുകയാണെങ്കിൽ പ്രവാസികളുടെ കാര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുന്നൊരു കാഴ്ചപ്പാടുതന്നെയാണ് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അതിന്റെ ഭാഗമായിട്ടാണ് ബഹുമാനപ്പെട്ട സ്പീക്കർ ഈ നിയമസഭയ്ക്കകത്തുതന്നെ ലോക കേരള

സഭ വിളിച്ചുചേർത്ത് അവരുടെ ക്ഷേമപ്രവർത്തനങ്ങൾ ആരായുന്നതിന് തയ്യാറായിട്ടുള്ളത്. പ്രവാസികൾക്ക് പരമാവധി പരിരക്ഷ കൊടുത്തും പ്രവാസികളുടെ സംരംഭങ്ങൾ കേരളത്തിൽ ആരംഭിക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചും വളരെ ജനക്ഷേമപരമായ, മനുഷ്യത്വപരമായ സമീപനം കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. തീർച്ചയായും വളരെ നല്ല രീതിയിലാണ് ഈ ഗവൺമെന്റ് ഇത്തരം ആൾക്കാരെ നോക്കിക്കാണുന്നതെന്ന് കാണാൻ കഴിയും. ഇടതുപക്ഷ ഗവൺമെന്റിനെ എല്ലാതരത്തിലും താറടിച്ച് കാണിക്കുന്നതിനുവേണ്ടിയാണ് യു.ഡി.എഫ് ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. വരാൻപോകുന്ന പരാജയം മുന്നിൽ കണ്ടുകൊണ്ടാണ് കേരളത്തിലെ യു.ഡി.എഫ്. അത്തരം കാര്യങ്ങൾക്കൊക്കെ നേതൃത്വം കൊടുക്കുന്നതെന്നാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. കേരളത്തിൽ ബി.ജെ.പി. ഉയർത്തിക്കൊണ്ടുവരുന്ന ജാതി-മത-വർഗ്ഗീയ ശക്തികൾക്ക് എല്ലാ തരത്തിലുമുള്ള ഒത്താശ ചെയ്തുകൊടുക്കുന്ന രീതിയിലുള്ളൊരു സമീപനം കേരളത്തിലെ യു.ഡി.എഫ്. എടുക്കുന്നുവെന്നത് വളരെ ഖേദകരമാണ്. അത്തരം കാര്യങ്ങളിൽനിന്നൊക്കെ യു.ഡി.എഫ്. പുനർചിന്തനം നടത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പട്ടികവർഗ്ഗ ക്ഷേമത്തെക്കുറിച്ച് ഇവിടെ

സൂചിപ്പിക്കുമ്പോൾ പ്രിയപ്പെട്ട മധുവിന്റെ മരണവുമായി ബന്ധപ്പെട്ട് പരാമർശിക്കാതിരിക്കാൻ കഴിയാത്തതുകൊണ്ട് അതിനെക്കുറിച്ച് ചില കാര്യങ്ങൾ ഞാനിവിടെ സൂചിപ്പിക്കുകയാണ്. മധുവിന്റെ മരണം കേരളത്തെ സംബന്ധിച്ച് മനസ്സാക്ഷിക്ക് നിരക്കാത്തൊരു സംഭവമാണ്. അത്തരം കാര്യങ്ങളൊക്കെ രാഷ്ട്രീയമായെടുക്കുന്നതിനുവേണ്ടിയാണ് കേരളത്തിലെ യു.ഡി.എഫ്. ശ്രമം നടത്തിയിട്ടുള്ളതെന്ന് കാണാൻ കഴിയും. യഥാർത്ഥത്തിൽ ഭക്ഷണമില്ലാത്തതുകൊണ്ടല്ല മധു മരണപ്പെട്ടത്. കേരള ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭക്ഷണ പദ്ധതികളൊക്കെ യഥാസമയം അവരുടെ കൈകളിൽ ലഭ്യമാക്കുന്നതിനുള്ള ഒരു സംവിധാനം ഇല്ലാതെപോയതാണ് മധുവിന് അങ്ങനെയൊരു രീതിയിലേയ്ക്ക് പോകാനുള്ള സാഹചര്യമുണ്ടായത്. അട്ടപ്പാടിയിൽ പോഷകാഹാരക്കുറവുണ്ടെതു സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തൊക്കെ വലിയരീതിയിലുള്ള ചർച്ചയും മറ്റും കേരളത്തിൽ അങ്ങോളമിങ്ങോളം നടന്നതായി നമുക്കറിയാം. അത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് കമ്മ്യൂണിറ്റി കിച്ചൺപോലെയുള്ള പദ്ധതികൾ അട്ടപ്പാടിയിൽ അന്നും ഇന്നും നടപ്പാക്കിവരുന്നത്. പക്ഷെ ആ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതികൾ അവിടെ നടപ്പാക്കിയിട്ട് മധുവിന് ഭക്ഷണം ലഭിച്ചില്ലായെന്നതാണ്

നമുക്ക് കാണാൻ കഴിയുന്നത്. അവിടെയൊരു പദ്ധതിയില്ലാത്തതുകൊണ്ടോ ഗവൺമെന്റിന് ഫണ്ടില്ലാത്തതുകൊണ്ടോ അത് നടപ്പാക്കാൻ ഉദ്യോഗസ്ഥരില്ലാത്തതുകൊണ്ടോ അല്ല മധുവിന് ഭക്ഷണം ലഭിക്കാതെ പോയത്. കൃത്യമായി മധുവിനെ ശ്രദ്ധിക്കാൻ കഴിഞ്ഞില്ലായെന്നതാണ് അവിടെ പറ്റിയിട്ടുള്ള തെറ്റായി എനിക്ക് കാണാൻ കഴിയുന്നത്. ഏതായാലും മധുവിനുണ്ടായതുപോലെയുള്ള സംഭവവികാസങ്ങൾ ഇനി കേരളത്തിൽ ഉണ്ടാകാതിരിക്കാനുള്ള ഉത്തരവാദിത്വവും കടമയുമെല്ലാം നമുക്കുണ്ട്. പൊതുവെ വളരെ അനുകൂലമായ നിലപാടും സമീപനവും കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി ചെയ്തുവരുന്നുവെന്നത് സന്തോഷകരമായ കാര്യമാണ്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കാനുദ്ദേശിക്കുന്നില്ല. ഇവിടെ സൂചിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് എഞ്ചിനീയറിംഗ് ഉൾപ്പെടെ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ചെറുപ്പക്കാർക്ക് ജോലി ലഭിക്കാനുള്ള സാദ്ധ്യതകൾ കുറവാണ്. എന്റെ അനുഭവത്തിൽ മലബാർ ഭാഗത്ത് ജോലി ലഭിക്കുക എന്നുള്ളത് എളുപ്പമല്ല.

ജോലി ലഭിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി നാലഞ്ച് വർഷം കോളേജിൽ പോയി പഠിക്കുന്നുവെങ്കിലും ജോലി ലഭിക്കാനുള്ള സാദ്ധ്യതകൾ കേരളത്തിലില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, വളരെ നല്ല നിലയിൽ നമ്മൾ പോകുന്നെങ്കിലും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള പുതിയ തലമുറയ്ക്ക് കേരളത്തിൽ ജോലി ലഭ്യമാക്കണം. ഒരു മലബാറുകാരനെന്ന നിലയ്ക്ക് മലബാർ ഭാഗങ്ങളിൽ ജോലി സാദ്ധ്യതയുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുകയുണ്ടായി. എന്റെ നിയോജക മണ്ഡലത്തിൽ നടന്ന ജോബ് ഫെയറിൽ 1200 പേർ പങ്കെടുക്കുകയും 860 പേർക്ക് ജോലി ലഭിക്കുകയും ചെയ്തു. എഞ്ചിനീയർമാരുൾപ്പെടെ വളരെയധികം പേർക്ക് ജോലി ലഭിക്കുകയുണ്ടായി. അദ്ദേഹം വളരെയധികം താല്പര്യത്തോടുകൂടി എംപ്ലോയബിലിറ്റി സെന്റർ എല്ലാ സ്ഥലത്തും കൊണ്ടുവരുന്നു. അത് അങ്ങ് ഇവിടെ പറഞ്ഞ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണും.

ശ്രീ. സി. കെ. നാണു: സർ, ചില സ്ഥാപനങ്ങളിൽ ജോലി ലഭിക്കാൻ കത്ത് കൊടുക്കാൻവേണ്ടി അഞ്ചും ആറും എഞ്ചിനീയറിംഗ് പാസ്സായ കുട്ടികൾ

വരുന്നതുകൊണ്ടാണ് ഞാനിത് പറയുന്നത്. അതുസംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. പുതിയ വിദ്യാഭ്യാസ യോഗ്യത നേടിവരുന്നവർക്ക് ജോലി ലഭിക്കാനാവശ്യമായ പുതിയ സംവിധാനങ്ങൾ കേരളത്തിൽ എവിടെയെല്ലാം ഉണ്ടാക്കിയെടുക്കാൻ സാധിക്കുമെന്നത് സംബന്ധിച്ച് ഫലപ്രദമായ ആലോചന വേണം.

എനിക്ക് അങ്ങേയറ്റം സന്തോഷമുണ്ടായ ഒരു വസ്തുത ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കഴിഞ്ഞ കാലത്ത് നിയമപരമായി ലഭിക്കേണ്ട ജോലികൾ ലഭിക്കാത്തതിന്റെ വസ്തുത സംബന്ധിച്ച് വ്യക്തമാക്കുകയും വളരെവേഗം അവർക്ക് ജോലി നൽകാനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്ന് പറയുകയും ചെയ്തതാണ്. മൂന്നുനാല് ടേം ഇവിടെ എം.എൽ.എ.-യായി നിയമസഭയിലുണ്ടായിരുന്ന എനിക്ക് അങ്ങേയറ്റം ബഹുമാനം തോന്നി. പല ഘട്ടങ്ങളിലും പല സംസ്ഥാനങ്ങളിലും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഇന്നും ലഹരി സാധനങ്ങൾ കൊടുത്ത് മനുഷ്യനെന്ന നിലയിൽ ജീവിക്കാൻ പോലും അവസരം കൊടുക്കാത്ത സാഹചര്യമാണുള്ളത്. അതിൽ നിന്നും വ്യത്യസ്തമായി വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. എ. കെ. ബാലൻ ഈ കാര്യങ്ങളെല്ലാം

കൈകാര്യം ചെയ്തെങ്കിലും ഇന്ത്യയിൽ വിദ്യാഭ്യാസപരമായി ഏറ്റവും ഉയർന്നുനിൽക്കുന്ന സംസ്ഥാനമായ കേരളത്തിൽപോലും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് അർഹമായത് പരിപൂർണ്ണമായി കൊടുക്കാൻ സാധിച്ചിട്ടില്ല. അത് വേണ്ട രൂപത്തിൽ കൈകാര്യം ചെയ്യാൻ വകുപ്പുമന്ത്രിക്ക് സാധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മനുഷ്യന്റെ മലം ചുമക്കുന്ന ജോലിചെയ്തിരുന്നവരെ അതിൽ നിന്ന് ഒഴിവാക്കി. രാജസ്ഥാനിൽ അത് ഒഴിവാക്കിയപ്പോൾ ഡൽഹിയിൽ അവർ സമരം നടത്തി. അവർ പറഞ്ഞത് ഞങ്ങൾക്ക് ഒരു വരുമാനമുണ്ടായിരുന്നു, ആ വരുമാനം പോയി, ഞങ്ങൾക്കിനി വരുമാനം വേണം. എവിടെ വരുമാനം? നമ്മൾ വലിയ താത്വികമെല്ലാം പറഞ്ഞ് അവരെ ഈ ജോലിയിൽ നിന്ന് മാറ്റിയെങ്കിലും അവർക്ക് മറ്റൊരു ജോലി കൊടുക്കുന്നത് സംബന്ധിച്ച് വിസ്മരിച്ചു.

നമുക്ക് ഏറ്റവും നല്ല വില ലഭിക്കുന്നതും ഉല്പാദിപ്പിക്കാൻ അധികമായി സാധിക്കാത്തതും ആയുർവ്വേദ പച്ചമരുന്നുകളാണ്. പണ്ട് വനാതിർത്തിയിൽ ആയുർവ്വേദ പച്ചമരുന്നുകൾ വച്ചുപിടിപ്പിക്കാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും ആയുർവ്വേദ ഡിപ്പാർട്ടുമെന്റും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുംകൂടി കേന്ദ്രീകരിച്ചുള്ള പദ്ധതിയുണ്ടായിരുന്നു. കിലോയ്ക്ക് ആയിരം രൂപ വിലവരുന്ന ആയുർവ്വേദ

പച്ചമരുന്നുകളുണ്ട്. ഫോറസ്റ്റ് അതിർത്തിയിൽ ആയുർവ്വേദ മരുന്നുകൾ വച്ചുപിടിപ്പിച്ചാൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആണിനും പെണ്ണിനും അന്തസ്സായി ജീവിക്കാനാവശ്യമായ വരുമാനമുണ്ടാക്കാൻ സാധിക്കും. അതിനുള്ള തീവ്രമായ പരിശ്രമം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായാൽ അവരുടെ പട്ടിണി മാറ്റാൻ സാധിക്കും. അതിനുപുറമെ അവരെ ലഹരി സാധനങ്ങൾക്ക് അടിമപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. നേരത്തെ ശ്രീ. വി. പി. സജീന്ദ്രൻ അട്ടപ്പാടിയിലെ പ്രശ്നം സംബന്ധിച്ച് പറഞ്ഞു. അവിടെപ്പോയി ചർച്ചയിൽ പങ്കെടുക്കാൻ ശ്രമിച്ചപ്പോൾ നിങ്ങളാണ് ഇതിന്റെ ആളെന്നുപറഞ്ഞ് ആരെയെല്ലാം ആക്ഷേപിച്ചുവെന്ന് ചാനലിലൂടെ താങ്കൾ കണ്ടതല്ലേ? അതിനൊന്നും ഈ ഗവൺമെന്റിനെ കുറ്റം പറയാൻ സാധിക്കില്ല. അതൊരു ആക്സിഡന്റാണ്. രണ്ട് ദിവസങ്ങൾക്കകം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെയെത്തി. ശ്രീ. എ. കെ. ബാലൻ അദ്ദേഹത്തിന്റെ പാർട്ടിയുടെ സ്റ്റേറ്റ് സമ്മേളനമായിട്ടുപോലും അവിടെപ്പോയി പ്രശ്നം പരിഹരിക്കാനുള്ള ശ്രമം നടത്തി. കേരളത്തെ സംബന്ധിച്ചിടത്തോളം അതൊരു ആക്സിഡന്റ് മാത്രമാണ്. അപൂർവ്വമായി സംഭവിക്കുന്ന പ്രശ്നങ്ങളെ ഇംഗ്ലീഷ് പണ്ഡിതന്മാർ 'ആക്സിഡന്റ്' എന്നുപറയുന്നതുപോലെ ഞാൻ പറഞ്ഞതാണ്.

അതുപോലെതന്നെ സമൂഹത്തിലെ പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ, ഭരണഘടന തയ്യാറാക്കിയപ്പോൾ പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്ക് നിശ്ചിത ശതമാനം സംവരണം കൊടുത്തിരുന്നു. ആ സംവരണം കേന്ദ്രഗവൺമെന്റ് ജോലികളിൽ ഇവിടത്തെ പട്ടികജാതി/പട്ടികവർഗ്ഗത്തിന് ലഭിക്കുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. മുഖ്യമന്ത്രി വ്യക്തമാക്കിയതുപോലെ കേന്ദ്ര ഗവൺമെന്റ് ജോലികളിൽ കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് അർഹമായ സംവരണം ലഭിക്കണം. അതുപോലെ ഇവിടത്തെ പിന്നോക്ക വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും ലഭിക്കണം. ഭരണഘടന അംഗീകരിച്ച അവസരത്തിൽ അവർക്കിത് ലഭിച്ചിരുന്നു. പക്ഷെ ജനതാ ഭരണകാലത്ത് മണ്ഡൽ കമ്മീഷൻ വന്നു. അത് ഇന്ത്യ മുഴുവൻ സഞ്ചരിച്ച് ഇവിടത്തെ പിന്നോക്കവിഭാഗത്തിന്റെയും ന്യൂനപക്ഷത്തിന്റെയും അവകാശങ്ങൾ മനസ്സിലാക്കി മണ്ഡൽ കമ്മീഷൻ റിപ്പോർട്ടുണ്ടാക്കി. വി. പി. സിംഗിന്റെ ഭരണകാലത്ത് മണ്ഡൽ കമ്മീഷന്റെ ചില ഘടകങ്ങൾ തുടങ്ങി. കേരളത്തിലെ പിന്നോക്ക വിഭാഗ-ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് ഭരണഘടനാപരമായുള്ള അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് അന്വേഷിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, എക്സൈസ്, തൊഴിൽ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്നീ പ്രധാനപ്പെട്ട വകുപ്പുകളുടെ ചർച്ചയാണ് ഇവിടെ നടക്കുന്നത്. എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് ഇവിടെ നടക്കുന്ന ചർച്ചയിലും സംസ്ഥാനത്ത് പൊതുവായി നടക്കുന്ന ചർച്ചയിലും മദ്യനയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. മദ്യനയം എന്തുതന്നെയായാലും അതുകൊണ്ടുണ്ടാകുന്ന ദോഷവശങ്ങളെക്കുറിച്ച് തീർച്ചയായും ഗവൺമെന്റ് വിലയിരുത്തേണ്ടതാണ്. മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരേണ്ടതിന്റെ ആവശ്യകതയും അതോടൊപ്പം അതിനാവശ്യമായ ബോധവത്കരണവും ആവശ്യമാണെന്നതാണ് യഥാർത്ഥ ചിത്രം. കൂടുതൽ മദ്യഷാപ്പുകൾ തുടങ്ങുന്നതിന് എന്തെങ്കിലും തീരുമാനം കൈക്കൊള്ളുന്നുവെങ്കിൽ തീർച്ചയായും അത് പുന:പരിശോധിക്കേണ്ടതുണ്ട്. മദ്യനിരോധനവും മദ്യവർജ്ജനവും തമ്മിലുള്ള ബലാബലത്തിനുവേണ്ടി സമയം കളയുന്നതിൽ യാതൊരു പ്രസക്തിയുമില്ല. പ്രധാനപ്പെട്ട കാര്യം, ദൂരപരിധിയുമായി ബന്ധപ്പെട്ടതാണ്. ആരാധനാലയങ്ങളും വിദ്യാലയങ്ങളും മദ്യ വിൽപനശാലകളുമായുള്ള ദൂരപരിധി സംബന്ധിച്ചൊക്ക ഒട്ടേറെ ആശങ്കകളുണ്ട്. അത് അവയർനെസ്സിന്റെയും കൂടി വിഷയമാണ്. സാമൂഹിക ബോധവത്കരണം

ഏറെ പ്രധാനപ്പെട്ട ഒരു ഘടകമാണ്, അത് പുന:പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പൊതുസമൂഹത്തിൽ നടക്കുന്ന ചർച്ചയിൽ മതമേലദ്ധ്യക്ഷൻമാരും സാമുദായിക നേതാക്കൻമാരും ഇടപെടുകയും അവർ മദ്യ ലഭ്യതയെക്കാളും മദ്യവർജ്ജനത്തിന്റെ ആവശ്യകതയെക്കുറിച്ച് കൂടുതൽ ഉദ്ബോദിപ്പിക്കുന്നുണ്ട്. തീർച്ചയായും അതൊക്കെ മുഖവിലയ്ക്കെടുക്കണം. കെ.സി.ബി.സി.യുടെയും മറ്റ് മതമേലദ്ധ്യക്ഷൻമാരുടെയും നേതൃത്വത്തിലുള്ള സമരങ്ങൾ മദ്യവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ദൂഷിത വശങ്ങളെക്കുറിച്ചും കേരള സമൂഹം നേരിടുന്ന വിഷയങ്ങളെക്കുറിച്ചും ഗൗരവമേറിയ ഒരു ചർച്ചയിലേയ്ക്ക് വരുമെന്ന് പ്രതീക്ഷിക്കുന്നു. എക്സൈസ് വകുപ്പ് ശാക്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 'വിമുക്തി പദ്ധതി' - ലഹരിവർജ്ജന മിഷൻ. അത് വളരെ ഫലപ്രദവും അഭിനന്ദനീയവുമായ പദ്ധതിയാണ്. സ്കൂൾ, കോളേജ്, സ്റ്റുഡൻസ് പോലീസ് കേഡറ്റ്, കുടുംബശ്രീ, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ മുതൽ എല്ലാ മാധ്യമങ്ങളുമായും യുവജനങ്ങളുമായും ബന്ധപ്പെട്ടുകൊണ്ട് എല്ലാ മേഖലയിലും വലിയ ക്യാംപെയിൻ നടത്താൻ സാധിക്കുന്നുണ്ട്. അതൊക്കെ വളരെ പോസിറ്റീവായ മാറ്റങ്ങൾ സമൂഹത്തിൽ വരുത്താൻ സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ഇന്ന്

മദ്യവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉയർന്നുവരുമ്പോൾ സാമൂഹ്യവിരുദ്ധ ശക്തികൾ വിദ്യാർത്ഥികളെ കൂട്ടുപിടിച്ച് ലഹരി പദാർത്ഥങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കാനും ഉപയോഗിക്കുന്നതിനുമുള്ള പരിശീലനം കൊടുക്കുന്നുവെന്നതാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. അത് ഗൗരവമേറിയ വിഷയമാണ്. മദ്യ ലഭ്യത കുറഞ്ഞു വരുമ്പോൾ മയക്കുമരുന്നു വ്യാപനം വർദ്ധിച്ചുവരുന്നുവെന്ന ശ്രീ. ഋഷിരാജ് സിങിന്റെ സ്റ്റേറ്റുമെന്റ് പത്രത്തിൽ വായിക്കുകയുണ്ടായി. അത് അക്ഷരാർത്ഥത്തിൽ ശരിയാണ്. അത്തരം സാഹചര്യങ്ങൾ വർദ്ധിച്ചുവരുന്നുവെന്നുള്ളത് സംബന്ധിച്ചും അതിന്റെ വിശദാംശങ്ങളെക്കുറിച്ചും ഗൗരവമായി ചർച്ച ചെയ്യേണ്ടതാണ്. അതുപോലെതന്നെ ഓൺലൈൻ വഴിയുള്ള ലഹരി വ്യാപാരം. കാൻസർ പോലുള്ള രോഗങ്ങൾക്കുള്ള വേദനസംഹാരി എന്ന രൂപത്തിൽ മരുന്നെന്ന വ്യാജേനയുള്ള ഓൺലൈൻ വ്യാപാരവും നമ്മുടെ സമൂഹത്തിൽ നടക്കുന്നുണ്ട്. എക്സൈസ് വകുപ്പിനെ കൂടുതൽ ശാക്തീകരിക്കണം. ഇടുക്കി പോലുള്ള അതിർത്തി ജില്ലകളിൽ ആവശ്യത്തിന് റേഞ്ച് ഓഫീസുകളും ജീവനക്കാരും അവർക്കാവശ്യമായ പ്രതിരോധായുധങ്ങളും നൽകണമെന്നാണ് എന്റെ അഭിപ്രായം. സായുധീകരിക്കുന്നതിനാവശ്യമായ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, ലഹരി മരുന്ന് വിൽപന നടത്തുന്നയാളിനെ

പിടികൂടിയാൽ അവരെ ശിക്ഷിക്കുന്നതിന് ദുർബലമായ നിയമമാണ് രാജ്യത്തൊട്ടാകെയുള്ളത്. കേന്ദ്ര നിയമത്തിന്റെ പരിധിയിലായതുകൊണ്ട് ഇത്തരം വിൽപ്പനക്കാർക്ക് നിർബാധം തുടരാൻ കഴിയും. ജയിലിൽപോയാൽ 24 മണിക്കൂറിനകം അവർ തിരിച്ചിറങ്ങും. ഇതിന്മേൽ കർശനമായ നിയമഭേദഗതിക്ക് കേരളം മുന്നോട്ട് വരേണ്ടതല്ലേ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തെക്കുറിച്ച് സമൂഹത്തിൽ ചർച്ച ചെയ്യുമ്പോൾത്തന്നെ മാറ്റം വരാനുള്ള സാദ്ധ്യതകളുണ്ട്.

തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് പറയുമ്പോൾ തോട്ടം മേഖലയിലെ തൊഴിലാളികളടക്കം കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യമുണ്ട്. ബഡ്ജറ്റിൽ അതിനാവശ്യമായ തുക മാറ്റിവച്ചിട്ടുള്ളതായി കാണുന്നില്ല. അത് പ്രധാനപ്പെട്ട വിഷയമാണ് അക്കാര്യം ശ്രദ്ധിക്കണമെന്നാണ് എന്റെ അഭിപ്രായം. രാജമാണിക്യം റിപ്പോർട്ട് ഗവൺമെന്റിൽ സബ്മിറ്റ് ചെയ്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ അതിന്മേൽ തീരുമാനം കൈക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. സ്വാതന്ത്ര്യലബ്ധിക്കുമുൻപ് ബ്രിട്ടീഷുകാരുടെ കൈവശമുണ്ടായിരുന്ന തോട്ടങ്ങൾ അതിനുശേഷം ഭൂവുടമകളിലാണെന്ന് കണ്ടെത്തിക്കൊണ്ടാണ് അദ്ദേഹം റിപ്പോർട്ട്

സമർപ്പിച്ചിരിക്കുന്നതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ആ റിപ്പോർട്ട് കൊള്ളുകയോ തള്ളുകയോ ചെയ്യാത്തതുകൊണ്ട് തോട്ടം മേഖലയിൽ പ്രതിസന്ധി നേരിടുന്നുണ്ട്. അവർക്ക് ലോൺപോലും എടുക്കാൻ കഴിയുന്നില്ല, അത് തൊഴിലാളികളെയും ബാധിക്കും. അതുകൊണ്ട് തോട്ടം ഉടമകൾക്ക് തോട്ടം പരിരക്ഷിക്കാൻ കഴിയുന്ന വിധത്തിൽ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടത് അനിവാര്യമാണ്. ചീഫ് സെക്രട്ടറി ചെയർമാനും മറ്റ് പ്രിൻസിപ്പൽ സെക്രട്ടറിമാർ കമ്മിറ്റി അംഗങ്ങളുമായി പ്ലാന്റേഷൻ സ്റ്റഡി ചെയ്യുന്നതിന് കമ്മിറ്റി രൂപീകരിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ചില റെക്കമെന്റേഷൻസ് നടത്തുകയും ചെയ്തു. അഗ്രി ടാക്സ് ഒഴിവാക്കിയതൊഴിച്ചാൽ അതുമായി ബന്ധപ്പെട്ട മറ്റൊരു കാര്യത്തിലും തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല. ടൂറിസത്തിനുവേണ്ടി 5% പ്ലാന്റേഷൻ മേഖല ഉപയോഗപ്പെടുത്താനുള്ള തീരുമാനം ഫ്രീസ് ചെയ്തിരിക്കുകയാണ്. ഇടുക്കിയിലെ പട്ടുമല എസ്റ്റേറ്റിൽ ടൂറിസ്റ്റുകൾക്ക് നേരിട്ട് കൊളുന്ത് എടുത്ത് ഗ്രീൻ ടീ ഉണ്ടാക്കാവുന്ന സ്ഥിതിയുണ്ട്. തേയിലത്തോട്ടം നഷ്ടമാണെങ്കിൽ അവിടെ മറ്റ് വിളകൾകൂടി കൃഷി ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകണം. ഏലമോ പച്ചക്കറിയോ പഴവർഗ്ഗമോ കൃഷി ചെയ്യാൻ സാധിക്കണം. ഇത്തരത്തിൽ പച്ചക്കറി ഉത്പാദന രംഗത്ത് വലിയ

മാറ്റങ്ങൾ വരുത്താൻ ഇടുക്കിയിലെ പീരുമേട്, മൂന്നാർ മേഖലയെ മാത്രം കേന്ദ്രീകരിച്ചാൽ കഴിയും.

മി. ചെയർമാൻ: പ്ലീസ്.... ദയവായി അവസാനിപ്പിക്കൂ. ഇന്നത്തെ ദിവസം സമയ ക്ലിപ്തത എല്ലാവരും പാലിക്കണം. അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. റോഷി അഗസ്റ്റിൻ: ഒരു കാര്യം കൂടി. ഒരു മിനിട്ട് കൂടി അനുവദിക്കണം.

മി. ചെയർമാൻ: നോ.. നോ.. ഇന്ന് ബില്ലുകൾ പരിഗണിക്കേണ്ടതായിട്ടുണ്ട്. പ്ലീസ് കൺക്ലൂഡ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അട്ടപ്പാടിയിലെ മധുവിന്റെ വിചാരങ്ങൾക്കും വികാരങ്ങൾക്കും മുന്നിലാണ് ഈ സഭയിലെ ഭരണ പ്രതിപക്ഷ അംഗങ്ങളെല്ലാവരും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചത്. അതൊരു പൊതുവികാരമായി കാണാനും ഇത്തരം കാര്യങ്ങളിൽ രാഷ്ട്രീയ പ്രേരിതമായ ചർച്ചകൾക്കും ചോദ്യങ്ങൾക്കും ഇടനൽകാതെ വളരെ ശക്തമായ നടപടികളുമായി മുന്നോട്ടുപോകാനും ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, എക്സൈസ്, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു

പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. സൗമ്യനായ വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ കഴിഞ്ഞ 22 മാസമായി സമർത്ഥമായി എക്സൈസ് വകുപ്പും തൊഴിൽ വകുപ്പും കൈകാര്യം ചെയ്യുകയാണ്. കഴിഞ്ഞ 22 മാസമായി തൊഴിൽ മേഖലയിൽ ഒരു പ്രശ്നങ്ങളുമില്ല. സാധാരണ നിലയിൽ ഓണംപോലുള്ള അവസരങ്ങളിൽ തൊഴിൽ മേഖലയിൽ അരക്ഷിതാവസ്ഥയും പ്രക്ഷോഭങ്ങളും ഉയർന്നുവരാറുണ്ടെങ്കിലും അതിനെയെല്ലാം രമ്യമായി പരിഹരിച്ച് ശാന്തമായ തൊഴിൽ മേഖലയാണ് കഴിഞ്ഞ 22 മാസമായി കേരളം കാണുന്നത്. എക്സൈസിന്റെ കാര്യത്തിലും അതാണ് സ്ഥിതി. ഇന്നലെ പ്രതിപക്ഷം ഒരു അടിയന്തര പ്രമേയം കൊണ്ടുവന്നുകൊണ്ട്, കേരളത്തിൽ മദ്യം ഒഴുക്കാൻ പോകുന്നു, കൂടുതൽ മദ്യഷാപ്പുകൾ തുറക്കാൻ പോകുന്നു എന്ന പുകമറ സൃഷ്ടിക്കാൻ ശ്രമിച്ചു. പ്രതിപക്ഷത്തു നിന്ന് സംസാരിച്ച ചിലരൊക്കെത്തന്നെ ഇന്ന് അത്തരത്തിലുള്ള ചില വാദങ്ങളുയർത്തുകയുണ്ടായി. ബഹുമാന്യനായ മന്ത്രി ഇന്നലെ അടിയന്തര പ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾ കൃത്യമായി പറഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിൽ എത്ര മദ്യഷാപ്പാണ് ഉണ്ടായിരുന്നത്? അതിൽ ഒന്നുപോലും കൂട്ടിയിട്ടില്ലെന്നുമാത്രമല്ല മദ്യഷാപ്പുകളുടെ എണ്ണം കുറയുകയാണ് ചെയ്തിട്ടുള്ളത്.

കേരളത്തിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ സമയത്ത് മദ്യഷാപ്പുകൾ പൂട്ടിയെന്ന തെറ്റായ പ്രചരണം ചില മാധ്യമങ്ങൾ നടത്തുണ്ട്. യഥാർത്ഥത്തിൽ അന്ന് പ്രവർത്തിച്ചിരുന്ന ബാറുകൾ പൂട്ടാനിടയായ സാഹചര്യം സംബന്ധിച്ച് എല്ലാവർക്കുമറിയാം. കേരളത്തിൽ ഫൈവ് സ്റ്റാറുൾപ്പെടെ 830 ബാറുകളാണ് ഉണ്ടായിരുന്നത്. 318 എണ്ണത്തിനാണ് ലൈസൻസ് നൽകാൻ അർഹതയുണ്ടായിരുന്നത്. ബാക്കിയുള്ള 412 എണ്ണത്തിന് ലൈസൻസ് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് അന്നത്തെ ഭരണ നേതൃത്വം വലിയ തോതിൽ പണം വാങ്ങാനുള്ള തന്ത്രമായി അതിനെ മാറ്റിയപ്പോൾ അന്ന് ഭരണനേതൃത്വത്തിന്റെ പാർട്ടി നേതൃത്വത്തിൽ വന്ന ഒരു മാന്യൻ അതിനെ തടയുകയും അയാളറിയാതെ ചെയ്യാൻ പാടില്ലെന്ന നിലപാടെടുക്കുകയും ചെയ്തു. അങ്ങനെയൊരു തർക്കം കോൺഗ്രസിൽ രൂപംകൊണ്ടതിനെ തുടർന്നാണ് ബാറുകൾക്ക് ലൈസൻസ് കൊടുക്കാൻ തയ്യാറാകാതെ വന്നത്. മദ്യനിരോധനത്തെക്കുറിച്ച് പറയുകയും മദ്യരാജാവിന്റെ വാഹനത്തിൽ ദീർഘകാലം സഞ്ചരിക്കുകയും ചെയ്ത ആ മാന്യവ്യക്തി കേരളത്തെ പിന്നീട് തള്ളിവിട്ടത് എങ്ങോട്ടാണ്? കേരളത്തിൽ 830-ഓളം വരുന്ന ബാറുകളുണ്ടായിരുന്നെങ്കിൽ ആ ബാറുകളൊന്നും പൂട്ടാതെ അവിടെ ബിയർ പാർലറുകളും വൈൻ പാർലറുകളും തുടങ്ങി. രണ്ടുംകൂടി ചേർത്താലുള്ള

ഗുണമെന്താണെന്ന് കുടിക്കുന്നവർക്ക് അറിയാം. അത്തരത്തിൽ ബിയർ/വൈൻ പാർലറുകൾ അനുവദിച്ചുകൊണ്ട് അതിലൂടെ മദ്യവിൽപനയ്ക്കുള്ള അവസരമൊരുക്കുകയാണ് അന്നത്തെ യു.ഡി.എഫ് സർക്കാർ ചെയ്തതെന്ന കാര്യം മറക്കാൻ പാടില്ലാത്തതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, കലാഭവൻ മണി കുന്നത്തങ്ങാടി ഷാപ്പ് എന്ന് പാടുന്നതുപോലെ യു.ഡി.എഫ്.-ന്റെ ഈ നേതാവ് എം.എൽ.എ. ആയിരിക്കുന്ന സന്ദർഭത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ കുന്നത്തങ്ങാടിയിൽ ഒരു ഹിൽടോപ്പ് ബാർ ഉദ്ഘാടനം ചെയ്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, അദ്ദേഹത്തിന്റെ രാഷ്ട്രീയം തന്നെ കാപട്യം നിറഞ്ഞതല്ലേ? മദ്യവർജ്ജനത്തെക്കുറിച്ച് പറയുകയും മദ്യഷാപ്പ് ഉദ്ഘാടനം ചെയ്യുകയും മദ്യരാജാവിന്റെ വണ്ടിയിൽ അനേകവർഷക്കാലം സഞ്ചരിക്കുകയും ചെയ്ത അദ്ദേഹം ഇപ്പോഴും ഈ സർക്കാരിനെതിരായി മദ്യവർജ്ജനം, മദ്യവർജ്ജനം എന്നു പറഞ്ഞുകൊണ്ട്...., അല്ലെങ്കിൽ ഞാൻ ഇപ്പോൾ സമരിക്കും, സമരിക്കും എന്നു പറഞ്ഞുകൊണ്ട് നടക്കുന്നുണ്ട്. അതൊന്നും കേരളത്തിലെ ജനങ്ങൾ കേൾക്കാൻ പോകുന്നില്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ഇങ്ങനെയുള്ള കാര്യങ്ങൾ സഭയിൽ പറയാമോ?

ശ്രീ. ജോൺ ഫെർണാണ്ടസ്: ഉള്ളതുപറഞ്ഞാൽ കള്ളിക്കു തുള്ളും. കോഴിയെ കട്ടതാരാണെന്നു ചോദിക്കുമ്പോൾ എന്റെ തലയിൽ പൂടയില്ല എന്ന് പറഞ്ഞിട്ട് കാര്യമില്ല.

മദ്യം മാത്രമല്ല, ലഹരിയെ സംബന്ധിച്ച് പറയുമ്പോൾ മനുഷ്യർക്കും മൃഗങ്ങൾക്കുമൊക്കെ ലഹരിയോട് ഒരു ആസക്തിയുണ്ട്. 1980-കളുടെ മധ്യത്തിൽ 'The Beautiful People' എന്ന ഹോളിവുഡ് സിനിമ പലരും കണ്ടുകാണും. ആ സിനിമയിൽ ലഹരി കിട്ടുന്ന കായ പൂക്കുന്ന ഒരു വൃക്ഷമുണ്ടായിരുന്നു. ആ വൃക്ഷത്തിൽ നിന്നും ഈ കായ പറിച്ചെടുത്ത് ആനയും കുരങ്ങും മറ്റു മൃഗാദികളുമെല്ലാം ലഹരി നുണഞ്ഞ് പാടുന്നതും ആടുന്നതുമൊക്കെ കണ്ടു. അന്ന് വളരെ ചർച്ച ചെയ്യപ്പെട്ട ഒരു സിനിമയാണത്. പുരാണത്തിലേയ്ക്കുപോയാലും ഇതിഹാസങ്ങളിലേയ്ക്ക് പോയാലും ലഹരിയോട് മനുഷ്യന് ആസക്തിയുണ്ട്. ഋഗ്വേദമെടുത്തു കഴിഞ്ഞാൽ അതിനകത്ത് എട്ടുതരത്തിലുള്ള മദ്യത്തെക്കുറിച്ച് പറയുന്നുണ്ട്. സോമരസമടക്കമുള്ള എട്ടുതരം മദ്യത്തെക്കുറിച്ച് ഋഗ്വേദത്തിൽ പറയുന്നുണ്ട്. മലയാള സാഹിത്യത്തിന്റെ

പഴക്കം പരിശോധിച്ചുകഴിഞ്ഞാൽ അതിൽ 'അകനാനൂറ്' എന്നുപറയുന്ന ഒരു ഗ്രന്ഥമുണ്ട്. ആ അകനാനൂറിനകത്ത് സ്ത്രീകൾ അന്ന് ഉപയോഗിച്ചിരുന്ന 'മുന്നീര്' എന്ന ഒരു മദ്യത്തെക്കുറിച്ച് പറയുന്നുണ്ട്. അപ്പോൾ മദ്യം ഒരു കാലത്ത് അല്ലെങ്കിൽ ചരിത്രത്തിലോ പുരാണങ്ങളിലോ പരിശോധിച്ചാൽ മനുഷ്യൻ കഴിച്ചിരുന്നതാണ്. അതുകൊണ്ടുതന്നെ അത് നിരോധനംകൊണ്ട് അവസാനിപ്പിക്കാൻ കഴിയുന്നതല്ല. മറിച്ച് അതിനെതിരായി നാട്ടിൽ ജനങ്ങളെയാകെ അണിനിരത്തുകയും മദ്യത്തിനെതിരായിട്ടുള്ള വലിയ അവബോധമുയർത്തി കൊണ്ടുവരികയും വേണം. ആ ശ്രമമാണ് ഇന്ന് കേരളത്തിലെ ഗവൺമെന്റ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ സംസ്ഥാനത്ത് മദ്യവർജ്ജന മിഷൻ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ശ്രീ. റോഷി അഗസ്റ്റിൻ അടക്കമുള്ളവർ പ്രകീർത്തിച്ചു. കേരളത്തിലെ വിദ്യാർത്ഥികൾ, ഗ്രന്ഥശാല പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, വനിതകൾ ഇവരെയൊക്കെ ഉപയോഗപ്പെടുത്തിക്കൊണ്ട് ലഹരിക്കെതിരായി കേരളത്തിൽ വലിയ ബോധവത്കരണം ഉയർത്തിക്കൊണ്ടുവരികയാണ്. അതുമാത്രമല്ല, കഴിഞ്ഞ ഏതാനും മാസങ്ങളിലെ പത്രങ്ങൾ എടുത്തുപരിശോധിച്ചാൽ ലഹരിക്കെതിരായ

പ്രവർത്തനം മാത്രമല്ല, ഈ സംസ്ഥാനത്തേയ്ക്ക് വരുന്ന മയക്കുമരുന്ന് പോലുള്ള മാരകമായ വിപത്തിനെ തടയാൻ ഈ ഗവൺമെന്റ് വളരെയധികം ശ്രമിക്കുന്നുണ്ട്. 35 കോടി രൂപ വിലവരുന്ന ഹാഷിഷാണ് ഇന്നലെയോ മെനിഞ്ഞാന്നോ പിടിച്ചത്. കേരളത്തെ ആ നിലയ്ക്ക് മയക്കുമരുന്നുകളുടെ ഒരു ഹബ്ബാക്കി മാറ്റാനുള്ള ആസൂത്രിതമായ ശ്രമം ഇന്ന് നടക്കുന്നുണ്ട്. അതിന്റെ പിന്നിൽ തീവ്രവാദസംഘടനകൾ...., അത് മതതീവ്രവാദ സംഘടനകളുണ്ട്, ഇടതുപക്ഷ തീവ്രവാദസംഘടനകളുണ്ട്, ഇതെല്ലാം ആ നിലയ്ക്ക് ശ്രമിക്കുന്നുണ്ട്.

കേരളത്തിൽ ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥനുണ്ട്. അദ്ദേഹം എഴുത്തുകാരനും പത്രപ്രവർത്തകനും കൂടിയാണ്. ഇപ്പോൾ സർവ്വീസിലുണ്ട്. അദ്ദേഹം മനോരമയുടെ ലേഖകനായിരിക്കുമ്പോൾ തമിഴ്നാടിലെ വേദാരണ്യം എന്ന സ്ഥലത്ത് പോയതിനെ സംബന്ധിച്ച് എഴുതിയിട്ടുണ്ട്. തമിഴ്പുലികളുടെ പ്രശ്നം രൂക്ഷമായ സന്ദർഭത്തിൽ വേദാരണ്യത്തിന് അധിപനായിരുന്ന ഒരു ഷൺമുഖന്റെ മരണവുമായി ബന്ധപ്പെട്ട് പത്രപ്രവർത്തകനായ, ഇന്നത്തെ ഐ.എ.എസ്. കാരന് മനസ്സിലാക്കാൻ സാധിച്ചതെന്താണെന്ന് വച്ചാൽ, തമിഴ്പുലികൾക്ക് വലിയ തോതിൽ പണവും ആയുധങ്ങളും കിട്ടാൻ മയക്കുമരുന്ന് ഇറക്കുമതി ചെയ്ത് ലോകത്തിലെ പല ഭാഗങ്ങളിലേക്കും

വിൽക്കുകയാണെന്നാണ് പറഞ്ഞത്. ഇന്ത്യയിലെ പല ഭാഗങ്ങളിലും തീവ്രവാദപ്രവർത്തനങ്ങൾ ശക്തിപ്പെടുന്നതിന്റെ പിന്നിൽ ഈ മയക്കുമരുന്ന് ലോബിയുണ്ട്, ആ മയക്കുമരുന്ന് ലോബി ഈ കേരളത്തെ അതിന്റെ ഒരു ഹബ്ബാക്കി മാറ്റി. ചില്ലറ വില്പനക്കാരനിലൂടെ കേരളത്തിലെ പൊതുസമൂഹത്തിനകത്ത് പ്രത്യേകിച്ച് വിദ്യാർത്ഥികളിലേയ്ക്ക് ഈ മയക്കുമരുന്ന് എത്തിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. വളരെ ജാഗ്രതയോടുകൂടി അതിനെ നേരിടാൻ നമുക്ക് കഴിയേണ്ടതുണ്ട്. കഴിഞ്ഞ 22 മാസമായി കേരളത്തിൽ തൊഴിൽ രംഗത്ത് വലിയ മാറ്റമാണ് കണ്ടുകൊണ്ടിരിക്കുന്നത്. അതിൽ പ്രധാനപ്പെട്ടതാണ് ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികൾ. അവരെ നമ്മൾ അതിഥി തൊഴിലാളികളെന്നാണ് വിളിക്കുന്നത്. കേരളത്തിന്റെ വളർച്ചയ്ക്കും നിർമ്മാണ മേഖലയ്ക്കുമടക്കം വലിയ സംഭാവന നൽകുന്ന അവരെ കേരളത്തിന്റെ തന്നെ തൊഴിലാളികളെപ്പോലെ കണക്കാക്കിക്കൊണ്ട് അവർക്ക് മിനിമംകൂലി ഉറപ്പുവരുത്താനും കേരളത്തിൽ മലയാളികളായിട്ടുള്ള തൊഴിലാളികൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ അവർക്ക് ഉറപ്പുവരുത്താൻ അതുപോലെ ആരോഗ്യരംഗത്ത് ശ്രദ്ധയൂന്നാൻ; അവരുടെ കുട്ടികൾക്കടക്കം വിദ്യാഭ്യാസം

കൊടുക്കാൻ ഇങ്ങനെയുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അവർക്കാണ് സൗജന്യ ചികിത്സ. പതിനയ്യായിരം രൂപയുടെ സൗജന്യചികിത്സയും....

ശ്രീ. പി. സി. ജോർജ്: മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളെ വളരെ മാന്യമായി നമ്മൾ സ്വീകരിക്കുകയാണ്. പക്ഷെ അവർ നമ്മുടെ അമ്മമാരെയും സഹോദരിമാരെയും കൊന്നിട്ട് പോകുകയാണ്. ഇന്നത്തെ പത്രം വായിച്ചോ, ഒരു അറുപതുകാരിയുടെ അനുഭവം. അതിനെപ്പറ്റിയും വർത്തമാനം പറയണം, ചുമ്മാ അങ്ങനെ പ്രസംഗിച്ചുപോയാൽപോരാ.

ശ്രീ. ജോൺ ഫെർണാണ്ടസ്: അത് വളരെ ഒറ്റപ്പെട്ട സംഭവമാണ്. മലയാളികളായിട്ടുള്ള എത്രയോ ആളുകൾ കേരളത്തിന് വെളിയിൽ പോയി ക്രിമിനൽ കുറ്റങ്ങൾ ചെയ്യുന്നുണ്ട്. ആ നിലയ്ക്ക് അതിനെ കണ്ടാൽ മതി. താരതമ്യേന നോക്കിക്കഴിഞ്ഞാൽ ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ആളുകൾ ക്രിമിനലുകളല്ല എന്നുള്ളതാണ് കാണാൻ കഴിയുന്നത്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: ഇതരസംസ്ഥാനതൊഴിലാളികൾ ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതുപോലെ കേരളത്തിലുള്ള ആളുകളും ഇത്തരം

കുറ്റകൃത്യങ്ങളിലുണ്ട്. ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളിൽ ഒന്നോ രണ്ടോ പേർ ചെയ്യുവെന്ന് പറഞ്ഞ് അവരെ അടച്ചാക്ഷേപിക്കുന്നത് ശരിയാണോ?

ശ്രീ. ജോൺ ഫെർണാണ്ടസ്: വളരെ ശരിയായ കാര്യമാണ് അദ്ദേഹം പറഞ്ഞത്. അതുകൊണ്ടുതന്നെ ഇതരസംസ്ഥാനതൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി വലിയ തോതിൽ നിരവധിയായ പദ്ധതികൾ നടപ്പിലാക്കുന്ന ഈ ഗവൺമെന്റ് മാതൃകാപരമായ പ്രവർത്തനമാണ് ആ രംഗത്ത് കാഴ്ചവയ്ക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിലെ മലയാളികൾ അതിനെ നല്ല നിലയിൽ അംഗീകരിക്കുന്നുണ്ടെന്നാണ് അവരുമായി ബന്ധപ്പെട്ടുമ്പോൾ കാണാൻ സാധിക്കുന്നത്.

ഈ സംസ്ഥാനത്ത് പ്രവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ടുകൊണ്ട് നിരവധി പദ്ധതികൾ, അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ലോക കേരളസഭ. ആ ലോകകേരള സഭയിൽ എടുത്തിട്ടുള്ള തീരുമാനങ്ങളും അത് നടപ്പിലാക്കാൻ വേണ്ടി സർക്കാർ...., പ്രവാസിക്ഷേമത്തിനുവേണ്ടി പുതിയ നിയമനിർമ്മാണം, തൊഴിൽ നഷ്ടപ്പെട്ടവർക്ക് മറ്റൊരു ജോലി കിട്ടും വരെ അടിയന്തര സാമ്പത്തിക സഹായം, നാട്ടിൽ ജോലി ലഭ്യമാക്കൽ

പ്രക്രിയ- ജോബ് പോർട്ടൽ, തിരിച്ചുവരുന്ന കുടുംബങ്ങളുടെ കുട്ടികൾക്ക് നാട്ടിൽ സ്കൂൾ പ്രവേശനം ഉറപ്പാക്കൽ തുടങ്ങിയിട്ടുള്ള നിരവധി കാര്യങ്ങൾ..., പ്രവാസികൾ തങ്ങളുടെ ചോര നീരാക്കി അധ്വാനിച്ച് അതിന്റെ വിഹിതം കേരളത്തിലേയ്ക്കയച്ച് കേരളത്തെ ഈ നിലയിൽ പച്ചപ്പോടുകൂടി നിലനിർത്തുന്ന ഈ പ്രവാസികളെ എല്ലാ അർത്ഥത്തിലും സഹായിക്കാൻ സഹായകരമായ നിലപാടാണ് കേരളത്തിലെ ഗവൺമെന്റ് സ്വീകരിക്കുന്നത്. മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. എനിക്ക് മുമ്പ് ഇവിടെ സംസാരിച്ച മുസ്ലീം ലീഗിലെ ഒരംഗം പറഞ്ഞു, കേരളത്തിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഈ ഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ലെന്ന്. നെഞ്ചിൽ കൈ വച്ച് അവർക്ക് പറയാൻ സാധിക്കുമോ? ഇന്ത്യയിൽ സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാൻ വേണ്ടി കഴിഞ്ഞ ഇടതുമുന്നണിയുടെ കാലത്ത് ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ അന്വേഷിച്ച് കണ്ടെത്തിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ അന്ന് അതിനുവേണ്ടി തുടർപ്രവർത്തനങ്ങൾ നടത്താൻ വേണ്ടിയെടുത്ത തീരുമാനങ്ങൾ, ആ തീരുമാനങ്ങളെ മറന്നുകൊണ്ട് ലീഗിന്റെ പ്രവർത്തകർക്കും അംഗങ്ങൾക്കും സംസാരിക്കാൻ പറ്റുമോ? ഈ കേരളത്തിൽ ന്യൂനപക്ഷ ജനവിഭാഗത്തിനുവേണ്ടി ശരിയായ നിലയിൽ നിലപാട്

സ്വീകരിക്കുകയും നടപടികളെടുക്കുകയും ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയുമൊക്കെ ചെയ്തത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റല്ലേ? അതിന് വലിയ നേതൃത്വം കൊടുത്തയാളാണ് അന്നത്തെ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പാലോളി മുഹമ്മദ് കുട്ടി.

കേരളത്തിലെ ആംഗ്ലോ ഇന്ത്യൻ സമുദായത്തെ സംബന്ധിച്ച് അവരുടെ ക്ഷേമവുമായി ബന്ധപ്പെട്ടുകൊണ്ട് പിന്നോക്കവിഭാഗ കമ്മീഷന് ചുമതലകൾ നിശ്ചയിച്ചിട്ടുണ്ട്. പക്ഷെ അക്കാര്യത്തിൽ കമ്മീഷൻ വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ല എന്നുള്ള കാര്യം കൂടി പറയുകയാണ്. മറ്റൊരു കാര്യം, ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന്റെ കലയും സംസ്കാരവും അവരുടെ ജീവിതരീതികളുമെല്ലാം മറ്റുള്ളവർക്ക് പരിചയപ്പെടുത്തുന്നതിന് ആംഗ്ലോ ഇന്ത്യൻ സമൂഹത്തിന്റെ ഒരു മഹാസംഗമം നടത്താൻ ബഹുമാന്യനായ മന്ത്രി മുൻകയ്യെടുത്തുകൊണ്ട് പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകണം എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എല്ലാ അർത്ഥത്തിലും പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, നമ്മുടെ നാട്ടിൽ മദ്യവും മയക്കുമരുന്നും വ്യാപകമാണ്. ഈ രാജ്യം മുഴുവൻ മദ്യം വിൽക്കുന്നത് ഗുണകരമാണോയെന്ന് എക്സൈസ് വകുപ്പുമന്ത്രിയും ഈ ഗവൺമെന്റും ആലോചിച്ചാൽ നല്ലതാണ്.

മയക്കുമരുന്നും വ്യാപകമാണ്. ആ നിലയ്ക്ക് അതിനെക്കുറിച്ച് ചിന്തിക്കുന്നത് ഗുണകരമാകുമെന്നാണ് എന്റെ അഭിപ്രായം. പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനായി 17 വർഷം കൊണ്ട് ഇവിടെ 20,086 കോടി രൂപ ചെലവഴിച്ചു. ഇത് എവിടെപ്പോയി; പാവപ്പെട്ടവർക്ക് കിട്ടിയിട്ടുണ്ടോ? എസ്.സി./എസ്.ടി. വിഭാഗത്തിന് കിട്ടിയിട്ടില്ല. അത് അന്വേഷണ വിധേയമാക്കണമെന്ന് പറഞ്ഞിട്ട് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ അടുക്കുന്നില്ല. ഒരു ആദിവാസിക്ക് പത്ത് ലക്ഷം രൂപ വച്ച് കൊടുക്കാൻ മാത്രം പണം 1956 മുതൽ ചെലവഴിച്ചിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. അവർക്ക് എന്തെങ്കിലും ഗുണം ലഭിച്ചിട്ടുണ്ടോ? ഇത് ചർച്ച ചെയ്യേണ്ട വിഷയമാണെന്നാണ് എന്റെ അഭിപ്രായം.

നമ്മുടെ പ്രവാസികളെപ്പറ്റി വളരെ ഗൗരവമായി ഈ ഗവൺമെന്റ് ആലോചിക്കണം. വിദേശ രാജ്യങ്ങളിൽ തൊഴിലെടുത്തുകൊണ്ടിരിക്കുന്ന പാവപ്പെട്ട മലയാളി സമൂഹം മുഴുവൻ തിരികെ വന്നുകൊണ്ടിരിക്കുകയാണ്. അമേരിക്ക ഉൾപ്പെടെയുള്ള സാമ്രാജ്യ ശക്തികൾ പ്രത്യേകിച്ച് മുസ്ലീം രാഷ്ട്രങ്ങൾ ഒരു പരുവമാക്കി വച്ചിരിക്കുകയാണ്. അമേരിക്കയുടെ ജോലിയല്ലേ അത്. ഇറാൻ, ഇറാഖ്, അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, സിറിയ, ലബനൻ,

ജോർദ്ദാൻ, സുഡാൻ ഉൾപ്പെടെയുള്ള രാഷ്ട്രങ്ങളെ അടിച്ച് ശരിപ്പെടുത്തി വച്ചിരിക്കുകയാണ്. അവിടെയൊക്കെ ജോലി ചെയ്തിരുന്ന പ്രവാസികൾ വണ്ടി കയറാൻ നിൽക്കുകയാണ്. വണ്ടി കയറാൻ പോലും അവരുടെ കയ്യിൽ കാശില്ല. അവരെ പുനരധിവസിപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് എന്ത് ചെയ്യാൻ പോകുന്നുവെന്ന് അറിഞ്ഞാൽ നന്നായിരുന്നു. വിദേശ മലയാളികൾ ഇങ്ങോട്ട് കടന്നുകയറാൻ പോകുകയാണ്. അവരെ എങ്ങനെ സംരക്ഷിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കാനുള്ള ധാർമ്മികത ഈ ഗവൺമെന്റിനുണ്ട്. അക്കാര്യം ഈ സഭ വളരെ വിശദമായി ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പി. ടി. എ. റഹീം </u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നത് സംബന്ധിച്ച വിഷയങ്ങളെക്കുറിച്ചാണ് എല്ലാ ആളുകളും ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഈ സർക്കാർ പുതിയ അബ്കാരി നയം പ്രഖ്യാപിച്ചിട്ടില്ല. പുതിയ ബാറുകൾ അനുവദിക്കില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും നിയമസഭയ്ക്ക് അകത്തും സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ സഭയ്ക്ക് പുറത്തും പ്രഖ്യാപിച്ച്

കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ ആ കാര്യങ്ങളെ സംബന്ധിച്ച് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട എക്സൈസ് കമ്മീഷണർ ശ്രീ. ഋഷിരാജ് സിംഗിന്റെ ക്വാട്ടിംഗോടുകൂടി "അരുത് മക്കളെ ഇത് കാൻസർ മസാല" എന്നുപറഞ്ഞുകൊണ്ട് ഇന്നലത്തെ കേരള കൗമുദിയിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മദ്യം മാത്രമല്ല നമ്മുടെ നാട്ടിൽ ഗുരുതരമായ വിഷയങ്ങളുണ്ടാക്കുന്നത്. കേരളത്തിലെ കാൻസറിന്റെ 68 ശതമാനവും പുകയില ജന്യമാണ്. മദ്യത്തിന്റെ ഉപഭോഗം 20 വയസ്സിന് മുകളിലാണെങ്കിൽ 8 വയസ്സുള്ള സ്കൂൾ കുട്ടികൾ മുതൽ പാൻമസാലയ്ക്ക് അടിമകളാകുന്നുവെന്നാണ് കേരള കൗമുദിയിലെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്. ഗുട്ക, പാൻപരാഗ്, കൂൾലിപ്, ഖൈനി, പാസ് പാസ് എന്നീ പേരുകളിലാണ് ഇത് വിൽക്കുന്നത്. ലഹരി കൂട്ടാൻ വിഷാംശമുള്ള ലെഡ്, കാഡ്മിയം ലോഹങ്ങളും കാർബൺ മോണോക്സൈഡ്, ബെൻസോയിൽ എന്നിവയും ചേർക്കുന്നു. കുപ്പിച്ചില്ല് പൊടിച്ച് ചേർക്കുന്നതിനാൽ വായിൽ മുറിവുണ്ടാകുകയും അതിലൂടെ വീര്യം നേരിട്ട് രക്തത്തിൽ കലരുകയും ചെയ്യുന്നു. 2014-ൽ 662 കേസ്സാണ് പിടിക്കാൻ സാധിച്ചത്. പക്ഷേ 2018 ഫെബ്രുവരി ആയപ്പോഴേയ്ക്കും പിടിക്കപ്പെട്ട കേസ്സുകളുടെ എണ്ണം 12,887 ആയി വർദ്ധിച്ചു. സർക്കാരിനുള്ള വരുമാനവും

വർദ്ധിച്ചിട്ടുണ്ട്. 2014-ൽ 1,92,400/- രൂപയാണ് ഫൈൻ ആയി ലഭിച്ചതെങ്കിൽ 2018 ഫെബ്രുവരി ആയപ്പോഴേയ്ക്കും 25,77,400/- രൂപയാണ് സർക്കാരിന് ലഭിച്ചത്. ഇതിന്റെ വർദ്ധനവ് എത്രമാത്രമുണ്ടെന്നുള്ളത് ഗുരുതരമായ വിഷയമായി നാം കാണേണ്ടതാണ്. ഇക്കാര്യത്തിൽ എക്സൈസ് വകുപ്പ് നല്ല തീരുമാനങ്ങളെടുത്ത് മുന്നോട്ട് പോകുന്നുണ്ടെങ്കിലും ഈ വകുപ്പിനെ കൂടുതൽ ശക്തമാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഈ വിഷയം കൊണ്ടെത്തിക്കുന്നത്. വളരെ എളുപ്പത്തിൽ കിട്ടാനും കൊണ്ടുനടക്കാനുമൊക്കെ സൗകര്യമുള്ള പുതിയൊരു സ്റ്റാമ്പ് ഇറങ്ങിയിട്ടുണ്ട്. ആ സ്റ്റാമ്പ് നക്കിയാൽ മതി. സ്കൂളുകളിലൊക്കെ ഇത് വ്യാപകമാണ്. കുട്ടികളുടെ സ്കൂൾ ബാഗുകളിൽനിന്ന് അദ്ധ്യാപകർ ഇത് പിടിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ കുട്ടികളെ സംരക്ഷിക്കുന്ന നിയമമുണ്ട്. നമ്മൾ വിദ്യാഭ്യാസ അവകാശ സംരക്ഷണ യജ്ഞമൊക്കെ നടത്തുകയാണ്. പക്ഷേ ക്ലാസ്സെടുക്കാൻ സാധിക്കുന്നില്ലെന്നാണ് ഇപ്പോൾ പല അദ്ധ്യാപകരും പറയുന്നത്. കുട്ടികളെ ശാസിച്ചാലുടനെ പുതിയ നിയമം അനുസരിച്ച് അദ്ധ്യാപകരുടെ പേരിൽ കേസ്സെടുക്കാനുള്ള സംവിധാനങ്ങളാണുള്ളത്. എന്റെ നാട്ടിലെ സി.സി. ടി. വി.-യിൽ ഒരു കുട്ടി ഇതുപോലെ ഒരു കാര്യം ചെയ്യുന്നത് അദ്ധ്യാപകന്റെ

ശ്രദ്ധയിൽപ്പെട്ടു. പക്ഷേ ആ അദ്ധ്യാപകന് 15 ദിവസം ജയിലിൽ കിടക്കേണ്ടിവന്നു. ഇങ്ങനെയുള്ള വിഷയങ്ങളുണ്ടെന്നുള്ളത് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഞ്ചാവും മദ്യവുമൊക്കെ സൂക്ഷിക്കാൻ സ്ഥലം ആവശ്യമാണ്. പക്ഷേ സ്റ്റാമ്പും നേരത്തെ പറഞ്ഞ തരത്തിലുള്ള മരുന്നുകളും കണ്ടുപിടിക്കാൻ തന്നെ സാധിക്കില്ല. കേരളത്തിൽ 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 45 ലക്ഷത്തോളമാണെന്നാണ് എക്സൈസ് കമ്മീഷണറുടെ ലേഖനത്തിൽ പറയുന്നത്. ഇതിൽ 70 ശതമാനം കുട്ടികളും ഒരു പ്രാവശ്യമെങ്കിലും ലഹരി ഉപയോഗിച്ചവരാണെന്നാണ് കണക്ക്. കാരണം സ്കൂൾ പ്രായത്തിലാണ് ലഹരി ഉപയോഗിക്കാൻ പഠിക്കുന്നത്. എക്സൈസ്, പോലീസ് എന്നീ വകുപ്പുകൾ വിചാരിച്ചാൽ മാത്രം ഈ മാരകമായ വിപത്തിനെ തടയാനാകില്ല. കാര്യമായ ബോധവൽക്കരണം അനിവാര്യമാണ്.

നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, സർക്കാരിന്റെ നല്ലൊരു പദ്ധതിയാണ് 'വിമുക്തി പദ്ധതി'. ഹരിതകേരളവും ആർദ്രവും വിദ്യാഭ്യാസ സംരക്ഷണ യജ്ഞവും ലൈഫും പോലെ പ്രധാനപ്പെട്ടതാണ് വിമുക്തി പദ്ധതി. നമ്മുടെ സ്കൂളുകളിലൊക്കെ കുടുംബശ്രീയും എക്സൈസ് ഡിപ്പാർട്ടുമെന്റുമൊക്കെ വന്ന് വിമുക്തിയുടെ ക്ലബ്ബുകളൊക്കെ രൂപീകരിച്ച് വളരെ നന്നായി അത്

നടത്തിക്കൊണ്ടിരിക്കുന്നു. ബാറുകളെ സംബന്ധിച്ച് വലിയൊരു ചർച്ചയാണ് ഇവിടെ നടന്നത്. ഈ ഗവൺമെന്റ് പുതിയ അബ്കാരി നയം പ്രഖ്യാപിച്ചിട്ടില്ലെന്ന് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചു. കാരണം ദേശീയ പാതയിൽനിന്നും 500 മീറ്റർ ദൂരപരിധിയിലുള്ള ഷാപ്പുകളൊക്കെ പൂട്ടാനുള്ള ഉത്തരവ് സുപ്രീം കോടതി ഇടയ്ക്ക് കൊടുത്തിരുന്നു. വീണ്ടും സുപ്രീം കോടതി തന്നെ അത് മാറ്റിയെന്നുള്ളതാണ് പ്രശ്നം. സുപ്രീം കോടതി ഇത് നിരോധിച്ചപ്പോൾ അതിനെതിരായി കേരള ഗവൺമെന്റ് അപ്പീൽ പോയിട്ടില്ലെന്നുള്ളത് എടുത്തുപറയേണ്ട ഒരു കാര്യമാണെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

മദ്യത്തെ സംബന്ധിച്ച് ചില ആളുകളൊക്കെ ഇവിടെ സംസാരിക്കുകയുണ്ടായി. 1968-ലാണ് നമ്മുടെ നാട്ടിൽ അബ്കാരി നിയമം പൊളിച്ചെഴുതിയത്. 1968-ൽ ഞാനും ശ്രീ. വി. കെ. സി. മമ്മത് കോയയുമൊക്കെയുള്ള നാട്ടിൽ മദ്യം കുടിക്കാനോ സൂക്ഷിക്കാനോ വിൽക്കാനോ ഉണ്ടാക്കാനോ പാടില്ല. 1968-നുശേഷമാണ് ഞങ്ങളുടെ നാട്ടിൽ ഇതൊക്കെ വന്നത്. 1982-ലാണ് മദ്യം വിൽക്കാനായി ഒരു കോർപ്പറേഷൻ രൂപീകരിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചത്. അതൊക്കെ ആരുടെ

കാലത്താണ് നടന്നതെന്ന് ഈ പറയുന്ന ആളുകൾ ആലോചിച്ചാൽ മതി. അന്ന് ഞാൻ മുസ്ലീം ലീഗിലായിരുന്നു. അന്ന് മന്ത്രിമാരായിരുന്ന പ്രമുഖരായ നേതാക്കന്മാരെ ഞങ്ങൾ വിമർശിച്ചപ്പോൾ അവർ ഞങ്ങളോട് പറഞ്ഞത്, ക്രിസ്ത്യാനികൾക്ക് അവരുടെ ആരാധനയുടെ ഭാഗമാണ്. ചില കാവുകളിൽ കള്ള് ഉപയോഗിക്കുന്നുണ്ട്. അവരുടെ മതത്തിന്റെ കാര്യത്തിൽ നമുക്ക് ഇടപെടേണ്ട. നമ്മൾ കുടിക്കാത്തത് ഖുറാൻ പറഞ്ഞിട്ടാണ്. അല്ലാതെ ഇവിടെ നിയമമുണ്ടായതുകൊണ്ടൊന്നുമല്ല. പക്ഷേ ആ ഖുറാനൊക്കെ തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത്. ഇപ്പോൾ ഇവർക്കെന്താണ് ഇങ്ങനെ മാറ്റമെന്ന് മനസ്സിലാക്കാൻ എനിക്കിപ്പോൾ സാധിക്കുന്നില്ല. അന്നത്തെ ഖുറാൻ തന്നെയാണ് ഇപ്പോഴുമുള്ളത്. അക്കാര്യത്തിൽ ഒരു പ്രശ്നവുമില്ല. അതുകൊണ്ട് ഞാനും ശ്രീ. കെ. എൻ. എ. ഖാദറും ഒക്കെ മദ്യം കുടിക്കാത്തത് ഇവിടെ നിയമം ഉണ്ടാകാത്തതുകൊണ്ടല്ല. അത് ഖുറാൻ പറഞ്ഞിട്ടാണെന്ന് മനസ്സിലാക്കിയാൽ മതി. മാത്രവുമല്ല മുസ്ലീങ്ങൾ നിർബന്ധിച്ച് കുടിക്കാൻ പറയാത്തിടത്തോളം കാലം ഞങ്ങൾക്ക് ഇതിൽ ഇടപെടേണ്ടതില്ലെന്ന് സംസ്ഥാന മുസ്ലീം ലീഗ് സെക്രട്ടറി ഇപ്പോൾത്തന്നെ ഫത്വ പുറപ്പെടുവിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചില സൂപ്പർ മാർക്കറ്റുകളിൽ മദ്യം

വിൽക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചപ്പോൾ അദ്ദേഹം കൊടുത്ത ഒരു ഫത്വ ഇപ്പോൾ മാധ്യമങ്ങളിലും നവമാധ്യമങ്ങളിലും നിറഞ്ഞാടുകയാണ്. അതുകൊണ്ട് ഈ മദ്യത്തിന്റെ വ്യാപനത്തെ ഞാൻ അനുകൂലിക്കുന്നതൊന്നുമില്ല. ഇപ്പോൾ സുപ്രീം കോടതിയുടെ വിധിയാണല്ലോ വിഷയം. അത് നമുക്കെല്ലാവർക്കും അറിയാം. ഈ ഗവൺമെന്റ് മദ്യനയം പ്രഖ്യാപിച്ചിട്ടുമില്ല.

ശ്രീ. എം. വിൻസന്റ്: സർ, 2017 ജൂൺ 8-ാം തീയതി ഈ ഗവൺമെന്റ് മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, അക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയും. മദ്യനയം നടപ്പാക്കാൻ സാധിക്കാതെ വന്നതിന്റെ കാരണം സുപ്രീം കോടതിയുടെ ഇടപെടലും കാര്യവുമാണെന്നാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് അതൊന്നും നടപ്പാക്കാൻ സാധിച്ചിട്ടില്ല.ദൂരത്തിന്റെ വിഷയമാണ് നിങ്ങൾ പറയുന്നതെങ്കിൽ ഇവിടെ കള്ളുഷാപ്പുകളിലും ബാറുകളിലും നിന്നുള്ള ദൂരം 200-ൽ നിന്നും 50 ആക്കി കുറച്ചിട്ടില്ല. നാലും അഞ്ചും സ്റ്റാർ ഹോട്ടലെന്ന് പറഞ്ഞിട്ട് അതിന്റെ മുന്നിൽ ക്യൂ നിൽക്കാൻ കഴിയില്ല. അതിന്റെ ഗേറ്റിനടുത്തേയ്ക്ക് പോകുന്നതുതന്നെ

വാഹനമെടുത്താലേ പോകാൻ സാധിക്കുകയുള്ളൂ. അതൊന്നും ഒരു വലിയ വിഷയമായി കാണേണ്ടതില്ല. അതൊക്കെ നേരത്തെ ഉണ്ടായിരുന്ന ചില കാര്യങ്ങൾ തന്നെയാണ്. നമ്മൾ കള്ളം പറയുന്ന സമയത്ത് ഏതെങ്കിലും ഒരു കാര്യം.... കഴിഞ്ഞ ദിവസം ഈ ചെയ്തതിന്റെ കുറ്റം ഡോ. കെ. ടി. ജലീൽ പകുതി ഏറ്റെടുക്കുമോയെന്ന് ചോദിച്ചു. ചിലപ്പോൾ ഏറ്റെടുക്കേണ്ടി വരും. തിരുവംപറമ്പിൽ നാദാപുരവുമായി ബന്ധപ്പെട്ട് ഒരു വിഷയമുണ്ടായപ്പോൾ, അവിടെ ഒരു നഫീസുവിനെ ബലാൽസംഗം ചെയ്തുവെന്നുപറഞ്ഞുകൊണ്ട് ചില നേതാക്കന്മാർ വന്ന് ഞങ്ങളോട് അവിടെ പ്രസംഗിക്കാൻ നിൽക്കുമ്പോൾ, തിരുവംപറമ്പിൽ പായയിൽ നിന്ന് നേരിട്ട് എണീറ്റ് വരികയാണെന്ന് തോന്നുന്ന രീതിയിലാണ് വിയർത്തുകുളിച്ച് അവർ സംസാരിച്ചത്. വിശ്വസിച്ച് പ്രസംഗിച്ചു പോയിട്ടുള്ള ആളുകളാണ്. അതിൽ മാപ്പ് ചോദിക്കുന്നതിൽ തെറ്റൊന്നുമില്ല. ഞാനും അന്ന് പ്രസംഗിച്ച ആളാണ്. അതിന്റെ കൂടെ ഒരു നിസ്കാര പായ കൂടിയുണ്ടാക്കി. ബലാൽസംഗം മാത്രമല്ല അത് നിസ്കാരപായയിൽ നിന്നാണ് എന്നുള്ള ഒരു വെർഷൻ ഉണ്ടാക്കി എന്നുമാത്രമല്ല, അതും പോരാഞ്ഞിട്ട് നഫീസുവിന് ഒരു കുട്ടി ഉണ്ടായിരുന്നു ആ കുട്ടിക്ക് അന്ന് വയസ്സ് നാലാണ് ഞങ്ങൾ അത് 8 ആക്കി. എന്നിട്ട് എട്ടും പൊട്ടും തിരിയാത്ത

8 വയസ്സുകാരിയെ ബലാൽസംഗം ചെയ്തുവെന്നുള്ള രൂപത്തിലുള്ള വിഷയങ്ങളൊക്കെയാണ് അന്ന് പറഞ്ഞത്.

ശ്രീ. സി. കെ. നാണു: സർ, ഞാൻ മന്ത്രിയായിരുന്ന അവസരത്തിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ. കെ. നായനാർ, അദ്ദേഹം കെ. ഇ. ഇസ്മയിൽ മിനിസ്റ്ററോടും എന്നോടും അവിടെ നേരിട്ടുപോയി ഈ കാര്യം സംസാരിക്കാൻ പറഞ്ഞു. ഞങ്ങൾ അവരോട് അതിനെപ്പറ്റി ചോദിച്ചപ്പോൾ അവർ പറയുകയാണ് ഞാൻ എടുത്തുകൊണ്ടു നടന്ന ചെറുക്കനാണ് അത്. അവൻ എന്നോട് അങ്ങനെ പെരുമാറുമോ? സത്യമായി ഞാൻ പറയുകയാണ്, ഞങ്ങൾ രണ്ടുപേരും അവരുടെ മുറിയിലിരുന്ന് പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഞങ്ങളോട് ആ പ്രശ്നം മധ്യസ്ഥമാക്കാൻ പറയണമെന്ന് പറഞ്ഞു. എനിക്ക് തോന്നുന്നത്, പിന്നീട് പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് നിയമസഭയിൽ അത്തരമൊരു പരാമർശം വന്നപ്പോൾ കുഴപ്പമുണ്ടായ രൂപത്തിൽ അദ്ദേഹവും അവിടെയെത്തി സംസാരിച്ചു. ഞാൻ എവിടെയെങ്കിലും മീറ്റിംഗിന് ചെല്ലുമ്പോൾ 'ദാ വടകരക്കാരൻ വരുന്നു'. ഇതിനെ സംബന്ധിച്ച് വിശദീകരിക്കും. അങ്ങനെ എന്നെയും ഭ്രാന്തനാക്കിയ തെറ്റായ ഒരു കാര്യമായിരുന്നു അത്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, അത് പറഞ്ഞ് ഫലിപ്പിച്ചതിന്റെ ഫലമായി ഒരാളെ ബസ്സ്റ്റാൻഡിലിട്ട് നിഷ്ഠുരണം വെട്ടിക്കൊന്നുവെന്നാണ് പറയുന്നത്. ജലീൽ പറഞ്ഞ ആ കൊലപാതകം 44-ൽ പെടും. അതിനു പുറമെ വേറെയുണ്ട്, വയനാട്ടിലെ കുട്ടാപ്പു. 45 ഉണ്ട്; ആ വിഷയത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. ന്യൂനപക്ഷങ്ങൾക്കുവേണ്ടി ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ലായെന്ന് ഇവിടെ സൂചിപ്പിച്ചല്ലോ? അതിന് സമയമില്ലാത്തതുകൊണ്ട് ഞാൻ ഇതുംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്.

കഴിഞ്ഞ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത്, ഈ രാജ്യത്ത് ഏറ്റവും കൂടുതൽ ഓർഫനേജുകൾ നടത്തുന്നത് ക്രിസ്ത്യാനികളും മുസ്ലീംങ്ങളുമാണ്. ഇവിടെ ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടാണ് ഈ സ്ഥാപനങ്ങളൊക്കെ നടത്തുന്നത്. എന്നാൽ കേന്ദ്രം ഒരു ജുവനൈൽ ജസ്റ്റിസ് ആക്ട് കൊണ്ടുവന്നു. ഇത് ഓർഫനേജുകൾ നടത്തിക്കൊണ്ടുപോകുന്നതിന് വലിയ പ്രയാസം സൃഷ്ടിച്ചുവെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് ബഹുമാന്യയായ ശ്രീമതി ടീച്ചർ ആ വകുപ്പ് കൈകാര്യം ചെയ്യുന്ന അവസരത്തിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളൊന്നും ജുവനൈൽ ജസ്റ്റിസ്

ആക്ടിന്റെ പരിധിയിൽ വരുന്നതല്ലായെന്നുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഓർഫനേജുകൾ നടന്നുവന്നത്. കഴിഞ്ഞ പ്രാവശ്യം ഡോ. എം. കെ. മുനീർ ആ വകുപ്പുമന്ത്രിയായിരുന്ന കാലത്തുണ്ടായിട്ടുള്ള വിഷയങ്ങൾ പ്രത്യേകിച്ച് പറയേണ്ടതില്ല, അദ്ദേഹം ആ ഉത്തരവ് കാൻസൽ ചെയ്തതുകൊണ്ട് ഇപ്പോൾ ഓർഫനേജുകൾ നടത്താൻ സാധിക്കാത്ത ഒരു സാഹചര്യമുണ്ടായിട്ടുണ്ട്. സുപ്രീംകോടതിയിൽ നിന്നും ഹൈക്കോടതിയിൽ നിന്നുമൊക്കെ മോശമായ വിധികളുണ്ടായി അന്നത്തെ ഗവൺമെന്റ് അതിന് അനുകൂലമായ ഒരു നയം സ്വീകരിച്ചതുകൊണ്ടാണ് അത്തരമൊരു പ്രശ്നം ഓർഫനേജിലൊക്കെ ഉണ്ടായത്. ഇപ്പോൾ ഈ ഗവൺമെന്റ് സുപ്രീംകോടതിയിലും ഹൈക്കോടതിയിലും വളരെ ശരിയായ രീതിയിലുള്ള ഒരു നയസമീപനം സ്വീകരിച്ചുവെന്നുള്ളതുകാണ്ട് ഹൈക്കോടതിയിൽ നിന്നും ഓർഫനേജുകൾ നടത്തിക്കൊണ്ടുപോകുന്നതിനുള്ള ഉത്തരവ് കിട്ടിയിട്ടുണ്ട്. പഴയ ഗവൺമെന്റിന്റെ നിലപാടിന് എതിരായിട്ടുപോലും ഈ ഗവൺമെന്റ് അതിന് അപ്പീലിന് പോയിട്ടില്ല. അപ്പീലിന് പോയില്ലായെന്നുമാത്രമല്ല സുപ്രീംകോടതിയിൽ ഈ കേസ് സംബന്ധിച്ച് വാദപ്രതിവാദം വന്നപ്പോൾ കേരള ഗവൺമെന്റ് എടുത്തിട്ടുള്ള ഒരു നിലപാട് സമസ്തകേരള ജമിയ്യത്തുൽ

ഉലമ കൊടുത്തിട്ടുള്ള കേസ്സിന് അനുകൂലമായിട്ടുള്ള ഒരു നിലപാടാണ്. സമസ്തകേരള ജമിയ്യത്തുൽ ഉലമ നിങ്ങൾക്കറിയാമല്ലോ; അത് ലീഗിന്റെ ഒരു ഭാഗം തന്നെയാണോ അല്ലയോ എന്നുള്ളത് ഇവിടെ ചർച്ച ചെയ്യേണ്ട. അങ്ങനെയൊരു നിലപാട് സുപ്രീംകോടതിയിൽ എടുക്കാൻ ശ്രീ. പിണറായി വിജയൻ എടുത്തിട്ടുള്ള സ്റ്റെയിൻ എത്രയാണെന്ന് വളരെ വ്യക്തമായിട്ട് പറയാൻ കഴിയും. ഞാനും ശ്രീ. കെ. എൻ. എ. ഖാദറുമൊക്കെ ആ കമ്മിറ്റിയിലുള്ള ആളുകളാണ്. അതുകൊണ്ട് ഈ ഗവൺമെന്റ് ന്യൂനപക്ഷങ്ങളോട് ഏത് രീതിയിൽ പെരുമാറുന്നുണ്ടെന്നറിയാൻ ഈ ഒരൊറ്റ കാര്യം മതിയെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. രണ്ടുവർഷമായി അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ സംബന്ധിച്ച് അപ്പുറത്തിരിക്കുന്ന ആളുകൾ ചില കാര്യങ്ങൾ സൂചിപ്പിച്ചു. പ്രധാനമായി പറഞ്ഞിരിക്കുന്നത് പൊതുവായ വികസനങ്ങളാണ്. ഞാൻ ഈ പദ്ധതികളൊക്കെ എടുത്ത് പരിശോധിച്ചപ്പോൾ കാണാൻ കഴിഞ്ഞത് ഹാംലെറ്റ് പദ്ധതി, യു.ഡി.എഫ്.

ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന ഒരു പദ്ധതിയാണ്. പുതിയ പദ്ധതിയെന്ന് പറഞ്ഞ് അംബേദ്കറുടെ പേരിട്ടു; അത് സ്വാഗതാർഹമാണ്. അദ്ദേഹത്തിന്റെ പേരിൽ ഒരു പുതിയ പദ്ധതി നടപ്പാക്കാൻ കഴിയുന്നില്ലായെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇത്തരം പദ്ധതികൾ കുറച്ചുകൂടി ദീർഘവീക്ഷണത്തോടുകൂടി നടപ്പാക്കാനുള്ള ഒരു സാഹചര്യമാണുണ്ടായത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സംബന്ധമായ കാര്യങ്ങൾ പറഞ്ഞു. കൊഴിഞ്ഞുപോക്ക് തടയുന്നതിനും അവരെ സ്കൂളുകളിലേയ്ക്ക് എത്തിക്കുന്നതിനുമുള്ള ഗോത്രസാരഥി പദ്ധതി യു.ഡി.എഫ്. സർക്കാർ നടപ്പാക്കിയ പദ്ധതിയാണ്. ആ പദ്ധതിയെക്കുറിച്ച് ഒരു വിലയിരുത്തൽ ആവശ്യമാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ഏറ്റെടുത്തിട്ടുള്ള പല വിദ്യാലയങ്ങളും ഇന്ന് നിലവിൽ ഒഴിവായി എന്നുള്ള പരാതികൾ വ്യാപകമായി വന്നുകൊണ്ടിരിക്കുകയാണ്. ആ പദ്ധതി കുറച്ചുകൂടി കാര്യക്ഷമമായി നടപ്പാക്കണമെന്നുള്ളത് യാഥാർത്ഥ്യമാണ്.

കഴിഞ്ഞ ദിവസം വയനാട്ടിലെ കവിത എന്നുപറയുന്ന സഹോദരി കെ.എസ്.ആർ.ടി.സി. ബസ്സിൽ പ്രസവിക്കാനിടയായി. അവരെയൊക്കെ

സംരക്ഷിക്കുന്നതിനുവേണ്ടിയാണ് 'ജനനി ജന്മരക്ഷാ പദ്ധതി' സംസ്ഥാന സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഈ പദ്ധതിയിൽ കാതലായ മാറ്റങ്ങളുണ്ടാക്കിയെടുക്കുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തിറക്കിയ ഉത്തരവനുസരിച്ച് മാത്രമാണ് മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ ശ്രദ്ധ ചെലുത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. എ.ടി.എസ്. പദ്ധതി അനുസരിച്ച് നിരവധി വീടുകൾ അനുവദിച്ചു. ഈ വീടുകളുടെ പണി പൂർത്തീകരിക്കാൻ കഴിയുന്നില്ല. കാരണം വയനാട് ജില്ലയിൽ ടി.എസ്.ബി. അക്കൗണ്ടിലുള്ള മുഴുവൻ തുകയും ഗവൺമെന്റ് പിൻവലിച്ചെന്ന് കേൾക്കുന്നു. അത് തിരിച്ചുകൊടുത്തിട്ടുണ്ടോ; കൊടുത്താൽ മാത്രമേ അവർക്ക് ആവശ്യമായ ഗഡു കൊടുത്തുകൊണ്ട് മാർച്ച് 31-ന് മുമ്പ് ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയൂ. കഴിഞ്ഞകാലങ്ങളിലൊന്നും ഈ പ്രവണത വയനാട് ജില്ലയിൽ മാത്രമല്ല മറ്റു ജില്ലകളിലൊന്നും ഉണ്ടായിട്ടില്ല.

ഇവിടെ പഠനമുറികളുടെ കാര്യം സൂചിപ്പിച്ചു. എന്റെ പ്രിയ സുഹൃത്ത് ശ്രീ. ആർ. രാജേഷ് പറഞ്ഞത് ഏതാണ്ട് 5000 പഠനമുറികൾ കേരളത്തിൽ നടപ്പാക്കാൻ പോകുന്നുവെന്നാണ്. ഇവിടെ 100 പഠനമുറികൾ പ്രഖ്യാപിച്ചു.

അതിൽ 45 പഠനമുറികൾ നടപ്പാക്കി. നടപ്പാക്കിയ പഠനമുറികളുടെ സ്ഥിതിയെന്താണ്? കമ്പ്യൂട്ടറും ലാപ് ടോപ്പും ഉൾപ്പെടെയുള്ള എല്ലാ ഉപകരണങ്ങളും വാങ്ങി ഒരു റൂമിലിട്ട് പൂട്ടിയിരിക്കുകയാണ് ചെയ്യുന്നത്. മാത്രമല്ല, എന്റെ മണ്ഡലമായ സുൽത്താൻ ബത്തേരിയിൽ 9 പഠനമുറികൾ അനുവദിച്ചു. ഈ നിമിഷംവരെ അതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ കാര്യങ്ങളൊക്കെ ഉന്നയിച്ചുകൊണ്ടാണ് പല പദ്ധതികളും ഇവിടെ നടപ്പാക്കുന്നതെന്നാണ് പ്രതിപാദിച്ചു കൊണ്ടിരിക്കുന്നത്. അതോടൊപ്പംതന്നെ 'ഗോത്രബന്ധു' പദ്ധതി, മെന്റർ ടീച്ചർമാരുടെ നിയമനം, അത് സ്വാഗതാർഹമാണ്. 241 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ കൊടുത്തു. എന്നാൽ അവർക്കാവശ്യമായ പരിശീലനങ്ങളോ സംരക്ഷണങ്ങളോ ഒന്നുമില്ല. ഇനി അവരുടെ ഭാവി എന്തെന്ന് ചിന്തിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ബഡ്ജറ്റിൽ പോലും അത് പ്രതിപാദിക്കാൻ കഴിഞ്ഞിട്ടില്ല. പി. കെ. കാളൻ പട്ടികവർഗ്ഗ മേഖലയിലെ ഒരു യോദ്ധാവായിരുന്നു. അദ്ദേഹം വയനാട് ജില്ലയിലെ ഒരു കറതീർന്ന രാഷ്ട്രീയ നേതാവായിരുന്നു, കലാകാരനായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ കുടുംബക്ഷേമ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചതല്ലാതെ എവിടെയാണ് ഇംപ്ലിമെന്റ് ചെയ്തത്? എവിടെയും ഈ

പദ്ധതി ഇംപ്ലിമെന്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങുന്ന ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിയിരിക്കുകയാണ്.

സംസ്ഥാനത്ത് ഒരു ആദിവാസി നയം കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇവിടെ ഒരു സബ്മിഷൻ ശ്രീ. പി. ടി. തോമസ് ഉന്നയിച്ചു. ഒരു നയം പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകണം. പട്ടികവർഗ്ഗക്കാരുടെ നേരെയുള്ള അതിക്രമങ്ങളും അക്രമങ്ങളും കൂടിവരികയാണ്. ഇവിടെ സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ കാര്യങ്ങൾ പറഞ്ഞു. ലീഡറായിരുന്ന കെ. കരുണാകരൻ കൊണ്ടുവന്ന ഒരു നിയമസംവിധാനമാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാൻ ഓർക്കുന്നു, ബഹുമാന്യനായ പ്രതിപക്ഷനേതാവ് അന്ന് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള കോളനികൾ സന്ദർശിച്ചു. ആ സന്ദർശനം കഴിഞ്ഞതിനുശേഷം പട്ടികവർഗ്ഗക്കാരായ, വനത്തിനുള്ളിൽ കഴിയുന്ന ഉദ്യോഗാർത്ഥികളെ പോലീസ് ഉദ്യോഗസ്ഥന്മാരായി നിയമിക്കുമെന്ന് അദ്ദേഹം ഈ സഭയിൽ പ്രസ്താവിച്ചു. അത് ഈ ഗവൺമെന്റിന്റെ തുടർപദ്ധതിയായി നടപ്പാക്കുന്നു; സ്വാഗതാർഹമാണ്. അത് കുറച്ചുകൂടി കാര്യക്ഷമമാക്കി ഒരു കുടുംബത്തിൽ

ഒരാൾക്കെങ്കിലും തൊഴിൽ കൊടുക്കുന്ന സംവിധാനം സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊരു കാര്യം അതിക്രമങ്ങളാണ്. കഴിഞ്ഞ ദിവസം ശ്രീ. എം.വിൻസെന്റിന്റെ ചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞത് കേരളത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം 2111 അതിക്രമങ്ങൾക്കെതിരെ കേസ് എടുത്തിട്ടുണ്ടെന്നും രണ്ടുപേരെ ശിക്ഷിച്ചിട്ടുണ്ടെന്നുമാണ്. അട്ടപ്പാടി കടുകമണ്ണ കോളനിയിലാണ് മധുവിന്റെ ജന്മസ്ഥലം. ജീവിത സുരക്ഷിതത്വം നോക്കി മധു വനത്തിലെ ഒരു ഗുഹയിൽ താമസിച്ചു. വർഷങ്ങളായി മധു ആ ഗുഹയിലാണ് താമസിച്ചിരുന്നത്. അങ്ങനെ ഗുഹയിൽ താമസിച്ചിരുന്ന മധുവിനെ ഒറ്റി കൊടുത്തതാര്; അങ്ങനെ ഒറ്റി കൊടുത്തതിന്റെ പേരിലാണ് ഒരുപറ്റം ജനങ്ങൾ അവിടെ ചെന്ന് മധുവിനെ പിടികൂടുകയും മർദ്ദിക്കുകയും ചെയ്തത്. മധുവിനെ ഒറ്റികൊടുത്ത ഉത്തവാദിത്തപ്പെട്ട ഫോറസ്റ്റ് ഉദ്യോഗസ്ഥന്റെ പേരിൽ ഇന്നും നടപടി സ്വീകരിച്ചിട്ടില്ല. മധുവിനെ വാഹനത്തിൽ കയറ്റി പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. മധുവിനെ പോലീസ് എങ്ങനെയാണ് സ്വീകരിച്ചതെന്നതുപോലും സ്ഥിതീകരിക്കാൻ കഴിയാത്തൊരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അങ്ങനെയുള്ള നിരവധി അക്രമങ്ങൾക്ക് ഇന്ന് പട്ടികവർഗ്ഗക്കാർ ഇരയാകുകയാണ്. രണ്ടു ദിവസം മുമ്പ് ഇതുപോലൊരു അക്രമം

നടന്നു. എന്റെ നിയോജകമണ്ഡലത്തിലെ കന്നാരംപുഴയിൽ മുള്ളംകൊല്ലി പഞ്ചായത്തിൽ വിനോദ്, നാരായണന്റെ മകൻ, കന്നാരംപുഴയിൽ കുളിക്കാൻ പോയപ്പോൾ ഫോറസ്റ്റ് ഉദ്യോഗസ്ഥർ അദ്ദേഹത്തെ ഭീഷണിപ്പെടുത്തി. എന്തോ സംഘർഷമുണ്ടായി. മനോവീര്യം തകർന്ന ആ യുവാവ് ആത്മഹത്യ ചെയ്യുകയാണ് ചെയ്തത്. ഇങ്ങനെ നിരവധി സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുമ്പോൾ അതൊന്നും കാണാതെ ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ കഴിയുന്നില്ല. രാഷ്ട്രീയം നോക്കാതെ കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയണം. പോലീസ് ഉദ്യോഗസ്ഥരെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണം. അതൊന്നും അനുവദിക്കാതെ പട്ടികവർഗ്ഗ മേഖലയിൽ ഇന്നും ചൂഷണം നടക്കുന്നു. രണ്ട് വർഷമായിട്ടും ഈ ഗവൺമെന്റിന് പട്ടികവർഗ്ഗ മേഖലയിൽ കാര്യക്ഷമതയോടുകൂടി ഒരു പദ്ധതിയും നടപ്പാക്കാൻ കഴിയുന്നില്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന പദ്ധതികൾ അങ്ങോട്ടും ഇങ്ങോട്ടും മറിച്ച് വികസനങ്ങൾ നടത്തുന്നുവെന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, VIII, XXIV, XXV എന്നീ നമ്പർ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. രണ്ട് ബഹുമാനപ്പെട്ട മന്ത്രിമാരാണ് ഈ വകുപ്പുകൾ കൈകാര്യം ചെയ്യുന്നത്. രണ്ടുപേരും കോഴിക്കോട്ടുകാരാണ്. അതിൽ ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലൻ നാദാപുരം മണ്ഡലത്തിലും ശ്രീ. റ്റി. പി. രാമകൃഷ്ണൻ അയൽ മണ്ഡലത്തിലുമാണ്. ഗോത്രവർഗ്ഗത്തിലെ ടി.ടി.സി., ബി.എഡ്. പാസ്സായ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും തൊഴിൽ നൽകുന്ന നിലപാട് സ്വീകരിച്ച് തൊഴിൽ നൽകിക്കഴിഞ്ഞിരിക്കുകയാണ്. വയനാട് ജില്ലയിലാണ് അത് സാധ്യമായത്. ഗോത്രവർഗ്ഗത്തിൽപ്പെട്ട നവജാത പെൺകുഞ്ഞുങ്ങൾക്ക് 16 വയസ്സ് പൂർത്തിയാകുമ്പോൾ 3 ലക്ഷം രൂപ ലഭിക്കുന്ന ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് തുക അനുവദിക്കുന്നുവെന്ന് നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പട്ടികവർഗ്ഗ കോളനികളിൽ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് കമ്മ്യൂണിറ്റി സ്റ്റഡി റൂം നിർമ്മിക്കാൻ 5 ലക്ഷം രൂപ നൽകുന്ന നടപടിയും സ്വീകരിച്ചിരിക്കുകയാണ്. പട്ടിവർഗ്ഗ യുവതി/യുവാക്കൾക്ക് വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ നൈപുണ്യ പരിശീലനം നൽകി തൊഴിലേകാനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. വിദേശത്തുള്ള വ്യവസായികളെ മലയാളികളുമായി

ബന്ധപ്പെടുത്തി വിദേശത്ത് തൊഴിലവസരം സൃഷ്ടിച്ചുകൊണ്ട്, ജീവിതശൈലിയിൽതന്നെ മാറ്റം വരുത്തുന്ന നിലയിൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇതിനകം 650 പേരേ ഗൾഫിലേയ്ക്ക് അയയ്ക്കാനും അവരുടെ യാത്രയ്ക്ക് ഗവൺമെന്റ്/വകുപ്പ് ഒരു ലക്ഷം രൂപ നൽകുവാനും തീരുമാനിച്ചുവെന്നതും ശ്രദ്ധേയമായ കാര്യമാണ്. ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹ്യ പ്രശ്നങ്ങളെല്ലാം പരിഹരിക്കാനുള്ള ഗോത്ര രശ്മി പദ്ധതി, ലഹരി രഹിത ഗോത്രം സൃഷ്ടിക്കുക എന്നിവയുൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി ഉയർന്നുവരുന്നത്. നമ്മുടെ പൊതുസമൂഹമാകെ ആലോചിക്കേണ്ടൊരു പ്രശ്നമാണിത്. ലഹരി ഉപയോഗത്തിലേയ്ക്ക് വഴി തെറ്റിക്കുന്ന ശ്രമം നടത്തുന്നവരെ (രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രതിനിധികളാകാം, വിവിധ മേഖലകളിലുള്ള പ്രതിനിധികളാകാം) ഒറ്റപ്പെടുത്തുമെന്നൊരു തീരുമാനം കൈക്കൊള്ളാൻ പൊതു സമൂഹം തയ്യാറാകേണ്ടതുണ്ട്. എങ്കിൽ മാത്രമേ അതിനൊരു ശാശ്വത പരിഹാരമുണ്ടാക്കിയെടുക്കാൻ സാധിക്കുകയുള്ളൂ.

പട്ടികജാതി വികസന വകുപ്പ് തൊഴിൽദാന പദ്ധതികളുമായി സജീവമായി മുന്നോട്ടുവരുന്നതായാണ് കാണാൻ കഴിയുന്നത്. ആയുർവേദം, സ്പോർട്സ് ഫിസിയോതെറാപ്പി, അക്കൗണ്ടിംഗ് തുടങ്ങിയ മേഖലകളിൽ പട്ടികജാതി

വിഭാഗത്തിലുള്ളവർക്ക് തൊഴിൽ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുകയാണ്. ആയുർവ്വേദ നഴ്സിംഗ്, ഫാർമസി, പഞ്ചകർമ്മ തുടങ്ങിയ വിഭാഗങ്ങളിൽ സൗജന്യ കോഴ്സുകൾ നൽകുവാനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. ആദിവാസികൾക്കുള്ള സമഗ്ര സാക്ഷരത പദ്ധതിയുടെ ഭാഗമായി വിദ്യാകേന്ദ്രങ്ങൾ ആരംഭിക്കുകയാണ്. ആദിവാസി യുവതി-യുവാക്കൾക്ക് കായികശേഷിയിൽ ഇളവ് നൽകി പി.എസ്.സി. ഇന്റർവ്യൂ മാത്രം നടത്തി സിവിൽ പോലീസ് ഓഫീസർമാർ, എക്സൈസ് ഓഫീസർമാർ എന്നീ തസ്തികകളിൽ നിയമിക്കുന്നു. ഇതൊരു പുതിയ സമീപനമാണ്. ഈ ഗവൺമെന്റ് ആദിവാസി മേഖലകളുമായി ബന്ധപ്പെട്ടെടുക്കുന്ന നിലപാടുകളിൽ വന്ന മാറ്റമാണ് ഇത് കാണിക്കുന്നത്. തീർച്ചയായും അത്തരമൊരു നില സ്വീകരിച്ചാൽ മാത്രമേ ഇതിന് പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. ഇന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് നടത്തിയ പ്രസ്താവന ഏറെ ശ്രദ്ധേയമാണ്. സ്വാതന്ത്ര്യാനന്തരം പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിവിധ മേഖലകളെടുത്ത് പരിശോധിച്ചാൽ വിവിധങ്ങളായ പദ്ധതികൾ ഇനിയും പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്ന കാഴ്ചപ്പാടിന്റെ ഭാഗമായി, പ്രത്യേക റിക്രൂട്ട്മെന്റ് സംവിധാനത്തിലൂടെ അതിന് ശാശ്വത പരിഹാരം ഉണ്ടാക്കിയെടുക്കാൻ കേരളം തുനിയുന്നുവെന്ന കാര്യമാണ്

മുഖ്യമന്ത്രി ഇന്ന് രാവിലെ ഇവിടെ സൂചിപ്പിക്കുകയുണ്ടായത്. അതിന് സഹായകരമായ രീതിയിലുള്ള നിലപാടുകൾ സ്വീകരിച്ചുകൊണ്ടാണ് വകുപ്പ് മുന്നോട്ടുപോകുന്നത്. ഈ മാസം പോലീസ്, എക്സൈസ് മേഖലകളിൽ 200 പേർക്ക് നിയമനം നൽകുകയാണ്. തുടർന്ന് ഈ പ്രോസസ്സ് ആരംഭിക്കുന്ന മുറയ്ക്ക് ആ മേഖലകളിലെ ആനുപാതിക പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയും. മാത്രമല്ല പുതിയ തലമുറയ്ക്ക് പഠിക്കണമെന്ന തോന്നൽ ഉണ്ടാക്കാനുള്ള സമീപനവും കൂടി ഇതിന്റെ ഭാഗമായി ഉയർന്നുവരികയാണ്. ഇത്തരം ആളുകൾ കുടുംബങ്ങളിലേയ്ക്ക് വരുന്ന മുറയ്ക്ക് അവരുടെ സഹോദരി/സഹോദരന്മാർക്ക് പഠിക്കണമെന്ന ഉൾക്കാഴ്ച ഉയർത്തിക്കൊണ്ടുവന്ന് ആ മേഖലയെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടക്കുന്നത്. അതോടൊപ്പം ഭവന പദ്ധതി, വരാൻ പോകുന്ന മൂന്ന് വർഷം കൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിലെ വീടില്ലാത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സമീപനങ്ങളുമായി മുന്നോട്ട് പോയിരിക്കുകയാണ്. ഗോത്ര വാൽസല്യ നിധി അംഗീകാരം എൽ.ഐ.സി. യുമായി ചേർന്ന് നടപ്പിലാക്കുന്നതിനെക്കുറിച്ച് നേരത്തെ സൂചിപ്പിക്കുയുണ്ടായി. ആ പദ്ധതി ഏറെ സ്വാഗതാർഹമാണ്. തീർച്ചയായും ആ മേഖലയുടെ ഒട്ടേറെ പ്രശ്നങ്ങൾക്ക് സഹായകരമായ നിലപാടാണ് അതിന്റെ ഭാഗമായി സ്വീകരിക്കുന്നത്.

2017-18 വർഷത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ മികച്ച നേട്ടമാണ് ഉണ്ടാക്കിയത്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുകൊണ്ട് അതിന്റെ മറ്റുവിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സാംസ്കാരിക രംഗത്ത്, അവരുടെ തനത് കലകൾ പ്രോൽസാഹിപ്പിക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ടാണ് 'ഗദ്ദിക' പരിപാടി വളരെ വിജയകരമായി നടക്കുന്നത്. കഴിഞ്ഞ വർഷം ഇത് നടന്നത് നാദാപുരം മണ്ഡലത്തിലെ വളയത്ത് ആയിരുന്നു. ഇതുവരെ നടന്നതിൽ വച്ച് ഏറ്റവും വലിയ ജനകീയ പങ്കാളിത്തമാണ് അവിടെ ഉണ്ടായതെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ സൂചിപ്പിക്കുകയുണ്ടായി. ഈ വർഷം അത് പൊന്നാനിയിൽ നടന്നു. ആദിവാസി കുടുംബങ്ങളോടൊപ്പം ബഹുമാനപ്പെട്ട മന്ത്രിയും ഞാനും കൂടി പങ്കെടുത്തുകൊണ്ടാണ് ഈ വർഷത്തെ ഓണം പരിപാടി നടത്തിയത്. അവിടെയുള്ള എല്ലാവരും അതിനെക്കുറിച്ച് ഏറെ സന്തോഷത്തോടെ പറയുകയും ഇത് സ്ഥിരമായി നടത്തണമെന്നും ഞങ്ങളുടെ പുതിയ തലമുറയെ അതിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമത്തിന് സഹായകരമാണെന്ന നിർദ്ദേശവും ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ വയ്ക്കുകയുണ്ടായി.

തൊഴിലില്ലായ്മ പരിഹരിക്കാൻ പുതിയ സംരംഭവുമായി തൊഴിൽവകുപ്പ് വരികയാണ്. മാനവവിഭവശേഷി പരിശീലന രംഗത്ത് പുതിയ സംരംഭങ്ങളുമായി

തൊഴിൽ വകുപ്പ് മുന്നേറുന്നു. പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിലുറപ്പുനൽകി തൊഴിൽ നൈപുണ്യ മേഖലയിൽ പുത്തൻ കാൽവയ്പ്പുകൾക്കൊരുങ്ങിയത് ഏറെ അഭിനന്ദനാർഹമായ കാര്യമാണ്. ഇതര സംസ്ഥാന തൊഴിലാളികളെ നമ്മൾ അതിഥികളായി കാണുന്നു, അത് നമ്മുടെ പാരമ്പര്യവുമാണ്. ഇവിടെ കടന്നുവന്നവരെ അതിഥികളായി സ്വീകരിക്കുന്ന പാരമ്പര്യം നമുക്കുണ്ട്. ആ നിലയിലേയ്ക്ക് അവരെ കൊണ്ടുവരാനാണ് ബന്ധപ്പെട്ട വകുപ്പും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും സമീപനം കൈക്കൊണ്ടിട്ടുള്ളത്. 5 ലക്ഷം അംഗങ്ങളുടെ ആദ്യവർഷത്തെ പ്രീമിയം ഗവൺമെന്റ് നേരിട്ട് അടയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അവർ അതിഥികളല്ല, നമ്മുടെ സഹോദരന്മാരാണെന്ന് കണ്ടുകൊണ്ട് മാതൃകാപരമായ നടപടിയാണ് ഇതിലൂടെ വകുപ്പ് സ്വീകരിക്കുന്നത്. 'ചങ്ങാതി' അതിഥികൾക്ക് മലയാളം പഠിപ്പിക്കാനുള്ള പദ്ധതിയാണിത്. അവരെ മലയാളം പഠിപ്പിക്കുന്ന മുറയ്ക്ക് നമുക്ക് ഹിന്ദിയും ബംഗാളിയും പഠിക്കാനുള്ള അവസരം കൂടിയാണ് കേരളത്തിനുണ്ടാകുന്നത്. ബാർബർ ഷോപ്പിലായാലും ചായക്കടയിലായാലും മറ്റ് ഇതര മേഖലകളിലായാലും നിർമ്മാണ മേഖലകളിലായാലും അവരുമായി ഇടപഴകുന്നത് ഭാഷ പഠിക്കാൻ സഹായിക്കും. രാഷ്ട്രഭാഷയാണെങ്കിലും ഹിന്ദി പഠിക്കാത്തവരാണ് നമ്മളിൽ ഏറെ പേരും,

അവരിൽ നിന്നും നാം ഹിന്ദിയും പഠിക്കുകയാണ്. ഇതര സംസ്ഥാനക്കാർക്കുള്ള അപ്നാ ഘർ പദ്ധതി അതിന്റെ മാതൃകയാണ്. മൊത്തം എത്രപേരുണ്ടെന്ന് ചോദിച്ചാൽ ഏകദേശം 25 ലക്ഷം പേരുണ്ടെന്നാണ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണക്ക്. യഥാർത്ഥത്തിൽ ഇവരുടെ എണ്ണം അതിനേക്കാൾ കൂടുതലായിരിക്കും. ആവാസ് പദ്ധതിയിലൂടെ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമമാണ് നടത്തുന്നത്.

ഗൗരവമേറിയ ഒരു പ്രശ്നം ലഹരിയുമായി, മദ്യവുമായി ബന്ധപ്പെട്ട പ്രശ്നമാണ്. അതിൽ നിന്നും മോചിതമാകാനുള്ള 'വിമുക്തി' പദ്ധതി വളരെ വിജയകരമായാണ് കേരളത്തിൽ നടക്കുന്നത്. വലിയ തോതിൽ മയക്കുമരുന്നുകളും മറ്റ് ലഹരി വസ്തുക്കളും കടന്നുവരുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത് എന്ന് തിരിച്ചറിഞ്ഞത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. ലക്ഷക്കണക്കിന് കേസുകളാണ് പിടിക്കുന്നത്. അതിൽ കോടികളുടെ ലഹരിവസ്തുക്കളാണ് പിടിക്കപ്പെടുന്നത്. എക്സ്സൈസ് വകുപ്പ് നിതാന്തജാഗ്രതയോടെ നിന്നുകൊണ്ട് എല്ലാ ജില്ലകളിലും അതിന്റെ പ്രവർത്തനം നടത്തിയതിന്റെ ഭാഗമായി, വലിയതോതിലാണ് സ്വദേശത്ത് നിന്ന് വിദേശത്ത് പോകുന്ന ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുന്നത്. അതിന്

സഹായകരമായ നിലപാടാണ് വിമുക്തി പദ്ധതിയിലൂടെ ആവിഷ്കരിച്ചത്. വാർഡുതലത്തിൽ അത്തരം പ്രവൃത്തികൾ ആരംഭിച്ചിരിക്കുകയാണ്. വാർഡ്തലത്തിൽ, സ്കൂൾ തലത്തിൽ എത്രയോ പദ്ധതികളിലാണ് എം.എൽ.എ.മാർ പങ്കെടുക്കുന്നത്. ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നയമെന്ന നിലയ്ക്ക് മദ്യവർജ്ജനത്തിലേയ്ക്ക് ജനങ്ങളെ കൊണ്ടുവരുക എന്ന ലക്ഷ്യം വച്ച്, അവരെ ആ രംഗത്തേയ്ക്ക് കൊണ്ടുവരാനുള്ള പരിശ്രമമാണ് നടത്തുന്നത്. സ്കൂൾതലത്തിൽ വളരെ ശ്രദ്ധേയമായ പ്രവർത്തനം നടക്കുന്നുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, എത്രയോ വർഷങ്ങൾക്ക് മുമ്പായി സ്കൂൾ-കോളേജ് പരിസരങ്ങളിൽ പല രീതിയിലുള്ള ലഹരി വസ്തുക്കൾ മധുരപലഹാരങ്ങളിലൂടെ നമ്മുടെ കുട്ടികൾക്ക് (പെൺകുട്ടികൾക്കടക്കം) എത്തിച്ചുകൊടുക്കുകയാണ്. അത് കണ്ടുപിടിക്കാനും അതിനെതിരെ പ്രവർത്തിക്കാനുമുള്ള ജാഗ്രതാ സമിതികൾ വിദ്യാലയ തലത്തിൽ, വാർഡ്തലത്തിൽ, ബ്ലോക്ക് തലത്തിൽ രൂപീകരിച്ച് വലിയ തോതിലുള്ള ബ്ലോക്ക് തല പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് ഈ രംഗത്ത് വകുപ്പ് ചെയ്തുകൊണ്ടിരിക്കുന്നത്. ഈ നാടിന്റെ ഭാവിയെ കണ്ടുകൊണ്ട് വിമുക്തി എന്ന പദ്ധതി വളരെ ശ്ലാഘനീയമായ രീതിയിൽ നടത്തിക്കൊണ്ടുപോകാൻ കഴിയണം. എക്സൈസ് വകുപ്പ് പോലീസുമായി ചേർന്ന്

വിമുക്തി പദ്ധതി വിജയിപ്പിക്കാനുള്ള ശ്രമം നടത്തുമ്പോൾ എല്ലാമേഖലയിൽ നിന്നും ജനകീയ പിന്തുണ നല്ലതോതിൽ ലഭിക്കുന്നുണ്ട്. ഈ അർത്ഥത്തിൽ മുന്നോട്ടുപോകുന്ന ഈ രണ്ട് വകുപ്പുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ ഭരണപക്ഷം അംഗീകരിച്ചുകൊണ്ട്, പ്രതിപക്ഷം എന്ന നിലയ്ക്ക് നിങ്ങൾ എതിർക്കുന്നതിന് ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. പക്ഷേ ഇത്തരം പ്രശ്നങ്ങൾ നാടിന് ഗുണമാണ്, അതിൽ ഞങ്ങളുടെ പിന്തുണയുണ്ട് എന്ന് പറഞ്ഞുകൊണ്ടായിരിക്കണം ഈ ധനാഭ്യർത്ഥനയെ നിങ്ങൾ എതിർക്കേണ്ടത്. ഇവിടെ ഇന്ന് രണ്ട് മന്ത്രിമാരും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. അഭിവാദ്യങ്ങൾ.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ന്യൂനപക്ഷ വിരുദ്ധത മുഖമുദ്രയാക്കിയ ഒരു സർക്കാരാണിത്. ചുരുങ്ങിയ കാലം കൊണ്ട് ഇത്രയധികം ന്യൂനപക്ഷ അവകാശങ്ങളുടെ കടയ്ക്കൽ കത്തിവച്ച ഒരു സർക്കാർ ഇതിനുമുമ്പ് കേരളത്തിലുണ്ടായിട്ടില്ല. 2017 സെപ്റ്റംബർ 1 മുതൽ ക്രീമിലെയർ പരിധി 8 ലക്ഷം രൂപയായി കേന്ദ്രസർക്കാർ ഉയർത്തുകയുണ്ടായി. എല്ലാ സംസ്ഥാന ചീഫ് സെക്രട്ടറിമാർക്കും ഇതനുസരിച്ച് കത്തയച്ചു. കേരളം ഒഴികെ മറ്റെല്ലാ സംസ്ഥാനങ്ങളും അത് അംഗീകരിച്ച് നടപ്പിൽ വരുത്തി കേന്ദ്രത്തിന്

തിരികെ റിപ്പോർട്ട് നൽകി. എന്നാൽ കേരളത്തിൽ ആറ് മാസം പിന്നിട്ടിട്ടും ഇന്നുവരെ 8 ലക്ഷം രൂപയായി പരിധി ഉയർത്താൻ ഒരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല എന്നുപറയുമ്പോൾ ന്യൂനപക്ഷ വിരുദ്ധതയുടെ ഏറ്റവും പ്രകടമായ ഉദാഹരണമാണിത്. ഇതിൽ എന്താണ് നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുന്നത്? 1993-ൽ ഒരു ലക്ഷമായിരുന്നു ക്രീമിലെയർ പരിധി. കേന്ദ്രഗവൺമെന്റ് ഘട്ടംഘട്ടമായി അത് ഉയർത്തിക്കൊണ്ടുവന്നു. കഴിഞ്ഞ പ്രാവശ്യം 6 ലക്ഷം രൂപ വരെയെത്തി. അത് ഇപ്പോൾ 8 ലക്ഷം രൂപയാക്കിയപ്പോൾ, അത് നിർത്തിയതുകൊണ്ടുണ്ടാക്കുന്ന അപകടം, പി.എസ്.സി. പരീക്ഷകൾ മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രസ് പരീക്ഷകൾ തുടങ്ങി ഒട്ടേറെ ജോലി സംബന്ധമായ കാര്യങ്ങളിലെല്ലാം സർക്കാർ നിലപാട് ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾക്ക് കനത്ത തിരിച്ചടിയായി. ആയതിനാൽ ക്രീമിലെയർ പരിധി 8 ലക്ഷം രൂപയാക്കി ഉയർത്താൻ നടപടി സ്വീകരിക്കണം. ഞാൻ വഴങ്ങുന്നില്ല, എന്നോട് ആർക്കും വഴങ്ങരുതെന്ന് പറഞ്ഞിട്ടുണ്ട്. കൂടാതെ അനധികൃത അൺ-എയിഡഡ് മേഖലയെ സർക്കാർ ഒറ്റയടിക്ക് താഴെയിടുമ്പോൾ വഴിയാധാരമാകുന്നത് ഒന്നര ലക്ഷത്തോളം അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരും ഏതാണ്ട് 15 ലക്ഷത്തോളം വിദ്യാർത്ഥികളുമാണ്. 80 ശതമാനത്തോളം അദ്ധ്യാപകരും പി.എസ്.സി.

നിർദ്ദേശിച്ച എല്ലാ വിദ്യാഭ്യാസ യോഗ്യതകളുമുള്ള സ്ത്രീകളാണ്. പി.എസ്.സി. നിയമനത്തിലുള്ള പ്രായപരിധി പിന്നിട്ട ഇവർക്ക് ഇനി മറ്റൊരു ജോലിക്ക് പോകാൻ സാധിക്കില്ല. അതുമാത്രമല്ല, പതിനഞ്ച് ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളെ ഒറ്റയടിക്ക് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റി ചേർക്കുമ്പോൾ അവരെ ഉൾക്കൊള്ളാനുള്ള ഭൗതിക സൗകര്യങ്ങളെങ്കിലും അവിടെ ഉണ്ടോയെന്ന് പോലും ആരും ഉറപ്പുവരുത്തിയിട്ടില്ല. മഹാഭൂരിപക്ഷവും ന്യൂനപക്ഷ പിന്നോക്കവിഭാഗങ്ങൾ നടത്തുന്ന സ്ഥാപനങ്ങളാണിവ. അതുകൊണ്ട് സ്കൂളുകൾ അടച്ചുപൂട്ടുന്ന ഉത്തരവ് സർക്കാർ പുനഃപരിശോധിക്കണം. അർഹമായവർക്ക് ഘട്ടംഘട്ടമായെങ്കിലും അംഗീകാരം നൽകുന്ന കാര്യം ശ്രദ്ധിക്കണം. ഇല്ലെങ്കിൽ ഈ കുട്ടികൾ മുഴുവൻ വഴിയാധാരമാകുന്ന, ഇതിൽ ജോലിചെയ്യുന്നവരൊക്കെ തെരുവിലിറങ്ങേണ്ടിവരുന്ന സാഹചര്യമുണ്ടാകും. അതൊക്കെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശാസ്ത്രീയമായ പഠനത്തിന്റെ പേരിൽ പഠനം നടത്തുക എന്നല്ലാതെ പ്രായോഗികമായി ഒന്നും തന്നെ നടപ്പിൽ വരുത്താത്ത സാഹചര്യത്തിലേയ്ക്കാണ് പോകുന്നത്.

അതുപോലെ ന്യൂനപക്ഷ പിന്നോക്ക ജനവിഭാഗങ്ങളോടുള്ള അവഗണനയുടെ മറ്റൊരു ഉദാഹരണം, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ രണ്ടും മൂന്നും

സ്ട്രീമുകളിലേയ്ക്കുള്ള നിയമനങ്ങളിൽ പിന്നോക്ക പട്ടികജാതി വിഭാഗങ്ങൾക്ക് സംവരണമില്ല. ഇതിന് ന്യായമായി പറയുന്നത് ഇവർക്ക് ആദ്യ നിയമനത്തിൽ സംവരണാനുകൂല്യം ലഭിച്ചിട്ടുണ്ടെന്നാണ്. ഇത് പ്രൊമോഷനല്ല. ഒരു പുതിയ കേഡറാണ്. ഒരു പുതിയ കേഡർ എന്ന നിലയിൽ പുതിയ തസ്തികയിൽ പുതുതായി പരീക്ഷ സംഘടിപ്പിച്ച് നടത്തുന്ന തീർത്തും പുതിയ നിയമനമാണ്. ഇതോടെ സംസ്ഥാനത്തെ ഉന്നത ഉദ്യോഗരംഗത്തുനിന്നും വരും വർഷങ്ങളിൽ സംവരണവിഭാഗങ്ങൾ വലിയ അളവിൽ പിന്തള്ളപ്പെടും. അതുകൊണ്ട് കെ.എ.എസ്.-ൽ രണ്ടും മൂന്നും സ്ട്രീമുകളിലെ നിയമനങ്ങളിൽ സംവരണം സർക്കാർ നിർബന്ധമായും ഉറപ്പുവരുത്തണം.

ഒരുപാട് കൊട്ടിഘോഷിച്ചാണ് മദ്രസ അദ്ധ്യാപക ഭവന പദ്ധതി നടപ്പാക്കിയത്. തീർത്തും നിർജ്ജീവമാണ്. എനിക്ക് ചോദിക്കാനുള്ളത്, എത്ര മദ്രസ അദ്ധ്യാപകർക്കാണ് നിങ്ങൾ വീടെടുത്തുകൊടുത്തത്; എത്ര അദ്ധ്യാപകർക്കാണ് വീട് കിട്ടിയത് എന്നുള്ള കണക്ക് ഇവിടെ പറയാമോ? ബാലനീതി നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ആയിരത്തിൽ പരം ബാലഭവനങ്ങൾ അടച്ചുപൂട്ടുന്ന സാഹചര്യമാണുള്ളത്. മിക്കതും ഇതിനകം പൂട്ടിക്കഴിഞ്ഞു. അരലക്ഷത്തോളം കുട്ടികൾ ഈ സ്ഥാപനങ്ങളിൽ നിന്നും

പുറത്താകും. അനാഥകളാണ് ഇവരിൽ അധികവും. ഇവരുടെ തുടർപഠനം, സംരക്ഷണം എന്നീ കാര്യങ്ങളിലൊന്നും സർക്കാരിന് നിർദ്ദേശങ്ങളോ ഇടപെടലുകളോയില്ല. കേരളത്തിലെ യത്തീംഖാന അല്ലെങ്കിൽ അനാഥാലയങ്ങൾക്ക് ഏതാണ്ട് പത്തുനൂറ് വർഷത്തെ ചരിത്രമുണ്ട്. തീർത്തും അനാഥരായ മക്കളാണ് അവിടെയുള്ളത്. ആരോരുമില്ലാത്ത റോഡിലൂടെ അലയുന്ന കുട്ടികളെ സംരക്ഷിച്ച് അവർക്ക് വിദ്യാഭ്യാസം കൊടുത്ത് ഉന്നതങ്ങളിൽ എത്തിയ ആയിരക്കണക്കായ മക്കളുണ്ട്. അതുപോലെ അത് തുടർന്നുവരുന്ന ഒരു സംവിധാനമാണ്. അതിനാണ് പൂർണ്ണമായും താഴിടുന്നത്. ഇതിന്റെ അവസ്ഥ എന്തെന്ന് ചോദിച്ചാൽ ഇങ്ങനെ ധാരാളം അവഗണനകൾ ഈ രംഗത്തുണ്ടാകുമ്പോൾ, ഇതെല്ലാം കേന്ദ്ര നിയമത്തിന്റെയും കോടതിവിധികളുടെയും അടിസ്ഥാനത്തിലാണെന്ന് പറഞ്ഞ് സർക്കാർ ഗാലറിയിലിരുന്ന് കളി കാണുകയാണ്. ഖുറാനിൽ ഒരു വചനമുണ്ട്.

“ ഹത്തമള്ളാഹ്ഹ അലാകുലൂബിഹിം വ അബ്സാരിഹിം വ അലാ സംഇഹിം”

അവരുടെ ഹൃദയങ്ങളെ ഞാൻ സീൽ വച്ചിരിക്കുന്നു. അവരുടെ കണ്ണിന് അന്ധത ബാധിച്ചിരിക്കുന്നു. കേഴ്വിയും കൊട്ടിയടക്കപ്പെട്ടിരിക്കുന്നു. അതുപോലെയാണ് ഈ ഗവൺമെന്റ്. ഇതൊക്കെതന്നെ ഞങ്ങൾക്കൊന്നുമറിയില്ല. ഞങ്ങളല്ല ഇതൊക്കെ

ചെയ്തത് കേന്ദ്രഗവൺമെന്റാണ്, അത് കോടതിയാണ് എന്നുപറഞ്ഞ് നിരപരാധികളോടും നിരാലംബരോടും നിരാശ്രയരായവരോടും മുഖംതിരിഞ്ഞ് നിൽക്കുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കോടതിവിധി എന്നുപറഞ്ഞാൽ മതി, അതിനെ എങ്ങനെ അതിജീവിക്കാമെന്നത് പരിശോധിക്കാൻ വേണ്ടിയാണല്ലോ ഒരു ഗവൺമെന്റ്. ഞാൻ കൂടുതലൊന്നും ദീർഘിപ്പിക്കുന്നില്ല.

എക്സൈസ് വകുപ്പിന്റെ കാര്യം പറയേണ്ടതില്ല. ഇതുവരെ പറഞ്ഞുകൊണ്ടിരുന്നത് 418 ബാറുകൾ അടച്ചുപൂട്ടിയതടക്കമുള്ള യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ മദ്യനിയന്ത്രണ നടപടികളാണ് മയക്കുമരുന്ന് ഉപയോഗം വ്യാപകമാകാൻ കാരണമെന്നാണ്. താരതമ്യേന ദ്രോഹം കുറഞ്ഞ മദ്യം ലഭ്യമായാൽ കൂടുതൽ നാശകരമായ ലഹരിപദാർത്ഥങ്ങളിലേയ്ക്ക് ഉപഭോക്താക്കൾ തിരിയുകയില്ല എന്നായിരുന്നു ന്യായം. എപ്പോൾ പൂട്ടിയ ബാറുകളൊക്കെ തുറക്കുകയും ആരാധനാലയങ്ങളിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നും മദ്യശാലകളിലേയ്ക്കുള്ള ദൂരം കുറയ്ക്കുകയും ലൈസൻസുകൾ അനുവദിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം പൂർണ്ണമായി എടുത്തുകളയുകയും ചെയ്തിട്ടുണ്ട്. മയക്കുമരുന്ന് ഉപയോഗം ഇരട്ടിയായി വർദ്ധിച്ചുവെന്നതാണ് കണക്കുകൾ. 2016-ൽ

സംസ്ഥാനത്ത് 5924 ലഹരി മരുന്ന് കേസ്സുകളാണ് രജിസ്റ്റർ ചെയ്തതെങ്കിൽ 2017-ൽ അത് 9242 ആയി വർദ്ധിച്ചു. ലഹരി മരുന്നുകളുടെ ഉപയോഗത്തിൽ ദേശീയ തലത്തിൽ പഞ്ചാബിലെ അമൃതസറിനുശേഷം നമ്മുടെ കൊച്ചിയാണ് രണ്ടാം സ്ഥാനം ഓൺലൈൻ ലഹരി ഉപയോഗത്തിൽ രാജ്യത്ത് മുന്നിൽ നിൽക്കുന്ന രണ്ട് നഗരങ്ങളിൽ ഒന്ന് ബാംഗ്ലൂരും മറ്റൊന്ന് കൊച്ചിയുമാണ്. രാജ്യത്തെ ഏറ്റവും വലിയ ലഹരിമരുന്ന് വേട്ട നടക്കുന്ന സ്ഥലം എന്ന ഒരു പുതിയ മേൽവിലാസം കൂടി കൊച്ചിക്ക് ഇപ്പോഴുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വർദ്ധിത വരവോടെ മയക്കുമരുന്നിന്റെ കടത്തും വിതരണവും ഉപയോഗവും അഭ്രുതപൂർവ്വമായി ഉയരുകയാണ്. നമ്മുടെ എക്സൈസ് കമ്മീഷണർ ശ്രീ. ഋഷിരാജ് സിംഗ് തന്നെ പറയുന്നത് സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികളും യുവജനങ്ങളും അടങ്ങുന്ന 70 ലക്ഷം പേരെയാണ് മയക്കുമരുന്ന് മാഫിയ ഉന്നം വച്ചിരിക്കുന്നത് എന്നാണ്. ഹൈസ്കൂൾ തലം തൊട്ട് മയക്കുമരുന്നിന്റെ പിടിയിലാകുന്ന ഇളംപ്രായക്കാർ ആൺ-പെൺ വ്യത്യാസമില്ലാതെ നാനാതരം നാർക്കോട്ടിക് ഉൽപ്പന്നങ്ങളുടെ അടിമകളാകുന്നു. എക്സൈസിന്റെ കണക്കുപ്രകാരം 21366 അബ്കാരി കേസ്സുകളും 2940 മയക്കുമരുന്ന് കേസ്സുകളും 71945 പുകയില കേസ്സുകളുമാണ് കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളത്. പോലീസിന്റെ കണക്ക്

ഇതിനുപുറമെയാണ്. എനിക്ക് പറയാനുള്ളത് പെറു, മെക്സിക്കോ, ബ്രസീൽ പോലുള്ള രാജ്യങ്ങളെപ്പോലെ ലഹരിമരുന്ന് മാഫിയകൾക്ക് കേരളത്തെ വിട്ടുകൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ലെങ്കിൽ സത്വര പ്രതിരോധന നടപടികൾ അടിയന്തരമായി സ്വീകരിച്ചേ മതിയാകൂ എന്നാണ്. നൂറിൽ ഒരു കടത്തുകാരനെ അല്ലെങ്കിൽ വിതരണക്കാരനെ പിടികൂടി വാർത്ത സൃഷ്ടിക്കുന്നതിനുപകരം മയക്കുമരുന്ന് ഉൽപ്പാദനവും കടത്തും ഇറക്കുമതിയും ഉപയോഗവും ശക്തമായി തടയാനും കുറ്റവാളികളെ പിടികൂടി മാതൃകാപരമായി ശിക്ഷിക്കാനും സംവിധാനമുണ്ടാകണം. പിടിക്കപ്പെടുന്നവർ നിഷ്പ്രയാസം ജാമ്യത്തിലിറങ്ങി വീണ്ടും ഈ മരണവ്യാപാരത്തിൽ തുടരുന്ന ഇപ്പോഴത്തെ ദുരവസ്ഥ അവസാനിപ്പിക്കണം. 'കേരളത്തെ മദ്യവിമുക്തമാക്കാൻ പ്രതിജ്ഞാബദ്ധമാണ് എൽ.ഡി.എഫ്. മദ്യപരെ ബോധവൽക്കരിക്കാൻ സമഗ്ര പദ്ധതികളുണ്ട്. അതുകൊണ്ട് നുണപറയുന്നവരെ തിരിച്ചറിയുക, വോട്ട് എൽ.ഡി. എഫ്.-ന് ചെയ്യൂ.' കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ എൽ.ഡി.എഫ്. ക്യാമ്പുകളിൽ നിന്ന് കേട്ട പ്രചരണം ഇതായിരുന്നു. കുടിവെള്ളത്തിന് സംസ്ഥാനത്ത് ക്ഷാമം നേരിട്ടേയ്ക്കാമെങ്കിലും കേരളത്തിലെ ഒരു ഗ്രാമത്തിലും ഇനി വിവിധ തരം മദ്യത്തിന് ക്ഷാമം വരില്ല അതാണ് കേരളത്തിലെ ഇന്നത്തെ അവസ്ഥ. മദ്യമൊഴുകും

കേരളത്തിൽ....3791 കള്ളുഷാപ്പുകളും 282 ബാറുകളും 294 വിൽപ്പനശാലകളും 426 ബിയർ-വൈൻ പാർലറുകളും 37 ക്ലബ്ബുകളുമാണ് ഇപ്പോൾ മദ്യം ലഭിക്കുന്ന ഇടങ്ങളായി സംസ്ഥാനത്തുള്ളത്. അതിലേയ്ക്ക് 400 കള്ളുഷാപ്പുകളും 10 ബാറുകളും 150 ബിയർ-വൈൻ പാർലറുകളും ഉടനെ വന്നുചേരുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ രണ്ടുഘട്ടങ്ങളിലായി 712 ബാറുകൾ പൂട്ടിയ സ്ഥാനത്താണിത്. പതിനായിരത്തിനുമേൽ ജനസംഖ്യയുള്ള പഞ്ചായത്തുകൾ നഗരസ്വഭാവമുള്ളതായി കണക്കാക്കി അവിടെ ബാർ തുറക്കാമെന്നും വിനോദസഞ്ചാര മേഖലയിൽ നിശ്ചിത ജനസംഖ്യ ഇല്ലെങ്കിലും ഇളവ് അനുവദിക്കാമെന്നുമാണ് സർക്കാരിന്റെ പുതിയ തീരുമാനം. ഇതുവഴി സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ, 2018-19-ൽ നടപ്പാക്കുന്ന മദ്യനയത്തിന്റെ ഭാഗമായി സർക്കാർ പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ത്രീസ്റ്റാർ ബാറുകളുൾപ്പെടെ മദ്യശാലകൾ തുറക്കാൻ വഴിയൊരുക്കുന്നത്. ഇതോടെ സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന മുഴുവൻ മദ്യശാലകളും തുറന്ന് പ്രവർത്തിക്കാൻ സർക്കാർ വഴിയൊരുക്കുകയാണ്. ഇക്കാര്യത്തിൽ ഞാൻ ദീർഘമായി പറയുന്നില്ല. ഒരു കാര്യം എനിക്ക് പറയാനുള്ളത് ആദരണീയനായ ശ്രീ. പി. ടി. എ. റഹീം ഇവിടെ സൂചിപ്പിച്ച കാര്യത്തെക്കുറിച്ചാണ്. അദ്ദേഹം അത് പറയണം,

കാരണമെന്താണെന്ന് ചോദിച്ചാൽ പതിറ്റാണ്ടുകളായി അദ്ദേഹം വേലിപ്പുറത്ത് നിൽക്കുകയാണ്. ഇടതുപക്ഷം കണ്ടഭാവം നടിക്കുന്നില്ല. പാവം സാധു എം.എൽ.എ. എന്ന നിലയിൽ മാത്രമല്ല, ഈ രംഗത്ത് എല്ലാ നിലയിലും മിടുക്കനായ ഡോ. കെ.ടി. ജലീൽ എന്തുചെയ്തു; കഴിഞ്ഞയാഴ്ച വന്നു, പിറ്റേയാഴ്ച അദ്ദേഹം മന്ത്രിയായി. ഡോ. കെ. ടി. ജലീലിനെ വെല്ലുവിളിക്കാൻ വേണ്ടി മുസ്ലീം ലീഗിനെ പറഞ്ഞതുകൊണ്ട് കാര്യമില്ല. ഇടതുപക്ഷത്ത് എങ്ങനെ കയറാം എന്നതിനെക്കുറിച്ച് നിങ്ങൾ ആരോടെങ്കിലും ബുദ്ധി ഉപദേശിക്കുക അല്ലെങ്കിൽ ചോദിക്കുക എന്നല്ലാതെ ലീഗിനുമേൽ കുതിര കയറേണ്ട. പിന്നെ നാദാപുരത്തെ സംഭവം - നഫീസുമായി ബന്ധപ്പെട്ട പ്രശ്നം, ഇവിടെ ശ്രീ. ഇ. കെ. വിജയൻ ഇരിക്കുന്നുണ്ട്, ബന്ധപ്പെട്ട ആളുകളുണ്ട്, ആദരണീയരായ മറ്റ് മന്ത്രിമാർ ഇവിടെയുണ്ട്. എന്റെ നാട്ടുകാരനും ജില്ലക്കാരനുമായ ശ്രീ. റ്റി. പി. രാമകൃഷ്ണൻ ഇവിടെയുണ്ട്. ഞാൻ രാഷ്ട്രീയം പറയുന്നില്ല. അതിലേയ്ക്ക് നമ്മൾ കടക്കണ്ട.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല, പ്ലീസ് കൺക്ലൂഡ്......

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, അവിടെ എന്തൊക്കെ നടന്നു, എന്തൊക്ക നടക്കുന്നുവെന്നുള്ളത് വളരെ കൃത്യമായി അറിയാം. മിനിഞ്ഞാന്ന് ഞാൻ സഭയിൽ ഒരു ചെറിയ കാര്യം സംസാരിച്ചപ്പോൾ എനിക്കെതിരെ ബഹളമാണുണ്ടാക്കിയത്.

ജില്ലാക്കമ്മിറ്റി പോലും പ്രമേയം പാസ്സാക്കി എനിക്കെതിരെ പ്രതിഷേധിക്കാൻ പറയുകയാണ്. എന്റെ കോലം കത്തിക്കുകയാണ്. ഈ ഒരു അസഹിഷ്ണുത അവിടെയുണ്ട്. ആരുടെ ഭാഗത്താണ് കുറ്റമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ശ്രീ. പി. ടി. എ. റഹീം സാഹിബ് നാദാപുരത്തെ കാര്യങ്ങൾ മനസ്സിലാക്കാതെ, നാദാപുരത്ത് അങ്ങനെ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് അതിൽ പങ്കുണ്ട്. നിങ്ങളാണ് അതിന് നേതൃത്വം കൊടുത്തത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.......

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, അതുകൊണ്ട് ഒരിക്കൽ കൂടി ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.....നഫീസയുടെ പ്രശ്നം ശ്രീ. പാറക്കൽ അബ്ദുല്ല ഇവിടെ സൂചിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ അവിടത്തെ ജനങ്ങൾക്ക് അത് പൂർണ്ണമായി ബോദ്ധ്യമാവുകയും അതുകഴിഞ്ഞ് തെരഞ്ഞെടുപ്പിൽ അതിന് മുമ്പ് ലഭിച്ച ഭൂരിപക്ഷത്തേക്കാൾ ആ ബൂത്തിലുൾപ്പെടെ നാദാപുരം മണ്ഡലത്തിൽ ഭൂരിപക്ഷം ലഭിക്കുകയും മണ്ഡലം കിട്ടുകയും ചെയ്തതാണ്. എന്താണ് വസ്തുത എന്ന് ബോദ്ധ്യമായി, അതാണ് നേരത്തേ ശ്രീ. പി. ടി. എ. റഹീം ഇവിടെ സൂചിപ്പിച്ചത്. ഞാൻ അത് ആവർത്തിക്കുന്നില്ല. അവിടെ സൂചിപ്പിച്ച

വിഷയം, അവിടെ എന്തോ ഒരു സംഭവമുണ്ടായി എന്നുപറഞ്ഞ് തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമം നടന്നു. തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണ് ഞാൻ പോയിന്റ് ഓഫ് ഓർഡറായി ഉന്നയിക്കുന്നത്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്.

ഇവിടെ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ശ്രീ. പാറക്കൽ അബ്ദുല്ല വളരെ ഗൗരവമായി പറയുകയുണ്ടായി. അവരുടെ സാമൂഹ്യ പ്രതിബദ്ധതയും അന്തസ്സുമെല്ലാം വർദ്ധിപ്പിക്കാൻ ഇടതുപക്ഷ പ്രസ്ഥാനങ്ങളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും വഹിച്ച പങ്ക് വിസ്മരിക്കാൻ കഴിയുമോ; സ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ മാപ്പിള ലഹള എന്നുപറഞ്ഞ് കളിയാക്കുകയായിരുന്നു ബ്രിട്ടീഷുകാർ ചെയ്തത്. അതിനെ ആധുനിക കേരളത്തിന്റെ ശിൽപ്പിയായിട്ടുള്ള സഖാവ് ഇ. എം. എസ്. അത് മാപ്പിള ലഹള അല്ല എന്നും മഹത്തായ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായുള്ള മലബാർ കലാപമാണെന്നും ചരിത്രത്തിൽ തിരുത്തി പേര് നിശ്ചയിച്ചതുപോലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ, ന്യൂനപക്ഷ ജനവിഭാഗങ്ങളോടുള്ള ആദരവിന്റെയും ബഹുമാനത്തിന്റെയും കൂടി ഭാഗമായിട്ടായിരുന്നു. കോൺഗ്രസ് ലീഗിനെ വിശേഷിപ്പിച്ചിരുന്നത് 'ചത്ത കുതിര'

എന്നായിരുന്നു. സീതിസാഹിബ് അന്തരിച്ചപ്പോൾ സി. എച്ച്. മുഹമ്മദ് കോയ കേരളത്തിന്റെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട സന്ദർഭത്തിൽ തൊപ്പി ഊരണമെന്ന് പറഞ്ഞിരുന്നു. അതൊന്നും വേണ്ട എന്നുപറഞ്ഞത് കമ്മ്യൂണിസ്റ്റുകാരായിരുന്നു. അതൊന്നും മറക്കാതിരിക്കുന്നതാണ് നല്ലത്. മലപ്പുറം ജില്ല രൂപീകരിച്ചത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ന്യൂനപക്ഷ ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ വികസനത്തിന് മുൻതൂക്കം കൊടുത്ത കാര്യങ്ങളിലെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടി വഹിച്ച പങ്ക് ആർക്കാണ് നിഷേധിക്കാൻ കഴിയുക; ഇതെല്ലാം ചരിത്രത്തിന്റെ ഭാഗമാണെന്ന് ലീഗിന്റെ ആളുകൾ നല്ലപോലെ ആലോചിക്കണം.

എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ നേരത്തേ സൂചിപ്പിച്ചു. സുപ്രീം കോടതി വിധി നടപ്പിലാക്കുന്നത് പോലും എതിർക്കുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഞങ്ങൾ നല്ലതുപോലെ പറഞ്ഞിട്ടുണ്ട് ഞങ്ങളുടെ നയം മദ്യനിരോധനമല്ല, ഞങ്ങളുടെ നയം മദ്യത്തിൽ നിന്ന് മോചനം നേടാൻ നല്ല ബോധവൽക്കരണം നടത്തി മദ്യപാനം നടത്തുന്ന ആളുകളുടെ എണ്ണം കുറച്ചുകൊണ്ടുവരിക എന്നതാണ്. അതാണ് പ്രായോഗികത. ആന്ധ്രാപ്രദേശിൽ, ഇന്നത്തെ തെലുങ്കാനയും ചേർന്ന സംയുക്ത ആന്ധ്രാപ്രദേശ് ഉണ്ടായിരുന്ന സമയത്ത്

വലിയ സമരം അവിടത്തെ മഹിളകൾ നടത്തുകയായിരുന്നു. ആന്ധ്രാപ്രദേശിൽ കോൺഗ്രസ് ഗവൺമെന്റ് മദ്യനിരോധനം നടത്തുകയും ചെയ്തു. അവർ തന്നെ അത് പിൻവലിച്ചു. അനുഭവം അതല്ലേ നമ്മെ പഠിപ്പിക്കുന്നത്. ലോകത്തിന്റെ പലമേഖലകളിലും ആ അനുഭവമാണുള്ളത്. അതുകൊണ്ട് ഏറ്റവും ആരോഗ്യപരമായ ഒരു മദ്യനയം നടപ്പിലാക്കാനാണ്, ഇടതുപക്ഷ സർക്കാർ തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ പറഞ്ഞതുപോലെ തന്നെ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. ആരംഭിച്ചതിൽ നിന്നും ഒറ്റ ഷാപ്പുപോലും കൂടുതൽ അനുവദിക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഇക്കാര്യങ്ങൾ നമുക്ക് കാണാൻ കഴിയും. മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

തൊഴിൽ വകുപ്പുമന്ത്രി ഏറ്റവും നല്ല രീതിയിലുള്ള തൊഴിൽ നയം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. തൊഴിൽ രംഗത്ത് ഏറ്റവും സമാധാനപരമായ അന്തരീക്ഷമാണ് നിലനിൽക്കുന്നത്. എല്ലാ മേഖലകളിലും തൊഴിലാളികൾക്ക് നല്ലരീതിയിലുള്ള ആശ്വാസനടപടികളും മറ്റ് കാര്യങ്ങളും നടപ്പിലാക്കുന്നുണ്ടെന്ന് കാണാൻ കഴിയും. ഞാൻ തോട്ടം തൊഴിലാളികളുമായി ബന്ധപ്പെട്ട വിഷയം ഉന്നയിക്കുകയാണ്. റബ്ബർ, തേയില, കാപ്പി, ഏലം, കുരുമുളക് തുടങ്ങിയ തോട്ടവിളകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ഒരുലക്ഷത്തോളം തോട്ടം

തൊഴിലാളികളാണ് കേരളത്തിൽ പണിയെടുക്കുന്നത്. തോട്ടം മേഖല വലിയ പ്രതിസന്ധിയിലാണ്. ഒരു പ്ലാന്റേഷൻ പോളിസി നയം, നമ്മൾ നല്ല പോലെ ചർച്ച ചെയ്ത് പുനരുദ്ധാരണത്തിന്റേതായിട്ടുള്ള ഒട്ടേറെ കാര്യങ്ങൾ നമുക്ക് നടപ്പിലാക്കാൻ കഴിയണം. പലവിധ കാരണങ്ങളാൽ തോട്ടം തൊഴിലാളികളുടെ കൂലി മറ്റ് മേഖലകളെപ്പോലെ ഉയർത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് നേരിട്ട് ഉയർത്തേണ്ടതല്ല സ്വകാര്യ മുതലാളിമാർ നടത്തുന്ന പ്ലാന്റേഷൻകൂടി ആയതുകൊണ്ട് നേരിട്ട് ഇടപെടാൻ ഒട്ടേറെ പ്രയാസങ്ങളുണ്ട് എന്ന് നമുക്ക് കാണാൻ കഴിയും. 325 രൂപ മുതൽ 400 രൂപ വരെയാണ് തോട്ടം തൊഴിലാളികളുടെ കൂലി. അത് നമ്മൾ പ്രഖ്യാപിച്ചതുപോലെ 630 രൂപയാക്കണം. 26-02-2018-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നിട്ടുള്ള ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ ഇത് ചർച്ച ചെയ്യാൻ പി.എൽ.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് അതിനുള്ള ഒരു സ്റ്റെപ്പ് എടുക്കുകയാണ്. അത് പൂർത്തീകരിക്കാൻ കഴിയണം. തോട്ടം മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ നല്ലതുപോലെ ചർച്ച ചെയ്യണം. ആസിയാൻ കരാർ നടപ്പിലാക്കിയപ്പോൾ അതിനെതിരെ വലിയ പ്രക്ഷോഭം നടത്തിയവരാണ് ഞങ്ങൾ. അതിനെ അനുകൂലിച്ചവരായിരുന്ന

യു.ഡി.എഫ്.കാർ. ആസിയാൻ കരാറിന്റെ തിക്തഫലങ്ങളാണ് തോട്ടം മേഖലയിൽ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. തേയില ഇറക്കുമതിയിൽ ടാക്സ് വെട്ടിക്കുറയ്ക്കൽ തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഈ മേഖലയെ തളർത്തിക്കളഞ്ഞുവെന്ന് കാണാൻ കഴിയും. അക്കാര്യങ്ങളൊക്കെ തിരിച്ചറിയാൻ കഴിയണം. ഫ്രീ സൗത്ത് ഏഷ്യൻ ട്രേഡിന്റെ ഭാഗമായി 8 ശതമാനമായി കുരുമുളകിന്റെ നികുതി കുറച്ചിരിക്കുകയാണ്. അതിന്റെ ഫലമായി കേന്ദ്രഗവൺമെന്റ് താങ്ങുവില നിശ്ചയിച്ചിട്ടുപോലും അത് നടപ്പിലാക്കാൻ കഴിയുന്നില്ല. സിലോണുമായിട്ടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ, മറ്റ് രാജ്യങ്ങളെല്ലാം സിലോണിൽ കുരുമുളക് കൊണ്ടുവന്ന് ഇന്ത്യയിലേയ്ക്ക് നേരിട്ട് ഇറക്കുമതി ചെയ്യുകയാണ്. ഈ ഇറക്കുമതി നയങ്ങളെല്ലാം വലിയ പ്രയാസങ്ങൾ നമുക്കുണ്ടാക്കുന്നുണ്ട്. മാർക്കറ്റിൽ നല്ലപോലെ ഇടപെടാനാവശ്യമായ സംവിധാനമുണ്ടാക്കാൻ കഴിയണം. മെക്കാനിക്കൽ ഹാർവെസ്റ്റിംഗ് എന്ന രീതിയിൽ ആവശ്യമായ യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഈ മേഖലയിൽ നമുക്ക് നടപ്പിലാക്കേണ്ടതുണ്ട്. പഴയതുപോലെ കൈകൊണ്ട് മാത്രം തേയില നുള്ളാനൊന്നും ആളുകളെ കിട്ടാത്ത അവസ്ഥയാണ്, പ്രത്യേകിച്ച് ചെറുപ്പക്കാരെ കിട്ടാനില്ല. ഭൂരഹിതരായ മുഴുവൻ തോട്ടം തൊഴിലാളികൾക്കും ഭൂമിയും വീടും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വളരെ

പെട്ടന്ന് നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയണം. EFL-ഉം ESI-യിലുമൊക്കെ ഉൾപ്പെടാത്ത പ്രദേശങ്ങളിലുള്ള പരിസ്ഥിതി ആഘാതമുണ്ടാക്കാത്ത പ്രദേശങ്ങളെ പ്രത്യേകമായി തെരഞ്ഞെടുത്തിട്ടുള്ള, പാറ ഖനനം ഉൾപ്പെടെയുള്ള കാര്യങ്ങൾ എങ്ങനെ നടത്താൻ കഴിയുമെന്ന് നമുക്കാലോചിക്കാൻ കഴിയണം. നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇതെല്ലാം ആവശ്യമാണെന്ന് നമുക്ക് കാണാൻ കഴിയും. കഴിഞ്ഞ 20 വർഷമായി, തോട്ടം മേഖലയിൽ ഗ്രാറ്റുവിറ്റിയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ മുടങ്ങിക്കിടക്കുകയായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഗ്രാറ്റുവിറ്റി അദാലത്ത് സംഘടിപ്പിച്ച് 20 വർഷമായി മുടങ്ങിക്കിടന്നിരുന്ന കാര്യങ്ങളിൽ രണ്ടുവർഷം കൊണ്ട് 15 കോടി രൂപയുടെ ഗ്രാറ്റുവിറ്റി കണക്കാക്കാൻ കഴിഞ്ഞു. അത് കൊടുക്കാനുള്ള നടപടി നിയമപരമായി ചെയ്യേണ്ടതുണ്ട് എന്ന് കാണാൻ കഴിയും. കൂലി നൽകുന്നത് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയപ്പോൾ വലിയ പ്രയാസങ്ങൾ ഉയർന്നുവന്നു. ഈ ഗവൺമെന്റ് അത് നേരിട്ട് കയ്യിൽ കൊടുക്കാനുള്ള നടപടി സ്വീകരിച്ചു. സീനിയർ ഏജ് ഒഴിവാക്കുന്നതിന് ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയണം. ഈ രീതിയിൽ ഒട്ടേറെ കാര്യങ്ങൾ ഈ മേഖലയിൽ നടപ്പിലാക്കാൻ കഴിഞ്ഞുവെന്ന് നമുക്ക് കാണാൻ കഴിയും.

അതോടൊപ്പം മുഴുവൻ തോട്ടം തൊഴിലാളികളെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താനും കുറെ മേഖലകളിൽ അതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെങ്കിലും അത് പൂർണ്ണമാക്കാൻ അടിയന്തര നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അത് ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട് വളരെയധികം കുടിശ്ശിക കൊടുക്കാനുണ്ട്. കഴിഞ്ഞ 5 വർഷക്കാലവും ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഒരു നയാപൈസ പോലും കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കൊടുത്തിരുന്നില്ല. അതെല്ലാം കൊടുത്ത് ആ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ കഴിയണം. അവരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനാവശ്യമായ നിലപാട് സ്വീകരിക്കാൻ കഴിയണം. അതുപോലെ ആദിവാസി മേഖലയിൽ വലിയ ഉണർവ്വും ആവേശവും ഉണ്ടായിരിക്കുകയാണ്. മുമ്പെങ്ങും ഇല്ലാത്ത രീതിയിലാണ് ആദിവാസി, പട്ടികജാതി/പട്ടികവർഗ്ഗ മേഖലയെ ഈ ഗവൺമെന്റ് സമീപിക്കുന്നതെന്ന് അനുഭവത്തിൽനിന്നും പറയാൻ കഴിയും. 241 ടീച്ചർമാരാണ് വയനാട്ടിലെ ആദിവാസി കോളനികളിൽനിന്ന് രാവിലെ കുളിച്ച് നല്ല വസ്ത്രം ധരിച്ച് സ്കൂളിൽ പോയി അദ്ധ്യാപകരായി ജോലി നോക്കുന്നത്. ആ കോളനികളിലെ സാമൂഹിക അന്തരീക്ഷത്തിൽ വലിയ മാറ്റമാണുണ്ടായിട്ടുള്ളത്.

വലിയൊരു സാമൂഹിക പ്രതിബദ്ധതയാണ് അവിടെ കാണാൻ കഴിയുക. ഏതെങ്കിലും ഗവൺമെന്റ് അങ്ങനെയൊരു നിലപാട് സ്വീകരിച്ചോ; ഈ ഗവൺമെന്റ് ഇല്ലെങ്കിൽ അവർ ഒരിക്കലും ടീച്ചർമാരാകില്ല എന്നെനിക്ക് ഉറപ്പാണ്. ഞങ്ങളുടെ ജില്ലയിലുള്ള ഒരു എയ്ഡഡ് സ്കൂളിലും ഒരു പട്ടികവർഗ്ഗക്കാരനും ആദിവാസിയും ടീച്ചർമാരായി ജോലിചെയ്യുന്നില്ല. അങ്ങനെ കേരളത്തിൽ എവിടെയും ഇല്ലെന്ന് എനിക്കറിയാം. അവിടെയെല്ലാം പൈസ കൊടുക്കുന്നവരെയാണ് ടീച്ചർമാരായി നിശ്ചയിക്കുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. കേരളത്തിലെ ഗവൺമെന്റിന്റെ പ്രത്യേക തീരുമാനപ്രകാരം എല്ലാ എയ്ഡഡ് സ്കൂളിലും ഒരു ആദിവാസി ടീച്ചർ പോകുകയാണ്. ആ ടീച്ചർമാരുടെ ജോലിയും അവരുടെ വേതനവുമെല്ലാം വർദ്ധിപ്പിക്കാൻ അടിയന്തരമായി ഗവൺമെന്റ് ഇടപെടണം. അവരെല്ലാം ടി.ടി.സി. പാസ്സായവരാണ്. അവരെ മെന്റർ ടീച്ചറെന്ന രീതിയിൽ ചില സ്കൂളുകളിൽ പ്രത്യേക രീതിയിൽ പരിഗണിക്കുന്നുവെന്നുള്ള ആക്ഷേപം അവർക്കുണ്ട്. മറ്റുള്ളവരെപ്പോലെ ടി.ടി.സി. പരീക്ഷ പാസ്സായി വന്നവരെന്ന നിലയ്ക്ക് മറ്റ് ടീച്ചർമാർക്ക് നൽകുന്ന എല്ലാ പരിഗണനയും അവർക്ക് എങ്ങനെ കൊടുക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അതിന്റെ ഫലമായി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് നല്ലതുപോലെ കുറഞ്ഞു. ആദിവാസി കുട്ടികൾ സ്കൂളിൽ വരാത്തത്

നല്ലതുപോലെ കുറഞ്ഞിട്ടുണ്ടെന്ന കാര്യം കാണാൻ കഴിയും. മധുവിന്റെ മരണം നമ്മളെയെല്ലാം വേദനിപ്പിച്ചതാണ്; അതുസംബന്ധിച്ച് കഴിഞ്ഞ ദിവസം പറഞ്ഞതുകൊണ്ട് ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അത് വീണ്ടും വീണ്ടും രാഷ്ട്രീയമായി എന്തിനാണ് ഉപയോഗിക്കുന്നത്; ഭ്രാന്തമായ ഒരാൾക്കൂട്ടം നടത്തിയ പ്രവർത്തനത്തെ വീണ്ടും വീണ്ടും രാഷ്ട്രീയമായി ഉപയോഗിക്കേണ്ട വല്ല കാര്യവുമുണ്ടോ; അങ്ങനെ ഉപയോഗിക്കാൻ പാടില്ല; ജോഗിയെ വെടിവച്ച് കൊന്നവരാണ് ഈ പറയുന്നത്. ഇങ്ങനെ വല്ലാത്ത ആക്ഷേപമുണ്ടെങ്കിൽ ഈ സഭയിൽ ജോഗിയെ വെടിവച്ചുകൊന്നത് തെറ്റാണെന്നും അതിന് മാപ്പുപറയാനും യു.ഡി.എഫ്. തയ്യാറാകുമോ; കേരളത്തോട് നിങ്ങൾ മാപ്പുപറയുമോ; ഭ്രാന്തമായ ഒരാൾക്കൂട്ടം നടത്തിയ പ്രവർത്തനത്തെ രാഷ്ട്രീയമായി ദുർവ്യാഖ്യാനം ചെയ്യാൻ പാടില്ല. എൻ.ഡി.എ. കഴിഞ്ഞ ദിവസം രാപ്പകൽ സമരം നടത്തുന്നത് കണ്ടു. ഝാർഖണ്ഡിൽ 7 ആദിവാസി കർഷകരെയാണ് അവർ വെടിവച്ചുകൊന്നിരിക്കുന്നത്. അവർ 7 പേരും ആദിവാസികളും കർഷകരുമാണ്. ഇതെല്ലാം രാഷ്ട്രീയ താൽപ്പര്യങ്ങൾക്ക് ഉപയോഗിക്കാനാണെന്ന് കേരളത്തിന് നല്ലതുപോലെ അറിയാം. കേരളം അതിൽ നല്ലതുപോലെ ഇടപെട്ടിരിക്കുകയാണ്. നേരത്തെ ഇവിടെ സുൽത്താൻ ബത്തേരി എം.എൽ.എ. സംസാരിക്കുമ്പോൾ രണ്ട് കാര്യങ്ങൾ

സൂചിപ്പിച്ചു. കവിത എന്ന ആദിവാസി യുവതി കഴിഞ്ഞ ദിവസം ബസ്സിൽ പ്രസവിച്ചു. അത് വസ്തുത തന്നെയാണ്. പക്ഷെ അവരെ കഴിഞ്ഞ മാർച്ച് 1 മുതൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തിരുന്നതായിരുന്നു. ഓപ്പറേഷൻ വേണമെന്ന് ഡോക്ടർ പറഞ്ഞപ്പോൾ പേടിച്ച് മാർച്ച് 17-ാം തീയതി രാവിലെ ബസ്സിൽ കയറി പോയി. കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും മിസ്സിംഗിന് കേസ്സെടുത്തിരിക്കുകയാണ്. കുറെ കഴിഞ്ഞപ്പോൾ കൽപ്പറ്റ ടൗണിലെത്തിയപ്പോൾ യുവതിക്ക് പ്രസവവേദന വന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഡ്രൈവർ നല്ല ആളായതുകൊണ്ട് നേരെ പ്രൈവറ്റ് ഹോസ്പിറ്റലിലേയ്ക്ക് ബസ് കൊണ്ടുപോയി. അവിടെ മറ്റ് പ്രശ്നങ്ങളൊന്നുമില്ലാതെ കഴിഞ്ഞു. വിനോദ് എന്ന ആദിവാസി യുവാവിന്റെ തൂങ്ങി മരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. കർണ്ണാടക ഫോറസ്റ്റുകാരാണ് വെടിവച്ചത്. നമ്മളല്ല. എന്തിനാണ് വസ്തുതകൾ മറച്ചുവയ്ക്കുന്നത്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, ഒരു പ്രധാനപ്പെട്ട ചോദ്യമാണ്. ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർക്ക് ചെടികളോടും മൃഗങ്ങളോടുമൊക്കെ എങ്ങനെ പെരുമാറണമെന്നുള്ളതിനെക്കുറിച്ച് കൃത്യമായ ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. അതുപോലെ ആദിവാസി മേഖലയിലുള്ള ഉദ്യോഗസ്ഥർക്ക് ആദിവാസികളോട് എങ്ങനെ പെരുമാറണം, എങ്ങനെ ബന്ധപ്പെടണം എന്നുള്ളതിന് പ്രത്യേക

ട്രെയിനിംഗ് കൊടുക്കുന്നത് അങ്ങയുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നന്നായിരിക്കില്ലേ?

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, തീർച്ചയായും. വളരെ പ്രസക്തമായ കാര്യങ്ങളാണ് പറയുന്നത്. പ്രത്യേകിച്ച് ആദിവാസികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലെ ഉദ്യോഗസ്ഥർക്ക് കുറെക്കൂടി കാര്യക്ഷമമായി ഇടപെടാൻ കഴിയണം. അത് തർക്കമില്ലാത്ത കാര്യങ്ങളാണ്. കർണ്ണാടക ഫോറസ്റ്റ് ഉദ്യോഗസ്ഥനാണ് വെടിവച്ചത്. അതിൽ ഭയന്നാണ് വിനോദ് എന്ന ആദിവാസി യുവാവ് തൂങ്ങി മരിച്ചത്. അതിന്റെ അന്വേഷണം നടക്കുകയാണ്. ഒരാളെ അറസ്റ്റ് ചെയ്യുകയും ജയിലിലാക്കുകയും ചെയ്തിട്ടുണ്ട്. ആ രീതിയിൽ കാര്യങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ടെന്ന് കാണാൻ കഴിയും. ആദിവാസി മേഖലയിൽ ഈ ഗവൺമെന്റ് ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഗോത്രബന്ധുവിനോടൊപ്പം ഗോത്രജീവിക എന്ന പേരിൽ ആദിവാസികളെ കെട്ടിടനിർമ്മാണ ജോലി പഠിപ്പിക്കുകയാണ്. അവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻവേണ്ടി ഇടപെടുകയാണ്. ഇങ്ങനെ ഒട്ടേറെ കാര്യങ്ങളാണ് ഗവൺമെന്റ് ചെയ്യുന്നത്. സാമൂഹ്യ പഠനമുറി, പട്ടികജാതിക്കാരായ ആൾക്കാരെ പൂജാരിമാരായി നിയമിച്ചത് ഇതെല്ലാം ഈ ഗവൺമെന്റ് ആ ജനവിഭാഗങ്ങളോട് എങ്ങനെ പെരുമാറുന്നുവെന്നുള്ളതാണ്

കാണിക്കുന്നത്. പോലീസിലേയ്ക്കും എക്സൈസിലേയ്ക്കുമുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്, ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയം എന്നിവ ഈ ഗവൺമെന്റിന്റെ ആത്മാർത്ഥമായ ഇടപെടലായാണ് കാണാൻ കഴിയുന്നത്. ആ മേഖലയെ ഏറ്റവും ശരിയായ രീതിയിൽ മുന്നോട്ടുകൊണ്ടുവന്ന് ആദിവാസി ജനവിഭാഗത്തെ ഒരു പ്രത്യേക ജനവിഭാഗമായി കാണാൻ കഴിയണം. അവരുടെ മനസ്സ് പൂർവ്വകാല കാർഷിക കാലഘട്ടത്തിലും ശരീരം നാഗരികമായ കാലഘട്ടത്തിലുമാണ്. ഈ ഒരു വ്യത്യാസം അവരെ വല്ലാതെ വേട്ടയാടുന്നുണ്ട്. അത് തിരിച്ചറിയാൻ നമുക്ക് കഴിയണം. ആദിവാസി വികസനം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ ഏത് തലത്തിലും ആദിവാസി വ്യത്യസ്തമായ ഒരു സംസ്കാരിക ജീവിതത്തെയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ടുവേണം അവരെ കാണാൻ കഴിയുക. പണം ഇല്ലാത്തതല്ല വിഷയം. വയനാട് ജില്ലയിൽ 620,86,11,845/- രൂപയാണ് 2012 മുതൽ ഇതുവരെയുള്ള കാലഘട്ടങ്ങളിൽ പട്ടികവർഗ്ഗ മേഖലയ്ക്കുമാത്രമായി പ്ലാൻ ഫണ്ട് മാറ്റി നിർത്തി അനുവദിച്ചിരിക്കുന്നത്. അത് പൂർണ്ണമായി ചെലവഴിക്കാൻ നമുക്ക് കഴിയുന്നില്ല. 45 ശതമാനമാണ് ചെലവഴിക്കാൻ കഴിയുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് ആലോചിക്കേണ്ടതാണ്. 1999-ൽ സഖാവ് ഇ. കെ. നായനാർ ആദിവാസി

ഭൂസംരക്ഷണ നിയമം കൊണ്ടുവന്നു. ആ നിയമത്തിൽ ആദ്യമായാണ് ഭൂമി നഷ്ടപ്പെട്ട ആദിവാസിക്ക് ഒരു സെന്റ് നഷ്ടപ്പെട്ടാലും ഒരേക്കർ കൊടുക്കണമെന്ന് നിയമംമൂലം ഉറപ്പാക്കിയിരിക്കുന്നത്. ആ നിയമമാണ് ആദ്യം പ്രഖ്യാപിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ചോദ്യം ചെയ്തു. 2006-ൽ അത് നടപ്പിലാക്കാനുള്ള അനുവാദം കിട്ടി. ഒരു ദുഃഖസത്യം ഈ സഭയുടെ മുമ്പാകെ ഞാൻ കൊണ്ടുവരികയാണ്. കർഷകരും ആദിവാസികളും തമ്മിൽ വലിയ കലാപമുണ്ടായപ്പോഴാണ് ഈ നിയമസഭ ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ മാത്രം എതിർപ്പോടുകൂടി ആ നിയമം പാസ്സാക്കിയത്. ബാക്കി എല്ലാവരും അനുകൂലിച്ചതാണ്. കർഷകർ പൂർണ്ണമായും രക്ഷപ്പെട്ടു. അവർക്ക് യാതൊരു പ്രയാസവുമില്ല. ആദിവാസികൾക്ക് ഇപ്പോഴും ഭൂമിയില്ല. ഈ ജനതയോട് ഇങ്ങനെയല്ല നമ്മൾ പെരുമാറേണ്ടത്. ഒരു നിയമത്തിലൂടെ ഒരു ജനവിഭാഗം രക്ഷപ്പെട്ടതിൽ നമുക്കൊക്കെ സന്തോഷമാണ്. ആർക്കും അഭിപ്രായ വ്യത്യാസമില്ല. പക്ഷെ മറുഭാഗത്ത് ആദിവാസികളുടെ കാര്യത്തിൽ ഇപ്പോഴും ഒരു തീരുമാനം എടുക്കാൻ കഴിയുന്നില്ല. ആദിവാസി ഭൂസംരക്ഷണ നിയമം അനുസരിച്ച് 15 ഏക്കറിൽ കൂടുതൽ ഭൂമി കൈവശപ്പെടുത്തിയിട്ടുള്ള മുഴുവൻ ആളുകളിൽനിന്നും ഭൂമി പിടിച്ചെടുക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി പ്രകടിപ്പിക്കാൻ കഴിയണം. 15 ഏക്കറിൽ

കൂടുതൽ ആരെങ്കിലും കൈവശം വച്ചിട്ടുണ്ടെങ്കിൽ അത് മുഴുവൻ പിടിച്ചെടുക്കണമെന്ന് ഇ. കെ. നായനാർ കൊണ്ടുവന്ന നിയമത്തിനകത്ത് പറയുന്നുണ്ട്. അത് നടപ്പിലാക്കാൻ നമുക്ക് കഴിയണം. അതുപോലെതന്നെ 5 ഏക്കർ വരെ ഭൂമി നഷ്ടപ്പെട്ട ആദിവാസികൾക്ക് തത്തുല്യമായ ഭൂമി കൊടുത്ത് ബാക്കിയുള്ളത് പിടിച്ചെടുക്കാനുള്ള നിലപാട് സ്വീകരിക്കാൻ കഴിയണം. ഈ നിയമം അടിയന്തരമായി നടപ്പിലാക്കാൻ കഴിയണം. വനാവകാശം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയിൽ ഞങ്ങൾ ഇടയ്ക്ക് പോകാറുള്ളതാണ്. കർണ്ണാടകയിൽ ആദിവാസി നിയമം നടപ്പിലാക്കാൻ നിങ്ങൾ തയ്യാറായോ; ഒരാൾക്കുപോലും ഭൂമി കൊടുത്തിട്ടില്ല. ഇതാണ് ഗവൺമെന്റുകളുടെ നയം. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ കാലഘട്ടത്തിൽ വനാവകാശ നിയമം നടപ്പിലാക്കിയപ്പോൾ ശ്രീമതി സി. കെ. ജാനുവിന്റെ അമ്മയ്ക്ക് കൈവശരേഖ കൊടുത്തു. കൈവശരേഖ പോര, അവർക്ക് പട്ടയം കൊടുക്കാൻ നമുക്ക് കഴിയണം. വനത്തിൽ താമസിക്കുന്ന ആദിവസികൾക്ക് പ്രത്യേക പരിഗണന കൊടുക്കാൻ കഴിയണം. കേന്ദ്ര നിയമത്തിൽ മാറ്റം വരുത്താൻ ഈ സഭ ഒറ്റക്കെട്ടായി ഇടപെടണമെന്നാണ് ഞങ്ങൾ പറയുന്നത്. പട്ടയം കൊടുക്കുന്നതിന്, വനാവകാശ നിയമപ്രകാരം നമുക്ക് കൈവശരേഖയേ കൊടുക്കാൻ

കഴിയൂ. അവർക്ക് പട്ടയം കൊടുക്കാൻ കഴിയണം. 2005 ഡിസംബർ 13 ആണ് കട്ട് ഓഫ് ഡേറ്റ്. അത് മാറ്റാനും നമുക്ക് ഇടപെടാൻ കഴിയണം. ആദിവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വലിയ രീതിയിലുള്ള ഇടപെടലാണ് കേരളത്തിലെ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പൂജ്യം മാർക്കാണ് കിട്ടുകയെന്ന് ശ്രീ. മഞ്ഞളാംകുഴി അലി പറയുന്നത് കേട്ടു. പൂജ്യം മാർക്കമല്ല, ആദിവാസികൾ കൂട്ടത്തോടെ വന്ന് വോട്ട് ചെയ്യുന്നത് നിങ്ങൾ കാണും. ഇതൊക്കെ തെറ്റായ ചില കാര്യങ്ങളാണ്. ഓരോരുത്തരുടെ ചിന്തയാണ്. ആ ചിന്തയല്ല നയിക്കേണ്ടത്. പെൻഷൻ ലഭിക്കുന്നവർ, ആദിവാസികൾ, പട്ടികജാതി വിഭാഗങ്ങൾ തുടങ്ങിയവരെല്ലാം ഈ ഗവൺമെന്റിന് അനുകൂലമായ നിലപാടാണ് സ്വീകരിക്കുക. അതുകൊണ്ട് ഞാൻ മറ്റുകാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്ന് ബഹുമാന്യനായ മുഖ്യമന്ത്രി റൂൾ 300 അനുസരിച്ച് ഒരു സ്റ്റേറ്റുമെന്റ് നടത്തുകയുണ്ടായി. അത് നല്ലകാര്യമാണ്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക സ്പെഷ്യൽ റിക്രൂട്ട്മെന്റ്. പക്ഷേ അത് പ്രത്യേകിച്ച് എടുത്തുപറയേണ്ട

കാര്യമെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അങ്ങയുടെ മറുപടി പ്രസംഗത്തിൽ പറയാവുന്ന കാര്യമേയുള്ളൂ. കാരണം അതൊരു പുതിയ സംഭവമല്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തുതന്നെ ഏതാണ്ട് 1283 ആളുകൾക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ എസ്.റ്റി. വിഭാഗത്തിൽ തൊഴിൽ കൊടുക്കാനുള്ള അവസരം സൃഷ്ടിച്ചത്. അതിൽ വനം വകുപ്പിൽ മാത്രം 609 പേർക്ക് തൊഴിൽ കൊടുത്തു. 108 ആയമാരുടെ തസ്തികകൾ സൃഷ്ടിച്ചു. ഇതൊക്കെ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നടന്നതാണ്. പട്ടികജാതി വിഭാഗത്തിലും വളരെ ഒറ്റപ്പെട്ട കേസുകളിൽ ഇത്തരം ഉദ്യോഗാർത്ഥി നിയമനം ലഭ്യമാകാത്തതുണ്ടെന്ന് ബോധ്യപ്പെട്ടപ്പോൾ 615 പേർക്കാണ് കഴിഞ്ഞ 5 വർഷംകൊണ്ട് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പാക്കിയത്. എന്റെ കൈയ്യിലുള്ളത് 1980-ൽ പി. കെ. വേലായുധൻ ചോദിച്ചൊരു ചോദ്യമാണ്. ഏത് വർഷമാണ് കേരളത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പാക്കാൻ തുടങ്ങിയത് എന്നായിരുന്നു ആ ചോദ്യം. അതിന്റെ ഉത്തരത്തിൽ 1970-ൽ ആണ് ആദ്യമായി നമ്മൾ ഇതിന് തുടക്കം കുറിച്ചത് എന്നാണ് പറയുന്നത്. കോൺഗ്രസ് ഗവൺമെന്റാണ് ഇതിന് തുടക്കം കുറിച്ചത് എന്ന് ബോധ്യപ്പെടുത്താനാണ് ഞാൻ ഇക്കാര്യം സൂചിപ്പിച്ചത്.

ദളിത്, ന്യൂനപക്ഷ ഇഷ്യൂ ഇന്ന് ദേശീയ തലത്തിൽ ഏറ്റവും കൂടുതൽ ചർച്ച

ചെയ്യുന്ന വിഷയമാണ്. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കൂടുതൽ പ്രയാസം അനുഭവിച്ചത്, ഏറ്റവും കൂടുതൽ ആശങ്കയോടെയും ഭയത്തോടെയും ജീവിക്കേണ്ടി വന്നത്, ഒരു ഭരണകൂടത്തെ പേടിയോടുകൂടി കാണേണ്ടി വന്ന കാലഘട്ടമായിരുന്നു കഴിഞ്ഞ നാല് വർഷത്തേത്. ഈ നാല് വർഷക്കാലവും ന്യൂനപക്ഷ, ദളിത് വിഭാഗങ്ങൾ അനുഭവിച്ച പീഡനങ്ങൾ സമാനതകളില്ലാത്തവയാണ്. എല്ലാവരും ഇപ്പോഴും അതിനെതിരെ ശക്തമായ ശബ്ദം ഉയർത്തിക്കൊണ്ടിരിക്കുന്നു. പക്ഷേ അതൊക്കെ അവഗണിച്ചുകൊണ്ട് ആൾക്കൂട്ടങ്ങൾ, സംഘപരിവാർ, ഹനുമാൻസേവക്കാർ, ഗോ സേനക്കാർ എന്നിവരൊക്കെ മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയാതെ ജാതിയുടെയും മതത്തിന്റെയും പേരിൽ, ന്യൂനപക്ഷമെന്നും ദളിത് എന്ന പേരിലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപകമായ അക്രമങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. ഞാൻ അതിന്റെ കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. പറഞ്ഞുതുടങ്ങിയാൽ ഒരുപാട് പേരുകൾ നമുക്ക് പറയാൻ കഴിയും. ഒരുപാട് സംഭവങ്ങൾ വിവരിക്കേണ്ടി വരും. സമയപരിമിതികൊണ്ട് ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. എങ്കിലും ഇന്ത്യ ചർച്ച ചെയ്ത മുഹമ്മദ് അഖ്ലാഖും ജുനൈദും നജീബും അതില ചില പേരുകൾ മാത്രമാണ്. അനുബന്ധമായി ഒരുപാട് പേരുകൾ, ഒരുപാട് പ്രശ്നങ്ങളും

പ്രയാസങ്ങളുമൊക്കെ ദേശീയ തലത്തിലുണ്ട്. ദളിത് പീഡനങ്ങളുടെ ചിത്രം രാജ്യം മുഴുവൻ മാത്രമല്ല, രാജ്യത്തിന് പുറത്തും ചർച്ച ചെയ്യുകയാണ്. പശുവിന്റെ തോലെടുക്കുന്ന തൊഴിൽ ചെയ്തു എന്നതിന്റെ പേരിൽ ആൾക്കൂട്ടം നടുറോഡിൽവച്ച് ദളിത് വിഭാഗത്തിൽപ്പെട്ടവരെ തല്ലിച്ചതച്ചത് നമ്മൾ ചർച്ച ചെയ്തതാണ്. രോഹിത് വെമുല രാജ്യത്തിന് മുന്നിൽ, ലോകത്തിന് മുന്നിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുന്ന സാഹചര്യമാണ്. ദളിത് പീഡനങ്ങൾ  ദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെടുമ്പോൾ കേരളം അതിൽനിന്ന് മാറി സഞ്ചരിക്കുന്ന സംസ്ഥാനമായിരുന്നു എന്നും. ഈ ഗവൺമെന്റിന്റെ ഒരു വർഷക്കാലത്തെ ക്ഷേമപ്രവർത്തനങ്ങളെയും വികസന പ്രവർത്തനങ്ങളെയും കുറിച്ച് സംസാരിക്കാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നില്ല. പക്ഷേ പിന്നിട്ട 21 മാസം, ഇന്ത്യയിലെ ഇന്നത്തെ വർത്തമാനകാല സാഹചര്യങ്ങളോട് ചേർത്തുവയ്ക്കുന്ന സമീപനമാണ് കേരളത്തിൽ ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്നത് വേദനാജനകമായ കാര്യമാണ്. ദേശീയ തലത്തിൽ ആർ.എസ്.എസ്.-ന്റെ അക്രമണത്തെ ഭയന്നാണ് ന്യൂനപക്ഷ, ദളിത് വിഭാഗങ്ങൾ ഇന്ന് ജീവിക്കുന്നതെങ്കിൽ കേരളത്തിലെ ദളിത്, ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ആർ.എസ്.എസ്.-നെ മാത്രമല്ല, സി.പി.ഐ.(എം.)-നെക്കൂടി ഭയപ്പെട്ടുകൊണ്ട് ജീവിക്കേണ്ട സാഹചര്യമാണ് എന്നത് ഒരു ഇടതുപക്ഷ

ഗവൺമെന്റിന് അഭിമാനിക്കാൻ കഴിയുന്ന ഒന്നല്ല എന്ന് ഞാൻ സൂചിപ്പിക്കട്ടെ. കഴിഞ്ഞ 5 വർഷം എന്തുമാത്രം കേസുകളും പ്രശ്നങ്ങളുമുണ്ടായി എന്ന കണക്ക് വച്ചിട്ടല്ല ഞാനിത് പറയുന്നത്. പക്ഷേ ചില സംഭവങ്ങളും നിലപാടുകളും അവിടെ ഗവൺമെന്റ് എടുത്ത സമീപനങ്ങളും ഒരു ഇടതുപക്ഷ ഗവൺമെന്റിന് ചേർന്നതായിരുന്നോ എന്ന് ആലോചിക്കണമെന്ന് മാത്രമേ എനിക്ക് പറയുവാനുള്ളൂ.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ട് മാസം കഴിയുന്നതിന് മുമ്പാണ് തലശ്ശേരിയിൽ രണ്ട് യുവതികളെ ജയിലിലേയ്ക്ക് പറഞ്ഞയച്ചത്. ഒന്നര വയസ്സായ ഒരു കൈക്കുഞ്ഞുമുണ്ടായിരുന്നു. കാരണം രാഷ്ട്രീയമായിരുന്നു. അതൊരു ഒറ്റപ്പെട്ട സംഭവമാകുമെന്ന് കരുതി. ഒന്നര വയസ്സായ കുഞ്ഞുങ്ങളുമായി മുമ്പും പലരും ജയിലിൽ പോയിട്ടുണ്ടെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി സഭയിൽ പരിഹസിക്കുകയാണ് ചെയ്തത്. അത് രാഷ്ട്രീയമായി ഒറ്റപ്പെട്ട സംഭവമാകും, അതവിടെ അവസാനിക്കുമെന്നാണ് ഞാൻ കരുതിയത്. പക്ഷേ ഈ 21 മാസക്കാലം പരിശോധിച്ചാൽ ഈ ഗവൺമെന്റിന്റെ ദളിത് വിരുദ്ധ നിലപാടിന്റെ തുടക്കമായിരുന്നു തലശ്ശേരിയിലെ ആ യുവതികൾക്കുണ്ടായ അനുഭവമെന്ന് പിന്നീട് ഓരോന്നായി ബോധ്യപ്പെടുന്ന സാഹചര്യമുണ്ടായി. പലയിടത്തും ഗവൺമെന്റ് നോക്കുകുത്തിയായി നിൽക്കുന്ന സാഹചര്യം. അശാന്തൻ എന്ന കലാകാരൻ

എറണാകുളത്ത് മരിച്ചപ്പോൾ അദ്ദേഹത്തിന്റെ മൃതദേഹം ദർബാർ ഹാളിൽ പൊതുദർശനത്തിന് വയ്ക്കേണ്ടി വന്നപ്പോൾ അതിന് ബഹളം കൂട്ടേണ്ട സാഹചര്യമുണ്ടായി. അതിനെതിരായ നിലപാട് സ്വീകരിച്ചവർക്ക് പോലീസോ ഭരണകൂടമോ സൗകര്യം ചെയ്തുകൊടുക്കേണ്ട സാഹചര്യം ഉണ്ടായില്ല. അതോടൊപ്പംതന്നെ വടയമ്പാടിയിൽ സ്വാഭിമാൻ കൺവെൻഷൻ നടത്തുവാൻ വന്ന ദളിത് യുവതീയുവാക്കളെ തല്ലിച്ചതച്ചപ്പോൾ, പോലീസ് ആ ഒരു നടപടി എടുക്കുമ്പോൾ അപ്പുറത്ത് മാറിനിന്ന് കൈക്കൊട്ടിയവർ ആർ.എസ്.എസ്.-കാർ ആയിരുന്നു. ആ ആർ.എസ്.എസ്.-കാരെ പിന്തുണയ്ക്കുന്ന സമീപനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചത്. ഇവിടെ പാവപ്പെട്ടവനെയും ദളിതനെയുമൊക്കെ മുദ്രാവാക്യം വിളിക്കാനും കൊടി പിടിക്കുവാനും ആകാശത്തേയ്ക്ക് മുഷ്ടി ചുരുട്ടി ഉയർത്തി മുദ്രാവാക്യം വിളിക്കാനും ഉപയോഗിക്കുന്ന ഉപകരണങ്ങളായി ഇടതുപക്ഷം കണ്ടുകൊണ്ടിരിക്കുകയാണ്.

ഇതൊക്കെ സഹിക്കാം. ഏറ്റവും ഒടുവിലായി ഇന്ന് നിങ്ങൾ കൊണ്ടുവരുന്ന സംവരണ നയം. ബഹുമാനപ്പെട്ട മന്ത്രീ, അങ്ങ് അതിനെ സംബന്ധിച്ച് ശക്തമായൊരു നിലപാടെടുക്കണം എന്ന് ഞാനിവിടെ സൂചിപ്പിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തും ഈ ചർച്ചകളൊക്ക

വന്നതാണ്. അപ്പോൾ ശക്തമായ നിലപാടുകളും അഭിപ്രായങ്ങളും അറിയിച്ചതിന്റെ പേരിലാണ് ദേവസ്വം ബോർഡ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിങ്ങളെടുത്ത ഒരു നിലപാട് ഞങ്ങൾ എടുക്കാതെ പോയത്. അതിന് എന്താണ് ദേവസ്വം വകുപ്പുമന്ത്രി പറഞ്ഞത്; ഞാൻ സംവരണവുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. അത് അതീവ ഗൗരവമായി സംസാരിക്കേണ്ട കാര്യമാണെന്ന് എനിക്കറിയാം. പക്ഷേ വളരെ ലാഘവത്തോടുകൂടിയാണ് നിങ്ങൾ കൈകാര്യം ചെയ്യുന്നത്. നമ്മുടെ മന്ത്രി പറഞ്ഞത്, വിശപ്പ് എല്ലാവർക്കും തുല്യമാണെന്നാണ്. വിശപ്പ് എല്ലാവർക്കും തുല്യമാണ് എന്നത് വിപ്ലവകരമായ മുദ്രാവാക്യമാണ്. കാരണം ദളിതനാകട്ടെ, സവർണ്ണനാകട്ടെ, പാമരനാകട്ടെ, പണ്ഡിതനാകട്ടെ എല്ലാവർക്കും വിശപ്പ് ഒന്നല്ലേ എന്ന് ചോദിച്ചാൽ അംഗീകരിക്കാം. വിശപ്പ് എല്ലാവർക്കും ഒന്നാണ്. പക്ഷേ ഇന്ത്യയിലെ സംവരണത്തിന്റെ മാനദണ്ഡം വിശപ്പോ ദാരിദ്ര്യമോ ആണോ; അങ്ങനെയാണെങ്കിൽ 1947-ൽ സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ 36 കോടി ജനതയാണ് നമുക്കുണ്ടായിരുന്നത്. അതിൽ പകുതിയിലധികവും മൂന്നുനേരം ഭക്ഷണം കഴിക്കാൻ കഴിയാത്ത, ഉടുതുണിക്ക് മറുതുണിയില്ലാത്ത ഒരു ജനവിഭാഗമായിരുന്നു. എന്തുകൊണ്ടാണ് ഇന്ത്യയിലെ ദേശീയ നേതാക്കളും ഭരണഘടനാ വിദഗ്ദ്ധരും ഇവിടെ പട്ടിണിയും ദാരിദ്ര്യവും ഉള്ളതുകൊണ്ട് ഈ 20

കോടി ജനങ്ങളെയും അല്ലെങ്കിൽ ദാരിദ്ര്യമുള്ളവരെ മുഴുവൻ ഈ സംവരണത്തിന്റെ പരിധിയിൽ കൊണ്ടുവരാത്തത്; സംവരണത്തിന്റെ മാനദണ്ഡം എന്നത് ഏറ്റവും ചുരുങ്ങിയത് ദാരിദ്ര്യവും പട്ടിണിയുമല്ല, മറിച്ച് അവസര സമത്വവും സാമൂഹ്യ നീതിയുമാണ്. മഹാനായ ഡോ. ബി. ആർ. അംബേദ്കർ ഏറ്റവും കൂടുതൽ വേദനിച്ചത് ഒരുനേരം ഭക്ഷണം കിട്ടാത്തതുകൊണ്ടല്ല, മറിച്ച് ഏറ്റവും മിടുക്കനായ വിദ്യാർത്ഥി ആയിട്ടുപോലും ക്ലാസ്സ് മുറിയിലെ ഒരു മൂലയിൽ ഒരു ചാക്കിലിരുന്ന് പഠിക്കേണ്ട സാഹചര്യംകൊണ്ടായിരുന്നു. സഹപാഠികളോടൊപ്പം സ്വന്തം ബെഞ്ചിലിരുന്ന് പഠിക്കുവാൻ അവസരം നിഷേധിച്ചതിനെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. ആ അവസരം ഉണ്ടാക്കുന്നതിനും സാമൂഹ്യനീതി നടപ്പാക്കുന്നതിനും വേണ്ടിയാണ് ഇവിടെ സംവരണം കൊണ്ടുവന്നത്. ഇന്ന് സംവരണം ഇല്ലെങ്കിലുള്ള സ്ഥിതി ഞാൻ പ്രത്യേകിച്ച് പറയണോ; 15 പേർ ഈ നിയമസഭയിലുണ്ട്. അത് സംവരണം ഭരണഘടന ഉറപ്പ് നൽകുന്നതുകൊണ്ടാണ്. അതോടൊപ്പംതന്നെ മറ്റ് പല മേഖലകളിലും. സംവരണം ഇല്ലാത്ത മേഖലയിലോ? സംവരണം ഇല്ലാത്ത മേഖലയിലെ സ്ഥിതി ഞാൻ പറയുന്നില്ല. അപ്പുറവും ഇപ്പുറവും ഇരിക്കുന്ന മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളൊക്കെ അതിന് ഉത്തരം പറയേണ്ടി വരും. രാജ്യസഭ എടുത്ത് പരിശോധിച്ചാൽ നമുക്കത് ബോധ്യമാകും. മറ്റ് തലങ്ങളിൽ സംവരണമില്ലാത്ത

സ്ഥലങ്ങൾ എടുത്ത് പരിശോധിച്ചാൽ അവിടെയൊന്നും പ്രൊട്ടക്ഷനില്ല. ആർക്കും കടന്നുവരാൻ കഴിയാത്ത സാഹചര്യം ഇപ്പോഴും നിലനിൽക്കുകയാണ്. ഞാൻ സൂചിപ്പിച്ചത്, ദാരിദ്ര്യത്തെയും വിശപ്പിനെയും സംവരണത്തിന്റെ അടിസ്ഥാനമാക്കി, അളവുകോലാക്കി മാറ്റിയാൽ ഏറ്റവും കൂടുതൽ പട്ടിണി കിടക്കുന്ന ആളുകൾ നമ്മുടെ കടലോര പ്രദേശങ്ങളിൽ ഉള്ളവരാണ്. കാറ്റൊന്ന് കനത്താൽ, കടലൊന്ന് ഇരമ്പിക്കഴിഞ്ഞാൽ ദിവസങ്ങളോളം അടുപ്പ് പുകയാത്ത വീടുകൾ നമ്മുടെ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലുണ്ട്. എന്താണ് നിങ്ങൾ അവർക്ക് പ്രത്യേക സംവരണം കൊടുക്കാതിരിക്കുന്നത്; ഞാൻ ഒരിക്കൽക്കൂടി പറയട്ടെ, സംവരണം എന്നത് അവസരസമത്വവും സാമൂഹ്യനീതിയുമാണ്. അർഹതപ്പെട്ടവന് അർഹതപ്പെട്ട സ്ഥാനങ്ങൾ ലഭിക്കാനുള്ള അവസരമാണ്.

എന്തുകൊണ്ടാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നത്; മറ്റൊരു വിഭാഗത്തിനും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താത്ത സാഹചര്യമെന്താണ്; കാരണം ഈ വിഭാഗങ്ങൾക്ക് ഇന്ന് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെയേ അവസരം കൊണ്ടുവരാൻ കഴിയുകയുള്ളൂ. കാരണം അവർക്ക് അവസരം ലഭ്യമാകാതെ പോകുന്നു. എനിക്ക് മനസ്സിലാകുന്നില്ല, എവിടെനിന്നാണ് ഗവൺമെന്റിന് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്ന ഉപദേശം കിട്ടുന്നതെന്ന്. മൂന്ന് സ്ട്രീമാക്കി തിരിച്ചിരിക്കുകയാണ്.

അത് പഠിച്ചാൽ അങ്ങേയ്ക്ക് മനസ്സിലാകുമല്ലോ. ഈ മൂന്ന് സ്കീമിൽ രണ്ട് സ്കീമിലും റിസർവ്വേഷനില്ല. ഒന്നാമത്തെ സ്കീമിൽ മാത്രമാണ് റിസർവ്വേഷൻ. രണ്ടും മൂന്നും സ്കീമിൽ റിസർവ്വേഷൻ ഇല്ലാതെ വന്നുകഴിഞ്ഞാൽ ആകെയുള്ള റിസർവ്വേഷനിലൂടെ കടന്നുവരാൻ കഴിയുന്ന പാവപ്പെട്ട ജനവിഭാഗങ്ങൾ എത്ര പേരുണ്ടാകും എന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. ഇന്ത്യയിൽ ഒരിടത്തും ഇല്ലാത്ത രീതിയിലുള്ള ഒരു സ്കീം നിങ്ങൾ സൃഷ്ടിച്ചില്ലേ; അത് ആരെ സംരക്ഷിക്കുവാൻ വേണ്ടിയായിരുന്നു എന്ന് പരസ്യമായി പറയേണ്ട ബാധ്യത നിങ്ങൾക്കുണ്ട്. ഇവിടത്തെ പാവപ്പെട്ടവനെ കൂടുതൽ പ്രയാസങ്ങളിലേയ്ക്ക് നയിക്കുന്ന സാഹചര്യമാണ് ഗവൺമെന്റിന്റെ നിലപാടുകൾകൊണ്ട് ഉണ്ടാകുന്നതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

സംവരണത്തിന് എതിരെയുള്ള ഈ നീക്കംപോലെതന്നെ സംവരണം ഇനി ആവശ്യമാണോ എന്ന തരത്തിൽ വലിയ പ്രചാരണം നടക്കുന്നുണ്ട്. പത്തുപത്തിയെട്ട് വർഷക്കാലമായില്ലേ. ഇനിയും ഇത് മുന്നോട്ട് കൊണ്ടുപോകണോ? പദ്ധതി വിഹിതം നമ്മൾ ചെലവഴിച്ചിട്ട് അതിന്റെ ഗുണം കിട്ടുന്നുണ്ടോ എന്ന് അപ്പുറത്തും ഇപ്പുറത്തും ഇരുന്ന് പറയുന്നു. എന്താണ് ഇതിന്റെ ഉള്ളിലുള്ള ലക്ഷ്യം. ഇത് അവസാനിപ്പിക്കേണ്ട സമയമായി എന്നുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമാണിത്. പത്ത് ശതമാനമാണ് നമുക്ക് പദ്ധതി

വിഹിതം നീക്കി വയ്ക്കുന്നത്. അതുകൊണ്ട് എന്ത് ചെയ്യാൻ കഴിയും. അതിന്റെ പരിമിതികൾ എത്രയാണ്. അതിൽ എന്ത് ചെലവഴിച്ചു എന്നത് പരിശോധിക്കണമെന്നാണ് എല്ലാവരും പറയുന്നത്. ബാക്കി വരുന്ന 90 ശതമാനം ഇവിടെ ചെലവഴിക്കുന്നുണ്ട്. അതിന്റെ പുരോഗതി വിലയിരുത്തുന്നുണ്ടോ. ഉദ്ദേശിച്ച രീതിയിലുള്ള പുരോഗതി ആ സെക്ടറിലുണ്ടോ; കേരളത്തിൽ പൊതുവായി ചെലവഴിക്കുമ്പോൾ ഉണ്ടാകുന്ന പാകപ്പിഴകൾ ഇവിടെയും ഉണ്ടാകും. അത്രയേയുള്ളൂ. ഒരുപാട് പണം ഇവർക്കുവേണ്ടി ചെലവഴിക്കുന്നു എന്നാണ് പറയുന്നത്. പ്ലാൻ ഫണ്ട് പരിമിതമാണെന്ന കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണ്. ഇവിടെ നോൺ പ്ലാൻ ഫണ്ട് ഉണ്ടല്ലോ. അതിൽനിന്ന് ആയിരക്കണക്കിന് കോടി രൂപ പ്രതിവർഷം ചെലവഴിക്കുന്നില്ലേ. അവിടെ ഇടതുപക്ഷമായാലും വലതുപക്ഷമായാലും നമ്മളാരും ചിന്തിക്കുന്നുണ്ടോ, പ്ലാൻ ഫണ്ടിന്റെ 10 ശതമാനം ഈ വിഭാഗങ്ങൾക്ക് ലഭിക്കാൻ അർഹതയില്ലേ. അവർക്ക് 10 ശതമാനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ കേരളത്തിലെ ഏതെങ്കിലും ഗവൺമെന്റിന് ഇന്നുവരെ കഴിഞ്ഞിട്ടുണ്ടോ. ഇല്ല. നമ്മൾ വെറുതേ ഇത്തരത്തിൽ ഒരുപാട് പണം ചെലവഴിക്കുന്നു. എന്നിട്ടും മാറ്റമില്ല എന്നൊക്കെ പറഞ്ഞ് പ്രചരണം നടത്തുക എന്നല്ലാതെ യഥാർത്ഥത്തിൽ ഇന്ന് നോൺ പ്ലാൻ ഫണ്ടിലൂടെ കിട്ടുന്ന ശമ്പളവും പെൻഷനും എസ്.സി. വിഭാഗങ്ങൾക്ക്

ലഭിക്കുകയാണെങ്കിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിയും. അവിടെ നമ്മൾ സൈലന്റാണ്. ഈ കാര്യത്തെക്കുറിച്ച് ഒരുപാട് പറയുകയും ചെയ്യും.

സംവരണ നയത്തിലൂടെ, ദളിത് വിരുദ്ധ സമീപനത്തിലൂടെ കേന്ദ്ര ഗവൺമെന്റിന്റെ ദളിത് വിരുദ്ധ നിലപാടുകളോട് ഒപ്പം ചേർന്നാണ് കേരളത്തിലെ ഗവൺമെന്റ് പോകുന്നത്. ഇന്ത്യാ രാജ്യത്ത് സാമ്പത്തിക സംവരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഏറ്റവും കൂടുതൽ പറഞ്ഞിട്ടുള്ളത് ആർ.എസ്.എസ്.-ഉം ആർ.എസ്.എസ്.-ന്റെ നേതാവ് ശ്രീ. മോഹൻ ഭഗവതും ആണ്. അദ്ദേഹത്തിന്റെ അജണ്ട നടപ്പാക്കുന്ന ഗവൺമെന്റായി കേരളത്തിലെ ഗവൺമെന്റ് മാറുന്നു എന്ന് പറയുന്നതിലുള്ള അങ്ങേയറ്റത്തെ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. റ്റി. പി. രാമകൃഷ്ണൻ)</u>: സർ, ഈ ഡിമാന്റിനെക്കുറിച്ചുള്ള ചർച്ചയിൽ ബഹുമാനപ്പെട്ട 15 അംഗങ്ങൾ പങ്കെടുത്തിട്ടുണ്ട്. ചർച്ചയിൽ ഉന്നയിച്ച നിർദ്ദേശങ്ങളും ശരിയായ വിമർശനങ്ങളും ഗവൺമെന്റ് സ്വീകരിക്കുകയും ഭാവിപ്രവർത്തനങ്ങളിൽ അത് സഹായകരമായി ഉപയോഗപ്പെടുത്തുമെന്നും വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തൊഴിൽ വകുപ്പ് ശക്തിപ്പെടുത്തുന്നതിന് ദിശാബോധമുള്ള നടപടികൾ സമയബന്ധിതമായി

നടപ്പിലാക്കാനാണ് ഗവൺമെന്റ് ശ്രമിച്ചുവരുന്നത്. തൊഴിലും തൊഴിലവകാശങ്ങളും സംരക്ഷിച്ച് സാമൂഹ്യസുരക്ഷിതത്വം ഉറപ്പുവരുത്തി സർക്കാർ തൊഴിലാളികൾക്കൊപ്പം നിൽക്കുകയാണ്. കേരളം തൊഴിൽ സൗഹൃദ സംരഭക സൗഹൃദ സംസ്ഥാനമായി മാറുകയാണ്. സംതൃപ്തവും പ്രവർത്തനനിരതവുമായ തൊഴിൽ മേഖല സംസ്ഥാനത്തിന്റെ സാമൂഹ്യസാമ്പത്തിക വളർച്ചയുടെയും സമഗ്രവികസനത്തിന്റെയും നിർണ്ണായക ഘടകങ്ങളിലൊന്നാണ്. ഈ ലക്ഷ്യം കൈവരിക്കാനായി പുതിയ തൊഴിൽ നയം സർക്കാർ മുന്നോട്ട് വയ്ക്കുന്നു. തൊഴിലാളികളുടെയും തൊഴിലുടമകളുടെയും യോജിച്ച മുന്നേറ്റത്തിലൂടെയും തൊഴിൽ സൗഹൃദ അന്തരീക്ഷം ശക്തിപ്പെടുത്തിയും സംസ്ഥാനത്തിന്റെ സ്ഥായിയായ വികസനം ലക്ഷ്യമാക്കിയും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ തൊഴിൽ നയം രൂപപ്പെടുത്തി വരികയാണ്. പൊതുസമൂഹത്തിന്റെ ചർച്ചയ്ക്കായി അവതരിപ്പിച്ച കരട് തൊഴിൽ നയത്തിന്മേൽ വിവിധ മേഖലകളിൽ നിന്ന് വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്. അവകൂടി പരിഗണിച്ച് സർക്കാർ തൊഴിൽ നയത്തിന് അവസാന രൂപം നൽകാനാണ് ശ്രമിക്കുന്നത്. കരട് തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള നടപടികൾ തൊഴിലാളികളുടെയും തൊഴിലുടമകളുടെയും ഇതര ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ

പ്രാവർത്തികമാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. വരുന്ന വർഷത്തെ പ്രവർത്തനങ്ങളിൽ ഈ നയം പ്രാവർത്തികമാക്കുന്നതിനാണ് ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നത്. തൊഴിലിടങ്ങളിൽ ഉണ്ടാകാനിടയുള്ള പ്രശ്നങ്ങളിൽ ഇടപെടാനും തൊഴിൽ സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റിയെടുക്കാനും ഉതകുന്ന നടപടികൾക്ക് ബഡ്ജറ്റ് വർഷത്തിൽ പ്രാധാന്യം നൽകും. എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തി തൊഴിൽ നിയമങ്ങൾ നടപ്പിലാക്കാൻ ജാഗ്രതയായ ഇടപെടലുണ്ടാകും. മിനിമം വേതനം പ്രഖ്യാപിച്ചിട്ടുള്ള മേഖലകളിൽ വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം പുതിയ മേഖലകളിലേക്കുകൂടി മിനിമം വേതനം വ്യാപിപ്പിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിക്കും. കേരളത്തിൽ പുന:സംഘടിപ്പിക്കപ്പെട്ട മിനിമം വേജസ് അഡ്വൈസറി ബോർഡ്, മിനിമം വേജ് നിശ്ചയിക്കാൻ ബാക്കിയുള്ള എല്ലാ മേഖലകളിലും മിനിമം വേജ് നിശ്ചയിക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. കേരളത്തിൽ മിനിമം വേജ് ബാധകമായ 80 വിഭാഗം തൊഴിലാളികളുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തുതന്നെ 5 വർഷം കാലാവധി പൂർത്തിയാക്കിയ ഏകദേശം 39 മേഖലകളിൽ മിനിമം വേജ് പുതുക്കി നിശ്ചയിക്കാനുള്ള നടപടി

സ്വീകരിക്കേണ്ടിയിരുന്നു. ആ മേഖലകളിലെല്ലാം മിനിമം വേജ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇതിനകം 22 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചു. സ്വകാര്യ ആശുപത്രി, ഖാദി, ഹാൻഡ് ലൂം, ഫിഷ് പീലിംഗ്, സ്വകാര്യ സ്ഥാപനം തുടങ്ങിയ 5 മേഖലകളിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതിൽ സ്വകാര്യ ആശുപത്രി, സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മിനിമം വേജ് പ്രഖ്യാപിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. മിനിമം വേജ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ തന്നെയാണ് ഗവൺമെന്റ് സ്വീകരിച്ചു വരുന്നത്. തൊഴിലാളികൾക്ക് മിനിമം വേതനം നിഷേധിക്കുന്ന തൊഴിലുടമകൾക്കെതിരെയുള്ള പിഴശിക്ഷ 500/- രൂപയിൽ നിന്ന് 2 ലക്ഷം രൂപയായി ഉയർത്തിയത് നിയമം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായാണ്. കഴിഞ്ഞ ബഡ്ജറ്റ് വർഷം വിവിധ ക്ഷേമനിധി ബോർഡുകളിൽ നടപ്പിലാക്കിയ വർദ്ധിപ്പിച്ച ആനുകൂല്യങ്ങൾ മറ്റു ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്കുകൂടി ലഭ്യമാക്കാനുള്ള നടപടികളാണ് ഗവൺമെന്റ് കൈക്കൊണ്ടുവരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾ 600/- രൂപയായിരുന്ന

പെൻഷൻ വാങ്ങിയിരുന്നത്. അതെല്ലാം 1100/- രൂപയിലേക്ക് ഉയർത്തുകയുണ്ടായി. 1100/- രൂപയിലേക്ക് ഉയർത്തിയെന്നുമാത്രമല്ല, മുൻബാക്കി ഉൾപ്പെടെ 2017 നവംബർ മാസം വരെയുള്ള ക്ഷേമനിധി പെൻഷനുകൾ ഇതിനകം വിതരണം ചെയ്തു കഴിഞ്ഞിട്ടുമുണ്ട്. മിനിമം കൂലി, ചുമട്ടുമേഖലയിലെ തർക്കങ്ങൾ തുടങ്ങിയ ചില പ്രശ്നങ്ങൾ ഉയർന്നുവരുന്നത് സ്വാഭാവികമാണ്. ചുമട്ടുമേഖലയിൽ 11 ജില്ലകളിൽ കൂലി ഏകീകരിച്ചിട്ടുണ്ട്. അത് പൊതുവേ തർക്കങ്ങൾ ഒഴിവാക്കുന്നതിന് സഹായകരമാണ്. 3 ജില്ലകളിൽ കൂടി കൂലി ഏകീകരിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടക്കുകയാണ്. കർഷകത്തൊഴിലാളി പെൻഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. അത് ന്യായമായ പ്രശ്നം തന്നെയാണ്. അതിന് പരിഹാരം കാണണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ 5 വർഷക്കാലത്തും കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ഒരു രൂപപോലും സഹായം നൽകാൻ തയ്യാറായില്ല. ആ കാലഘട്ടങ്ങളിലെ കുടിശ്ശിക ഏകദേശം 300 കോടിയോളം രൂപ വരും. കഴിഞ്ഞവർഷമാണ് കുടിശ്ശിക ഇനത്തിൽ 30 കോടി രൂപ ഈ ഗവൺമെന്റ് കൊടുത്തിട്ടുള്ളത്. മുൻബാക്കിയുള്ള എല്ലാ ആനുകൂല്യങ്ങളും കർഷകത്തൊഴിലാളികൾക്ക് നൽകുന്നതിനുവേണ്ടിയുള്ള ശ്രമം തന്നെയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. കർഷകത്തൊഴിലാളി പെൻഷനുള്ള അർഹത,

വരുമാന പരിധി 11000/- രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 4,45,995 തൊഴിലാളികൾക്ക് 574,41,83,802/- രൂപ ക്ഷേമനിധി പെൻഷനായി വിതരണം ചെയ്തിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന കയർ, തോട്ടം, പൊതുമേഖലാ സ്ഥാപനങ്ങൾ, ഫാക്ടറികൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യാ ധനസഹായം, പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കിറ്റുകൾ, പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യയും പത്തുകിലോഗ്രാം അരിയും വിതരണം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ബീഡി ചുരുട്ടുതൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന് 20 കോടി രൂപയുടെ ധനസഹായം 19.03.2018-ന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ധനസഹായം വിനിയോഗിച്ച് 15 പുതിയ ക്ഷേമ പദ്ധതികൾ ഈ വർഷത്തിൽ ബീഡിത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കാൻ സാധിക്കും. ഡിഗ്രി തലത്തിലുള്ള വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, മേശ, കസേര എന്നിവയും 8-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് സൈക്കിൾ,

അംഗവൈകല്യമുള്ള 8-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് മുച്ചക്ര സൈക്കിൾ എന്നിവയും ബീഡി മേഖലയിലുള്ള തൊഴിലാളികളുടെ മക്കൾക്ക് വേണ്ടി ഏർപ്പെടുത്തുന്നതിനും നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തോട്ടം മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് ഞാൻ നേരത്തേ പറഞ്ഞു, പ്ലാന്റേഷൻ മേഖല അതീവ ഗുരുതരമായ പ്രതിസന്ധിയിലാണ്. ഈ പ്രതിസന്ധിക്ക് പരിഹാരം കാണാനായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ നിർദ്ദേശിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ റിപ്പോർട്ട് ഈ ഗവൺമെന്റിന്റെ കാലത്താണ് ലഭിച്ചത്. റിപ്പോർട്ടിന്റെ ഉള്ളടക്കം പരിശോധിച്ച് പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കണ്ടെത്താൻ കഴിയും എന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതുസംബന്ധിച്ചുള്ള ഉന്നതതല കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചുകഴിഞ്ഞു. ഇവ എങ്ങനെ പ്രാവർത്തികമാക്കണം എന്നതിനെക്കുറിച്ച് തൊഴിലാളികളുടെ സംഘടനകളുമായും ഉടമാ സംഘടനകളുമായും ഗവൺമെന്റ് ചർച്ച നടത്തിക്കഴിഞ്ഞു, എല്ലാ പ്രശ്നങ്ങളും പരിശോധിച്ച് പരിഹാരം

കാണുന്നതിനുവേണ്ടിയുള്ള ശ്രമം നടക്കുന്നുണ്ട്. ഈ ചർച്ചയുടെ ഭാഗമായി ഉയർന്നുവന്ന പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. സി. കെ. ശശീന്ദ്രൻ ഇവിടെ വിശദീകരിച്ചത്. ഈ കാര്യങ്ങളെല്ലാം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ വേണ്ടിയുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഇതിനോടൊപ്പം തന്നെ തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി വീട് നിർമ്മിക്കുന്ന പദ്ധതിയെക്കുറിച്ചും ഗവൺമെന്റ് ഗൗരവമായി ചിന്തിക്കുന്നുണ്ട്. ഇപ്പോൾ തന്നെ ഒരു വീടിന് നാല് ലക്ഷം രൂപയെന്ന് കണക്കാക്കിയിട്ടുണ്ടെങ്കിലും തോട്ടം മേഖലയിൽ ആ തുക കൊണ്ട് വീടുപണിയാൻ കഴിയില്ല. അതുകൂടി പരിഗണിച്ച് ബാക്കി വരുന്ന തുക ബെനിഫിഷ്യറി കമ്മിറ്റി, നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ പോലുള്ള മറ്റ് ഏജൻസികളെ കൂടി ഉപയോഗിച്ച് തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി വീട്, തോട്ടം ഉടമകളുടെകൂടി സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നുന്നത്.

തോട്ടം തൊഴിലാളികൾ പ്രത്യേകിച്ച് തേയിലത്തോട്ടങ്ങളിലെ തൊഴിലാളികൾ പ്രതിസന്ധിയിലാണ്, പല തോട്ടങ്ങളും അടഞ്ഞു കിടക്കുകയാണ്. വ്യവസായം വളരെ പ്രതിസന്ധി നേരിടുമ്പോൾ ഈ

വ്യവസായത്തിനും തൊഴിലാളികൾക്കും പ്രതീക്ഷയും നൽകുന്നതാണ് ഇപ്പോൾ പീരുമേട്ടിൽ പോബ്സൺ കമ്പനിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പുതിയ ടീ ഫാക്ടറി. ആഗോള തലത്തിൽ തേയില കച്ചവടത്തിൽ മത്സരിക്കാൻ പ്രാപ്തമാകത്തക്ക നിലയിൽ ആ സ്ഥാപനത്തിന് പ്രവർത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരം പരിശ്രമങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകാൻ ഗവൺമെന്റ് സന്നദ്ധമായിട്ടുണ്ട്, അത്തരം നടപടികളിലൂടെ ഈ വ്യവസായങ്ങളുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

കഴിഞ്ഞ വർഷം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വളരെ മികച്ച പ്രവർത്തനം നടത്തിയിട്ടുണ്ട്. പൊതുജന സേവന രംഗത്തെ നൂതന ആശയാവിഷ്കാരത്തിനുള്ള കഴിഞ്ഞ വർഷത്തെ മുഖ്യമന്ത്രിയുടെ അവാർഡ് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് കരസ്ഥമാക്കിയിട്ടുണ്ട്. ഈ പ്രവർത്തന മികവ് വരുംവർഷങ്ങളിലും തുടരുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ തൊഴിൽ ലഭിക്കാത്തവരും മറ്റ് സ്വയം തൊഴിലിൽ ഏർപ്പെടാൻ കഴിയാത്തവരുമായ ആളുകളിൽ 50 വയസ്സു മുതൽ 65 വയസ്സു

വരെ പ്രായപരിധിയുള്ളവരെ ഉദ്ദേശിച്ചുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതിയായ 'നവജീവൻ' വരുന്ന സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുതിയ പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ശ്രീ. സി. കെ. നാണു സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട അംഗം കെ. കൃഷ്ണൻകുട്ടി ഇടപെടുകയുണ്ടായി, അദ്ദേഹം പറഞ്ഞ കാര്യം ശരിയാണ്, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നിരന്തരമായ ശ്രമം ഈ മേഖലയിൽ ഗവൺമെന്റ് നടത്തിവരുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, ഇതുവഴി കൂടുതൽ തൊഴിലവസരങ്ങൾ പുതിയ തലമുറയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ശക്തമായി തുടരുകയാണ്. തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന KASE എന്ന സ്ഥാപനം തൊഴിൽ നൈപുണ്യ വികസനത്തിൽ ശ്രദ്ധേയമായ ഇടപെടൽ നടത്തിവരികയാണ്. ഈ സൗകര്യങ്ങളെല്ലാം ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. ഇപ്പോൾ കേരളത്തിൽ ഐ.ടി.ഐ.-കൾ വഴി സംഘടിപ്പിച്ചുവരുന്ന ജോബ് ഫെയർ പോലുള്ള പരിശ്രമങ്ങൾ

ഇതിനുദാഹരണമാണ്. ജോബ് ഫെയറിൽ ഇന്റർവ്യൂ നടത്തുന്ന കേന്ദ്രത്തിൽ വച്ചുതന്നെ തൊഴിൽ നൽകാനും, തൊഴിലിൽ സാദ്ധ്യതയുള്ള തൊഴിലാളികളെ എൻലിസ്റ്റ് ചെയ്യാനും ഈ നടപടികളിലൂടെ കഴിയുന്നുവെന്നതാണ് വളരെ പ്രധാനപ്പെട്ട കാര്യം. ഇങ്ങനെ നാനാതരത്തിലുള്ള നടപടികൾ തൊഴിൽ മേഖലയിൽ ഇപ്പോൾ പ്രാവർത്തികമാക്കി വരുന്നുണ്ടെന്നുള്ളത് ഈ സന്ദർഭത്തിൽ ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഇൻകം സപ്പോർട്ട് സ്കീമിന്റെ പരിധിയിൽ പൂട്ടിക്കിടക്കുന്ന തോട്ടം, പൊതുമേഖലാ സ്ഥാപനങ്ങൾ, ഫാക്ടറികൾ, എന്നിവിടങ്ങളിലെയും കയർ മേഖലയിലെയും തൊഴിലാളികൾക്കെല്ലാം എക്സ്ഗ്രേഷ്യാ ധനസഹായം ഇക്കാലയളവിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കിറ്റുകൾ, കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യയും പത്ത് കിലോഗ്രാം അരിയും, ഇങ്ങനെയെല്ലാം ഈ കാലഘട്ടത്തിൽ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. മരണപ്പെട്ട 120 തൊഴിലാളികളുടെ ആശ്രിതർക്ക് 25000 രൂപ വീതം പ്ലാന്റേഷൻ തൊഴിലാളി ആശ്വാസ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. 1150 ഗുണഭോക്താക്കൾക്ക് 2000 രൂപ വീതം 23 ലക്ഷം രൂപ അസംഘടിത മേഖലയിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്ക്

ആശ്വാസപദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. ആർ.എസ്.ബി.വൈ., ചിസ്സ് ഇവയും സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതിയും കൂടിച്ചേർന്ന് 34.84 ലക്ഷം കുടുംബങ്ങളെ ആരോഗ്യ ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 30000 രൂപ ചികിത്സാ സഹായം ലഭിക്കും. ഇതുകൂടാതെ 60 വയസ്സ് പ്രായം തികഞ്ഞിട്ടുള്ള തൊഴിലാളികൾക്ക് 30000 രൂപ കൂടി ലഭിക്കും, അവർക്ക് മൊത്തം 60000 രൂപ ലഭിക്കും. ഇതുമായി ബന്ധപ്പെട്ട് നാനാതരത്തിലുള്ള ആനുകൂല്യങ്ങളും ഈ പാവപ്പെട്ട വിഭാഗത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു കോടിയിൽപ്പരമാളുകൾ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുണ്ട്. അത്തരം ആളുകളെല്ലാം നല്ല രീതിയിൽ ആനുകൂല്യം ഉപയോഗിച്ചുവരുന്നുവെന്നുള്ളതാണ് വസ്തുത. ഓരോ വർഷവും ഈ പദ്ധതിയിലുള്ള രജിസ്ട്രേഷൻ വർദ്ധിച്ചുവരികയാണ്. ഇൻകം സപ്പോർട്ട് സ്കീമിൽ വിവിധ മേഖലകളിലായി 123,28,40,000/- രൂപ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ലേബർ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് നടപടികളുടെ ഭാഗമായി 86536 പരിശോധന ഈ രണ്ടു വർഷക്കാലത്തിനിടയിൽ നടന്നു. 13334 പ്രോസിക്യൂഷൻ, 16887 ക്ലെയിം പെറ്റീഷൻ, വിവിധ മേഖലകളിൽ

പരിശോധന നടത്തി നിയമം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു. ബാലവേല തടയാൻ ടാസ്ക് ഫോഴ്സ്, തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് ഓൺലൈൻ സേവനം, തുടങ്ങിയവയെല്ലാം ചെയ്യും. ഇതോടൊപ്പം അഥിതികളെന്ന് കണക്കാക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആവാസ് പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഇപ്പോൾ 192325 തൊഴിലാളികൾ രജിസ്ട്രേഷന് വിധേയമായിട്ടുണ്ട്, അവർക്കെല്ലാം കാർഡും നൽകിയിട്ടുണ്ട്. അതോടൊപ്പം തന്നെ എല്ലാ തൊഴിലാളികളെയും രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. ഈ തൊഴിലാളികൾക്കുവേണ്ടിയുള്ള പാർപ്പിട പദ്ധതി വിപുലപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. അവർക്ക് ചുരുങ്ങിയ വാടകയ്ക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിലപാടുകൾ സ്വീകരിക്കും. ഒഡെപെക് പ്രവർത്തനം സംസ്ഥാനത്ത് വിപുലപ്പെടുത്തിയിട്ടുണ്ട്. കിലെ പുനഃസംഘടിപ്പിക്കുകയും ദേശീയ നിലവാരത്തിലേയ്ക്ക് ഒരു വലിയ സ്ഥാപനമായി ഇതിനെ ഉയർത്തുന്നതിനായി പരിശ്രമിച്ചു കൊണ്ടിരിക്കുകയുമാണ്. ഗവൺമെന്റ് നഗരങ്ങളിലെത്തുന്ന വനിതാ തൊഴിലാളികൾക്കായി സ്റ്റുഡിയോ അപാർട്ട്മെന്റ് സ്ഥാപിക്കുന്നതിനുവേണ്ടി

ഉദ്ദേശിക്കുന്നു. മികച്ച തൊഴിലാളികൾക്ക് അംഗീകാരം എന്നുള്ള നിലയിൽ തൊഴിലാളി ശ്രേഷ്ഠ അവാർഡ് ഈ വർഷം നടപ്പിലാക്കാൻ പോകുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ മറ്റ് പ്രശ്നങ്ങളെക്കുറിച്ചുള്ള വിശദമായ പഠനം നടത്തുന്നതിനുവേണ്ടി തയ്യാറാകുന്നുണ്ട്. ഇതിന്റെ ഭാഗമായി ലേബർ ഡേറ്റാ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമവും നടത്തുന്നുണ്ട്.

ഇവിടെ ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുന്ന സന്ദർഭത്തിൽ വളരെ തെറ്റിദ്ധാരണയുണ്ടാക്കാൻ ഇടവരുത്തുന്ന ചില പ്രശ്നങ്ങൾ വീണ്ടും ആവർത്തിച്ചിരിക്കുകയാണ്. 12 ഐ.റ്റി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടികൾക്ക് തുടക്കം കുറിച്ച് കഴിഞ്ഞിട്ടുണ്ട്. 75,000 വിദ്യാർത്ഥികളാണ് ഐ.ടി.ഐ.-യിൽനിന്ന് പഠനം പൂർത്തിയാക്കി പുറത്തുവരുന്നത്. കൂടുതൽ പുതിയ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് ഏർപ്പാടുകൾ നടത്തിയിട്ടുണ്ട്. ഈ ബഡ്ജറ്റിന്റെ ഭാഗമായി അത് ഉറപ്പ് നൽകുന്നുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇന്നത്തെ സിലബസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് തൊഴിൽ അവസരം ഇല്ലാതാകുകയാണ്. അതുകൊണ്ട് പുതിയ സിലബസ്സും പുതിയ സാങ്കേതികവിദ്യയും കൂടി മനസ്സിൽ കണ്ടുകൊണ്ടുള്ള

സിലബസ് തയ്യാറാക്കാൻ കേന്ദ്ര ഗവൺമെന്റുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കേന്ദ്രത്തിന്റെ അംഗീകാരം കൂടി ഇതിൽ വളരെ പ്രധാനപ്പെട്ട ഘടകമാണ്. തൊഴിൽവകുപ്പ് ആവിഷ്കരിക്കുന്ന എല്ലാ പരിപാടികളിലും കേന്ദ്രത്തിന്റെ സഹായത്തിനുവേണ്ടിയുള്ള ശ്രമം നടത്തുന്നുണ്ട്. പക്ഷേ, എല്ലാ ശ്രമങ്ങൾ നടത്തിയിട്ടും ആവശ്യമായ സഹായം ലഭിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. പക്ഷേ, അതിൽ നിന്നും പുറകോട്ട് പോകുന്നില്ല. ഐ.ടി.ഐ. മേഖലയിലുള്ള സാങ്കേതികവിദ്യയുടെ എല്ലാ സാധ്യതകളും ഉപയാഗിക്കാമെന്നുള്ളതാണ് കാണുന്നത്. ഇനി സംസ്ഥാന ഗവൺമെന്റ് തന്നെ തനിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമോയെന്നുള്ളതിനെക്കുറിച്ചും ആലോചിച്ച് പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കാം. മദ്യമേഖലയിലുള്ള പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഇവിടെ ചർച്ച നടന്നപ്പോൾ ചിലർക്കെങ്കിലും ചില അവ്യക്തത നിലനിൽക്കുന്നുണ്ടെന്നുതന്നെയാണ് എനിക്ക് തോന്നുന്നത്. ഇപ്പോൾ വന്ന രണ്ട് പ്രശ്നങ്ങളാണ് ഈ മേഖലയിലുള്ളത്. കേരളത്തിൽ മദ്യശാലകൾ നടത്തണമെന്നുണ്ടെങ്കിൽ ഒബ്ജക്ഷണബിൾ സൈറ്റിൽ നിന്നുമുള്ള ദൂരപരിധി

നിശ്ചയിച്ചിട്ടുണ്ട്. അതിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. ഒരു മാറ്റം വരുത്തിയത് ഫോർസ്റ്റാറിനു മുകളിലേയ്ക്കുവരുന്ന ഷാപ്പുകൾ 2012 - ന് മുമ്പ് മദ്യശാലകളാണ്. ഫോർ സ്റ്റാറിന് മുകളിലുള്ള ബാർ ഹോട്ടലുകൾക്ക് 2012 -ന് മുമ്പുള്ള ദൂരപരിധി 50 മീറ്ററാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അത് 200 മീറ്ററായി വർദ്ധിപ്പിച്ചു. യു.ഡി.എഫ്. ഗവൺമെന്റ് അത്തരം ഒരു നിലപാടെടുക്കുമ്പോൾ അവരുടെ വീക്ഷണവും ലക്ഷ്യവും അതിനകത്തുണ്ട്. ആ ലക്ഷ്യമല്ല ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് സ്വീകരിക്കുന്നത്. 2012-നു മുമ്പും അതിനുശേഷവും ബാർ ഹോട്ടലുകളുമായി അതുപോലുള്ള യാതൊരു തരത്തിലുള്ള പ്രശ്നങ്ങളും ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങളോ പ്രശ്നങ്ങളോ അനുഭവപ്പെട്ടതായിട്ടുള്ള വിവരമില്ല. ഈ സാഹചര്യങ്ങളും ടൂറിസം മേഖലയുടെ ടൂറിസ്റ്റുകളുടെ ആവശ്യങ്ങളുമെല്ലാം പരിഗണിച്ചുകൊണ്ടാണ് ബാർ ഹോട്ടലുകളുടെ ദൂരപരിധി ഫോർ സ്റ്റാറിനു മുകളിൽ 50 മീറ്ററിൽ മാറ്റം വരുത്തിയത്. ഇത് പഴയത് പുനഃസ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളതാണ്. കള്ള്ഷാപ്പുകൾക്ക് 400 മീറ്റർ ദൂരപരിധി നിലനിൽക്കുകയാണ്. വിദേശമദ്യ ഔട്ട്‌ലെറ്റുകൾക്ക് 200 മീറ്റർ ദൂരപരിധി നിലനിൽക്കുന്നുണ്ട്. മറ്റ് ബാർ ഹോട്ടലുകൾക്കും ത്രീസ്റ്റാർ ഉൾപ്പെടെയുള്ള ബാർ ഹോട്ടലുകൾക്കും 200 മീറ്റർ ദൂരപരിധി

നിലനിൽക്കുകയാണ്. ആ ദൂരപരിധിയുടെ കാര്യത്തിൽ ഒരു വ്യത്യാസവും വരുത്താൻ ഗവൺമെന്റ് സന്നദ്ധമായിട്ടില്ല. ആ ദൂരപരിധി അതുപോലെ തുടരുകയാണ് ചെയ്യുന്നത്. ദേശീപാതയുമായി ബന്ധപ്പെട്ട പ്രശ്നത്തിലാണ് ചില നടപടികളുണ്ടായത്. അതാണ് ഇന്നലെ ഇവിടെ അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞുകൊണ്ട് വിശദീകരിച്ചത്. ആ വസ്തുത അംഗീകരിക്കാൻ തയ്യാറാകണം. ശ്രീ. പാറക്കൽ അബ്ദുല്ല ഇപ്പോൾ സഭയിലില്ല, അദ്ദേഹം ഇവിടെ വിശദീകരിച്ച കാര്യങ്ങളിൽ ചില വസ്തുതകൾ മനസ്സിലാക്കാതെ ചില പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. ഇവിടെ നോട്ടിഫൈ ചെയ്തിട്ടുള്ള കള്ളുഷാപ്പുകൾ 5155 ആണ്. അതിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 4234 കള്ളുഷാപ്പുകൾമാത്രമേ പ്രവർത്തിച്ചിട്ടുള്ളൂ. അംഗീകാരം കൊടുക്കാവുന്ന ഷാപ്പുകൾ 5155 നിലനിൽക്കുന്നുണ്ട്. 4234-ന്റെ സ്ഥാനത്ത് കേരളത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് 3701 കള്ളുഷാപ്പുകളാണ്. ഇതാണ് യാഥാർത്ഥ്യം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 5460 മദ്യഷാപ്പുകൾ ഉണ്ടായിരുന്നു. ഇപ്പോൾ കേരളത്തിൽ പ്രവർത്തിച്ചുവരുന്നത് 4874 മദ്യശാലകളാണ്. ഇത് എന്തോ പരിഹാസം പോലെ നേരത്തെ പ്രതികരിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ഇത് ആർക്കും ലഭിക്കാവുന്ന

കണക്കാണ്. ഈ രേഖകളൊന്നും മാറ്റാൻ സാധിക്കില്ല, ഇതാണ് വസ്തുത. ഇപ്പോൾ ഗവൺമെന്റ് നടത്തുന്ന മദ്യനയത്തിൽ കഴിഞ്ഞ ഒരു വർഷം മുമ്പ് അംഗീകരിച്ച നയത്തിൽനിന്നും വലിയ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. എന്തോ ഒരു പുതിയ നയം ഉണ്ടാക്കിയിരിക്കുന്നു എന്നുള്ള മട്ടിൽ പ്രചാരവേല നടക്കുകയാണ്. ആ പ്രചാരവേലയുടെ ഉദ്ദേശം മറ്റ് എന്തോ ആയിരിക്കും. പക്ഷേ, വസ്തുത ഇതാണ്. ഇപ്പോൾ കൊടുത്തിട്ടുള്ള ഉത്തരവ് സുപ്രീംകോടതി വിധിയുടെ ഭാഗമായി പഞ്ചായത്ത് പരിധിയിൽ അടച്ചുപൂട്ടിയിട്ടുള്ള ഷാപ്പുകൾ തുറക്കുന്നതിനാണ്. കോർപ്പറേഷനും നഗരസഭകളിലുമെല്ലാം നേരത്തെതന്നെ നടപ്പിലായി കഴിഞ്ഞിട്ടുണ്ട്. അതിൽനിന്നും വ്യത്യസ്തമായ നടപടികളൊന്നും ഇക്കാര്യത്തിലില്ല എന്നുള്ളതാണ് ഇതിന്റെ ഭാഗമായി കണക്കാക്കേണ്ടത്. ഇവിടെ മറ്റൊരു കാര്യം കൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അഞ്ചു വർഷത്തിനടയിൽ എടുത്ത അബ്കാരി കേസ്സുകൾ 68083 ആണ്. എൻ.ഡി.പി.എസ്. മറ്റ് ലഹരി പദാർത്ഥങ്ങൾ തടയുന്നതിനുള്ള സെൻട്രൽ ആക്ട് ആണ് എൻ.ഡി.പി.എസ്. ആക്ട്. ആ ആക്ട് പോരാ. അതിൽ ഭേദഗതി വരുത്തണം. കൂടുതൽ കടുത്ത ശിക്ഷ ഉൾപ്പെടുത്തുന്ന രീതിയിൽ ആ നിയമത്തിൽ മാറ്റം വരുത്താനുള്ള

സമീപനമാണ് സംസ്ഥാന ഗവൺമെന്റ് എടുത്തിട്ടുള്ളത്. ഈ ആവശ്യം കേന്ദ്രഗവൺമെന്റിൽ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. പുകയില ഉല്പന്നങ്ങൾ തടയുന്നതിനുവേണ്ടി എടുത്തിട്ടുള്ള കേസ് 6042 ആണ്. നാലു വർഷങ്ങളിൽ ഒറ്റ കേസുപോലും എടുത്തിരുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് രണ്ടുവർഷം കൊണ്ട് എടുത്ത അബ്കാരി കേസ്സുകൾ 47566 ആണ്. എൻ.ഡി.പി.എസ്. മുഖേനയുള്ള കേസ് 10016 ആണ്. കഴിഞ്ഞ അഞ്ചുവർഷകാലം കൊണ്ട് എടുത്ത കേസ്സുകൾ 4058. ഇപ്പോൾ പുകയില ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട് എടുത്ത കേസ് 130874 ആണ്. മുൻപ് 6042 കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ച നടപടിയുടെ ഭാഗമായാണ് ഇത്തരത്തിലുള്ള കേസ്സുകളുടെ എണ്ണം വർദ്ധിച്ചുവരുന്നത്. മദ്യം വലിയ തോതിൽ ഒഴുക്കുന്നുവെന്നെല്ലാം പറഞ്ഞിട്ടും ഇവിടെ യഥാർത്ഥത്തിൽ മദ്യ വില്പനയുടെ നില പരിശോധിച്ചുകഴിഞ്ഞാൽ 2013-14-ൽ 240.67 ലക്ഷം കെയ്സ് വിദേശ മദ്യം കേരളത്തിൽ വില്പന നടത്തിയത്. 2016-17-ൽ 205.41 ആണ് മദ്യത്തിന്റെ ഉപഭോഗത്തിന്റെ കണക്ക്. ബിവറേജസ് കോർപ്പറേഷനിൽനിന്നാണ് മദ്യങ്ങൾ എല്ലാ മേഖലകൾക്കും വിതരണം

ചെയ്തുകൊണ്ടിരിക്കുന്നത്. ഈ കണക്കുപ്രകാരം നിജഃസ്ഥിതി ഇതാണ്.. തുടർന്ന് എന്ത് സംഭവിക്കുമെന്നുള്ളത് നമ്മുടെ ഭാവിയിലുള്ള പരിശോധനയുടെ ഭാഗമായി കണക്കാക്കേണ്ടതാണ് എന്നുള്ളതാണ് സ്ഥിതി. ഇതുപൊലെ ചില നിർദ്ദേശങ്ങളെല്ലാം ഇവിടെ വന്നിട്ടുണ്ട്. ഈ കാര്യങ്ങളെല്ലാം പരിശോധിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്നത്തെ ഫിനാൻസ് ബിൽ അങ്ങ് പരിശോധിച്ചിട്ടുണ്ടോ എന്നറിയില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടി സഹായനിധി രൂപീകരിച്ചിരുന്നു. ഏതാണ്ട് 900 ഓളം കോടി രൂപ ഇതിൽ നിന്നും ഗവൺമെന്റ് വരുമാനമുണ്ടായി. സുപ്രീം കോടതി വിധിയനുസരിച്ച് ആ വിധിയിൽ നിന്ന് ഒരു പൈസപോലും മാറ്റാൻ വേറൊരു കാര്യത്തിൽ മാറ്റാൻ പറ്റാത്തതാണ്. തൊഴിലാളികളുടെ മന്ത്രികൂടിയാണ് അങ്ങ്. ഇവിടെ അവതരിപ്പിക്കാൻ പോകുന്ന ഫിനാൻസ് ബില്ലിൽ തൊഴിലാളികളുടെ പുനരധിവാസ സെസ് എടുത്തു കളഞ്ഞിട്ടുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ ; ആ ഡിപ്പാർട്ടുമെന്റിന്റെ പ്രതികരണം എന്താണ്?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, സെസ്സ് വഴി കാശ് പിരിച്ചിട്ടും അതിൽനിന്ന് പുനരധിവാസത്തിന് ഒന്നും ചെലവാക്കിയിട്ടില്ലായിരുന്നല്ലോ. മദ്യത്തിന്റെ നികുതിയുമായി ബന്ധപ്പെട്ട് ചില മാറ്റങ്ങൾ വരുത്താൻ ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുണ്ട്. അത് ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായി വ്യക്തമാക്കിയിട്ടുള്ളതാണ്. അങ്ങ് പറഞ്ഞതുപോലെ ഫൈനാൻസ് ബില്ലിന്റെ ഭാഗമായി അത് വരാൻ പോവുകയാണ്. അങ്ങനെയുള്ള സെസ്സുകളും മറ്റ് ടാക്സുകളുമെല്ലാം ഒരു ടാക്സാക്കി മാറ്റുന്ന നിലപാടാണ് ഈ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. ചാരായത്തൊഴിലാളികളുടെ പുനരധിവാസത്തിന്റെ പ്രശ്നമാണ് ഇപ്പോഴുമുള്ളത്. ചാരായം നിരോധിച്ചിട്ട് 20 വർഷം പിന്നിട്ടു. ബാർ ഹോട്ടലുകൾ തുറക്കുന്ന സമയത്ത് അവിടെ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് ജോലികൂടി ഉറപ്പുവരുത്തണമെന്ന നിബന്ധനയുടെ അടിസ്ഥാനത്തിലാണ് ഈ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുള്ളതെന്നുകൂടി നമ്മൾ മനസ്സിലാക്കണം. ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി സംസാരിച്ചപ്പോൾ പ്രോഗ്രസ് റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. അങ്ങ് പറഞ്ഞതുപോലെയല്ല കാര്യങ്ങൾ. ചിലപ്പോൾ അങ്ങ് അവിടത്തെ ഹംസ ഇക്കയിൽനിന്നൊക്കെ അകന്നുപോയിട്ടുണ്ടാകാം. അതിന് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള

നടപടികൾ സ്വീകരിക്കാം. മറ്റ് പ്രധാനപ്പെട്ട കാര്യങ്ങളൊക്കെ ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു.

നോർക്ക വകുപ്പുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾകൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. മുഖ്യമന്ത്രിയുടെ വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നമാണ്. പ്രവാസ ലോകത്ത് അനുദിനം വരുന്ന മാറ്റങ്ങൾ കണക്കിലെടുത്ത് പ്രവാസികളുടെ ക്ഷേമത്തിന് ക്രിയാത്മകമായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. അതോടൊപ്പം സംസ്ഥാനത്തിന്റെ വികസനത്തിന് പ്രവാസികളുടെ പരിചയസമ്പത്തും വൈദഗ്ദ്ധ്യവും വിജ്ഞാനവും പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ കാഴ്ചപ്പാടിന്റെ ഭാഗമായാണ് ലോക കേരള സഭ രൂപീകരിച്ചത്. വിദേശ ജോലി അവസാനിപ്പിച്ചോ ജോലി നഷ്ടപ്പെട്ടോ തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധിവാസം ലക്ഷ്യമാക്കി വിവിധ പദ്ധതികളാണ് സർക്കാർ നടപ്പാക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ്. തിരിച്ചുവരുന്ന പ്രവാസികൾക്ക് ഈ പദ്ധതിപ്രകാരം നാട്ടിൽ വ്യവസായ സംരംഭം തുടങ്ങുന്നതിന് 20 ലക്ഷം രൂപ വരെ ചെലവുവരുന്ന പദ്ധതികൾക്ക് 15 ശതമാനം മൂലധന സബ്സിഡിയോടെ ബാങ്ക്

വായ്പ ലഭ്യമാക്കാനാണ് പരിപാടി. ചുരുങ്ങിയത് രണ്ട് വർഷം വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കും. മടങ്ങിയെത്തിയ പ്രവാസികൾക്കും ആശ്രിതർക്കുമായി സാന്ത്വന എന്ന ധനസഹായ പദ്ധതി പ്രകാരം ചികിത്സ, മരണം, വിവാഹം, അംഗവൈകല്യം സംഭവിച്ചവർക്ക് ചലനോപാധികൾ എന്നിവയ്ക്കും ഈ സാമ്പത്തിക വർഷം 12.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് കാരുണ്യ എന്ന ധനസഹായ പദ്ധതിയും നോർക്ക റൂട്ട്സിലൂടെ നടപ്പിലാക്കുന്നു. വിദേശത്ത് തൊഴിൽ തേടി പോകുന്നവരുടെ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിന് നോർക്ക റൂട്ട്സ് പ്രത്യേക പരിശീലനം നൽകിവരുന്നു. തൊഴിൽ വിസ നിയമങ്ങൾ, എംബസിയുമായി ബന്ധപ്പെട്ട വിവരങ്ങൾ, വിദേശത്തെ തൊഴിൽ സംസ്കാരം എന്നിവ സംബന്ധിച്ച് അറിവ് നേടുന്നതിനും ഈ പരിശീലന പരിപാടി പ്രയോജനപ്പെടും. വിദേശത്ത് തൊഴിൽ തേടി പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് നോർക്കയുടെ ആഭിമുഖ്യത്തിൽ

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. കേരളത്തിനുപുറത്തും ഇന്ത്യക്കുപുറത്തും ജോലി ചെയ്യുന്ന മലയാളികളെ സംബന്ധിച്ച് ഇപ്പോൾ വ്യക്തമായ കണക്കുകൾ ലഭ്യമല്ല. ഈ ന്യൂനത പരിഹരിക്കുന്നതിന് പ്രവാസി ഡാറ്റാബേസ് ഉണ്ടാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് പൂർത്തിയാകുന്നതോടെ വ്യക്തമായ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാകും. ലോക കേരള സഭയുടെ രൂപീകരണത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചുവല്ലോ. ഇന്ത്യക്കകത്തും പുറത്തും ജോലി ചെയ്ത് ജീവിക്കുന്ന കേരളീയരുടെ പൊതുവേദിയാണ് ലോക കേരള സഭ വിഭാവന ചെയ്തിട്ടുള്ളത്. ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും നമ്മുടെ സംസ്കാരത്തിന്റെ പുരോഗമനപരമായ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുകയുമാണ് ഈ സഭയുടെ ലക്ഷ്യമെന്ന് നമുക്കറിയാം. ലോകകേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി നോർക്ക റൂട്ട്സിനെ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. വിദേശമലയാളികളുടെ പ്രശ്നങ്ങൾ

കൈകാര്യം ചെയ്യാൻ പ്രൊഫഷണലുകളെ നിയമിക്കാനും ഉദ്ദേശിക്കുന്നുണ്ട്. നോർക്ക വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്ന പ്രധാന ഏജൻസിയെന്ന നിലയിൽ നോർക്ക റൂട്ട്സിന് ഉന്നതനിലവാരത്തിലുള്ള വെബ്സൈറ്റ് ഏർപ്പെടുത്തും. സേവനങ്ങൾ ഓൺലൈൻ വഴി വേഗത്തിൽ ലഭ്യമാക്കുന്നതിന് വിവരസാങ്കേതിക സംവിധാനം ശക്തിപ്പെടുത്തും. പ്രവാസികൾക്കുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ നോർക്ക റൂട്ട്സിൽ സ്ഥാപിക്കും. പ്രവാസികളുടെയാകെ പ്രശംസ പിടിച്ചുപറ്റിയ ലോക കേരളസഭയുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുപോകുന്നതിന് പ്രത്യേക സെക്രട്ടേറിയറ്റ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ തുടർ പ്രവർത്തനങ്ങൾക്ക് ലോക കേരള സഭാംഗങ്ങളും ഓരോ മേഖലയിലെയും വിദഗ്ദ്ധരുമടങ്ങുന്ന ഏഴ് വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇവിടെ വന്ന പ്രധാനപ്പെട്ട ചർച്ചയ്ക്കെല്ലാമാണ് ഞാൻ വിശദീകരണം നൽകിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

സർ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വികസന വകുപ്പുമായി ബന്ധപ്പെട്ടുള്ള ധനാഭ്യർത്ഥനയിൽ ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും ഫലപ്രദമായ ചർച്ചകളാണ് വന്നിട്ടുള്ളത്. 29 ഖണ്ഡനോപക്ഷേപങ്ങളുമുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുണ്ടായിരുന്നു. അതിന്റെ ഭാഗമായി വിദ്യാഭ്യാസാനുകൂല്യങ്ങൾ, വീടുകൾ, കടാശ്വാസ പദ്ധതികൾ തുടങ്ങിയ മേഖലകളിൽ കോടിക്കണക്കിനുരൂപയുടെ കുടിശ്ശികയുണ്ടായി. ആദിവാസി മേഖലയിൽ പോഷകാഹാരക്കുറവിന്റെ ഭാഗമായുള്ള ശിശുമരണങ്ങളും മറ്റും നമ്മുടെ ശ്രദ്ധയിൽപ്പെട്ടതാണ്. ഈ പ്രതിസന്ധിയിൽനിന്ന് കരകയറാനുള്ള ശക്തമായ ഇടപെടലാണ് ഗവൺമെന്റ് നടത്തിയത്. എന്നാൽ സാമ്പത്തിക സ്ഥിതി പിന്നെയും മോശമാകുന്ന അവസ്ഥയിലേയ്ക്കെത്തിച്ചു. പ്രത്യേകിച്ച് നോട്ടുനിരോധനം, ജി.എസ്.ടി., ട്രഷറി നിയന്ത്രണം, പബ്ലിക് അക്കൗണ്ടിൽ പണം ഇടാൻ പാടില്ലെന്ന കേന്ദ്രത്തിന്റെ നിർദ്ദേശം, ഇതിന്റെ ഭാഗമായി ടി.എസ്.പി. അക്കൗണ്ടിൽനിന്ന് പണം പിൻവലിച്ചത് ഇതൊക്കെ ഈ വകുപ്പിനെയും ബാധിച്ച പ്രധാനപ്പെട്ട വെല്ലുവിളിയായിരുന്നു. ഇതിന്റെയെല്ലാം ഭാഗമായി സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ കുറച്ച്

താമസവും വന്നു. എന്നിട്ടും ശക്തമായിട്ടുള്ള നിലപാടും വകുപ്പിന്റെ ഭരണപുരോഗതി വിലയിരുത്തുന്നതിന് സമയബന്ധിതമായി നടത്തിയിട്ടുള്ള റിവ്യൂവും ശ്രദ്ധേയമായ നേട്ടങ്ങൾക്ക് കാരണമായി. ഞാൻ സംസാരിക്കുമ്പോൾ പ്ലാൻ എക്സ്പെൻഡിച്ചർ ഏകദേശം 75 ശതമാനത്തിലേയ്ക്കെത്തുകയാണ്. അത് ഈ സാമ്പത്തിക വർഷം 85-90 ശതമാനത്തിലേയ്ക്കെത്തും. എന്തായാലും ലാപ്സാകില്ല എന്ന ഉറപ്പ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്ന് രാവിലെ എനിക്ക് നൽകിയിട്ടുണ്ട്. അതുകൊണ്ട് ഈ വിഭാഗത്തിനുവേണ്ടി നീക്കിവച്ച പണം പരിപൂർണ്ണമായി ചെലവഴിക്കാൻ സാധിക്കും. ഈ ഘട്ടത്തിൽ കേന്ദ്രസർക്കാർ കാട്ടിയിട്ടുള്ള സമീപനം തികച്ചും നിരാശാജനകമാണ്. 2016-17-ൽ 96.83 കോടി രൂപ ബഡ്ജറ്റ് വഴി കേന്ദ്രത്തിൽനിന്ന് കേരളത്തിന് ലഭിക്കേണ്ടതാണ്. എന്നാൽ 26.60 കോടി രൂപയാണ് ലഭിച്ചത്. ഇതെല്ലാം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തിട്ടുള്ള കേസ്സുകളാണ്. 2017-18-ൽ 101.72 കോടി രൂപ സഹായം പ്രതീക്ഷിച്ചു. ഇതുവരെ ലഭിച്ചത് 20.25 കോടി രൂപയാണ്. പട്ടികവർഗ്ഗ വിഭാഗത്തിന് 2016-17-ൽ പ്രതീക്ഷിച്ചത് 59.59 കോടി രൂപയാണ്. എന്നാൽ കേന്ദ്രത്തിൽനിന്ന് ലഭിച്ചത് 54.22 കോടി രൂപയാണ്. പിന്നോക്ക

വിഭാഗത്തിന് 2016-17-ൽ 75 കോടി ബഡ്ജറ്റിൽ പ്രതീക്ഷിച്ചു. കിട്ടിയത് 29.86 കോടി രൂപയാണ്. 2017-18-ൽ 79.80 കോടി രൂപ പ്രതീക്ഷിച്ചു. ഇതുവരെ ലഭിച്ചത് 26.80 കോടി രൂപയാണ്. കേന്ദ്രം യഥാർത്ഥത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് ജനസംഖ്യാനുപാതികമായി ബഡ്ജറ്റിൽ പണം നൽകുന്നില്ല. ഇന്ത്യാരാജ്യത്ത് 16.6 ശതമാനം എസ്.സി. വിഭാഗവും 8.67 ശതമാനം എസ്.റ്റി. വിഭാഗവുമാണുള്ളത്. ജനസംഖ്യയിൽ 25.2 ശതമാനം വരുന്ന ഈ വിഭാഗത്തിന് 10 ശതമാനത്തിൽ താഴെയാണ് കേന്ദ്ര വിഹിതം. അതേസമയം കേരളം ജനസംഖ്യാ നിരക്കിനേക്കാൾ കൂടുതൽ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന സംസ്ഥാനമാണ്. പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതി വിഹിതം 2859.62 കോടി രൂപയാണ്. ഇതിൽ 45 ശതമാനം തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡായി കൊടുക്കുകയാണ്. 46.47 കോടി രൂപ ഗ്രാമവികസന വകുപ്പിനും 6.25 കോടി രൂപ പൊതുമരാമത്ത് വകുപ്പിനുമാണ്. അതായത് എസ്.സി. വകുപ്പ് പദ്ധതിയിനത്തിൽ 1517.64 കോടി രൂപയാണ് ചെലവഴിക്കുന്നത്. അതിൽ 655 കോടി രൂപ ഭവന നിർമ്മാണത്തിനും ഭൂരഹിതരുടെ പുനരധിവാസത്തിനും ചെലവഴിക്കുകയാണ്. 442 കോടി രൂപ വിദ്യാഭ്യാസത്തിനും 146 കോടി രൂപ

ക്ഷേമ പ്രവർത്തനത്തിനും 76 കോടി രൂപ തൊഴിൽ മേഖലയ്ക്കും 200 കോടി രൂപ അടിസ്ഥാന സൗകര്യ വികസനത്തിനുമാണ് ചെലവാക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിന് നീക്കിവച്ച 772.91 കോടി രൂപയിൽ 139.60 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും 34.51 കോടി രൂപ ഗ്രാമവികസനത്തിനുമാണ്. ഇതിൽ എസ്.റ്റി വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നത് 598 കോടി രൂപയുടെ പദ്ധതികളാണ്. ഇതിൽ 152.5 കോടി രൂപ സ്ഥലം, വീട് എന്നിവയ്ക്കും 166 കോടി രൂപ സങ്കേതങ്ങളുടെ വികസനത്തിനും 130 കോടി രൂപ വിദ്യാഭ്യാസത്തിനും 50 കോടി രൂപ ക്ഷേമപ്രവർത്തനങ്ങൾക്കും 41.5 കോടി രൂപ തൊഴിൽ മേഖലയ്ക്കുമാണ് നീക്കിവയ്ക്കുന്നത്. പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ പദ്ധതി വിഹിതം 182.40 കോടി രൂപയാണ്. ഇതിൽ 163.70 കോടി രൂപയും വിദ്യാഭ്യാസത്തിനാണ്. നമ്മെ സംബന്ധിച്ചിടത്തോളം സ്ഥലത്തിന്റേതാണ് ഏറ്റവും വലിയ പ്രശ്നം. ഒരു കാര്യം സത്യമാണ്, ഇതര വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ വിഭാഗത്തിന്റെ പൊതുസ്ഥിതി താരതമ്യേന എല്ലാ മേഖലയിലും പിന്നോക്കമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിനുള്ള പ്രധാന കാരണം ഭൂമി ലഭ്യമാകുന്നതിൽ വന്ന കുറവാണ്. കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക്

ഭൂപരിഷ്കരണ നിയമത്തിന്റെ ഗുണം മറ്റ് വിഭാഗങ്ങളെപ്പോലെ ലഭിച്ചില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. പ്രധാനമായും ഈ വിഭാഗം കർഷക തൊഴിലാളികളും വീട്ടുജോലിക്കാരും ആയിരുന്നു. കാണക്കുടിയാനോ പാട്ടക്കുടിയാനോ ആയിരുന്നില്ല. അവരൊക്കെ ഭൂമിയുടെ ഉടമകളായി. പട്ടികജാതി വിഭാഗത്തിന് കുടിയിരുപ്പ് ഭൂമിയായി 10 സെന്റ് കിട്ടുകയും അവിടെ മൂന്നോ നാലോ കുടുംബങ്ങളാവുകയും ചെയ്തു. വനഭൂമിയിലെ ആദിവാസികൾക്ക് ഈ ഗുണം തീരെ ലഭിച്ചില്ല. വനം വകുപ്പിന്റെ കാരുണ്യത്തിൽ പാവപ്പെട്ട ഈ വിഭാഗം അവിടെ കഴിയുന്നുവെന്ന് മാത്രം. യഥാർത്ഥ കാടിന്റെ മക്കൾക്ക് സ്വന്തം ഭൂമിയില്ലാതെ വന്നു. ഇതാണ് സാമൂഹ്യ പശ്ചാത്തലം. യഥാർത്ഥത്തിൽ സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് ഭൂമിയുമായി ബന്ധപ്പെട്ടുള്ളതാണ് കാരണം. ഇവിടെ 31245 ലക്ഷം വരുന്ന പട്ടിക വിഭാഗങ്ങൾക്ക് ആകെയുള്ള ഭൂമി 60061 ഏക്കറാണ്. അതായത് ആളോഹരി 2 സെന്റാണ്. ഭൂമിയില്ലാത്ത 85000 പട്ടികജാതി കുടുംബങ്ങളും 12345 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്. കേരളത്തിൽ മൊത്തം 4 ലക്ഷം ഭൂമിയില്ലാത്തവരും സ്ഥലമുണ്ടായിട്ടും വീടില്ലാത്തവർ 1.45 ലക്ഷവും വരും. ഈ പ്രശ്നമാണ് ലൈഫ് പദ്ധതിയുടെ ഭാഗമായി ഗവൺമെന്റ് കൈകാര്യം ചെയ്യുന്നത്. രണ്ടുമൂന്ന് വർഷം കൊണ്ട്

ഭൂമിയില്ലാത്ത പ്രശ്നവും വീടില്ലാത്ത പ്രശ്നവും പരിഹരിക്കുന്നതിന് സാധിക്കും. ആദിവാസി വിഭാഗത്തിന്റെ ഭൂ പ്രശ്നം പരിഹരിക്കാനാണ് 2006-ലെ വനാവകാശ നിയമം. ഈ നിയമം നടപ്പിലാക്കുന്നതിൽ ശ്രദ്ധേയമായ ഇടപെടലാണ് കഴിഞ്ഞ വി.എസ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടത്തിയത്. അന്ന് കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങൾക്ക് അപ്രീസിയേഷൻ നൽകിയതാണ്. ഇതുമായി ബന്ധപ്പെട്ട് അന്ന് 33000 അപേക്ഷകൾ ലഭിച്ചതിൽ അർഹതപ്പെട്ട 30000 ആദിവാസികളിൽ 24000 ആദിവാസി കുടുംബങ്ങൾക്ക് ആർ.ഒ.ആർ. നൽകാൻ കഴിഞ്ഞു. അതിനുപുറമെ ടി.ആർ.ഡി.എം. മുഖേന 2600 കുടുംബങ്ങൾക്കും ഭൂമി കൊടുത്തു. പിന്നീട് വന്ന ഗവൺമെന്റ് ഫലപ്രദമായ തുടർനടപടി ഇക്കാര്യത്തിൽ സ്വീകരിച്ചിരുന്നില്ല. ആദിവാസി ഭൂപ്രശ്നം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ, റവന്യൂ, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മന്ത്രിമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും യോഗം ചേർന്ന് ഈ പ്രശ്നം നടപ്പുവർഷംതന്നെ പരിഹരിക്കുന്നതിനുള്ള ശക്തമായ ചില നിലപാടുകളും സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര വനാവകാശ നിയമത്തിന്റെ ഭാഗമായി ശേഷിക്കുന്ന 4000 കുടുംബങ്ങൾക്ക് ഭൂമി നൽകാൻ കഴിയും. അത്തരത്തിൽ ഭൂമി നൽകുന്നതിന് ആർ.ഒ.ആർ. നടപടി

സ്വീകരിക്കുകയാണ്. സുപ്രീംകോടതി വിധി പ്രകാരമുള്ള വനഭൂമി 5000 കുടുംബങ്ങൾക്ക് കൊടുക്കാൻ കഴിയും. ശേഷിക്കുന്ന 3000 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ടി.ആർ.ഡി.എം. മുഖേന വില കൊടുത്ത് വാങ്ങാനും സാധിക്കും. ആ രൂപത്തിൽ ഭൂമിയില്ലാത്ത 12000-ത്തോളം വരുന്ന ആദിവാസി കുടുംബങ്ങൾക്ക് ഭൂമി കൊടുത്തുകൊണ്ട് ഭൂപ്രശ്നം പരിഹരിക്കാൻ സാധിക്കും. ശ്രദ്ധിക്കേണ്ട കാര്യം അട്ടപ്പാടി മേഖലയിൽ ഭൂമിയില്ലാത്ത കുടുംബങ്ങൾ 100-ൽ താഴെ മാത്രമാണുള്ളതെന്നാണ്. അവിടെ ഭൂമിയില്ലാത്ത പ്രശ്നമുണ്ടെന്ന ഒരു തെറ്റായ ധാരണയുണ്ട്. പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം ഭവനനിർമ്മാണമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 16360 സ്പിൽ വീടുകളായിരുന്നു. സ്പിൽ ഓവറായിട്ടുള്ള 6308 വീടുകൾ ഇപ്പോൾ പൂർത്തീകരിച്ചു. ഇതിനുപുറമെ 22000 വീടുകൾ പുതിയതായി അനുവദിച്ചു. അത് ലൈഫ് പദ്ധതിയിലേയ്ക്ക് എടുക്കാൻ പോവുകയാണ്. അതിൽ 6604 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സ്പിൽ ഓവർ വീടുകൾ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 17554 ആയിരുന്നു. ഫെബ്രുവരി മാസം വരെ പൂർത്തീകരിച്ചത് 5335 വീടുകളാണ്. ബാക്കിയുള്ള വീടുകൾ ഇപ്പോൾ ലൈഫ് പദ്ധതിയിലേയ്ക്ക് അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഗ്രാമ വികസന വകുപ്പ്

നടപ്പിലാക്കിയിട്ടുള്ള ഐ.എ.വൈ. പദ്ധതിയിൽ വലിയ രൂപത്തിലുള്ള സ്പിൽ ഓവറുകളുണ്ടായിരുന്നു. അതിന്റെ ഭാഗമായി 23357 വീടുകൾ ഇപ്പോൾ പൂർത്തീകരിക്കാൻ കഴിഞ്ഞു. ഭൂമി വാങ്ങിക്കൊടുക്കൽ പദ്ധതി- 5 സെന്റ് വീതമാണ് വാങ്ങിക്കൊടുക്കുന്നത്. പട്ടികജാതി വിഭാഗത്തിന് 4465 കുടുംബങ്ങൾക്കും പട്ടികവർഗ്ഗ വിഭാഗത്തിന് 1111 കുടുംബങ്ങൾക്കും ഇതുവരെ സ്ഥലം വാങ്ങിക്കൊടുക്കാൻ കഴിഞ്ഞു. ശ്രദ്ധേയമായ നേട്ടം, സുസ്ഥിര വികസനത്തിന് അടിസ്ഥാന വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഭൂമിയുമായി ബന്ധപ്പെട്ടതാണെങ്കിൽപ്പോലും ഇന്ത്യാരാജ്യത്ത് വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണ്. മാറിമാറി വന്നിട്ടുള്ള ഗവൺമെന്റുകൾക്കെല്ലാം അതിൽ നല്ല പങ്കാളിത്തവും ഉണ്ടായിരുന്നു. ഈ പണം എവിടെ പോയെന്നു ചോദിച്ചാൽ, യഥാർത്ഥത്തിൽ ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ സൂചിപ്പിച്ചതുപോലെ, ബഡ്ജറ്റിന്റെ 10 ശതമാനം വരുന്ന ഫണ്ടുപയോഗിക്കുന്ന എസ്.സി.പി., ടി.എസ്.പി. ഫണ്ട് ഏതെങ്കിലും കാലഘട്ടത്തിൽ ഫലപ്രദമായി ഉപയോഗിച്ചില്ലായിരുന്നെങ്കിൽ സ്വാഭാവികമായും ലോക്കൽ ഓഡിറ്റിലും എ. ജി. യുടെ ഓഡിറ്റിലും ആ സമയത്ത് തന്നെ പരിശോധിക്കേണ്ടതായിരുന്നു.

ഇപ്പോൾ 17 വർഷം കൊണ്ട് 20000 കോടി രൂപ ചെലവഴിച്ചത് എവിടെപ്പോയി; അതിൽ ധവള പത്രം ഇറക്കണമെന്നും പരിശോധിക്കണമെന്നും പറഞ്ഞാൽ ഏതെങ്കിലും ഒരു ഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് ഒബ്ജക്ഷൻ വരുമ്പോൾ മാത്രമേ യഥാർത്ഥ വസ്തുത മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ആ രൂപത്തിലുള്ള അപാകത വകുപ്പുമായി ബന്ധപ്പെട്ട് കാണുന്നില്ല. എന്നാൽ പ്രായോഗികമായി പദ്ധതികൾ ഇംപ്ലിമെന്റ് ചെയ്യുമ്പോൾ താഴെത്തട്ടിൽ കുറച്ച് വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. അത് പരിശോധിക്കേണ്ടതും തിരുത്തപ്പെടേണ്ടതുമാണ്. 17 വർഷം മുമ്പുള്ളത് ഇപ്പോൾ പരിശോധിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ശ്രദ്ധേയമായ നേട്ടം ഞാൻ സൂചിപ്പിച്ചത്, നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ ഗവൺമെന്റ് നടത്തിയിട്ടുള്ള ഇടപെടലുകളാണ്. എസ്.സി./എസ്.റ്റി. മേഖലയിൽ 466305 പ്രീ-മെട്രിക് വിദ്യാർത്ഥികളും 160730 പോസ്റ്റ്-മെട്രിക് വിദ്യാർത്ഥികളും 1.5 ലക്ഷം വരുന്ന ഒ.ഇ.സി. വിദ്യാർത്ഥികളുമുണ്ട്. ഇതിന്റെ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, ഹോസ്റ്റൽ ചെലവുകൾ, അനുബന്ധമായ എല്ലാ ചെലവുകളും ഗവൺമെന്റാണ് എടുക്കുന്നത്. ഇതുപോലെ വിദേശ പഠനത്തിനും സ്വാശ്രയ മേഖലയിൽ സർക്കാർ നിശ്ചയിച്ച ഫീസും ഈ വകുപ്പ് തന്നെയാണ്

കൊടുക്കുന്നത്. ബഡ്ജറ്റിന്റെ ഏതാണ്ട് 45-50 ശതമാനത്തോളം തുക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കിടക്കുകയാണ്. ഏതാണ്ട് 247 ഹോസ്റ്റലുകളിലായി വിദ്യാർത്ഥികളെ താമസിപ്പിച്ച് പഠിപ്പിക്കുന്നുണ്ട്. അവിടെ നല്ല ഭക്ഷണവും സൗകര്യവുമാണ് കൊടുക്കുന്നത്. ഏതാണ്ട് 30 എം.ആർ.എസ്.കളാണ് ഉള്ളത്. എം.ആർ.എസ്.-ന്റെ പൊതുസ്ഥിതി നോക്കിയാൽ 100 ശതമാനമാണ് പാസ്. ശക്തമായ രൂപത്തിൽ ഗവൺമെന്റ് ഇടപെടുന്നതിന്റെ ഭാഗമായി അവരുടെ വിദ്യാഭ്യാസ നിലവാരം നമുക്ക് ഉയർത്താൻ കഴിയുന്നുണ്ട്. അതിൽ പഠിക്കുന്ന കുട്ടികളെ ഉന്നത വിദ്യാഭ്യാസ രംഗത്തും നല്ല മാർക്കോടെ വിജയിപ്പിക്കാൻ കഴിയുന്നുണ്ട്. വിദ്യാഭ്യാസ നിലവാരമുയർത്താൻ മതിയായ പഠന സൗകര്യമില്ലാത്ത വീടുകളോടനുബന്ധിച്ച് നേരത്തെ സൂചിപ്പിച്ചതുപോലെ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 25000 പഠന മുറികളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പേരിന് ഒരു വീടുണ്ടാകും. ആ വീട്ടിൽ കുട്ടിക്ക് പഠിക്കാനുള്ള ഒരു സൗകര്യവും ഉണ്ടാകില്ല. അങ്ങനെ പേരിന് വീടും പഠിക്കാൻ സൗകര്യവുമില്ലാത്ത കുടുംബങ്ങൾക്കാണ് ഈ പഠന മുറി നിർമ്മിക്കുന്നത്. 5 ലക്ഷം രൂപ ചെലവ് ചെയ്താണ് നിർമ്മിക്കുന്നത്. ഇതേ ശൈലിയിൽ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്കും പഠന മുറി പണിയുന്നതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല. 120 ചതുരശ്ര അടിയാണ് ഈ മുറിയുടെ വിസ്തീർണ്ണം. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നത്. നേരത്തെ പറഞ്ഞ എസ്.ടി. മേഖലയിലെ 'ഗോത്ര ബന്ധു' പദ്ധതി കേരളത്തിൽ മൊത്തം നടപ്പിലാക്കാൻ പോവുകയാണ്. ഇപ്പോൾ വയനാട്ടിലാണ് 241 ടീച്ചർമാരെ നിയമിച്ചത്. അത് കേരളത്തിൽ മൊത്തം നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായി കുറേ തൊഴിലില്ലായ്മ നമുക്ക് പരിഹരിക്കാൻ പറ്റും. അതുപോലെതന്നെ ഗോത്ര ഭാഷ അറിയാവുന്ന അദ്ധ്യാപകർ കുട്ടികളെ പഠിപ്പിക്കുമ്പോൾ ക്ലാസ് റൂമുകൾ സജീവമാകും. അതുകൊണ്ട് ഡ്രോപ് ഔട്ടും ഇല്ലാതാക്കാൻ സാധിക്കും. വളരെ വിദൂര സ്ഥലങ്ങളിൽ താമസിക്കുന്ന കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ഏറ്റവും നല്ല പദ്ധതിയാണ് മുൻ ഗവൺമെന്റ് രൂപം കൊടുത്ത 'ഗോത്ര സാരഥി' പദ്ധതി. അതൊന്നും ഞങ്ങൾ ഒഴിവാക്കിയിട്ടില്ല. അത് കുറേക്കൂടി ശക്തമായും ഫലപ്രദമായും മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഇടപെടലാണ് നടത്തിയത്. ഇപ്പോൾ 298 സ്കൂളുകളിൽ 16,004 വിദ്യാർത്ഥികൾക്ക് ഇത് പ്രയോജനം ചെയ്യുന്നുണ്ട്. അതുകൊണ്ട് വളരെ റിമോട്ടായ പ്രദേശത്തെ കുട്ടികളെ സ്കൂളുകളിലേയ്ക്ക്

എത്തിക്കുന്നതിന് ഒരു ബുദ്ധിമുട്ടും ഇപ്പോഴില്ല. ആവശ്യത്തിനനുസരിച്ചുള്ള വാഹനങ്ങളുണ്ട്. തൊഴിൽ മേഖലയിലാണ് ഈ ഗവൺമെന്റ് ശക്തമായ ചില ഇടപെടലുകൾ നടത്തിയത്. ബിരുദം, എഞ്ചിനീയറിംഗ്, മെഡിക്കൽ, നഴ്സിംഗ് മറ്റ് സാങ്കേതിക കോഴ്സുകൾ വിജയകരമായി പൂർത്തീകരിച്ചവർക്ക് തൊഴിൽ മേഖലയിൽ കടന്നുവരുന്നതിനുള്ള എല്ലാ സഹായവും ഇപ്പോൾ ഗവൺമെന്റ് ചെയ്തുകൊടുക്കുകയാണ്. നീറ്റ്, ജെ.ഇ.ഇ. (ജോയിന്റ് എൻട്രൻസ് എക്സാമിനേഷൻ) കേരള എൻട്രൻസ് എന്നീ മത്സര പരീക്ഷകളിലും ഉയർന്ന മാർക്കോടെ ഉന്നത യോഗ്യത ആർജ്ജിച്ചവരും ധാരാളമായി ഈ മേഖലയിലേയ്ക്ക് ഇപ്പോൾ കടന്നുവരുന്നുണ്ട്. നാം വിദ്യാഭ്യാസരംഗത്ത് നടത്തുന്ന ശക്തമായ ഇടപെടലുകൾക്ക് ഗുണം ലഭിക്കുന്നുവെന്നുള്ളതിന്റെ തെളിവാണിത്. അതുപോലെതന്നെ തൊഴിൽരംഗത്ത് മത്സരിക്കാൻ ഈ വിഭാഗത്തെ പ്രാപ്തമാക്കുന്നതിന് വിശദമായ പരിപാടികളാണ് നടത്തിവരുന്നത്. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ (പി.ഇ.റ്റി.സി.), സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫർമേഷൻ (CREST), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ഐ.സി.എസ്.ഇ.റ്റി.എസ്.), നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയൊക്കെ ഈ മേഖലയിൽ

പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ്. ഇതിന്റെ ഫലമായി വിദേശത്ത് തൊഴിൽ ലഭിക്കാനുള്ള സാധ്യതയും കൂടിവരികയാണ്. ഈ വർഷം മാത്രം 1365 ഉദ്യോഗാർത്ഥികളെ വിദേശ ജോലിക്ക് റിക്രൂട്ട് ചെയ്യാൻ സാധിച്ചു. 600 പേർക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് സഹായവും നൽകി. ഇതിനുപുറമേ എൽ.റ്റി.റ്റി.എഫ്., എത്തിയോസ്, ഇംഗ്ലീഷ് ലാംഗ്വേജ് അക്കാദമി, കുട്ടുകാരൻ ഇൻസ്റ്റിറ്റ്യൂട്ട്, കൊച്ചി, ജെ.ഡി.റ്റി. ഇസ്ലാം കോഴിക്കോട് എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾവഴി സ്വകാര്യ വ്യവസായങ്ങളിൽ 1634 ഉദ്യോഗാർത്ഥികൾക്ക് ജോലി നൽകി. തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ നടത്തിയ ജോബ് ഫെയർവഴി 600 പേർക്ക് വിവിധ സ്വകാര്യ സ്ഥാപനങ്ങളിലും ഈ വർഷം ജോലി ലഭ്യമാക്കി. എസ്.സി. വിഭാഗത്തിലെ ബി.എസ്.സി. നഴ്സിംഗ് പാസ്സായ 134 പേർക്ക് പ്രതിമാസം 15000 രൂപ നൽകി ആശുപത്രികളിൽ രണ്ടുവർഷക്കാലത്തേയ്ക്ക് അധിക തൊഴിൽ പരിശീലനത്തിന് അവസരം നൽകുന്ന പദ്ധതിയും ആരംഭിച്ചു. നിർമ്മാണ മേഖലയിൽ പ്രത്യേക പരിശീലനം നൽകി ജോലി ലഭ്യമാക്കുന്നതിന് ഗോത്ര ജീവിക പദ്ധതിയും നടപ്പിലാക്കി. 500 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് സാമൂഹിക പഠന മുറിയിൽ ഇൻസ്ട്രക്ടർമാരായി തൊഴിൽ ലഭിക്കാൻ പോകുകയാണ്. ഇതിനുപുറമേ 100 പേരെ പോലീസ്-എക്സൈസ് സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി

നിയമിക്കാനും നടപടി സ്വീകരിച്ചു. നൈപുണ്യ വികസനത്തിനുള്ള വിവിധ പരിശീലന പരിപാടികൾ മുഖേന 1250 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കാനുള്ള നടപടിയും സ്വീകരിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ തുടങ്ങിയതാണ് സ്വയം പര്യാപ്ത ഗ്രാമം. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ആംലെറ്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം. പല കാരണങ്ങളാൽ ആ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല. 216 പട്ടികജാതി സങ്കേതങ്ങളും 135 പട്ടികവർഗ്ഗ സങ്കേതങ്ങളും ഇതിന്റെ ഭാഗമായി തെരഞ്ഞെടുത്തു.

ശ്രീ. കെ. സി. ജോസഫ്: അനാവശ്യ വിശദീകരണം ആവശ്യമുണ്ടോ; മന്ത്രിമാരുടെ സമയം 30 മിനിട്ടാണ്. സമയക്ലിപ്തത പാലിക്കണോ വേണ്ടേയെന്ന് അങ്ങ് തീരുമാനിക്കണം.

ശ്രീ. എ. കെ. ബാലൻ: ഇവിടെ എല്ലാ മന്ത്രിമാരും 30 ഉം 35 ഉം 45 ഉം മിനിട്ട് എടുത്തു. ഞാൻ 20 മിനിട്ടേ എടുത്തിട്ടുള്ളൂ. ഞാനെന്റെ സമയത്തിനുള്ളിൽ അവസാനിപ്പിക്കും. അതിൽ ഒരു ബേജാറും ആവശ്യമില്ല. ഇവിടെ നിങ്ങൾ ഭരിക്കുന്ന സമയത്ത് 30 മിനിട്ടിനകം എല്ലാ മന്ത്രിമാരും മറുപടി പറഞ്ഞ് തീർത്തിട്ടുണ്ടോ? പിന്നെ എന്താണ്. ഒരു മന്ത്രിയെ സംബന്ധിച്ചിടത്തോളം ആ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ വന്ന ചർച്ചയ്ക്ക് മറുപടി പറയാൻ

നിർബന്ധിക്കപ്പെടും. അതേ അവസരത്തിൽ മറ്റ് മന്ത്രിമാർ എടുത്ത സമയമെങ്കിലും എനിക്കും കിട്ടണമല്ലോ. എന്നാൽപ്പിന്നെ അപ്പോൾ എണീറ്റ് നിൽക്കാത്തതെന്താണ്? ഇവിടെ ഏറ്റവുമധികം പ്രശ്നമുണ്ടായിരുന്നത് ആരോഗ്യ രംഗവുമായി ബന്ധപ്പെട്ടുകൊണ്ടായിരുന്നു. പോഷക സമൃദ്ധമായ ഭക്ഷണം ഉറപ്പുവരുത്താൻ.... പ്രസംഗിച്ചുമാത്രം പോകുകയാണെങ്കിൽ ഈ പോയിന്റ് പറയാതെ പ്രസംഗിക്കാൻ കുറച്ചുകൂടുതൽ സമയമെടുക്കും. മുമ്പ് വൈദ്യുതി വകുപ്പുമന്ത്രിയും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമന്ത്രിയും ഞാൻ തന്നെയായിരുന്നല്ലോ. അപ്പോഴും ഞാൻ സമയമെടുത്തിട്ടുണ്ട്. ആദിവാസി മേഖലയിൽ പോഷക സമൃദ്ധമായ ഭക്ഷണം ഇപ്പോൾ ഉറപ്പുവരുത്തി. കേരളത്തിന്റെ ഏറ്റവും വലിയ ശാപം, നമുക്കൊരു നാണക്കേടുണ്ടായിട്ടുള്ളത് ആദിവാസി മേഖലയിലെ ശിശുമരണമായിരുന്നു. അത് സ്റ്റേറ്റ് ആവറേജിനേക്കാൾ താഴെ എത്തിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് ഏറ്റവും വലിയ നേട്ടം. ഒരു തരത്തിലും പോഷകാഹാരമില്ലാത്ത ഒരു മേഖലയും ഇന്ന് ആദിവാസി മേഖലയിലില്ല. മറ്റ് കാര്യങ്ങളെ സംബന്ധിച്ചൊന്നും കൂടുതൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ചെയ്യാൻ പോകുന്ന ചില പ്രധാനപ്പെട്ട പ്രവൃത്തികളെക്കുറിച്ച് പറയാം. സ്പിൽ ഓവർ ആയി കിടക്കുന്ന മുഴുവൻ വീടുകളും പൂർത്തീകരിക്കും. എല്ലാ ജില്ലകളിലും പ്രീ-

എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പുനഃസംഘടിപ്പിക്കും. എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഓൺലൈൻ സംവിധാനത്തിലൂടെ വിതരണം ചെയ്യും. പട്ടികജാതി വികസന വകുപ്പിന്റെ എല്ലാ പദ്ധതികളെയും സംബന്ധിച്ച് ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷൻസിന് രൂപം നൽകും. നായാടി, വേടൻ, കള്ളാടി, ചക്ലിയൻ വിഭാഗങ്ങളിലുള്ള പാവപ്പെട്ടവർക്ക് 50 സങ്കേതങ്ങളിൽ സമഗ്ര വികസന പദ്ധതി നടപ്പിലാക്കും. 100 പട്ടികജാതി സങ്കേതങ്ങളിൽ സാക്ഷരതാ പരിപാടിയും പത്താം ക്ലാസ് തുല്യതാ പഠനവും നടത്തുന്നതിന് 'നവചേതന' എന്ന പേരിൽ സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടി ആരംഭിക്കും. എല്ലാ ജില്ലകളിലും ജോബ് ഫെയർ സംഘടിപ്പിക്കും. ഭൂമി അതുപോലെതന്നെ വീടും ലഭ്യമാക്കുന്നതിനുള്ള നടപടി 'ലൈഫ്' പദ്ധതിയുടെ ഭാഗമായി സ്വീകരിക്കും. ജനിതക ശാസ്ത്ര വിഷയത്തിൽ പഠനം നടത്തുന്നതിനുവേണ്ടി ആന്ത്രപോളജി സർവ്വേ ഓഫ് ഇൻഡ്യയുടെ ഒരു മേഖല സ്ഥാപനം വയനാട്ടിലോ അട്ടപ്പാടിയിലോ സ്ഥാപിക്കും. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി തൊഴിൽ വകുപ്പിന്റെയുംകൂടി സഹായത്തോടെ ആധുനിക ട്രേഡുകൾ പഠിപ്പിക്കുന്ന ഐ.ടി.ഐ.-കൾ ആരംഭിക്കും. സുഗന്ധഗിരി ആറളം ഫാമുകൾ അടക്കമുള്ള പട്ടികവർഗ്ഗ ഗുണഭോക്താക്കൾ താമസിക്കുന്ന കൃഷിയിടങ്ങളിൽ അവർക്ക് വരുമാനദായകമായിട്ടുള്ള കൃഷിരീതികൾ ആരംഭിക്കും.

ഇതിൽ പ്രധാനപ്പെട്ട മറ്റൊരുകാര്യം, ഇപ്പോൾ പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ ഒരു പ്രത്യേക പദ്ധതി ആരംഭിക്കുകയാണ്. പ്രവാസികൾക്കുവേണ്ടിയുള്ള റീടേൺ സ്വയം തൊഴിൽ വായ്പാ പദ്ധതി. അത് 20 ലക്ഷം രൂപയാണ് നൽകുന്നത്. 3 ലക്ഷം രൂപ സബ്സിഡിയായി പ്രവാസി വകുപ്പിൽനിന്ന് നൽകും. ശേഷിക്കുന്ന 17 ലക്ഷം രൂപ 4 ശതമാനം പലിശനിരക്കിൽ നൽകിയാൽ മതിയാകും. അതുപോലെതന്നെ പ്രൊഫഷണലുകൾക്കുവേണ്ടി ഒരു സ്റ്റാർട്ടപ് പദ്ധതി ആരംഭിക്കുകയാണ്. 4 ശതമാനം പലിശയേ അതിനുമുള്ളൂ. 20 ലക്ഷം രൂപ ചെലവുചെയ്തുകൊണ്ടായിരിക്കും അതും നടപ്പിലാക്കാൻ പോകുന്നത്. ഇവിടെ വന്ന ചോദ്യങ്ങൾക്കുള്ള മറുപടി എന്ന നിലയിൽ ഒന്നുരണ്ട് കാര്യങ്ങൾ മാത്രമേ ഞാൻ സൂചിപ്പിക്കാനാഗ്രഹിക്കുന്നുള്ളൂ. എല്ലാ കാര്യങ്ങളും ഇവിടെ പൊതുവിൽ പറയാൻ സാധിച്ചിട്ടില്ല. ക്രീമിലെയറുമായി ബന്ധപ്പെട്ടുകൊണ്ട് നിലവിലുള്ള വരുമാന പരിധി 6 ലക്ഷം രൂപയിൽനിന്ന് 8 ലക്ഷം രൂപയാക്കണമെന്ന് ബഹുമാനപ്പെട്ട പാറക്കൽ അബ്ദുല്ല ഇവിടെ സൂചിപ്പിച്ചു. അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്. പരിശോധിക്കേണ്ട ഒരു കാര്യം ഇപ്പോൾ 6 ലക്ഷം രൂപ വരുമ്പോൾ..

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ആറുമാസം മുമ്പ് അതിന്റെ ഓർഡർ കേന്ദ്ര

ഗവൺമെന്റിൽനിന്ന് വന്നിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: 6 ലക്ഷം രൂപ 8 ലക്ഷം രൂപയാക്കണമെന്ന ശിപാർശയാണ് എന്റെ വകുപ്പിൽനിന്ന് കേന്ദ്രഗവൺമെന്റിലേയ്ക്ക് പോയിട്ടുള്ളത്. മനസ്സിലാക്കേണ്ട ഒരു കാര്യം, 6 ലക്ഷം രൂപയെന്ന് പറയുമ്പോൾ പ്രതിദിനം 1643 രൂപ വരുമാനമുള്ളവർക്കാണ് നിലവിൽ ആനുകൂല്യം ലഭിക്കുന്നത്. നിങ്ങൾ പറയുന്ന കണക്ക് പ്രകാരം പ്രതിദിനം 2191 രൂപ വരുമാനമുള്ളവർക്കുകൂടി ഇതിന്റെ ആനുകൂല്യം ലഭിക്കും. യഥാർത്ഥത്തിൽ ആനുകൂല്യം ലഭിക്കേണ്ട വിഭാഗത്തിന്റെ എണ്ണം കുറയുകയാണ് ചെയ്യുന്നത്. ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. 6 ലക്ഷം രൂപ 8 ലക്ഷം രൂപയാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഞാൻ ക്രീമിലെയറുമായി ബന്ധപ്പെട്ട് സബ്മിഷൻ കൊണ്ടുവന്നപ്പോൾ, രണ്ടു കൊല്ലം മുമ്പ് ക്രീമിലെയർ വരുമാന പരിധി കേന്ദ്രം 8 ലക്ഷം രൂപയാക്കിയെന്നും നമ്മളിവിടെ ആക്കിയിട്ടില്ലെന്നും പറഞ്ഞപ്പോൾ ഇവിടെ 6 ലക്ഷം രൂപയേ ആക്കുന്നുള്ളൂ 8 ലക്ഷം രൂപയാക്കാൻ പരിപാടിയില്ലെന്നാണ് മന്ത്രി മറുപടി പറഞ്ഞത്.

ശ്രീ. എ. കെ. ബാലൻ: ഇപ്പോൾ പരിഗണനയിലില്ല എന്നാണ് പറഞ്ഞത്.

അതിനുശേഷം താങ്കൾതന്നെ എന്നോട് പുനഃപരിശോധിക്കണം എന്നുപറഞ്ഞു. അതിന്റെ ഭാഗമായി മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തു. 6 ലക്ഷം രൂപ 8 ലക്ഷം രൂപയാക്കണമെന്നുള്ളതാണ് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുള്ളത്. പക്ഷെ ഈ പരിധിയിൽ വരുന്ന പാവപ്പെട്ടവന്റെ എണ്ണം കുറയുകയാണ് എന്ന അപകടംകൂടി മനസ്സിലാക്കുന്നത് നന്നായിരിക്കും. ഇവിടെ ബഹുമാനപ്പെട്ട എ. പി. അനിൽ കുമാർ കുറേ നല്ല കാര്യങ്ങളാണ് വളരെ പോസിറ്റീവായി പറഞ്ഞിട്ടുള്ളത്. അക്കാര്യങ്ങളെല്ലാം പരിശോധിക്കുന്നതായിരിക്കും. ഈ പറഞ്ഞത് കറക്ടാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നീക്കിവച്ചിട്ടുള്ളത് അങ്ങനെതന്നെ കുളം തോണ്ടുന്നുവെന്നുള്ള ഒരു പ്രതീതി ഉണ്ടാക്കുന്നതിനുള്ള വലിയൊരു ശ്രമം നടക്കുകയാണ്. എസ്.സി.പി./റ്റി.എസ്.പി. ഫണ്ട് എന്നുപറയുന്നത് 10 ശതമാനം മാത്രമേയുള്ളൂ. അത് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപാകതയും ന്യൂനതയും പോരായ്മയുമുണ്ടെങ്കിൽ പരിശോധിക്കണം. അതേസമയം ബഡ്ജറ്റിന്റെ 90 ശതമാനവും ചെലവഴിക്കുന്ന മറ്റ് വകുപ്പുകളില്ലേ; ഇന്നേവരെ അതാരെങ്കിലും പരിശോധിച്ചിട്ടുണ്ടോ? അതിനർത്ഥം പാവങ്ങൾക്ക് കിട്ടുന്ന ആനുകൂല്യം ലഭ്യമാകാതിരിക്കുന്നതിനുള്ള ശ്രമമാണ് ഇതിന്റെ പിന്നിൽ ഇപ്പോൾ നടക്കുന്നത്, ഇത് എന്തോ നശിപ്പിക്കുന്നൊരു വകുപ്പാണ്,

ഒന്നിനും കഴിയാത്തൊരു വകുപ്പാണ് എന്നാണ്. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ വിദ്യാഭ്യാസ രംഗത്ത് ഇന്ത്യയ്ക്ക് മാതൃകയാണ് കേരളം. സുസ്ഥിര വികസനവുമായി ബന്ധപ്പെട്ട്, ആവശ്യത്തിന് ഭൂമി കൈവശമില്ലാത്ത പാവപ്പെട്ട അടിസ്ഥാന വിഭാഗം കേരളത്തിന്റെ വിവിധ മേഖലകളിൽ ഏറ്റവും ശ്രദ്ധേയമായ നേട്ടം കൈവരിച്ചത് വിദ്യാഭ്യാസത്തിന്റെ ഭാഗമായിട്ടാണ്. അതിന് കോടിക്കണക്കിന് രൂപയാണ് ഗവൺമെന്റ് ചെലവഴിക്കുന്നത്. എവിടെയെങ്കിലും എന്തെങ്കിലും അപാകത വന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതിന് ഒരു തടസ്സവുമില്ല. പക്ഷെ കാടടക്കി വെടിവയ്ക്കുക എന്ന സമീപനം സ്വീകരിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട വി. പി. സജീന്ദ്രൻ, മധുവിന്റെ കാര്യം സൂചിപ്പിച്ചു. മധുവിന്റെ മരണവുമായി ബന്ധപ്പെട്ട പ്രതികളെയൊക്കെ ഒരു ദിവസംകൊണ്ടുതന്നെ അറസ്റ്റുചെയ്തു. അത് ആദ്യം നിങ്ങൾ മനസ്സിലാക്കണം. ഒരൊറ്റ പ്രതികൾക്കും രക്ഷപ്പെടാനുള്ള വഴിയുണ്ടാക്കികൊടുത്തില്ല. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നാണ് രണ്ടുമൂന്ന് മണിക്കൂറിനുള്ളിൽ പ്രതികളെ പിടിച്ചത്. പതിനെട്ടേകാൽ ലക്ഷം രൂപ ആ വീട്ടിൽ എത്തിക്കുകയും ചെയ്തു. ഇങ്ങനെയൊരു പ്രശ്നമുണ്ടാകുമ്പോൾ കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരിക, ആ കുടുംബത്തെ രക്ഷിക്കുക, മേലിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടി

സ്വീകരിക്കുക എന്നതല്ലേ ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയൂ. അക്കാര്യത്തിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പരമാവധി ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. നേരത്തെയിവിടെ ചർച്ചയിൽ വന്നൊരു കാര്യവുമായി ബന്ധപ്പെട്ട്...

ശ്രീ. പി. കെ. ബഷീർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് സാധാരണ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നൽകാറുണ്ടായിരുന്നു. ലൈഫ് ഭവന പദ്ധതിക്ക് സർക്കാർ രൂപം കൊടുത്തപ്പോൾ അത് അതിലേയ്ക്ക് മാറി. രണ്ട് വർഷമായി ആ പദ്ധതി നടന്നിട്ടില്ല. ഇപ്പോൾ തുടങ്ങുമെന്ന് പറയുന്നു. അങ്ങനെയാണെങ്കിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കഴിഞ്ഞ കാലങ്ങളിലേതുപോലെ ഡിപ്പാർട്ട്മെന്റ് നേരിട്ട് ഫണ്ട് കൊടുക്കുന്ന സംവിധാനത്തിലേയ്ക്ക് പോകുന്ന കാര്യം ആലോചിച്ചുകൂടെ?

ശ്രീ. എ. കെ. ബാലൻ: സർ, ലൈഫ് ഭവന പദ്ധതി തുടങ്ങുന്നതിനേക്കാളും മുമ്പുതന്നെ ഞങ്ങൾ ബെനിഫിഷ്യറി ലിസ്റ്റുണ്ടാക്കിയിരുന്നു. പട്ടികജാതിയിൽ 22,000 ഉം പട്ടികവർഗ്ഗത്തിൽ 6500 ഉം. അതിന്റെ ഭാഗമായിട്ടുള്ള ബെനിഫിഷ്യറി ലിസ്റ്റ് നമ്മുടെ കയ്യിലുണ്ട്. ആ ബെനിഫിഷ്യറി ലിസ്റ്റിൽപ്പെട്ട ആൾക്കാർക്ക് ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് തുക കൊടുക്കുന്നതിൽ ഡിലേ വന്നിട്ടുണ്ട്. അത്

ശരിയാണ്. എന്നിട്ടുപോലും പതിനൊന്നായിരം വീടുകൾ ഇപ്പോൾ നമ്മൾ കൊടുത്തു. അപ്പോൾ എസ്.സി./എസ്.ടി. യെ സംബന്ധിച്ചിടത്തോളം അത് ബാധകമായിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സ്പില്ലായിട്ടുള്ള വീടുകൾ കഴിച്ച് ബാക്കിയുള്ള വീടുകൾ പരിപൂർണ്ണമായും ലൈഫ് പദ്ധതിയിലേയ്ക്ക് എടുക്കുകയാണ്. അതുപോലതന്നെ സ്പില്ലായിട്ടുള്ള വീടുകളും ഇപ്പോൾ ലൈഫ് പദ്ധതിയിലേയ്ക്ക് പോവുകയാണ്. ലൈഫ് പദ്ധതിയിൽ പോകുന്ന സമയത്ത് വർദ്ധിപ്പിച്ച തുകയായിരിക്കും ഇനി കൊടുക്കുക. ഇതുമായി ബന്ധപ്പെട്ട് ഭരണതലത്തിലുള്ള കുറച്ച് തടസ്സങ്ങളുണ്ടായിട്ടുണ്ട്. അതെല്ലാം പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. അതുകൊണ്ട് ഇനിയിത് കൃത്യമായി മുന്നോട്ടുപോകും. അതുപോലെതന്നെ ഇവിടെ സൂചിപ്പിക്കാനുള്ളൊരു കാര്യം ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 157.9 കോടി രൂപ എസ്.ടി. വകുപ്പിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഇക്കാര്യം ശ്രീ. ഐ. സി. ബാലകൃഷ്ണനാണ് നേരത്തെ ഇവിടെ സൂചിപ്പിച്ചത്. കേന്ദ്ര സർക്കാരിന്റെ കർശന നിയന്ത്രണത്തെ തുടർന്നാണ് 5700 കോടി രൂപയോളം ടി.എസ്.പി. അക്കൗണ്ടിൽനിന്ന് പിൻവലിക്കാൻ നിർബന്ധിക്കപ്പെട്ടത്. എസ്.ടി. വകുപ്പിന്റെ 157.9 കോടി രൂപയിൽ 21 കോടി രൂപ വനംവകുപ്പിന് നീക്കിവച്ചതാണ്. ബാക്കിയുള്ള 136.9 കോടി രൂപയിൽ കേവലം

10.38 കോടി രൂപമാത്രമാണ് ഈ കാലഘട്ടത്തിൽ ടി.എസ്.പി. അക്കൗണ്ടിലേയ്ക്ക് പോയിട്ടുള്ളത്. മുമ്പ് സ്പില്ലായിട്ടുള്ള ചെലവഴിക്കാത്ത പണമാണ് ട്രഷറി അക്കൗണ്ടിലുള്ളത്. അങ്ങനെ പബ്ലിക് അക്കൗണ്ടിൽ exhorbitant ആയിട്ടുള്ള തുക ഉണ്ടാകുന്നതാണ് കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. കടമെടുക്കുന്നതിന് തടസ്സം എന്ന ശക്തമായ നിലപാട് കേന്ദ്രം എടുത്തതിന്റെ ഭാഗമായിട്ടാണ് ടി.എസ്.പി. അക്കൗണ്ടിൽനിന്ന് ഈ പണം കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് പോകാൻ നിർബന്ധിക്കപ്പെട്ടത്. അത് കുറച്ച് ഞങ്ങളേയും ബാധിച്ചു. ആ പ്രശ്നം ഇപ്പോൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. എന്തായാലും കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്ത്യയിൽ ഓരോ 18 മിനിട്ടിലും ഒരു ദളിതൻ വീതം ആക്രമിക്കപ്പെടുന്നുവെന്നതാണ് കണക്ക്. ഹരിയാന, ഗുജറാത്ത്, ഉത്തർപ്രദേശ്, ബീഹാർ, മധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽനിന്നും നൂറ് കണക്കിന് ദളിത് പീഡന വാർത്തകളാണ് ദിനംപ്രതി വരുന്നത്. രാജ്യത്ത് ദളിത് പീഡനം ഭയാനകമായി വർദ്ധിക്കുകയാണ്. 2012-ൽ 33,000 ദളിത് പീഡനങ്ങളാണ് രാജ്യത്തുണ്ടായിട്ടുള്ളത്. 2015-ൽ 45,000 ആയി അത് വർദ്ധിച്ചു. 2016- ലെ കണക്ക് ഇതിനെക്കാളും എത്രയോ കൂടുതലാണ്. ഇത്രയും കേസുകളിൽ 23 ശതമാനം കേസുകൾമാത്രമാണ് ശിക്ഷിക്കപ്പെട്ടിട്ടുള്ളത്.

സാധാരണ ദളിതനെ മാത്രമല്ല, ദളിത് ചിന്തകരെയും എഴുത്തുകാരെയുംവരെ ആക്രമിക്കുകയാണ്. ബി.ജെ.പി. നേതാക്കളും ഭരണാധികാരികളും പരസ്യമായി ഈ ആക്രമണങ്ങളെ ന്യായീകരിക്കുകയാണ്. ഹരിയാനയിൽ ദളിത് കുട്ടികളെ ചുട്ടുകൊന്നപ്പോൾ പട്ടിക്കുട്ടികൾ കൊല്ലപ്പെട്ടതിനോടാണ് കേന്ദ്രമന്ത്രി ശ്രീ. വി. കെ.സിംഗ് ഉപമിച്ചത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് രാവിലെ മുഖ്യമന്ത്രി റൂൾ 300 അനുസരിച്ച് പട്ടികവർഗ്ഗ ഡയറക്ട് റിക്രൂട്ട്മെന്റിനെക്കുറിച്ചൊരു പ്രസ്താവന നടത്തുകയുണ്ടായി. നല്ലകാര്യം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ 1200 ട്രൈബൽസിനെയും പോലീസിൽ 75 പട്ടികജാതിക്കാരെയും നിയമിക്കുകയുണ്ടായി. പക്ഷെ ഇവിടെ പ്രശ്നം അതല്ല. വിവിധ ഡിപ്പാർട്ട്മെന്റുകളിൽ പട്ടികജാതിക്കാരായ ആളുകൾക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു. അത് ക്ലാസ് ത്രീ, ക്ലാസ് ഫോർ ഒഴിവൊന്നുമല്ല. അവർക്ക് കിട്ടേണ്ട ആ ഒഴിവ് എത്രയുണ്ടെന്ന് കണക്കാക്കി അത് നികത്താനുള്ള നടപടി സ്വീകരിക്കുമോ; അല്ലെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന അവരുടെ അവകാശം നഷ്ടപ്പെടാതിരിക്കാൻ ശ്രമിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇത് ഓരോരോ അഡ്മിനിസ്ട്രേറ്റീവ് വകുപ്പും

കൃത്യമായിട്ടുള്ള ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കേണ്ടതാണ്. പി.എസ്.സി.യെ അറിയച്ചതിനുശേഷം പി.എസ്.സി. ടെസ്റ്റും ഇന്റർവ്യൂം നടത്തി അഡ്വൈസ് മെമ്മോ കൊടുക്കുന്നു. ഈ പ്രക്രിയയിൽ വരുന്ന കാലതാമസം യഥാർത്ഥത്തിൽ ഈ അടിസ്ഥാന വിഭാഗത്തിന്റെ തൊഴിലവസരങ്ങൾ യഥാസമയം ലഭ്യമാകുന്നതിൽ തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. അത് മനസ്സിലാക്കിക്കൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന ഇവിടെ വച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലതന്നെ ഇത് ശക്തമായിട്ടുള്ളൊരു റിവ്യൂവിന് വിധേയമാക്കും. സമയബന്ധിതമായി ഈ സംവരണ സീറ്റുകൾ പരിപൂർണ്ണമായി നികത്തുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതായിരിക്കും. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മറ്റ് മന്ത്രിമാർക്ക് കൊടുത്ത സമയത്തെക്കാളും കുറച്ച് സമയം മാത്രമേ ഞാനെടുത്തിട്ടുള്ളൂ. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: അതിനുവേണ്ടിയൊരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ശ്രീ. അടൂർ പ്രകാശാണ് ഞങ്ങളുടെ ഭാഗത്തുനിന്ന് ആ കമ്മിറ്റിയിലുണ്ടായിരുന്നത്. പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്കും പട്ടികജാതിക്കാർക്കും വിവിധ

ഡിപ്പാർട്ട്മെന്റുകളിലുള്ള പ്രാതിനിധ്യം ഉറപ്പ് വരുത്താൻ കഴിയുന്നുണ്ടോ? ആ കമ്മിറ്റി ഒരു യോഗംപോലും കൂടിയിട്ടില്ല.

ശ്രീ. എ. കെ. ബാലൻ: ഓരോ വർഷവും ജനുവരി മാസമാണ് ഓരോ വകുപ്പിന്റെ റിവ്യൂ നടത്തുന്നത്. ആ റിവ്യൂ നടത്തിയതിന്റെ ഭാഗമായി ഒഴിവ് വരുന്നത് മുഴുവനും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. നടപടി സ്വീകരിക്കുന്നുമുണ്ട്. പക്ഷെ ഇവിടെ പറഞ്ഞതുപോലെ ഇങ്ങനെയൊക്കെ ചെയ്തിട്ടുപോലും നമ്മൾ കാണാത്ത രൂപത്തിലുള്ള ചില ഒഴിവുകൾ പലസ്ഥലത്തുമുണ്ട് എന്നുള്ളതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായിട്ടാണ് ട്രൈബൽ മേഖലയിലെ ഭയാനകമായിട്ടുള്ള......, അതിപ്പോൾ വന്ന ഒഴിവൊന്നുമല്ലല്ലോ. കാലാകാലമായിട്ട് വന്ന ഒഴിവുകളാണ്. ആ ഒഴിവുകൾ നികത്തുന്നതിനുള്ള ശക്തമായ നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കാൻ നിർബന്ധിക്കപ്പെട്ടത് അതിന്റെ ഭാഗമായിട്ടാണ്. ഒ.ബി.സി. സംവരണമൊന്നും അട്ടിമറിക്കുന്നതിനുള്ള ഒരു ശ്രമവും ഉണ്ടായിട്ടില്ല. മാത്രമല്ല, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഭരണഘടനാപരമായിട്ടുള്ള സംവരണം ഉറപ്പുവരുത്തുന്നതിന് ശക്തമായിട്ടുള്ള നിലപാടും നടപടിയും കേരള ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയും ചെയ്യും.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ച ചോദ്യമൊന്ന്, അങ്ങ് പറഞ്ഞ മറുപടി മറ്റൊന്ന്. ഇവിടെയൊരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. അങ്ങ് അതിന്റെ വൈസ് ചെയർമാനാണെന്നാണ് ആ കമ്മിറ്റിയുടെ ഘടന വന്നപ്പോൾ കണ്ടത്. ഇന്നുവരെയും ആ കമ്മിറ്റി വിളിച്ച് കൂട്ടിയിട്ടില്ല. ഒ.ബി.സി.-യുമായി ബന്ധപ്പെട്ടൊരു കമ്മിറ്റി രൂപീകരിച്ചിട്ട് ഇന്നുവരെയും വിളിച്ചുകൂട്ടിയിട്ടില്ല. അതേക്കുറിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചത്. അങ്ങ് മറുപടി പറഞ്ഞത് മറ്റൊരു കാര്യത്തിനാണ്. നിയമനങ്ങളെക്കുറിച്ച് പരിശോധന നടത്തുന്നതിനും പ്രാധിനിത്യം ഉറപ്പുവരുത്തുന്നതിനുംവേണ്ടിയാണ് ഈ കമ്മിറ്റി രൂപീകരിച്ചത്.

ശ്രീ. എ. കെ. ബാലൻ: സർ, അത് ശരിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ആ കമ്മിറ്റിയാണ് ഓരോ വർഷവും ജനുവരിയിൽ ഇത് റിവ്യൂ ചെയ്യുന്നത്. കഴിഞ്ഞ ജനുവരിയിൽ റിവ്യൂ കമ്മിറ്റി യോഗം കൂടിയിട്ടില്ലായെന്നാണ് പറയുന്നത്. അത് കൂടാനുള്ള നടപടിയെടുക്കാം.

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, മതന്യൂനപക്ഷങ്ങൾ ഏറ്റവും മെച്ചപ്പെട്ട

അവസ്ഥയിൽ താമസിക്കുന്ന ഇന്ത്യയിലെ സംസ്ഥാനമാണ് കേരളം. കേരളത്തിലെ കോൺഗ്രസ് ഉൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും, വിശിഷ്യാ ഇടതുപക്ഷ പാർട്ടികൾക്ക് അക്കാര്യത്തിലുള്ള പങ്ക് അനിഷേധ്യവുമാണ്. ഒരു ജനവിഭാഗത്തോട് സർക്കാരിനുള്ള ബന്ധവും അടുപ്പവും പരിശോധിക്കണമെങ്കിൽ ബഡ്ജറ്റിൽ അവരുടെ ഉന്നതിക്കായി എത്ര രൂപയാണ് നീക്കിവയ്ക്കുന്നതെന്ന് നോക്കിയാൽ മതി. ബഹുമാന്യരായ മഞ്ഞളാംകുഴി അലിയും പാറക്കൽ അബ്ദുല്ലയുമാണ് പ്രധാനമായും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ചില കാര്യങ്ങൾ സൂചിപ്പിച്ചത്. ശ്രീ. മഞ്ഞളാംകുഴി അലി നേരത്തേ ഈ വകുപ്പിന്റെ മന്ത്രിയായിരുന്ന ആളാണ്. 2015-16-ൽ സെൻട്രൽ അസിസ്റ്റൻസ് കൂടാതെയുള്ള ബഡ്ജറ്റ് തുക 56 കോടി രൂപയായിരുന്നു. 2016-17-ൽ അത് 58.66 കോടി രൂപയായും 2017-18-ൽ 77 കോടി രൂപയായും 2018-19-ൽ 80.75 കോടി രൂപയായും വർദ്ധിച്ചു. എക്സ്പെൻഡിച്ചർ നോക്കണം. അതും ഒരു സർക്കാരിന് ഒരു സമൂഹത്തോടുള്ള ബന്ധത്തിന്റെ നല്ല മാനദണ്ഡമാണ്. 2014-15-ൽ 71.43 ശതമാനവും 2015-16-ൽ 98 ശതമാനവുമായിരുന്നു എക്സ്പെൻഡിച്ചർ. 2016-17-ലും 2017-18-ലും എക്സ്പെൻഡിച്ചർ 100 ശതമാനമാണ്. 2014-15-ൽ വഖഫ് ബോർഡിന് നൽകിയ ഗ്രാന്റ് 1.89 കോടി രൂപയും 2016-17-ൽ 3.2 കോടി രൂപയുമായിരുന്നു. 2017-18-ൽ അഡീഷണൽ ആതറൈസേഷനുൾപ്പെടെ 2.92

കോടി രൂപ വഖഫ് ബോർഡിന് ഗ്രാന്റായി നൽകാൻ ഈ സർക്കാരിന് സാധിച്ചു. ശ്രീ. മഞ്ഞളാംകുഴി അലി മന്ത്രിയായിരുന്ന സമയത്ത് വഖഫ് ബോർഡിലെ പെൻഷൻ തുക 350/-, 450/-, 600/- എന്നിങ്ങനെയായിരുന്നു. ഈ ഗവൺമെന്റ് അത് ഏകീകരിച്ച് 1,000/- രൂപയാക്കി വർദ്ധിപ്പിച്ചു. മറ്റ് ക്ഷേമ പെൻഷനുകൾക്ക് സമാനമായി പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വഖഫ് സർവ്വേയ്ക്ക് സർവ്വേ കമ്മീഷണറായി വഖഫ് സെക്രട്ടറിയെയും അഡീഷണൽ കമ്മീഷണർമാരായി ജില്ലാ കളക്ടർമാരെയും നിയമിച്ചിട്ടുണ്ട്. ഹെഡ് ഓഫ് അക്കൗണ്ട് സർവ്വേ കമ്മീഷണർക്ക് പ്രാരംഭ ചെലവുകൾക്കായി 15 ലക്ഷം രൂപ ഇതിനകം അനുവദിച്ചുകഴിഞ്ഞു. മുസ്ലീം സമുദായത്തിലെ വിവിധ അവാന്തര വിഭാഗങ്ങൾ തമ്മിലുള്ള തർക്കങ്ങൾ തീർക്കുന്നതിനുവേണ്ടി....

ശ്രീ. എം. ഉമ്മർ: സർ, ഈ ഗവൺമെന്റ് ഓർഡിനൻസ് പുറപ്പെടുവിച്ച് വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് നൽകുകയുണ്ടായി. യഥാർത്ഥത്തിൽ വഖഫ് ആക്ട് കേന്ദ്ര നിയമമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് വഖഫ് ബോർഡിലെ നിയമനങ്ങൾ നടക്കുന്നത്. അത് ഭേദഗതി ചെയ്യാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. ദേവസ്വത്തിൽ മുന്നോക്ക വിഭാഗത്തിന്റെ നിയമനം നടത്തിയപ്പോൾ അതുമായി തുല്യതപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന

ഗവൺമെന്റിന് അധികാരമില്ലാത്ത ഒരു സംഗതിയിന്മേൽ ഓർഡിനൻസ് ഇറക്കിയത് തെറ്റാണെന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ദേവസ്വം ബോർഡിലെ നിയമനവുമായി വഖഫ് ബോർഡിലെ നിയമനത്തെ ബന്ധപ്പെടുത്തേണ്ട കാര്യമില്ല. വഖഫ് ബോർഡിലെ നിയമനത്തിന് അതുമായി ഒരു ബന്ധവുമില്ല. കാര്യക്ഷമമല്ലാതെയാണ് വഖഫ് ബോർഡ് കാലങ്ങളായി പ്രവർത്തിച്ചുവരുന്നത്. അതിന്റെ കാരണങ്ങൾ ചികഞ്ഞ സമയത്ത് ബോദ്ധ്യമായ കാര്യം കോംപീറ്റന്റായ, എഫിഷ്യന്റായ ജീവനക്കാർ വഖഫ് ബോർഡിലില്ല എന്നുള്ളതാണ്. അതിന്റെ കാരണം കാലാകാലങ്ങളായി വരുന്ന സർക്കാരുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ അവിടേയ്ക്ക് ആളുകളെ എടുക്കാറാണ് പതിവ്. ആ പതിവിൽ നിന്ന് വിഭിന്നമായി പി.എസ്.സി. മുഖേന നല്ല കോംപീറ്റന്റും എഫിഷ്യന്റുമായ മുസ്ലീം ചെറുപ്പക്കാരും ചെറുപ്പക്കാരികളും, ഇപ്പോൾ എത്രയോ ക്വാളിഫൈഡായിട്ടുള്ള ആളുകളുമുണ്ട്. അവരെ എടുത്താൽ ഇപ്പോൾ നിലവിലുള്ള അവസ്ഥയിൽ നിന്ന് കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ കൊണ്ടുപോകാൻ കഴിയുമെന്നുള്ള സദുദ്ദേശം മാത്രമേ സർക്കാരിന്റെ ഈ തീരുമാനത്തിന് പിന്നിലുള്ളൂ.

ശ്രീ. എം. ഉമ്മർ: സർ, ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല.

ഇത് സെൻട്രൽ ആക്ടാണ്. അതിൽ ഭേദഗതി വരുത്താൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല എന്നുള്ളതാണ് പ്രശ്നം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന ആക്ട് സെൻട്രൽ ആക്ടാണ്. പക്ഷെ ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. അത് നിഷേധിക്കരുത്.

ഡോ. കെ. ടി. ജലീൽ: സർ, നിയമപരമായി അതിലുള്ള കാര്യങ്ങൾ നമുക്ക് പരിശോധിക്കാവുന്നതാണ്. Let us wait and see.

ശ്രീ. എം. ഉമ്മർ: സർ, സംസ്ഥാന ഗവൺമെന്റിനോട് കൺസൾട്ട് ചെയ്ത് എക്സിക്യൂട്ടീവ് ഓഫീസറെ വഖഫ് ബോർഡിന് വയ്ക്കാം. അത് ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറഞ്ഞത് ശരിയാണ്. അതല്ലാതെ ജീവനക്കാരെ വയ്ക്കാനുള്ള അധികാരം വഖഫ് ആക്ടിലാണ്, റൂളിലല്ല. അങ്ങിത് കൃത്യമായി മനസ്സിലാക്കണം. മാത്രമല്ല നിയമ വകുപ്പുതന്നെ ഇതിനെതിരായിരുന്നുവെന്ന വാർത്ത പത്രങ്ങളിൽ വന്നിട്ടുണ്ട്. നിയമ വകുപ്പിനെ മറികടന്നാണ് സംസ്ഥാന ഗവൺമെന്റ് ഇക്കാര്യം ചെയ്തത് എന്നാണ് മനസ്സിലാക്കുന്നത്.

ഡോ. കെ. ടി. ജലീൽ: സർ, റെഗുലേഷനുകളിൽ സംസ്ഥാന സർക്കാരിന്

ഭേദഗതി വരുത്താൻ അധികാരമുണ്ട്. അതിനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. അപ്പോൾ ആ പ്രശ്നങ്ങൾ എന്നന്നേയ്ക്കുമായി അവസാനിക്കും. മുസ്ലീം സമുദായത്തിലെ വിവിധ അവാന്തര വിഭാഗങ്ങൾ തമ്മിലുള്ള തർക്കം കാരണം വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ കൊണ്ടുപോകാൻ കഴിഞ്ഞിരുന്നില്ല. ചരിത്രത്തിലാദ്യമായി അത്തരം തർക്കങ്ങൾ പരിഹരിക്കുന്നതിന് ഒരു അദാലത്ത്, എ.പി.ഇ.കെ. വിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു അദാലത്ത് വരുന്ന ഏപ്രിൽ 9-ന് കോഴിക്കോട് വച്ച് നടത്താനിരിക്കുകയാണ്. ഇടതുപക്ഷ സർക്കാരിന്റെ നയം ഏതെങ്കിലുമൊരു പക്ഷത്ത് ചേർന്നുകൊണ്ട് പ്രശ്നങ്ങൾ രൂക്ഷമാക്കലല്ല, മറിച്ച് കാര്യങ്ങൾ ലഘൂകരിച്ച് വിവിധ അവാന്തര വിഭാഗങ്ങൾക്കിടയിൽ സമാധാനവും സ്വസ്ഥതയും ഉണ്ടാക്കുക എന്നുള്ളതാണ്. മൂന്ന് അംഗങ്ങളെ ഉൾപ്പെടുത്തി വഖഫ് ട്രൈബ്യൂണൽ രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. വഖഫ് കേസുകൾ വിവിധ കോടതികളിൽ വർഷങ്ങളെടുത്ത് പരിഹരിക്കുന്നതിനുപകരം ഈ ട്രൈബ്യൂണൽ മുഖേന പെട്ടെന്നുതന്നെ പരിഹരിക്കാൻ സാധിക്കും. മദ്രസാദ്ധ്യാപക മോണിറ്ററിംഗ് കമ്മിറ്റിക്ക് പകരം മദ്രസാദ്ധ്യാപക ക്ഷേമനിധി ബോർഡിന് രൂപം നൽകുകയാണ്. ഇതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. നിലവിൽ 16106 അംഗങ്ങളാണ്

മദ്രാസാദ്ധ്യാപക ക്ഷേമനിധിയിലുള്ളത്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഇതിൽ 2000-ലധികമാളുകളെ ചേർക്കാൻ സാധിച്ചിട്ടുണ്ട്. 2015-16-ൽ ഹജ്ജ് കമ്മിറ്റിക്ക് 89.12 ലക്ഷമാണ് ഗ്രാന്റായി നൽകിയത്. 2016-17-ൽ 94.12 ലക്ഷം നൽകി. 2017-18-ൽ അത് 1.02 കോടി രൂപയാക്കി ഉയർത്തി. 2018-19-ൽ 1.06 കോടി രൂപയാണ് നൽകാൻ പോകുന്നത്. കരിപ്പൂരിലെ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് അവിടെത്തന്നെ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള തീവ്രമായ യത്നം സർക്കാർ നടത്തിവരികയാണ്. പുതിയ പദ്ധതികൾ:- പ്രൊഫ. ജോസഫ്. എം. മുണ്ടശ്ശേരി സ്കോളർഷിപ്പ് ഈ ഗവൺമെന്റ് വന്നതിനുശേഷം ആരംഭിച്ചിട്ടുള്ള പദ്ധതിയാണ്. അതുപോലെ ഇമ്പിച്ചി ബാവ ഹൗസിംഗ് റെനൊവേഷൻ പ്രോജക്ട് പ്രകാരം കേടുവന്ന വീടുകൾ നന്നാക്കുന്നതിനുവേണ്ടി 50,000/- രൂപ വീതം ആയിരം ആളുകൾക്ക് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ സെലക്ഷൻ കഴിഞ്ഞു. വരുന്ന മാർച്ച് 31-ന് മുമ്പ് തുക ചെലവഴിക്കാൻ സാധിക്കും.

ശ്രീ. എം. ഉമ്മർ: സർ, ഹജ്ജിന്റെ കാര്യം അങ്ങിവിടെ പറയുകയുണ്ടായി. എന്റെ കയ്യിലുള്ളത് സബ്ജക്ട് കമ്മിറ്റി VIII-ന്റെ നോട്ടാണ്. അതിൽ ഹജ്ജ് കമ്മിറ്റിക്ക് മുൻ വർഷം തുകയൊന്നും റിലീസ് ചെയ്തിട്ടില്ലെന്നാണ് പറയുന്നത്. ഹജ്ജിനുവേണ്ടി ഒരു നയാപൈസപോലും ഈ വർഷം റിലീസ് ചെയ്തിട്ടില്ലെന്നാണ്

സബ്ജക്ട് കമ്മിറ്റി നോട്ടിൽ പറയുന്നത്.

ഡോ. കെ. ടി. ജലീൽ: സർ, അങ്ങേയ്ക്കറിയാമല്ലോ, ഹജ്ജ് കമ്മിറ്റിയിലെ പണത്തിന് ഡിമാൻഡ് വരുന്നതല്ലേയുള്ളൂ. ഹജ്ജ് ക്യാമ്പ് ആരംഭിക്കാനിരിക്കുന്നതല്ലേയുള്ളൂ. എല്ലാ വർഷവും അങ്ങനെയാണ് ചെയ്യാറുള്ളത്. ഈ വർഷവും അങ്ങനെ തന്നെയാണ് ചെയ്യുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഹജ്ജിന്റെ സമയത്ത് വേറെ ബഡ്ജറ്റ് വരുമോ? അങ്ങ് പറയുന്നത് തെറ്റാണ്. അല്ലെങ്കിൽ ധനകാര്യ വകുപ്പുമന്ത്രി പറയട്ടെ.

ഡോ. കെ. ടി. ജലീൽ: സർ, അവർ ഡിമാൻഡ് ചെയ്യുന്ന മുറയ്ക്ക് പണം നൽകും. നഴ്സിംഗ് ഡിപ്ലോമ, പാരാമെഡിക്കൽ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന 500 കുട്ടികൾക്ക് 15,000/- രൂപയുടെ ഒരു സ്കോളർഷിപ്പ് പുതുതായി ആരംഭിക്കുകയാണ്. സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളിൽ പഠിക്കുന്ന ആയിരം കുട്ടികൾക്ക് ആറായിരം രൂപ വച്ച് ഓരോ വർഷവും സ്റ്റൈപ്പന്റ് നൽകുന്നതിനുള്ള പദ്ധതിയായിക്കഴിഞ്ഞു. വിവാഹാനന്തരമുള്ള പ്രശ്നങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് 33 പ്രീമാരിറ്റൽ കൗൺസിലിംഗ് സെന്ററുകൾ ഈ വർഷം ആരംഭിക്കും. മൈനോറിറ്റി ഡെവലപ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നമ്മുടെ സംസ്ഥാനത്ത് സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മതാദ്ധ്യാപകർക്കും മത പ്രഭാഷകർക്കും

സൈക്കോളജി, നാഷണൽ ഇന്റഗ്രേഷൻ തുടങ്ങിയ വിഷയങ്ങളിൽ ബോധവത്കരണവും ട്രെയിനിംഗും നൽകുന്നതിനുവേണ്ടിയാണ് ഇത്തരമൊരു ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്. 17 പി.എസ്.സി കോച്ചിംഗ് സെന്ററുകൾ ഇപ്പോൾ മൈനോറിറ്റി ഡിപ്പാർട്ടുമെന്റിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ ശ്രീ. പാലൊളി മുഹമ്മദ്കുട്ടി മന്ത്രിയായിരുന്നപ്പോൾ സഖാവ് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ കാലത്താണ് ആരംഭിച്ചത്. അങ്ങേയ്ക്ക് അതറിയാം. അങ്ങും കൂടി ഉൾപ്പെട്ട, നമ്മളാണ് അതിന് സമാരംഭം കുറിച്ചത്. അന്ന് ഏഴ് സെന്ററുകൾ തുടങ്ങി. യു.ഡി.എഫ് വന്നതിനുശേഷം പത്ത് സെന്ററുകൾ തുടങ്ങി. ഈ സർക്കാർ വന്നതിനുശേഷം ഒരു സെന്റർ ആരംഭിച്ചു. ബഡ്ജറ്റിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ സാമ്പത്തിക വർഷം 14 ജില്ലകളിൽ ഒരോ സെന്റർ വീതം 14 പുതിയ സെന്ററുകൾ ആരംഭിക്കാൻ പോകുകയാണ്. 23 സബ്സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ശരാശരി ഈ സെന്ററുകളിൽ പ്രവേശനം നേടിയ 20 ശതമാനത്തോളം കുട്ടികൾക്ക് സർക്കാർ ജോലി ഉറപ്പുവരുത്തുന്നതിന് സാദ്ധ്യച്ചിട്ടുണ്ട്. ഇമ്പിച്ചി ബാവയുടെ പേര് ഭവന പദ്ധതിക്കിട്ടതല്ലാതെ മറ്റൊന്നും ചെയ്തില്ലെന്ന് ബഹുമാന്യനായ ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞു. സി. എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ പേര് നേരത്തെ ഒരു

സ്കോളർഷിപ്പിന് നൽകിയിരുന്നു. അത് ശ്രീ. പാലൊളി മുഹമ്മദ്കുട്ടി നടപ്പാക്കിയ ഒരു സ്കോളർഷിപ്പിനാണ് നൽകിയത്. ഞാൻ അതിനെ ഒരിക്കലും കുറ്റപ്പെടുത്തുകയോ ചോദ്യം ചെയ്യുകയോ ചെയ്യുന്നില്ല. കാരണം അത്തരമൊരു സ്കോളർഷിപ്പിന് സി. എച്ച്.-നെപ്പോലൊരാളുടെ പേര് നൽകിയത് തെറ്റല്ല, അത് ഔചിത്യ പൂർണ്ണമായ നടപടി തന്നെയാണ്. ഇമ്പിച്ചി ബാവയുടെ പേര് ഭവന പദ്ധതിക്കിട്ടതിനെയും സമാന മനസ്സോടെ കാണണം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ സംസാരിച്ച സമയത്ത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെയുണ്ടായിരുന്നില്ല. അങ്ങ് അത് കേട്ടിട്ടുണ്ടെങ്കിൽ ശരിയായി കേട്ടിട്ടില്ല. ഞാൻ അതിന് എതിര് പറഞ്ഞിട്ടില്ല. ഇമ്പിച്ചി ബാവയെപ്പോലെ മഹാനായ വ്യക്തിയുടെ പേരിടുന്നതിന് ഒരു പ്രശ്നവുമില്ല. പക്ഷെ, അത് ഒരു പുതിയ പദ്ധതിക്കായിക്കൂടെ? വേറെ ഏതെങ്കിലും പുതിയ പദ്ധതി ആരംഭിച്ചോ എന്നാണ് ഞാൻ ചോദിച്ചത്. അല്ലാതെ ആ പേരിട്ടതിന് ഒരു തർക്കവുമില്ല.

ഡോ. കെ. ടി. ജലീൽ: സർ, പുതിയ പദ്ധതി ആരംഭിച്ചു. അതാണ് ഞാൻ പറഞ്ഞത്, ഭവന പദ്ധതിക്കുപുറമെ റെനോവേഷന്, കേടുപാടുകൾ പറ്റിയ വീടുകൾ പുനർ നിർമ്മിക്കുന്നതിന് പുതിയ ഒരു പദ്ധതി ആരംഭിച്ചു. 50,000/- രൂപ വച്ച് ആയിരം ആളുകൾക്ക് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു, അപേക്ഷയുടെ

സെലക്ഷൻ ലിസ്റ്റ് ആയിക്കഴിഞ്ഞു. ഈ 31-ാം തീയതിക്കു മുമ്പ് പണം റിലീസ് ചെയ്യും.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട മന്ത്രി 50,000/- രൂപ വച്ച് റെനോവേഷന് നൽകുമെന്ന് പറഞ്ഞത് ലൈഫ് പദ്ധതിയിലാണോ, അതോ ഇതിനായി പ്രത്യേക അപേക്ഷ ക്ഷണിച്ച് നൽകുമോ? പണി പൂർത്തിയാക്കുന്നതിനുള്ള പദ്ധതികളെല്ലാം ലൈഫ് പദ്ധതിയിലാണുൾപ്പെടുത്തിയിട്ടുള്ളത്.

ഡോ. കെ. ടി. ജലീൽ: സർ, ലൈഫ് പദ്ധതിയിൽ പുതിയ വീടുകളാണ് നൽകുന്നത്. പഴയ വീടുകളെ റെനോവേറ്റ് ചെയ്യുന്ന പദ്ധതി ലൈഫ് പദ്ധതിയിൽ പെടില്ല. റെനോവേഷനുവേണ്ടി പുതിയ പദ്ധതി ആരംഭിച്ചതാണ്. പഴയ വീടുകൾ പുനർ നിർമ്മിക്കുന്നതിന്, കേടുപാടുകൾ തീർക്കുന്നതിന് പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. എനിക്ക് ഇപ്പോഴും ഓർമ്മയുണ്ട്, ബഹുമാന്യനായ ശ്രീ. എം. ഉമ്മർ കഴിഞ്ഞ വി. എസ്. സർക്കാരിന്റെ സമയത്ത് മഞ്ചേരിയിലെ ജനറൽ ഹോസ്പിറ്റലിനോടനുബന്ധിച്ച പുതിയ ബ്ലോക്കിന് ബഹുമാന്യനായ പാണക്കാട് സെയ്ദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ പേര് നൽകണമെന്ന് നിർദ്ദേശിച്ചു. അന്നത്തെ സർക്കാരിലെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ

മറുപടി പറഞ്ഞു, " ഒരു ബ്ലോക്കിനല്ല ആ ഹോസ്പിറ്റലിനുതന്നെ ഞങ്ങൾ ആ പേരിടുന്നുവെന്ന്". അന്നാണ് അങ്ങ് എഴുന്നേറ്റ് പറഞ്ഞത്, ഞാൻ ഒരു പൂവ് ചോദിച്ചു അപ്പോൾ സർക്കാർ ഒരു പൂന്തോട്ടം തന്നുവെന്ന്". അതാണ് ഈ ഗവൺമെന്റിന്റെ അതുമായി ബന്ധപ്പെട്ട സമീപനമെന്ന് ഞാൻ അങ്ങയെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ഡിമാന്റ് പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ VIII

## എക്സൈസ്

മി. സ്പീക്കർ: സർവ്വശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞ്, കെ. എൻ. എ. ഖാദർ, കെ. എസ്. ശബരീനാഥൻ, മോൻസ് ജോസഫ്, എം. ഉമ്മർ, മഞ്ഞളാംകുഴി അലി, പി. കെ. ബഷീർ, അനിൽ അക്കര, ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, സി. മമ്മൂട്ടി, അനൂപ് ജേക്കബ്, പാറക്കൽ അബ്ദുല്ല, പി. ഉബൈദുള്ള, വി. ടി. ബൽറാം, എൻ. എ. നെല്ലിക്കുന്ന്, ഐ. സി. ബാലകൃഷ്ണൻ, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ VIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ

6. പ്രൊഫ. കെ. യു. അരുണൻ

7. ശ്രീമതി സി. കെ. ആശ

8. ശ്രീ. കെ. ബാബു

9. ശ്രീ. എ. കെ. ബാലൻ

10. ശ്രീമതി ഇ. എസ്. ബിജിമോൾ

11. ശ്രീ. ഇ. ചന്ദ്രശേഖരൻ

12. ശ്രീ. കെ. ദാസൻ

13. ശ്രീ. ബി. ഡി. ദേവസ്സി

14. ശ്രീ. സി. ദിവാകരൻ

15. ശ്രീ. എൽദോ എബ്രഹാം

16. ശ്രീമതി ഗീതാ ഗോപി

17. ശ്രീ. ജോർജ് എം. തോമസ്

18. ശ്രീ. ചിറ്റയം ഗോപകുമാർ

19. ശ്രീ. സി. കെ. ഹരീന്ദ്രൻ

20. ശ്രീ. കെ. ടി. ജലീൽ

21. ശ്രീ. ജെയിംസ് മാത്യു

22. ശ്രീ. ജോൺ ഫെർണാണ്ടസ്

23. ശ്രീ. വി. ജോയി

24. ശ്രീ. ഒ. ആർ. കേളു

25. ശ്രീ. സി. കൃഷ്ണൻ

26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. കെ. കുഞ്ഞിരാമൻ

28. ശ്രീ. വി. കെ. സി. മമ്മത് കോയ

29. ശ്രീ. എം. എം. മണി

30. ശ്രീ. കെ. ജെ. മാക്സി

31. ശ്രീ. മുഹമ്മദ് മുഹസിൻ. പി

32. ശ്രീ. എം. മുകേഷ്

33. ശ്രീ. ഡി. കെ. മുരളി

34. ശ്രീ. മുരളി പെരുനെല്ലി

35. ശ്രീ. എം. നൗഷാദ്

36. ശ്രീ. യു. ആർ. പ്രദീപ്

37. ശ്രീ. എ. പ്രദീപ് കുമാർ

38. ശ്രീ. കെ. ഡി. പ്രസേനൻ

39. ശ്രീ. പുരുഷൻ കടലുണ്ടി

40. ശ്രീ. പി. ടി. എ. റഹീം

41. ശ്രീ. എം. രാജഗോപാലൻ

42. ശ്രീ. കെ. രാജൻ

43. ശ്രീ. എസ്. രാജേന്ദ്രൻ

44. ശ്രീ. റ്റി. വി. രാജേഷ്

45. ശ്രീ. കെ. രാജു

46. ശ്രീ. രാജു എബ്രഹാം

47. ശ്രീ. ആർ. രാമചന്ദ്രൻ

48. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

49. ശ്രീ. മുല്ലക്കര രത്നാകരൻ

50. ശ്രീ. എസ്. ശർമ്മ

51. ശ്രീ. എ. കെ. ശശീന്ദ്രൻ

52. ശ്രീ. സി. കെ. ശശീന്ദ്രൻ

53. ശ്രീ. പി. കെ. ശശി

54. ശ്രീ. വി. ശശി

55. ശ്രീ. ഐ. ബി. സതീഷ്

56. ശ്രീ. ബി. സത്യൻ

57. ശ്രീ. എ. എൻ. ഷംസീർ

58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

59. ശ്രീ. വി. ആർ. സുനിൽ കുമാർ

60. ശ്രീ. വി. എസ്. സുനിൽ കുമാർ

61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

62. ശ്രീ. കെ. സുരേഷ് കുറുപ്പ്

63. ശ്രീ. എം. സ്വരാജ്

64. ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ

65. ശ്രീ. പി. തിലോത്തമൻ

66. ശ്രീ. തോമസ് ചാണ്ടി

67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. പി. ഉണ്ണി

69. ശ്രീമതി വീണാ ജോർജ്ജ്

70. ശ്രീ. കെ. വി. വിജയദാസ്

71. ശ്രീ. ഇ. കെ. വിജയൻ

72. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി

2. ശ്രീ. പാറക്കൽ അബ്ദുള്ള

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. അനിൽ അക്കര

8. ശ്രീ. എ. പി. അനിൽ കുമാർ

9. ശ്രീ. അനൂപ് ജേക്കബ്

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

12. ശ്രീ. വി. റ്റി. ബൽറാം

13. ശ്രീ. പി. കെ. ബഷീർ

14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

15. ശ്രീ. എൽദോസ് കുന്നപ്പിള്ളി

16. ശ്രീ. ഹൈബി ഈഡൻ

17. ശ്രീ. ടി. വി. ഇബ്രാഹിം

18. ശ്രീ. കെ. സി. ജോസഫ്

19. ശ്രീ. കെ. എൻ. എ. ഖാദർ

20. ശ്രീ. സി. മമ്മൂട്ടി

21. ഡോ. എം. കെ. മുനീർ

22. ശ്രീ. കെ. മുരളീധരൻ

23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

24. ശ്രീ. ഉമ്മൻ ചാണ്ടി

25. ശ്രീ. രമേശ് ചെന്നിത്തല

26. ശ്രീ. റോജി എം. ജോൺ

27. ശ്രീ. കെ. എസ്. ശബരീനാഥൻ

28. ശ്രീ. വി. പി. സജീന്ദ്രൻ

29. ശ്രീ. എൻ. ഷംസുദ്ദീൻ

30. ശ്രീ. വി. ഡി. സതീശൻ

31. ശ്രീ. സണ്ണി ജോസഫ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. ഉമ്മർ

35. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

1. ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 72

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIV

## തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും

മി. സ്പീക്കർ: സർവ്വശ്രീ മോൻസ് ജോസഫ്, എൻ. ഷംസുദ്ദീൻ, എം. ഉമ്മർ, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, പാറക്കൽ അബ്ദുല്ല, കെ. എൻ. എ. ഖാദർ, വി. ഡി. സതീശൻ, എൻ. എ. നെല്ലിക്കുന്ന്, സി. മമ്മൂട്ടി, ടി. വി. ഇബ്രാഹിം, വി. കെ. ഇബ്രാഹിം കുഞ്ഞ്, റോജി എം. ജോൺ, പി. ഉബൈദുള്ള, പി. കെ. ബഷീർ, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ XXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ

12. ശ്രീ. കെ. ദാസൻ

13. ശ്രീ. ബി. ഡി. ദേവസ്സി

14. ശ്രീ. സി. ദിവാകരൻ

15. ശ്രീ. എൽദോ എബ്രഹാം

16. ശ്രീമതി ഗീതാ ഗോപി

17. ശ്രീ. ജോർജ് എം. തോമസ്

18. ശ്രീ. ചിറ്റയം ഗോപകുമാർ

19. ശ്രീ. സി. കെ. ഹരീന്ദ്രൻ

20. ശ്രീ. കെ. ടി. ജലീൽ

21. ശ്രീ. ജെയിംസ് മാത്യു

22. ശ്രീ. ജോൺ ഫെർണാണ്ടസ്

23. ശ്രീ. വി. ജോയി

24. ശ്രീ. ഒ. ആർ. കേളു

25. ശ്രീ. സി. കൃഷ്ണൻ

26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. കെ. കുഞ്ഞിരാമൻ

28. ശ്രീ. വി. കെ. സി. മമ്മത് കോയ

29. ശ്രീ. എം. എം. മണി

30. ശ്രീ. കെ. ജെ. മാക്സി

31. ശ്രീ. മുഹമ്മദ് മുഹസിൻ. പി

32. ശ്രീ. എം. മുകേഷ്

33. ശ്രീ. ഡി. കെ. മുരളി

34. ശ്രീ. മുരളി പെരുനെല്ലി

35. ശ്രീ. എം. നൗഷാദ്

36. ശ്രീ. യു. ആർ. പ്രദീപ്

37. ശ്രീ. എ. പ്രദീപ് കുമാർ

38. ശ്രീ. കെ. ഡി. പ്രസേനൻ

39. ശ്രീ. പുരുഷൻ കടലുണ്ടി

40. ശ്രീ. പി. ടി. എ. റഹീം

41. ശ്രീ. എം. രാജഗോപാലൻ

42. ശ്രീ. കെ. രാജൻ

43. ശ്രീ. എസ്. രാജേന്ദ്രൻ

44. ശ്രീ. റ്റി. വി. രാജേഷ്

45. ശ്രീ. കെ. രാജു

46. ശ്രീ. രാജു എബ്രഹാം

47. ശ്രീ. ആർ. രാമചന്ദ്രൻ

48. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

49. ശ്രീ. മുല്ലക്കര രത്നാകരൻ

50. ശ്രീ. എസ്. ശർമ്മ

51. ശ്രീ. എ. കെ. ശശീന്ദ്രൻ

52. ശ്രീ. സി. കെ. ശശീന്ദ്രൻ

53. ശ്രീ. പി. കെ. ശശി

54. ശ്രീ. വി. ശശി

55. ശ്രീ. ഐ. ബി. സതീഷ്

56. ശ്രീ. ബി. സത്യൻ

57. ശ്രീ. എ. എൻ. ഷംസീർ

58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

59. ശ്രീ. വി. ആർ. സുനിൽ കുമാർ

60. ശ്രീ. വി. എസ്. സുനിൽ കുമാർ

61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

62. ശ്രീ. കെ. സുരേഷ് കുറുപ്പ്

63. ശ്രീ. എം. സ്വരാജ്

64. ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ

65. ശ്രീ. പി. തിലോത്തമൻ

66. ശ്രീ. തോമസ് ചാണ്ടി

67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. പി. ഉണ്ണി

69. ശ്രീമതി വീണാ ജോർജ്ജ്

70. ശ്രീ. കെ. വി. വിജയദാസ്

71. ശ്രീ. ഇ. കെ. വിജയൻ

72. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി

2. ശ്രീ. പാറക്കൽ അബ്ദുള്ള

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. അനിൽ അക്കര

8. ശ്രീ. എ. പി. അനിൽ കുമാർ

9. ശ്രീ. അനൂപ് ജേക്കബ്

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

12. ശ്രീ. വി. റ്റി. ബൽറാം

13. ശ്രീ. പി. കെ. ബഷീർ

14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

15. ശ്രീ. എൽദോസ് കുന്നപ്പിള്ളി

16. ശ്രീ. ഹൈബി ഈഡൻ

17. ശ്രീ. ടി. വി. ഇബ്രാഹിം

18. ശ്രീ. കെ. സി. ജോസഫ്

19. ശ്രീ. കെ. എൻ. എ. ഖാദർ

20. ശ്രീ. സി. മമ്മൂട്ടി

21. ഡോ. എം. കെ. മുനീർ

22. ശ്രീ. കെ. മുരളീധരൻ

23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

24. ശ്രീ. ഉമ്മൻ ചാണ്ടി

25. ശ്രീ. രമേശ് ചെന്നിത്തല

26. ശ്രീ. റോജി എം. ജോൺ

27. ശ്രീ. കെ. എസ്. ശബരീനാഥൻ

28. ശ്രീ. വി. പി. സജീന്ദ്രൻ

29. ശ്രീ. എൻ. ഷംസുദ്ദീൻ

30. ശ്രീ. വി. ഡി. സതീശൻ

31. ശ്രീ. സണ്ണി ജോസഫ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. ഉമ്മർ

35. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

1. ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 72

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>ധനാഭ്യർത്ഥന നമ്പർ XXV</u>

<u>പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം</u>

<u>മി. സ്പീക്കർ</u>: സർവ്വശ്രീ ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, വി. കെ. ഇബ്രാഹിം കുഞ്ഞ്, മോൻസ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, മഞ്ഞളാംകുഴി അലി, എം. ഉമ്മർ, എ. പി. അനിൽ കുമാർ, കെ. മുരളീധരൻ, എൻ. ഷംസുദ്ദീൻ, അനൂപ് ജേക്കബ്, പി. കെ. ബഷീർ, സണ്ണി ജോസഫ്, സി.

മമ്മൂട്ടി, കെ. എൻ. എ. ഖാദർ, കെ. സി. ജോസഫ്, പി. ഉബൈദുള്ള, പാറക്കൽ അബ്ദുല്ല, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ XXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി

17. ശ്രീ. ജോർജ് എം. തോമസ്

18. ശ്രീ. ചിറ്റയം ഗോപകുമാർ

19. ശ്രീ. സി. കെ. ഹരീന്ദ്രൻ

20. ശ്രീ. കെ. ടി. ജലീൽ

21. ശ്രീ. ജെയിംസ് മാത്യു

22. ശ്രീ. ജോൺ ഫെർണാണ്ടസ്

23. ശ്രീ. വി. ജോയി

24. ശ്രീ. ഒ. ആർ. കേളു

25. ശ്രീ. സി. കൃഷ്ണൻ

26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. കെ. കുഞ്ഞിരാമൻ

28. ശ്രീ. വി. കെ. സി. മമ്മത് കോയ

29. ശ്രീ. എം. എം. മണി

30. ശ്രീ. കെ. ജെ. മാക്സി

31. ശ്രീ. മുഹമ്മദ് മുഹസിൻ. പി

32. ശ്രീ. എം. മുകേഷ്

33. ശ്രീ. ഡി. കെ. മുരളി

34. ശ്രീ. മുരളി പെരുനെല്ലി

35. ശ്രീ. എം. നൗഷാദ്

36. ശ്രീ. യു. ആർ. പ്രദീപ്

37. ശ്രീ. എ. പ്രദീപ് കുമാർ

38. ശ്രീ. കെ. ഡി. പ്രസേനൻ

39. ശ്രീ. പുരുഷൻ കടലുണ്ടി

40. ശ്രീ. പി. ടി. എ. റഹീം

41. ശ്രീ. എം. രാജഗോപാലൻ

42. ശ്രീ. കെ. രാജൻ

43. ശ്രീ. എസ്. രാജേന്ദ്രൻ

44. ശ്രീ. റ്റി. വി. രാജേഷ്

45. ശ്രീ. കെ. രാജു

46. ശ്രീ. രാജു എബ്രഹാം

47. ശ്രീ. ആർ. രാമചന്ദ്രൻ

48. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

49. ശ്രീ. മുല്ലക്കര രത്നാകരൻ

50. ശ്രീ. എസ്. ശർമ്മ

51. ശ്രീ. എ. കെ. ശശീന്ദ്രൻ

52. ശ്രീ. സി. കെ. ശശീന്ദ്രൻ

53. ശ്രീ. പി. കെ. ശശി

54. ശ്രീ. വി. ശശി

55. ശ്രീ. ഐ. ബി. സതീഷ്

56. ശ്രീ. ബി. സത്യൻ

57. ശ്രീ. എ. എൻ. ഷംസീർ

58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

59. ശ്രീ. വി. ആർ. സുനിൽ കുമാർ

60. ശ്രീ. വി. എസ്. സുനിൽ കുമാർ

61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

62. ശ്രീ. കെ. സുരേഷ് കുറുപ്പ്

63. ശ്രീ. എം. സ്വരാജ്

64. ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ

65. ശ്രീ. പി. തിലോത്തമൻ

66. ശ്രീ. തോമസ് ചാണ്ടി

67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. പി. ഉണ്ണി

69. ശ്രീമതി വീണാ ജോർജ്ജ്

70. ശ്രീ. കെ. വി. വിജയദാസ്

71. ശ്രീ. ഇ. കെ. വിജയൻ

72. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി

2. ശ്രീ. പാറക്കൽ അബ്ദുള്ള

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. അനിൽ അക്കര

8. ശ്രീ. എ. പി. അനിൽ കുമാർ

9. ശ്രീ. അനൂപ് ജേക്കബ്

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

12. ശ്രീ. വി. റ്റി. ബൽറാം

13. ശ്രീ. പി. കെ. ബഷീർ

14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

15. ശ്രീ. എൽദോസ് കുന്നപ്പിള്ളി

16. ശ്രീ. ഹൈബി ഈഡൻ

17. ശ്രീ. ടി. വി. ഇബ്രാഹിം

18. ശ്രീ. കെ. സി. ജോസഫ്

19. ശ്രീ. കെ. എൻ. എ. ഖാദർ

20. ശ്രീ. സി. മമ്മൂട്ടി

21. ഡോ. എം. കെ. മുനീർ

22. ശ്രീ. കെ. മുരളീധരൻ

23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

24. ശ്രീ. ഉമ്മൻ ചാണ്ടി

25. ശ്രീ. രമേശ് ചെന്നിത്തല

26. ശ്രീ. റോജി എം. ജോൺ

27. ശ്രീ. കെ. എസ്. ശബരീനാഥൻ

28. ശ്രീ. വി. പി. സജീന്ദ്രൻ

29. ശ്രീ. എൻ. ഷംസുദ്ദീൻ

30. ശ്രീ. വി. ഡി. സതീശൻ

31. ശ്രീ. സണ്ണി ജോസഫ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. ഉമ്മർ

35. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

1. ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 72

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.